.91
LIBRARY
51
GALORE

B 132/129.
MAYYANAD, QUILON

"മഹാത്മാക്കൾ" No. 2.

# THE BLESSED VIRGIN MARY.

## A LIFE.

ANTHONY JOHN, B. A.,
MAYYANAD.

# കന്യകാമറിയം.

## ഒരു ജീവചരിത്രം.

മയ്യനാട്ട് എ. ജോൺ, ബി. എ.

(Rights Reserved)

2nd Edition - 1000 Copies.

S. R. V. Press, Quilon.

As. 12. 12 ണ.

1113.

ACHARYA PAACKAL JEEVASS KENDRAM LIBRARY 13850

DHARMARA... ...ETRAM
L...Y
Ac. No. 11063111
Call No. K10 / M455
M/ 2329 1
JOH

*Re-imprimatur.*

**Quilon, 1 June 1938.**

**† Jerome M. Fernandez,**

**Bishop of Quilon.**

## ഒന്നാം പതിപ്പിന്റെ

# മുഖവുര

"മലയാളഭാഷയിൽ നല്ല ജീവചരിത്രങ്ങൾ വളരെ കുറവാണ്. ആ സ്ഥിതിക്കു, എല്ലാ പ്രകാരത്തിലും വിരളമായ ക്രൈസ്തവകൈരളീസാഹിത്യത്തിനു തദ്വിഷയകമായുള്ള ദാരിദ്ര്യത്തെപ്പററി പ്രത്യേകം പറയേണ്ടതില്ല. ലോകത്തിൽ ഏതെങ്കിലും വിധത്തിൽ മഹത്വം പ്രദർശിപ്പിച്ചിട്ടുള്ള വിശിഷ്ടരായ സ്ത്രീപുരുഷന്മാരെപ്പററിയാണ് സാധാരണമായി ജീവിതകഥകൾ എഴുതപ്പെടാറുള്ളത്. താദൃശരായ മഹത്തുക്കളുടെ ദൌർല്ലഭ്യംകൊണ്ടു് കേരളീയക്രൈസ്തവർക്കു ഉത്തമങ്ങളായ ജീവചരിത്രങ്ങൾ രചിക്കുന്നതിനു വിഷയം സിദ്ധിക്കാതെപോയതാണെന്നു പറയാൻ നിവൃത്തിയില്ല. അവരുടെ ഇടയിൽ പുണ്യവാന്മാർ എന്നു് അറിയപ്പെട്ടുകയും ബഹുമാനിക്കപ്പെട്ടുകയും ചെയ്യുന്ന അനേകസഹസ്രം സിദ്ധന്മാർ, സാക്ഷാത്തായ മനുഷ്യമഹത്വത്തിന്റെയും പരിപൂർണ്ണതയുടെയും മൂർദ്ധാഭിഷിക്തദൃഷ്ടാന്തങ്ങളായി എക്കാലവും പരിശോഭിക്കുന്നവരും, ക്രിസ്തുവിന്റെ ധർമ്മോപദേശങ്ങളുടെ അന്യാദൃശമായ മാഹാത്മ്യത്തെയും പ്രയോഗക്ഷമതയെയും സ്വജീവിതമാതൃകകൊണ്ടു് സുസ്പഷ്ടമായി തെളിയിച്ചിട്ടുള്ളവരും ആയ മഹാത്മാക്കളാണ്. ഫ്രെഞ്ച്, ഇംഗ്ലീഷ് മുതലായ യൂറോപ്യൻ ഭാഷകളിലെ സാഹിത്യങ്ങൾ അവരെപ്പററിയുള്ള വിവിധങ്ങളും മനോഹരങ്ങളുമായ ചരിത്രങ്ങളാൽ സമ്പുഷ്ടങ്ങളാകുന്നു. ക്രിസ്ത്യാനികളായ മലയാളികൾക്കു പുണ്യാത്മാക്കളോടുള്ള ഭക്ത്യാദരങ്ങൾ യൂറോപ്യന്മാർക്കുള്ളതിനേക്കാൾ ഒട്ടും കുറവല്ലെങ്കിലും, സ്വഭാഷയിൽ അവരെപ്പററി സമ്യക്കായി പ്രതി

പാഠിക്കുന്ന ഗ്രന്ഥങ്ങൾ വളരെ അപൂൎവ്വമാണെന്നുള്ള വസ്തുത സവ്യസനം സമ്മതിക്കേണ്ടിയിരിക്കുന്നു.

"ഞാൻ ഈയിടയ്ക്കു പ്രസിദ്ധപ്പെടുത്തിയ "ശ്രീയേശുക്രിസ്തു" എന്ന ജീവചരിത്രഗ്രന്ഥത്തിനു ക്രൈസ്തവരും അക്രൈസ്തവരുമായ മലയാളികളിൽനിന്നുസിദ്ധിച്ച സൗഹാർദ്ദപൂൎവ്വമായ സൽക്കാരവും, അതു സാമാന്യം വലുതും വലിപ്പത്തിനൊത്തു വിലകൂടിയതുമായിരുന്നിട്ടും അതിൻെറ സത്വരവും പ്രതീക്ഷാതീതവുമായ പ്രചാരവും എത്രയും പ്രോത്സാഹജനകമായിത്തോന്നുകയാൽ, ആ സമാരംഭത്തിൻെറ തുടൎച്ചയായി പ്രസ്തുത പുണ്യവാന്മാരിൽ സുവിഖ്യാതന്മാരായ ഏതാനും മഹാത്മാക്കളുടെ ജീവിതചരിതങ്ങൾകൂടി പ്രസാധനം ചെയ്യാൻ ഉദ്യമിക്കുന്നതു സാഹസമായിപ്പോവുകയില്ലെന്നു വിശ്വസിക്കുന്നു."

(ഒന്നാംലക്കത്തിൻെറ മുഖവുരയിൽനിന്നു്)

..........................................................................

..........................................................................

പണ്ഡിതന്മാൎക്കുകൂടി രസിക്കത്തക്കവണ്ണം ക്രിസ്തുവിൻെറ മാതാവിൻെറ ഒരു ജീവചരിത്രം വിജയകരമായി രചിക്കുകയെന്നുള്ളതു് ഇതര ജീവചരിതങ്ങളെ അപേക്ഷിച്ചു് വളരെ ദുഷ്കരമായ ഒരു കൃത്യമാണു്. അനന്തരകാലങ്ങളിലുള്ള മഹാത്മാക്കളെസ്സംബന്ധിച്ചു് ചരിത്രവിദിതങ്ങളായ സംഭവങ്ങൾ ആവശ്യംപോലെ ഉണ്ടായിരിക്കും; ഐതിഹ്യങ്ങൾ താരതമ്യേന കുറവുമായിരിക്കും. എന്നാൽ കന്യകാമറിയത്തെപ്പറ്റി ചരിത്രീയമായ രേഖകൾ കുറവും ഐതിഹ്യങ്ങൾ ബഹുലങ്ങളുമാണു്. ഐതിഹ്യങ്ങളിൽ ഗണ്യമായ ഒരു ഭാഗം വിശ്വാസയോഗ്യമാണെങ്കിലും അവയിൽ അടങ്ങിയിരിക്കുന്ന കെട്ടുകഥകളെ വ്യാവൎത്തിച്ചറിയുന്നതിനു

വളരെ 'ബുദ്ധിമുട്ട്' സഹിക്കേണ്ടതുണ്ട്.. ഈ വൈഷമ്യങ്ങളെ തരണംചെയ്ത് ആ സർവ്വലോകവന്ദ്യയുടെ, യുക്തിക്കും ഭക്തിക്കും അനുരൂപമായ, ഒരു ജീവചരിത്രം മലയാളവായനക്കാർക്ക സമ്മാനിക്കുന്നതിന്ന് ഈ ഗ്രന്ഥത്തിൽ കഴിയുന്നത്ര ശ്രമിച്ചിട്ടുണ്ട്.

ജഗദ്ഗുരുവായ ക്രിസ്തുവിൻെറ മാതാവ്, "മഹാത്മാക്കളെ ബഹുമാനിക്കുകയെന്ന മഹനീയലക്ഷണമുള്ള" സകലമനുഷ്യരുടെയും സ്നേഹബഹുമാനങ്ങൾക്കു പാത്രീഭൂതയാണെങ്കിലും ക്രൈസ്തവരായ ഏവക്കും ആ സുകൃതിനിയോടുള്ളതും ഉണ്ടായിരിക്കേണ്ടതുമായ ഭക്ത്യാദരങ്ങൾ ഒന്നു പ്രത്യേകമാണു്. അവരുടെ ആരാധ്യപുരുഷൻ ഈശ്വരാവതാരമാണെന്നും അവരുടെ മതം ഈശ്വരപ്രകാശിതമാണെന്നുമുള്ള വസ്തുതയ്ക്കു് ഏകസാക്ഷിണി ഒരു ഗ്രാമീണകന്യകയായ മറിയമത്രെ. അവരുടെ അത്ഭുതകരമായ ഗർഭാധാനത്തെയും സ്വസുതൻെറ ദിവ്യോത്ഭവത്തെയും പററി അവർ അപ്പോസ്തലന്മാരോടു പറയുകയും പ്രബുദ്ധരായ അപ്പോസ്തലന്മാർ അവരുടെ വാക്കിനെമാത്രം വിശ്വസിച്ച് ആ ദിവ്യരഹസ്യത്തെ ലോകമൊട്ടുക്കു പ്രഖ്യാപനംചെയ്യുകയും ചെയ്തിട്ടുള്ളതാണു്. അവർ 'അനുഗൃഹീതയും' 'ഈശ്വരപ്രസാദസമ്പൂരിതയും' സർവ്വജനങ്ങളാലും എല്ലാക്കാലത്തും 'ഭാഗ്യവതി'യെന്നു വിളിക്കപ്പെടേണ്ടവരുമാണെന്നു ക്രൈസ്തവവേദപുസ്തകംതന്നെ സുസ്പഷ്ടമായി പഠിപ്പിക്കുന്നു. അതുകൊണ്ടു് ഏതു വകുപ്പുകാരായ ക്രൈസ്തവക്കും അവരുടെ രക്ഷാനാഥൻെറ അനുഗൃഹീതകന്യാജനനിയുടെ ഈ വിനീതജീവചരിത്രം സവിശേഷം ആദരണീയമായിരിക്കുമെന്നു വിശ്വസിക്കുന്നു.

"കത്തോലിക്കക്രിസ്തുമതം ലോകത്തിനു ചെയ്തിട്ടുള്ള ഗുണത്തേയും ദോഷത്തെയുംപററി, ഒരു ശത്രുവിൻെറയോ

മിത്രത്തിൻെറയോ നിലയിലല്ലാതെ, ഏത്രയും സൂക്ഷ്മ മായി പരിശോധിച്ചതിൻെറ ഫലമായി, മേരിയോടുള്ള ഭക്തി ഏററവും ചേതോഹരവും ഉൽകൃഷ്ടവുമായ ഒന്നാണെന്നും അതു എല്ലായ്പോഴും യഥാൎത്ഥമായ ജീവിതപവിത്രതയ്ക്കും സ്വഭാവവിശുദ്ധിക്കും മാത്രമെ നിദാനമായിരുന്നിട്ടുള്ളുവെന്നും എനിക്കു ബോദ്ധ്യമായിരിക്കുന്നു സജീവമായ ക്രിസ്തുമതത്തിന്റെ പ്രചുരപ്രചാരം ഉണ്ടായിരുന്ന കാലത്തു് മേരീദേവിയുടെ അന്തഃസ്ഥിതമായ സാന്നിദ്ധ്യം ഏററവും വിനീതമായ കൃത്യങ്ങൾക്കും പരിശുദ്ധിയെയും, സ്ത്രീകളുടെ ജീവിതത്തിൽ ഏററവും വ്യസനകരമായ ഘട്ടങ്ങളിലും സമാശ്വാസത്തെയും പ്രദാനംചെയ്തിട്ടില്ലാത്തതായി നിർദ്ദോഷമായ ഒരു ഒററ ഗൃഹംപോലും യൂറോപ്പിൽ എങ്ങും ഉണ്ടായിരുന്നില്ല; മനുഷ്യശക്തിയുടെയും സുന്ദരകലാവൈദഗ്ദ്ധ്യത്തിൻെറയും പരമോൽകൃഷ്ടവും ശോഭനതമവുമായ അപദാനങ്ങൾ സകലവും, "സർവശക്തൻ എനിക്കു മഹത്വം പ്രദാനംചെയ്തിരിക്കുന്നു. അദ്ദേഹത്തിൻെറ നാമം പരിശുദ്ധമാണു്" എന്ന ആ ഇസ്രായേൽക്കാരിയായ കന്യകയുടെ പ്രവചനത്തിൻെറ നിൎവ്വഹണമാണു്." (Ruskin) "ക്രൈസ്തവതിരുസഭയിലെ ഈ ഹൃദ്യവും വിശിഷ്ടവുമായ ഭക്തി സൎവ്വത്ര മഹാകാൎയ്യങ്ങൾക്കു ഹേതുവായിരുന്നിട്ടുണ്ടു്; അതിൻെറ ആരോഗ്യപ്രദായകശക്തി ആത്മീയസംഗതികളിൽ മാത്രമല്ല അനുഭവപ്പെട്ടിട്ടുള്ളതു്. നാഗരികതയുടെയും സംസ്കാരത്തിൻെറയും ചരിത്രത്തിൽ അതിൻെറ അതിവിപുലമായ പ്രേരണാശക്തിയുടെ പ്രവൎത്തനത്തെയും അതിൻെറ അമൂല്യങ്ങളായ ഫലങ്ങളെയും പ്രത്യക്ഷമായിക്കാണാവുന്നതാണു്. ക്രൈസ്തവധൎമ്മമാകുന്ന ദിവാകരൻ ലോകത്തു പ്രകാശിക്കുന്നതിനുമുമ്പു സമുദായമദ്ധ്യത്തിൽ സ്ത്രീയുടെ സ്ഥിതി എന്തായിരുന്നു?............ഗ്രീക്കുകാരുടെ അതിപ്രശസ്തമായ സംസ്കാരത്തിൻെറ അത്യുച്ചമായ അവസ്ഥയിൽ പോലും അവരുടെ കർമ്മവീരന്മാരുടേയും, വാഗീശന്മാരുടേ

യും, കലാവിദഗ്ദ്ധന്മാരുടെയും,തത്വചിന്തകന്മാരുടെയും മാതാക്കളും പുത്രികളും സഹോദരികളും അജ്ഞാനാന്ധകാരത്തിൽ നിമഗ്നരായി അടുക്കളജോലിയിൽമാത്രം വ്യാപൃതരായി കഴിഞ്ഞുകൂടുന്നതിനു നിർബദ്ധരായിരുന്നു. റോമാക്കാരുടെഇടയിൽ ഏതാനും വ്യത്യസ്തങ്ങളുണ്ടായിരുന്നുവെന്നുള്ളത് ഈ അനീതി പൊതുവെ അവരെയും ബാധിച്ചിരുന്നുവെന്നുള്ള വസ്തുതയെ ഖണ്ഡിക്കുവാൻ പര്യാപ്തമല്ല. ഒരു വിനീതയായ കന്യകയെ മനുഷ്യവർഗ്ഗോദ്ധാരണത്തിൻെറ ദിവ്യനിർദ്ദിഷ്ടസാധകമെന്ന നിലയിൽ ലോകത്തിൻെറ ഭക്ത്യാദരങ്ങൾക്കു വിഷയമായി പ്രതിഷ്ഠിച്ച ക്രിസ്തുമതം സ്ത്രീയെ അവളുടെ സ്വാഭാവികമായ മഹിതസ്ഥാനത്തേ പുനരാരോഹണം ചെയ്യിച്ചു." (Gerald Griffin.)

കത്തോലിക്കരല്ലാത്ത രണ്ടു സുപ്രസിദ്ധ സാഹിത്യകാരന്മാരുടെ സാക്ഷ്യം ഇവിടെ ഉദ്ധരിച്ചിരിക്കുന്നതു് ഇപ്പോൾ ലോകമെങ്ങും പ്രചാരത്തിലിരിക്കുന്ന ക്രൈസ്തവനാഗരികതയിൽ കന്യകാമറിയത്തിനുള്ള മഹനീയസ്ഥാനത്തെ ദ്യോതിപ്പിക്കുന്നതിനാണു്. സാക്ഷാത്തായ ക്രൈസ്തവസംസ്കാരം യൂറോപ്പിൽ സാർവ്വത്രികമായി സജീവമായിരുന്ന കാലത്തു് അവിടത്തെ സ്ത്രീകൾക്കു് ജീവിതവിശുദ്ധിക്കും സ്വഭാവമഹത്വത്തിനും അത്യുൽകൃഷ്ടമായ ഒരു ആദർശമായി പരിലസിച്ചിരുന്ന ആ മഹാസുകൃതിനിയുടെ—ഇപ്പോഴും ആ സംസ്കാരത്തിനു വിധേയരായി ജീവിക്കുന്ന ലക്ഷോപലക്ഷം ജനങ്ങൾക്കു അക്ഷയഭാസ്സോടുകൂടി മാർഗ്ഗദർശനംചെയ്യുന്ന ആ ഉജ്ജ്വലനക്ഷത്രത്തിൻെറ—ഈ ജീവിതകഥ കേരളീയസ്ത്രീകൾക്കേവർക്കും ജാതിമതഭേദമെന്യേ ഉപകാരപ്രദമായിരിക്കുമെന്നുള്ളതു നിസ്സംശയമാണു്.

......എൻെറ "ശ്രീ യേശുക്രിസ്തു" എന്ന ഗ്രന്ഥത്തെ സമുചിതമായ ഒരു അവതാരികകൊണ്ടു അലങ്കരിച്ച സഹൃ

ദയശിരോമണിയും സരസഗദ്യകാരനുമായ രാജശ്രീ സി. വി. കുഞ്ഞുരാമൻ അവർകൾതന്നെ ഈ 'കന്യകാമറിയ'ത്തേയും കേരളസാഹിത്യമണ്ഡലത്തിൽ അവതരിപ്പിച്ചിരിക്കുന്നതിൽ എനിക്കു് അദ്ദേഹത്തോടുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. ഒരു 'നാസ്തികൻ' എന്നും 'യുക്തിവാദി'യെന്നുമുള്ള ദുഷ്കീർത്തി എങ്ങനെയോ അനൎഹമായി സമ്പാദിച്ചുപോയ ആ വശ്യവചസ്സായ സാഹിത്യകുശലൻ ഹൃദയത്തിൽ മതം ദൃഢതരൂഢമായിട്ടുള്ള ഒരു യഥാൎത്ഥ സത്യാന്വേഷിയായ ചിന്തകനാണെന്നുള്ളതു് അദ്ദേഹത്തെ അടുത്തു പരിചയമുള്ള ഏവൎക്കും അറിയാവുന്നതാണു്. ക്രിസ്തുമതത്തെപ്പററി ഇത്ര കൂടുതൽ ചിന്തിക്കുകയും പരിചയം സമ്പാദിക്കുകയും ചെയ്തിട്ടുള്ളതായി കേരളത്തിൽ അക്രൈസ്തവനായ മററു യാതൊരു സാഹിത്യകാരനുമുള്ളതായി തോന്നുന്നില്ല. അതുകൊണ്ടു 'മകൻെറയും അമ്മയുടേയും, ജീവചരിത്രങ്ങളെ അക്രൈസ്തവരായ സഹൃദയന്മാരുടെ മുമ്പാകെ അവതരിപ്പിക്കുന്നതിനു ഞാൻ അദ്ദേഹത്തോടുതന്നെ അപേക്ഷിച്ചതിൻേറയും അദ്ദേഹംകൃത്യാന്തരവ്യാപൃതനെങ്കിലും സ്നേഹപൂൎവം ആ കാൎയ്യം നിൎവഹിച്ചതിൻേറയും ഔചിത്യം സ്പഷ്ടമാണു്. ലളിതസുന്ദരവും സാരസമ്പൂൎണ്ണവും ആയ ഈ അവതാരികകൾ വിനീതങ്ങളായ എൻെറ പുസ്തകങ്ങൾക്കു് എന്നും പ്രകാശമാനമായ കനകാഭരണങ്ങളായിത്തന്നെ പ്രശോഭിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മയ്യനാട്ടു്
15-9-108 — 27-4-1938. } ആൻറണി ജോൺ.

# അവതാരിക.

"ശ്രീ യേശുക്രിസ്തു" എന്ന വിശിഷ്ടകൃതിയുടെ കത്താ
വായ മയ്യനാട്ട് ഏ. ജോൺ, ബി. ഏ. അവർകൾതന്നെ
ക്രിസ്തുവിൻെറ ജനയിത്രിയായ "കന്യകാമറിയ"ത്തിൻെറ ജീ
വചരിത്രവും എഴുതുവാൻ ഇടയായതിൻെറ ഔചിത്യത്തെ
ക്കുറിച്ചു വിശേഷിച്ചൊന്നും പറയേണ്ടതില്ലല്ലൊ. ക്രിസ്തുവി
ൻെറ ചരിത്രം പൂണ്ണമായി അറിയണമെന്നു താല്പയ്യമുള്ളവർ
ആ ജഗദ്ഗുരുവിൻെറ ജനനിയായ കന്യകാമറിയത്തിൻെറ
ചരിതവുംകൂടി അറിഞ്ഞിരിക്കേണ്ടതു് ആവശ്യമാണെന്നുള്ള
തിനു സംശയമില്ല. മറിയത്തിൻെറ മനോഹരമായ കഥ
യുടെ ശിഥിലങ്ങളായ ചില അസ്ഥികൾ മാത്രമേ ബൈബി
ളിൽനിന്നു നമുക്കു ലഭിക്കുന്നുള്ളു. ശേഷമുള്ള അസ്ഥികളും
രക്തമാംസാദികളും സമുചിതങ്ങളായ വസ്ത്രാദ്യലങ്കാരങ്ങളും
ക്രിസ്തുമതസംബന്ധമായ ഇതിഹാസകഥകളിലും പരമ്പരാ
വിശ്വാസങ്ങളിലും ചിന്നിച്ചിതറി കിടക്കുകയാണു്. അവ
യെയെല്ലാം ശേഖരിച്ചു, വിവേകപൂർവം സംയോജിപ്പിച്ചു,
ക്രിസ്തുദേവൻെറ മാതാവെന്നുള്ള ഏകകാരണത്താൽതന്നെ
"ദേവമാതാവു" എന്നുള്ള അസുലഭദിവ്യപദം പ്രാപിച്ചു
അനേകകോടി ജനങ്ങളുടെ ഭക്തിക്കു വിഷയമായിത്തീന്നി
രിക്കുന്ന കന്യകാമറിയത്തിൻെറ പരിപൂണ്ണവും ആത്മാഭി
രാമവുമായ ഒരു സജീവചിത്രം നിമ്മിക്കുകയെന്നുള്ളതു എത്ര
ദുഷ്കരമാണെന്നു ഈ വക ശ്രമങ്ങളിൽ ഏപ്പെട്ടിട്ടുള്ളവക്കു
മാത്രമേ അറിഞ്ഞുകൂടു. നല്ല കല്പനാശക്തിയും കലാകൌ
ശലവുംമാത്രമല്ല അസാമാന്യമായ ക്ഷമയും ശ്രമക്ഷമതയും
കൂടി ഇങ്ങനെയുള്ള ഒരു കൃതിക്കു ഉദ്യമിക്കുന്നവക്കു ഉണ്ടായി
രിക്കേണ്ടതാണു്. എന്നാൽ മതസംബന്ധമായ ഒരു ഗ്ര
ന്ഥത്തിൻെറ നിമ്മിതിക്കു ഒരുങ്ങുന്ന ഒരു കത്തോലിക്കനു്
ആ ഗ്രന്ഥത്തിൻെറ പ്രസിദ്ധീകരണത്തിനു മതാദ്ധ്യക്ഷ
ൻെറ "ഇമ്പ്രിമാത്തൂർ"കൂടി ആവശ്യമായിരിക്കുന്നതുകൊണ്ടു

തൻെറ കല്പനാശക്തിയെ സ്വച്ഛന്ദവിഹാരത്തിന്ന അനുവദിക്കുവാൻ നിവ്വാഹമില്ല. കത്തോലിക്കാഗ്രന്ഥകാരന്മാരുടെ ഈ അസ്വാതന്ത്ര്യത ആ മതത്തിൻെറ പരിശുദ്ധിയുടെ പരിരക്ഷയ്ക്കു ആവശ്യമാണെന്ന സമ്മതിച്ചേതിരൂ. ഈ നിയന്ത്രണത്തിനകത്തു നിന്നുകൊണ്ടു ക്രൈസ്തവമതാരാമത്തിലെ സുകൃതസുരഭിലമായ ഈ മനോജ്ഞകുസുമത്തെ നിമ്മിച്ച മി: ജോൺ സഹൃദയന്മാരുടെ സവിശേഷമായ പ്രശംസയ്ക്കു അർഹനാണെന്നുള്ളതിന്ന സംശയമില്ല.

കന്യകാമറിയത്തെ ദേവമാതാവായി നിവ്വിശങ്കം പൂജിക്കുന്നവർ കത്തോലിക്കർമാത്രമാണെങ്കിലും എ. ഡി. 4-ാംനൂററാണ്ടിൽ അറബികളിൽ ഒരു സംഘക്കാരും ആ പുണ്യശാലിനിയെ ആരാധിച്ചുവന്നതായി ചരിത്രമുണ്ട്. ഏകദേശം കത്തോലിക്കരെപ്പോലെതന്നെ ഗ്രിക്കുചച്ചുകാരും യാക്കോബായക്കാർ തുടങ്ങിയ പൗരസ്ത്യക്രൈസ്തവരും കന്യകാമറിയത്തെ ഭക്ത്യാദരപൂവ്വം കൊണ്ടാടുന്നുണ്ട്. ഒരു ഗ്രാമിണകന്യകയായ മറിയം പരിശുദ്ധാത്മാവിൽനിന്ന ഗഭം ധരിച്ചു ദൈവപുത്രനും, ദൈവംതന്നെയുമായ ശ്രീ യേശുകൃസ്തുവിനെ പ്രസവിച്ചു, ആ ശിശുവായ മിശിഹായുടെ രക്തമാംസാദികളെ സ്വന്തം സ്തന്യപാനംകൊണ്ടുപോഷിപ്പിച്ചു വളത്തിയെന്ന ദൃഢമായി വിശ്വസിക്കുന്ന പ്രോട്ടസ്റ്റൻറ് കൃസ്ത്യാനികൾ അന്യകന്യാ സാധാരണമല്ലാത്ത യാതൊരു വൈശിഷ്ട്യവും കന്യകാമറിയത്തിൽ കാണുന്നില്ലെന്ന വരുന്നതല്ല. എന്നാൽ ദേവമാതാവെന്നുള്ള അത്യുന്നതസ്ഥാനത്തിലേക്കു ഉയത്തുവാൻതക്ക ദൈവത്വമൊന്നും ആ കന്യകയ്ക്കില്ലെന്നായിരിക്കാം അവരുടെ വാദം. കൃസ്തുവിൻെറ ദൈവത്വം, പരിശുദ്ധാത്മാവിൽനിന്ന ഗർഭം ധരിച്ചുള്ള കന്യാമറിയത്തിൻെറ പ്രസവം, ദൈവദൂതന്മാർ ഇടയന്മാൎക്കും മററും നല്കിയ ദർശനങ്ങൾ, കൃസ്തുവിൻെറ അത്ഭുതസിദ്ധികൾ, മരണാനന്തരമുള്ള ഉയിത്തെഴുന്നേല്പ്, സ്വശരീരത്തോടുകൂടിയുള്ള സ്വർഗ്ഗാരോഹണം മുതലായ ഒട്ടനേകം ദിവ്യത്വങ്ങൾക്കെല്ലാം

ആധാരമായിരിക്കുന്ന ബൈബിളിനെയും ഇതിഹാസങ്ങളെയും പാരമ്പര്യങ്ങളെയും വിശ്വസിക്കുന്ന അവക്ക് കന്യകാമറിയത്തിൻെറ ദേവമാതൃത്വത്തിനും ആധാരമായ ആ ബൈബിളിനെയും ഐതിഹ്യങ്ങളെയും പരമ്പരാവിശ്വാസങ്ങളേയും എങ്ങനെ നിരാകരിക്കാമെന്നു് ഒരക്രൈസ്തവനായ എൻെറ യുക്തിക്കു ദുർഗ്രഹമായിത്തന്നെ ഇരിക്കുന്നു.

പാഷണ്ഡന്മാർ കന്യകാമറിയത്തിൻെറ ദേവമാതൃത്വത്തെ നിരാകരിച്ചു പുറപ്പെടുവിച്ചിട്ടുള്ള വാദങ്ങൾക്കു പ്രമാണസഹിതമായ സമാധാനം നൽകുവാൻ ഗ്രന്ഥകാരൻ യുക്തിയുക്തം ശ്രമിച്ചിട്ടുണ്ടു്. ഈ ശ്രമം എത്രത്തോളം ഫലിച്ചിട്ടുണ്ടെന്നു വിധിക്കുവാനുള്ള അധികാരം എനിക്കില്ല. എന്നാൽ കന്യകാമറിയത്തിനു കത്തോലിക്കർ ചെയ്യുന്ന പ്രേമപൂജയ്ക്കു മി. ജാൺ വളരെ സാമർത്ഥ്യത്തോടുകൂടി ഉദ്ധരിച്ചിരിക്കുന്ന തെളിവുകളും യുക്തികളും കൂടാതെതന്നെ സാധുത്വം കല്പിക്കാവുന്നതല്ലേ എന്നാണു് എൻെറ സംശയം. ദൈവപുത്രനായ ക്രിസ്തുവിൻെറ ജനയിത്രിയാവാൻ തക്ക യോഗ്യതയുള്ള ഒരു കന്യകയെ അതിനുള്ള കാലമായപ്പോൾ ലോകംമുഴുവൻ അന്വേഷിച്ചു ദൈവം കണ്ടുപിടിച്ചതല്ല. ക്രൈസ്തുദേവനെ മനുഷ്യനായി അവതരിപ്പിക്കണമെന്നുള്ള സങ്കല്പവും ക്രൈസ്താബ്ദത്തിൻെറ ആരംഭകാലത്തു ഒരു നല്ലപ്രഭാതത്തിൽ ദൈവത്തിനു പെട്ടെന്നു തോന്നിയതുമല്ല. ക്രൈസ്തുമതഗ്രന്ഥങ്ങളിൽവച്ചു് അനിഷേദ്ധ്യമായ സത്യമടങ്ങിയതെന്നും, ദൈവപ്രബോധിതമെന്നും വിശ്വസിക്കപ്പെട്ടിരിക്കുന്ന ബൈബിളനുസരിച്ചുതന്നെ ക്രൈസ്തുവിൻെറ അവതാരം, അവസാനബലി, സ്വർഗ്ഗാരോഹണം മുതലായവയെല്ലാം ദൈവം മുൻകൂട്ടി കരുതിവെച്ചിരുന്ന ഒരു പ്ലാൻ അനുസരിച്ചു നടന്നു എന്നാണു കാണുന്നതു്. ഈ പ്ലാനിനകത്തു ദൈവപുത്രനായ ക്രൈസ്തുവിൻെറ ഉല്പത്തിക്കും വളർച്ചയ്ക്കും യോഗ്യമായ ഒരു ദിവ്യപാത്രത്തെക്കൂടി ദൈവം കരുതിയിരുന്നില്ല എന്നു വരുന്നതല്ല. ക്രൈസ്തുവിനെപ്പോലെതന്നെ മറി

യയും മരണാനന്തരം ഉയത്ത്ഴന്നേററു സ്വശരീരത്തോടുകൂടി സ്വർഗ്ഗാരോഹണംചെയ്തു എന്നാണു കാണുന്നത്. മറിയം ഒരു മർത്ത്യസ്ത്രീ ആയിരുന്നപ്പോഠംതന്നെ അമർത്ത്യരായ മാലാഖമാരാൽ അഭിവാദനം ചെയ്യപ്പെടുവാൻതക്ക യോഗ്യത ആ കന്യകയ്ക്കുണ്ടായിരുന്നു എങ്കിൽ അമർത്ത്യത്വം പ്രാപിച്ചു അമർത്ത്യലോകത്തിലെത്തിയ ആ പുണ്യശാലിനിയെ അവർ എത്ര അധികം ഭക്തിയോടുകൂടിയായിരിക്കണം അഭിവാദനം ചെയ്യുന്നതു്! അമർത്ത്യർക്കു് പൂജനീയയായ മറിയം മർത്ത്യർക്കു പൂജനീയയല്ലെന്നുള്ള വിധി സാഹസമെന്നല്ലാതെ എന്താണു പറയേണ്ടതു്? തനിക്കുവേണ്ടി പത്തു മാസക്കാലം 'ഗർഭാരഭരണക്ലേശം' സഹിച്ച സ്വമാതാവു് സ്വർഗ്ഗാരോഹണം ചെയ്തു് 'സാമീപ്യം' പ്രാപിച്ചപ്പോഠം, താൻനിമിത്തമുണ്ടായ 'ഖഡ്ഗപാതത്താൽ ഹൃദയം പിളന്ന' ആ മനസ്വിനിയെ ക്രിസ്തു തൻെറ വലത്തുവശത്തു പിതാവിൻെറ പൂർണ്ണാനുവാദത്തോടുകൂടി സ്വർഗ്ഗസിംഹാസനത്തിൽ ഇരുത്തിയെന്നല്ലാതെ, സകല പാപികളുടെയും പാപമേററുവാങ്ങിയ ക്രിസ്തു, പരിശുദ്ധാത്മാവിൽ നിന്നു് തന്നെ ഏററുവാങ്ങിയ സുകൃതശാലിനിയായ ആ പരിശുദ്ധ മാതാവിനെ സ്വർഗ്ഗത്തിൻെറ വല്ല മൂലയിലേക്കും പറഞ്ഞയച്ചു എന്നോ ന്യായവിസ്താരദിവസംവരെ മൃതരായവരുടെ കൂട്ടത്തിൽ പോയിരിക്കുവാൻ പർഗററിയിലേക്കു തള്ളിവിട്ടു എന്നോ കൃപാനിധിയായ ദൈവമെന്നു ക്രിസ്തുവിനെ ഉള്ളഴിഞ്ഞു വിശ്വസിക്കുന്ന മനസ്വികളായ മനീഷികഠംക്കു വിശ്വസിക്കുവാൻ പ്രയാസമുണ്ടെന്നാണു് എനിക്കു തോന്നുന്നതു്.

സർവ്വശക്തനായ ദൈവം തൻെറ അത്ഭുതശക്തികളെ അനന്തകോടി ബ്രഹ്മാണ്ഡഭാണ്ഡങ്ങഠം അടങ്ങിയ ഈ വിശ്വത്തിൻെറ അത്യത്ഭുതകരമായ നിലനില്പിനും ഭരണത്തിനുമായി ഏതെല്ലാം പ്രകാരത്തിൽ പ്രയോഗിച്ചുവരുന്നു എന്നു ദൈവഭക്തന്മാരിൽ അഗ്രഗണ്യന്മാരായ സിദ്ധന്മാർക്കു

പോലും ഇതേവരെ നിണ്ണയിക്കുവാൻ കഴിഞ്ഞിട്ടില്ല. അതിബുദ്ധിമാന്മാരായ ശാസ്ത്രജ്ഞന്മാരുടെയും തത്വജ്ഞാനികളുടെയും പ്രപഞ്ചരഹസ്യാന്വേഷണം തന്നെ എത്താവുന്ന ദൂരത്തോളം എത്തിയശേഷം അജ്ഞാതമോ, അജ്ഞേയമോ ആയ ഏതാണ്ട അതിനപ്പുറവുമുണ്ടെന്ന പറഞ്ഞു മനുഷ്യബുദ്ധിയുടെ പരിമിതത്വത്തെ സമ്മതിച്ച മടങ്ങുകയാണ് ചെയ്യുന്നതു്. ഈ പരിമിതത്വത്തിനകത്തു നിന്നുകൊണ്ട നടത്തുന്ന യുക്തിവാദങ്ങളെക്കൊണ്ട പുരാതനങ്ങളായ മതവിശ്വാസങ്ങളെ അകത്തോലിക്കരായ കൃസ്ത്യാനികൾ ഓരോന്നോരോന്നായി ഖണ്ഡിച്ച നിഷേധിച്ചുതുടങ്ങിയാൽ കൃസ്തുവിൻെറ ദിവ്യാവതാരത്തെ സമത്ഥിക്കുവാൻ എന്തു യുക്തിയാണ് അവക്ക ശേഷിക്കുന്നതെന്നറിഞ്ഞില്ല. ദിവ്യാവതാരം വിശ്വസനീയമാകണമെങ്കിൽ ദിവ്യാവതാരത്തിന ഒരു ദിവ്യപാത്രമുണ്ടായിരുന്ന എന്നും വിശ്വസിക്കാതെ നിവാഹമില്ല. പരിമിതമായ ബുദ്ധിയുടെ പരിമിതമായ യുക്തിക്കു് അതീതനാണ ദൈവമെന്ന സമ്മതിക്കുന്നപക്ഷം ദൈവത്തിൻെറ ദിവ്യപ്രവത്തനങ്ങളെ ഭക്തികൊണ്ട പരിശോധിക്കുവാനല്ലാതെ വെറും യുക്തികൊണ്ടമാത്രം പരിശോധിക്കുവാൻ ഒരുങ്ങരുതു്. ശരിയായ യുക്തിയുള്ള കൃസ്തുഭക്തന്മാക്ക കൃസ്തുദേവൻെറ മാതാവെന്നുള്ള ഏക കാരണത്താൽതന്നെ ദേവമാതാവായിത്തീന്നിരിക്കുന്ന കന്യകാമറിയത്തെ ഭക്തിപാരവശ്യത്തോടുകൂടിയല്ലാതെ സ്മരിക്കുവാൻ കഴികയില്ലെന്നാണ് എനിക്കു തോന്നുന്നതു്.

മനുഷ്യഹൃദയത്തിൽ ദൈവനിക്ഷിപ്തമോ, പരമ്പരാസിദ്ധമോ, സഹജമോ ആയി കണ്ടുവരുന്ന മതവിശ്വാസതൃഷ്ണയുടെ ശാന്തിക്കായി രണ്ടായിരമോ അതിൽ കൂടുതലോ സംവത്സരങ്ങൾക്കു മുമ്പു ഉത്ഭവിച്ചു് ശാസ്ത്രങ്ങളുടെയും, തത്വജ്ഞാനസിദ്ധാന്തങ്ങളുടെയും, യുക്തിവാദങ്ങളുടെയും വീയ്യമേറിയ ആക്രമണങ്ങൾക്കു ശേഷവും അഭേദ്യപ്രാകാരങ്ങളാൽ പരിരക്ഷിതമായി നിലനിന്നുവരുന്ന മതവിശ്വാസങ്ങ

ളെ മതവിശ്വാസിയായ ഒരുവൻ ഭക്തിപൂർവ്വം പരിശോധിച്ചു നോക്കുന്നതായാൽ ഭക്തിസംവദ്ധകമായിട്ടല്ലാതെ ഈവക പൌരാണികവിശ്വാസങ്ങളിൽ അധികമൊന്നും കാണുകയില്ല. "യുക്തിമാത്രോപജീവിയായ ശാസ്ത്രജ്ഞന്ന് അനുഭവൈകവേദ്യമായ പൌരാണികവിശ്വാസങ്ങൾക്കു കാര്യകാരണസംബന്ധം അനുമാനിക്കുന്നതു സുസാധ്യവുമല്ല."

ശ്രീയേശുക്രിസ്തുവിൻെറ ജനനിയെന്നുള്ള ഏകകാരണത്താൽതന്നെ ഭൂമിയിലും സ്വർഗ്ഗത്തിലും ഇതേവരെ ഉണ്ടായിട്ടുള്ള സുകൃതശാലിനികളിൽ ആരെയുംകാൾ ഉന്നതമായ ഒരു സ്ഥാനത്തിനു അർഹത സമ്പാദിച്ചിരിക്കുന്ന കന്യകാമറിയത്തിൻെറ അമലോത്ഭവം മുതല്ക്കുള്ള അമലമനോഹരമായ ജീവചരിത്രവും ക്രിസ്തീയവിശ്വാസപ്രമാണപ്രകാരമുള്ള ആചരിത്രത്തെ കുറിച്ച് പാഷണ്ഡന്മാർ പുറപ്പെടുവിച്ചിട്ടുള്ള ആക്ഷേപവാദങ്ങൾക്കു സപ്രമാണമായ പ്രതിവാദങ്ങളും അടങ്ങിയ ഈ പുസ്തകം ക്രൈസ്തവജനസാമാന്യത്തിനു മാത്രമല്ല അവരിലുള്ള പണ്ഡിതന്മാക്കും സവ്വഥാ ഉപയോഗപ്രദമായ ഒരു കൃതിയായിരിക്കുമെന്നതിനു സംശയമില്ല. പ്രൗഢസുന്ദരമായ ഭാഷാരീതിയിൽ രചിക്കപ്പെട്ടിരിക്കുന്ന ഈ ജീവചരിത്രം അക്രൈസ്തവരിലും ഭാഷാഭിമാനികളും ക്രിസ്തുമതജിജ്ഞാസുക്കളുമായുള്ള ഏവക്കും ആദരണീയമായ ഒരു വിശിഷ്ട കൃതിതന്നെയാണ്. "ശ്രീ യേശുക്രിസ്തു"വിനെന്നപോലെ "കന്യകാമറിയ"ത്തിനും അവതാരികയെഴുതുകയെന്നുള്ള ബഹുമതി എനിക്കുതന്നെ നൽകുവാൻ തക്കവണ്ണം ഗ്രന്ഥകാരന്ന് എന്നെക്കുറിച്ചു തോന്നിയ പക്ഷപാതബുദ്ധിക്കു കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടു്, അവതരണമാവശ്യമില്ലാത്ത, ഈ ഗ്രന്ഥത്തെ സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

മയ്യനാട്ട്, സി. വി. കുഞ്ഞുരാമൻ.

1108 മേടം 14.

## ഈ ജീവചരിത്രത്തിൻെറ രചനയ്ക്കു് ഉപകരിച്ച ഗ്രന്ഥങ്ങൾ.


1. The History of the Blessed Virgin Mary, by the Abbe' Orisin, Translated by Very Rev. F. C. Husenbeth, D. D., V. G.
2. The Blessed Virgin Mary. By Rene marie de la Broise.
3. Life of the Blessed Virgin. By Rev. B. Rohner, O. S. B.
4. The Lily of Israel. By the Abbe' Gerbert.
5. The World's Madonna. By J. Shaw Mulholland, B. L.
6. Butler's Lives of the Saints.
7. The Christ, the Son of God. By the Abbe' C. Fouard.
8. The Bible
9. The Koran
10. The Catholic Encyclopedia:-
    The Articles on Assumption of B. V. Mary. by Frederick G. Holveck
    on Virgin Mary, by A. J. Maas.
11. Miscellanea—M. J. Spalding, D. D.
12. The Mother of Christ—by O. R. Vassel - Philips, C. S. S. R.

# അനുക്രമണിക.


| അദ്ധ്യായം. | | പുറം. |
|---|---|---|
| 1. | ജനനം | 1 |
| 2. | ബാല്യം; ദേവാലയജീവിതം | 11 |
| 3. | i മാതാപിതാക്കന്മാരുടെ മരണം | 31 |
| | ii കന്യാവിവാഹം | |
| 4. | മംഗലവാർത്തയും ഗർഭാധാനവും | 50 |
| 5. | മേരി എലിസബത്തിനെ സന്ദർശിക്കുന്നു | 64 |
| 6. | ക്രിസ്തുവിന്റെ ജനനം | 73 |
| 7. | i ഛേദനാചാരം | 88 |
| | ii ശുദ്ധീകരണം | |
| | iii മൂന്നു രാജാക്കന്മാർ | |
| 8. | പലായനവും പ്രവാസവും | 108 |
| 9. | നസറത്തിലെ ജീവിതം | 118 |
| | i യേശുവിന്റെ പന്ത്രണ്ടാമത്തെ വയസ്സ് | |
| | ii ജോസഫിന്റെ മരണം | |
| 10. | കാനായിലെ വിവാഹം | 137 |
| 11. | യേശുവിന്റെ ലോകസേവനവും മറിയയും | 148 |
| 12. | കൽവാരിമലയിൽ | 159 |
| 13. | മേരിയുടെ ചരമകാലം | 178 |
| 14. | മരണം; സ്വർഗ്ഗാരോഹണം. | 191 |



കന്യകാമറിയവും ഉണ്ണിയേശുവും.

ST. ANTONY'S CARMELITE MONASTERY * TRAVANCORE * ALWAYE * S. I. RAILWAY STATION, ALWAYE

# കന്യകാമറിയം.

## അദ്ധ്യായം ൧.

### ജനനം.

ഏഷ്യാമഹാഖണ്ഡത്തിന്റെ പശ്ചിമോത്തരഭാഗത്തായി സ്ഥിതിചെയ്യുന്ന പാലസ്തീൻരാജ്യത്തിൽ ഗലീലേയാ ദേശത്തുള്ള നസറെത്ത് എന്നൊരു കുഗ്രാമത്തിൽ സുമാർ രണ്ടായിരം വർഷങ്ങൾക്കു മുമ്പ്, യുവക്കിം എന്നും അന്ന എന്നും പേരുള്ള ഒരു ഭർത്താവും ഭാര്യയും താമസിച്ചിരുന്നു. അവർ നിർദ്ധനരായ കൃഷീവലരായിരുന്നുവെങ്കിലും യുവക്കിം ദാവീദുരാജാവിന്റെ ഗോത്രജനും അന്ന പുരോഹിതവർഗ്ഗത്തിൽപ്പെട്ടവളുമായിരുന്നു. അന്യാദൃശമായ ഈശ്വരഭക്തിയും നിതീനിഷ്ഠയുമുള്ള പുണ്യാത്മാക്കളായിരുന്ന അവരുടെ ജീവിതം ഒരു അപാരമായ ദൌർഭാഗ്യത്താൽ വ്യാകുലീഭവിച്ചിരുന്നു. വിവാഹം കഴിഞ്ഞിട്ട് ഇരുപതു വർഷമായി എങ്കിലും അവർക്കു സന്താനമുണ്ടായിരുന്നില്ല. അനപത്യത ഈശ്വരകോപത്തിന്റെ ഒരു ലക്ഷണമായി അക്കാലത്തു യഹൂദന്മാരുടെ ഇടയിൽ അവഹേളിക്കപ്പെട്ടിരുന്നു. അവരുടെ നിയമപ്രകാരം വന്ധ്യയായ ഭാര്യയെ ഭർത്താവിനു ഉപേക്ഷിക്കാമായിരുന്നു എങ്കിലും നീതിമാനായ യുവക്കിം തന്റെ ഗുണവതിയായ ഭാര്യയെ ത്യജിച്ചില്ല. നിർമ്മലമനസ്സുരായ ഈ ദമ്പതിമാർ ദൈവഹിതത്തിനു നിശ്ശേഷം കീ

ഴെട്ട ധമ്മപ്രവൃത്തികളിലും ജപധ്യാനങ്ങളിലും പരായണ രായി ജീവിച്ചു. തങ്ങൾക്ക് അഭീഷ്ടസിദ്ധിയുണ്ടാകുമെന്നും ദൈവം തങ്ങളെ യഥായോഗ്യം അനുഗ്രഹിക്കുമെന്നുമുള്ളതി നെപ്പററി അവർ ഒട്ടും ഭഗ്നാശരായില്ല. സന്താനലാഭമു ണ്ടായാൽ ആ സന്താനത്തെ ദേവാലയോപാസനത്തിനായി സമപ്പിക്കാമെന്ന് അവർ ഭക്തിപരവശരായി സവ്വേശ്വര സമക്ഷം പ്രതിജ്ഞ ചെയ്തു. യുവക്കിം വനാന്തരത്തിൽ പോയി നാല്പതുദിവസം ഉപവസിച്ചും ഉറക്കമിളച്ചും കഠി നതപസ്സുചെയ്തു.

ഈ പ്രാത്ഥനയും, നേച്ച്യയും, തപസ്സും സഫലീഭ വിച്ചു. ഒരു മാലാഖാ യുവക്കിമിനു പ്രത്യക്ഷമായി ഇപ്ര കാരം പറഞ്ഞു: "യുവക്കിം, നി ദൈവത്തിൻെറ ഏററവും വിശ്വസ്തനും സത്യസന്ധനുമായ ഒരു ഉപാസകനാണ്. നിൻെറ പ്രാത്ഥനകളും, അഭിലാഷങ്ങളും, സവ്വേശ്വരൻ ചെവിക്കൊണ്ടിരിക്കുന്നു. നിനക്കും നിൻെറ ഭക്തയായ സഹധമ്മചാരിണിക്കും പ്രാർത്ഥനാതീതമായ അനുഗ്രഹ ങ്ങൾ അദ്ദേഹം പ്രദാനംചെയ്യും; എന്തെന്നാൽ, അന്ന ഗർഭംധരിച്ച് ഒരു പെൺകുട്ടിയെ പ്രസവിക്കും. ആ കുട്ടി സ്ത്രീകളിൽ ഏററവും അനുഗൃഹീതയാവുകയും മറിയ എന്നു വിളിക്കപ്പെടുകയും ചെയ്യും. ഇതിൻെറ അടയാളമായി നി യറുശലേമിൽ പോകുമ്പോൾ, കാഞ്ചനകവാടം എന്നു വിളി ക്കപ്പെടുന്ന പടിവാതിലിൽവെച്ചു, നിൻെറ ഭാര്യയെ നി കാണും." അതേസമയംതന്നെ മാലാഖ അന്നയേയും ഈ മംഗലവാത്ത അറിയിച്ചു. അനുഗൃഹീതരായ ഈ ദമ്പതി മാർ പരസ്പരം അറിയാതെ ദൈവത്തിനു കൃതജ്ഞത പ്രകാ ശിപ്പിക്കുന്നതിനായി ദേവാലയത്തിലേയ്ക്കു പുറപ്പെട്ടു. ദേവാലയത്തിൻെറ പിൻഭാഗത്തുള്ള കാഞ്ചനകവാടം കട ക്കുന്നതിനു ഭാവിച്ചപ്പോൾ യുവക്കിം അന്നയെ കണ്ടു. പ്രമോദഭരിതരായി ഇരുവരും ദേവാലയത്തിൽ പ്രവേശിച്ച് ഈശ്വരസ്തോത്രം ചെയ്യുകയും തങ്ങൾക്കു സിദ്ധിച്ച അനിത

രസാധാരണമായ അനുഗ്രഹത്തിനായി ദൈവത്തിനു നന്ദി പറയുകയും ചെയ്തു.

ഇപ്രകാരം അന്നയുടെ ഗർഭത്തിൽ അത്ഭുതകരമായി ജനിച്ചതു ദൈവജനനിയാകാനുള്ള മറിയയായിരുന്നു. ഈ വിശിഷ്ടസൃഷ്ടിയുടെ ജനനം മനുഷ്യവർഗ്ഗത്തിൻെറ ആദിമാതാപിതാക്കന്മാരുടെ അധഃപതനംമുതൽ ലോകം ഉത്ക്കണ്ഠയോടെ പ്രതീക്ഷിച്ചിരുന്ന ഒരു മഹാസംഭവമാണ്. അഹംകാരം എന്ന ദോഷം ഹേതുവായി ഒരു സംഘം മാലാഖമാർ സ്വർഗ്ഗരാജ്യത്തുനിന്നു നിഷ്കാസനം ചെയ്യപ്പെട്ടു. അവർ അപ്പോൾമുതൽ ദൈവത്തോടും ദൈവത്തിൻെറ സകല സൃഷ്ടികളോടും, വിശേഷിച്ച്, അദ്ദേഹത്തിൻെറ അഭിനവസൃഷ്ടിയായ മനുഷ്യവർഗ്ഗത്തോടും, ബദ്ധവൈരരായി വർത്തിച്ചു. ആദിമപുരുഷനും ആദിമസ്ത്രീയും പരിപൂർണ്ണമായ പരിശുദ്ധിയുള്ള അവസ്ഥയിൽ സൃഷ്ടിക്കപ്പെട്ടിരുന്നു. ശിക്ഷിതരായ മാലാഖമാരിൽ—പിശാചങ്ങളിൽ-പ്രമാണിയായ സാത്താൻ ഹവ്വായെ സമീപിച്ചിട്ടു ദൈവം വിലക്കിയിരുന്ന പഴം തിന്നുന്നതിനായി അവളെ പ്രേരിപ്പിക്കുകയും, ആ പ്രലോഭനത്തിനു വശംവദയായി അവൾ അതിനെ ഭുജിക്കുകയും ചെയ്തു. അതിനുശേഷം അതിലൊരുഭാഗം ആദാമും അവളിൽനിന്നു വാങ്ങി ഭക്ഷിച്ചു. അഹങ്കാരഫലമായ ഈ ആജ്ഞാലംഘനത്തിനു ദൈവം അവരെ ശിക്ഷിച്ച്, പറുദീസായിൽനിന്നു, നിത്യവും സംപൂർണ്ണവുമായ സൗഭാഗ്യസ്ഥിതിയിൽനിന്ന്, ബഹിഷ്കരിച്ചു; അദ്ദേഹം അവർക്കു സമൃദ്ധമായി പ്രദാനംചെയ്തിരുന്ന അനുഗ്രഹങ്ങളും അവകാശങ്ങളും അവർക്കും അവരുടെ സന്താനങ്ങൾക്കും നഷ്ടമായി. മനുഷ്യവർഗ്ഗം അതിൻെറ ജന്മസിദ്ധമായ അത്യുന്നതപദവിയിൽനിന്ന് അധഃപതിച്ചു; അതിനു നിർദ്ദേശിക്കപ്പെട്ടിരുന്ന ആനന്ദസംപൂർണ്ണമായ സരണിയിൽനിന്നു വ്യതിചലിച്ചു. ഈശ്വരനിയുക്തനായ മാലാഖ

പതിവനുസരിച്ചു വീണ്ടും ഏദൻതോട്ടത്തിൽ പ്രത്യക്ഷനായപ്പോൾ കൃതാപരാധരായ ആദാമും ഹവ്വായും വൃക്ഷങ്ങളുടെ ഇടയിൽ ഓടിയൊളിച്ചു. അവരുടെ ശിക്ഷാവിധി ആ മാലാഖാവഴി ദൈവം അവരെ അറിയിച്ചു. പ്രഥമശിക്ഷ പ്രലോഭയിതാവായ പിശാചനുതന്നെയായിരുന്നു. സ്ത്രീക്കു പുരുഷവിധേയത്വവും പ്രസവവേദനയും, പുരുഷനു മരണം വരെ കഠിനമായ അദ്ധ്വാനവും, ഭൂമിക്കു ശാപവും ശിക്ഷയായി വിധിക്കപ്പെട്ടു.

എന്നാൽ ഈ ശിക്ഷാവിധിയിൽ ആശ്വാസപ്രദമായ ഒരു പ്രതിശ്രുവവും അടങ്ങിയിരുന്നു. പിശാചൻെറ പ്രതിനിധിയായ സപ്പത്തോടു ദൈവം ഇപ്രകാരം പറഞ്ഞു:— "നീയും സ്ത്രീയും തമ്മിലും, നിൻെറ സന്താനവും അവളുടെ സന്താനവും തമ്മിലും ഞാൻ ശത്രുതയുളവാക്കും; അവളുടെ സന്താനം നിൻെറ തലയെ ചതയ്ക്കുകയും, നീ അവളുടെ സന്താനത്തിൻെറ ഉപ്പൂററിയെ ചതയ്ക്കുകയും ചെയ്യും." ഈ ദിവ്യവാഗ്ദാനത്തിൽ ക്രിസ്തുമതത്തിൻെറയും ലോകത്തിൻെറയും ചരിത്രം മുഴുവനും അന്തർഭവിച്ചിരിക്കുന്നു. പിശാചനും മനുഷ്യനും തമ്മിലുള്ള, തിന്മയും നന്മയും തമ്മിലുള്ള, ഈ സമരം എല്ലാക്കാലവും നീണ്ടുനില്ക്കും. ആദ്യം പിശാചൻ-തിന്മ-ജയിച്ചുവെങ്കിലും ഒടുവിൽ മനുഷ്യൻ -നന്മ- ജയിക്കുകയും വിരോധി നിശ്ശേഷം തോല്ക്കുകയും ചെയ്തു. ഈ ദീർഘദർശനത്തിൽ—ഈ ദിവ്യ വാഗ്ദാനത്തിൽ— കാണുന്ന സ്ത്രീ മറിയയും അവളുടെ സന്താനം യേശുവുമാണെന്നു സ്പഷ്ടമാണ്. അവർ രണ്ടുപേരും ഒരുപോലെ സാത്താൻെറ ശത്രുക്കളാകയാൽ രണ്ടുപേരും ഒന്നുചേൎന്ന് അവനോടും അവൻെറ സന്താനത്തോടും യുദ്ധംചെയ്യണം. ഇവരും ആദാമും ഹവ്വായും തമ്മിലുള്ള സ്ഥിതിവൈരുദ്ധ്യം പ്രത്യക്ഷമാണ്. ഏദൻതോട്ടത്തിൽവച്ചുണ്ടായ സമരത്തിൽ ആദിമമനുഷ്യനും സ്ത്രീയും സാത്താന് എളുപ്പ

ത്തിൽ അടിമപ്പെട്ടകയും പാപത്തിനും മരണത്തിനും വശ ഗരാവുകയും ചെയ്തു. എന്നാൽ നരകരാജാവും അവൻെറ ജേതാക്കളായ സ്ത്രീയും തൽസന്താനവും—മറിയയും യേശ്ശു വും—തമ്മിൽ ഉള്ളതായി പ്രവചിക്കപ്പെട്ടിരിക്കുന്ന ശത്രുത പരിപൂർണ്ണവും അചഞ്ചലവുമാണ്. നിശ്ശേഷം പാപരഹി തരും, ഭൗമമായ യാതൊരു ന്യൂനതയും ബാധിക്കാത്തവരും, മരണത്തെ ജയിച്ചവരുമായ അവർ സാത്താൻെറ പരിശ്ര മഫലങ്ങളെ നിശ്ശേഷം നശിപ്പിക്കുകയും അവൻെറ തലയെ ചതയ്ക്കുകയും ചെയ്യും. മനുഷ്യവർഗ്ഗത്തിൻെറ പ്രാമാണിക നായ ആദാമിൻെറ പാപം മാത്രമാണ് അവൻെറ സന്താ നങ്ങളെയെല്ലാം നശിപ്പിച്ചതു്. എന്നാൽ നാശത്തിൻെറ ആരംഭകർത്രിയും നാശകരമായ ഫലത്തിൻെറ ദാത്രിയു മായ ആ സ്ത്രീ സഹകാരിണിയായി അവൻെറ അടുക്കൽ നില്ക്കുന്നു. അതുപോലെ ക്രിസ്തു മാത്രമാണു നമ്മെ പരിര ക്ഷിക്കുന്നതെങ്കിലും നമ്മുടെ പരിത്രാണത്തെ ആരംഭിച്ചിട്ടു ജീവനിദാനമായ ഫലത്തെ എല്ലാവൎക്കും വിതരണം ചെ യ്തുകൊണ്ടു ദൈവജനനിയായ മറിയ അദ്ദേഹത്തിൻെറ സമീപത്തിൽ വർത്തിക്കുന്നു. മനുഷ്യവർഗ്ഗം മുഴുവനും ഉല്പദി ക്കുന്നതു് ആദാമിലും ഹവ്വായിലും നിന്നാണ്; എന്നാൽ അവരുടെ സന്താനപരമ്പരകൾക്കു് അവരിൽനിന്നു സിദ്ധി ക്കുന്ന പ്രകൃതി ദൈവത്തിനു പരാങ്മുഖമായ ഒന്നാണ്. അവരുടെ പാരമ്പര്യമായ കളങ്കം ലോകാവസാനംവരെ നിലനില്ക്കുകയും ചെയ്യും. എന്നാൽ യേശ്ശുവിൻെറയും മേരിയുടെയും സന്നിധിയെ പ്രാപിക്കുന്ന എല്ലാവരുടെയും ജീവിതങ്ങൾ ദിവ്യപ്രസാദത്താൽ നവീകരിക്കപ്പെട്ടും. അവ രുടെ മുമ്പും പിമ്പുമുള്ള സകല മനുഷ്യരുടെയും ആത്മീയ ജീവൻ ഉത്ഭവിക്കുന്നതു് അവരിൽനിന്നാണ്. ഹവ്വായിൽ നിന്നു് എല്ലാവരുടെയും ഐഹികജീവിതം ഉത്ഭവിക്കുന്നു വെങ്കിലും അവൾ അവരുടെ ആത്മീയമരണത്തിനു ഹേതു ഭൂതയാണ്. എന്നാൽ മറിയ സാക്ഷാൽ ജീവനുള്ള എല്ലാ

വരുടെയും മാതാവായ അഭിനവഹവ്വായാകുന്നു. അവൾ എല്ലാവരെയും യേശുവിൻെറ ദിവ്യവും അനന്തവുമായ ജീവിതത്തിൽ ഭാഗഭാക്കുകളാക്കുന്നു. സ്ത്രീയുടെ സന്തതി എന്നതു യേശുവിനെ മാത്രമല്ല കുറിക്കുന്നതു്; അഭിനവ ഹവ്വായായ മറിയംവഴി ഈ പ്രകൃത്യതീതജീവിതത്തെ വരിക്കുന്ന സ്ത്രീസന്തതികൾ എല്ലാവരും അതിൽ ഉൾപ്പെടുന്നു. എല്ലാക്കാലത്തും എല്ലാദേശത്തും അവർ സാത്താനോടും അവൻെറ സന്താനങ്ങളും ദൈവവിരോധികളുമായ പിശാചങ്ങളോടും ദുർജ്ജനങ്ങളോടും പോരാടിക്കൊണ്ടിരിക്കും. ഈ പോരാട്ടത്തിൽ അവക്കു ചില മുറിവുകൾ പററിയേക്കാം; ശത്രുവിനു ക്രിസ്തുവിൻെറ സ്ഥൂലശരീരത്തെ ഉപദ്രവിക്കുന്നതിനും കുരിശിൽ തറയ്ക്കുന്നതിനും സാധിച്ചതുപോലെ അദ്ദേഹത്തിൻെറ സൂക്ഷ്മശരീരത്തെയും പീഡിപ്പിക്കുന്നതിനു കഴിയും. പരാജിതനായ പിശാചൻ സംഭ്രാന്തനായി അവൻെറ ജേതാവിൻെറ കുതികാലിൽ ഏൽപ്പിക്കുന്നതായി പറയപ്പെടുന്ന പ്രഹരം അതാണു്. എന്നാൽ യേശുവും മറിയയും അവർ ലോകത്തോടും നരകത്തോടും മരണത്തോടുമുള്ള സമരത്തിൽ സമ്പാദിക്കുന്ന സംപൂർണ്ണ വിജയത്തിൽ സജ്ജനങ്ങളായ എല്ലാ സ്ത്രീസന്തതികളെയും ഭാഗഭാക്കുകളാക്കുകയും ശത്രുവിൻെറ തലയെ വീണ്ടും പൊങ്ങാതിരിക്കത്തക്കവണ്ണം അടിച്ചു പതുക്കുകയും ചെയ്യും.

മനുഷ്യവർഗ്ഗം പെരുകുകയും പല ജാതികളായിത്തിരിഞ്ഞു ലോകമാസകലം പരക്കുകയും ചെയ്തപ്പോൾ, ലോകപരിത്രാതാവിൻെറ ജനനിയാകാനുള്ള ആ സ്ത്രീയെപ്പററി പ്രസ്തുത ദീർഘദർശനത്തിൽ നിർദ്ദിഷ്ടമായിരിക്കുന്ന പ്രതീക്ഷ സർവ്വജനീനമായിത്തീർന്നു. ഇതര ഭൂഭാഗങ്ങളിൽ ഈ പ്രതീക്ഷ അവ്യക്തവും അന്ധവിശ്വാസനിമഗ്നവുമായിപ്പരിണമിച്ചുവെങ്കിലും ഇസ്രായേൽരാജ്യത്തു മാത്രം അതു് ഉത്തരോത്തരം സ്പഷ്ടതരമായിബ്ഭവിച്ചു. അവിടെ ദൈവം അത്ഭു

ത്തങ്ങളാലും വെളിപാടുകളാലും ദീർഘദർശനങ്ങളാലും തൻെറ പ്രഥമവാഗ്ദാനത്തെ നവീകരിക്കുകയും വിശദമാക്കുകയും ചെയ്തുകൊണ്ടിരുന്നു. ക്രിസ്ത്വബ്ദത്തിനു 800 വർഷങ്ങൾക്കു മുമ്പ്, ചിരപ്രതീക്ഷിതയായ ആ സ്ത്രീ കന്യാത്വത്തിനു ഭംഗംവരാതെ രക്ഷകനെ ലോകസമക്ഷം പ്രദാനം ചെയ്യുമെന്നുകൂടി ദൈവം ഇസ്സയാസുദീർഘദർശിമുഖാന്തിരം വെളിപ്പെടുത്തി. "കണ്ടാലും, ഒരു കന്യക ഗർഭം ധരിക്കുകയും ഒരു മകനെ പ്രസവിക്കുകയും ചെയ്യും: അവൻ എമ്മാനുവൽ (ദൈവം നമ്മോടുകൂടി) എന്നു വിളിക്കപ്പെടും."

പ്രസ്തുത വാഗ്ദാനത്തിൻെറയും ദീർഘദർശനത്തിൻെറയും നിർവ്വഹണത്തിൻെറ പ്രാരംഭമായിരുന്നു മറിയയുടെ അത്ഭുതകരമായ ഉത്ഭവം. ആദാമിൻെറ സന്തതികളായ മററു സകല മനുഷ്യരും അവർ ഗർഭത്തിൽ ഉത്ഭവിക്കുന്ന നിമിഷം മുതൽ തന്നെ ആ ആദിമപിതാവിൻെറ പാപപാരംപര്യത്താൽ മലിനീകരിക്കപ്പെട്ടവരാണ്. മറിയയുടെ ആത്മാവു മാത്രമേ ആരംഭം മുതൽ ആ കളങ്കത്താൽ അസ്പൃഷ്ടമായിരുന്നിട്ടുള്ളു. ഗബ്രിയേൽമാലാഖാ അവരെ 'നന്മനിറഞ്ഞവൾ' എന്ന് അഭിസംബോധനം ചെയ്യത്തക്കവണ്ണം അവർ ഉത്ഭവനിമിഷത്തിൽതന്നെ ദിവ്യപ്രസാദത്താൽ സംപൂരിതയായിരുന്നു. ഈശ്വരാനുഗ്രഹങ്ങളാൽ ജന്മനാ വിഭൂഷിതയായിരുന്ന അവളുടെ സുന്ദരാത്മാവ് ഒരിക്കലും അതിൻെറ സ്രഷ്ടാവായ ദൈവത്തിനു് അനഭിമുഖമായിരുന്നിട്ടില്ല. അവളും ആദാമിൻെറ സന്തതിയാകയാൽ ക്രിസ്തുവിനാൽ സംരക്ഷിക്കപ്പെടേണ്ടതു് ആവശ്യമായിരുന്നു; എന്നാൽ ആ സംരക്ഷണശക്തിയുടെ പ്രവർത്തനമാർഗ്ഗം അനന്യസാധാരണമായിരുന്നു. ഇതരമനുഷ്യരുടെ പാപങ്ങൾക്കു ക്രിസ്തു പരിഹാരം ചെയ്യുന്നു; എന്നാൽ മറിയയെ ആകട്ടെ അദ്ദേഹം പാപം ചെയ്യാതെ സൂക്ഷിച്ചു. ഇതരമനുഷ്യരെ എല്ലാവരേയും, പാപകൂപത്തിൽ പതി

ച്ചശേഷം, അദ്ദേഹം അതിൽ നിന്നു സമുദ്ധരിക്കുന്നു. എന്നാൽ മറിയയെ ആകട്ടെ അതിൽ വീഴാനിടയാകാതെ അദ്ദേഹം സംരക്ഷിച്ചു. മറിയയുടെ ഈ നൈർമ്മല്യത്തിനു മുഹമ്മദീയവേദപാരംഗതന്മാർപോലും സാക്ഷ്യം വഹിക്കുന്നു: "ആദാമിന്റെ സന്തതിയായ ഏവനും ഉത്ഭവമാത്രയിൽ തന്നെ സാത്താനാൽ ഗ്രസിക്കപ്പെടുന്നു. യേശുവും മേരിയും മാത്രം ഈ നിയമത്തിൽ നിന്നു വ്യത്യസ്തരായിരിക്കുന്നു; എന്തുകൊണ്ടെന്നാൽ ദൈവം അവരെയും സാത്താനെയും ഒരു തിരസ്കരണിയാൽ വേർതിരിച്ചു. അതു് അവന്റെ നാശകരമായ സമ്പക്കത്തിൽ നിന്നു് അവരെ സംരക്ഷിച്ചു." എന്നു സുപ്രസിദ്ധ കുറാൻ ഭാഷ്യകാരനായ കത്താദാ ഘോഷിക്കുന്നു.

ഈ പാപരഹിതമായ ഉത്ഭവം, സംശുദ്ധമായ ജനനം, ദേവമാതാവായ മറിയയ്ക്കു് ഉചിതംതന്നെയായിരുന്നു. അവതീർണ്ണമായ ശബ്ദബ്രഹ്മത്തെ—മനുഷ്യാവതാരംചെയ്ത ജഗദീശനെ—ഗർഭംധരിക്കുകയും, പ്രസവിക്കുകയും, കരങ്ങളിൽ വഹിക്കുകയും, ലാളിക്കുകയും വളർത്തുകയും, ചെയ്യാനുള്ള ആ സൗഭാഗ്യവതി ഒരു നിമിഷമെങ്കിലും പാപഫലമായ ഈശ്വരകോപത്തിനു പാത്രമാവുകയെന്നുള്ളതു് ഒട്ടും സമഞ്ജസമല്ല. ദിവ്യരക്ഷകനായ യേശുവിന്റെ ജനനിയും ലോകപരിത്രാണകൃത്യത്തിൽ സഹകാരിണിയുമായ മറിയയെ ദൈവം അവളുടെ ഉത്ഭവമാത്രയിൽ തന്നെ തന്റെ അതിവിശിഷ്ടങ്ങളായ അനുഗ്രഹങ്ങളെക്കൊണ്ടു് അലങ്കരിക്കുകയും അനന്യപ്രാപ്തമായ ഒരു പദവിയിലേക്കു് ഉയർത്തുകയും ചെയ്തു. അവൾ ഗർഭത്തിൽ ജനിച്ച നിമിഷം തന്നെ, "എന്റെ പ്രിയേ, നീ സമ്പൂർണ്ണസുന്ദരിയാണു്. നിന്നിൽ കളങ്കം ലേശംപോലുമില്ല" എന്നു ദൈവം അനുഗ്രഹിച്ചു. ആദാമിന്റെ പുത്രികളുടെയിടയിൽ, മുള്ളുകളുടെ ഇടയിലെ ലില്ലിപോലെ, സംശുദ്ധിയോടും സൗകുമാര്യത്തോടും അവൾ

13850

പ്രശോഭിച്ചു. അവൾ സൎപ്പത്തിനു് ഒരിക്കലും പ്രവേശിക്കാൻ സാധിക്കാതിരിക്കത്തക്കവണ്ണം ഭദ്രമായി മറയ്ക്കപ്പെട്ടിട്ടുള്ള ഉദ്യാനവും, അതിനു് ഒരിക്കലും അശുദ്ധമാക്കാൻ പാടില്ലാത്തവണ്ണം മുദ്രവച്ചു പൂട്ടിയിട്ടുള്ള ഉറവും ആയിരുന്നു. അഭിനവ ആദാമായ യേശുവിൻെറ സമീപത്തിൽ പവിത്രീകൃതയായ അഭിനവഹവ്വായായി ദൈവം മറിയയെ പ്രതിഷ്ഠിച്ചു. ആത്മീയമായ സൎവ്വനന്മകളുടെയും ഉറവു് അവളിൽനിന്നു പുറപ്പെട്ടു; ഈ നന്മകളെ വിതരണം ചെയ്യാനുള്ള സ്രോതസ്സാകുന്നതും അവളത്രെ. ദിവ്യമാതൃത്വം അവളെ എല്ലാ സിദ്ധന്മാരുടെയും മാലാഖമാരുടെയും മാതാവും രാജ്ഞിയുമാക്കിത്തീൎക്കുന്നു. സ്വൎല്ലോകത്തെയും ഭൂലോകത്തെയും തമ്മിൽ സംയോജിപ്പിക്കുന്ന വിവാഹത്തിലെ മണവാട്ടിയാണു് അവൾ. ദിവ്യമണവാളനു സൎവ്വഥാ അനുരൂപയാക്കുന്നതിനായി മാലാഖമാർ അവളെ അമൂല്യങ്ങളായ ദിവ്യവിഭൂഷണങ്ങളാൽ അലങ്കരിക്കുകതന്നെ വേണം. സ്വൎഗ്ഗീയരാജാധിരാജൻെറ പട്ടമഹിഷിയാകാനുള്ള അവൾക്കു് അനിതരമനുഷ്യസാധാരണമായ സൗന്ദൎയ്യവും യോഗ്യതയും ആവശ്യംതന്നെയാണു്. പിതാവായ ദൈവത്തിൻെറ പുത്രിയും, പുത്രനായ ദൈവത്തിൻെറ മാതാവും. പവിത്രാത്മാവായ ദൈവത്തിൻെറ പ്രിയതമയുമായ അവളെ ത്രിതൈ്വകസൎവ്വേശ്വരൻ ആജീവനാന്തം പിതാവിനും, പുത്രനും, പ്രിയതമനും അനുരൂപമായ വിധത്തിൽ കടാക്ഷവീക്ഷണം ചെയ്യുകയും സംരക്ഷിക്കുകയും ചെയ്തുവെന്നുള്ളതു് എത്രയും യുക്തിയുക്തമാണു്. "നിതാന്തം അനുഗൃഹീതയായ കന്യക പരിപൂൎണ്ണവിശുദ്ധിയാകുന്ന വസ്ത്രത്താൽ പരിവേഷ്ടിതയാകുകയെന്നുള്ളതും, ജന്മപാപത്തിൻെറ മാലിന്യത്തിൽനിന്നു നിശ്ശേഷം ഒഴിഞ്ഞിരിക്കുകയെന്നുള്ളതും, പൂൎവ്വസൎപ്പത്തിൻെറ മേൽ സംപൂൎണ്ണവിജയം നേടുകയെന്നുള്ളതും ഉചിതമത്രേ. അവൾ തൻെറ ദിവ്യകുമാരനു സൎവ്വഥാ അനുരൂപയായ ഒരു മാതാവുതന്നെ ആയിരിക്കണം." എന്നു് ഒൻ

പതാംപീയുസ് മാർപാപ്പാ കന്യകാമാതാവിൻെറ അമലോത്ഭവസിദ്ധാന്തത്തിൻെറ നിർവ്വചനത്തിൽ പ്രസ്താവിക്കുന്നു.

മറിയയുടെ ഈ അമലമായ ഗർഭോത്ഭവം നടന്നതു ക്രിസ്തുാബ്ദത്തിനു് പതിനാറു കൊല്ലങ്ങൾക്കു മുമ്പു് ഡിസംബർ എട്ടാംതീയതിയാണെന്നു പരിഗണിക്കപ്പെടുന്നു. യഥാകാലം സെപ്തംബർമാസം എട്ടാംതീയതി ശനിയാഴ്ച, അവൾ ഭൂജാതയായി. അന്നായുടെയും യുവക്കീമിൻെറയും വിനീതമായ വസതിയെ സ്വസാന്നിദ്ധ്യംകൊണ്ടു് അവൾ പ്രകാശിപ്പിച്ചു. പവിത്രതയുടെ പരിമളധോരണി അവിടെയെങ്ങും അവൾ വ്യാപിപ്പിച്ചു. പുണ്യാത്മാക്കളായ ആ വൃദ്ധദമ്പതിമാർ തങ്ങളുടെ ജീവിതത്തിലെ സർവ്വപ്രധാനമായ അഭിലാഷം ഈവിധം പ്രതീക്ഷാതീതമായി സഫലീഭവിച്ചതിൽ ആനന്ദഭരിതരായി സർവ്വേശ്വരനു നന്ദിപറഞ്ഞു. മാലാഖമാർ അവളുടെ തൊട്ടിലിനെ പരിസേവനം ചെയ്തു്, അവളെ തങ്ങളുടെ രാജ്ഞിയായി അഭിവാദ്യംചെയ്യുകയും ഈശ്വരസൃഷ്ടികളിൽ സർവ്വോത്തമയായി പ്രശംസിക്കുകയും ചെയ്തു. നവജാതയായ ഈ ശിശുതല്ലജം ലോകത്തിനു സൌഭാഗ്യത്തിൻെറയും രക്ഷയുടെയും ഉദയത്തെ പ്രഖ്യാപനം ചെയ്തു. ഈ മഹാസംഭവത്തിൻെറ സമാരംഭം എത്രയും നിശ്ശബ്ദമായും അനാഡംബരമായും നിർവ്വഹിക്കപ്പെട്ടു. അതിൻെറ മഹത്വത്തെയും മാഹാത്മ്യത്തെയും പററി ലോകം യാതൊന്നും അറിഞ്ഞില്ല. ശിശുവിൻെറ മാതാപിതാക്കന്മാൎക്കു മാത്രം അതിൻെറ ദിവ്യത്വത്തേയും ലോകോത്തരതയേയും പററി ചെറുതായ ഒരു സൂചന സ്വർഗ്ഗത്തിൽനിന്നു സിദ്ധിച്ചിരുന്നു. ഈശ്വരോദ്ദേശ്യം സംപൂർണ്ണമായി തങ്ങളുടെ ശിശുവിൽ നിർവ്വഹിക്കപ്പെടുന്നതിനായി അവർ ദൈവത്തോടു പ്രാർത്ഥിച്ചു. യുവക്കി (അബ്രാം) മിൻെറ ഭാൎയ്യ ദൈവത്തോടു പറഞ്ഞു: “ദൈവമേ, എൻെറ ഉദരത്തിൻെറ ഫലം അങ്ങേയ്ക്കായി സമൎപ്പിച്ചിരിക്കുന്നു;

എല്ലാ സംഗതികളെയും അറിയുകയും ഗ്രഹിക്കുകയും ചെയ്യുന്ന അങ്ങ് അതിനെ നന്മയോടുകൂടി സ്വീകരിക്കേണമേ; ഓ ദൈവമേ, ഞാൻ ലോകത്ത് ഒരു മകളെ പ്രസവിച്ചിരിക്കുന്നു; ഞാൻ അവൾക്കു മറിയം എന്നു പേരിട്ടിരിക്കുന്നു; അവളെയും അവളുടെ സന്തതിയെയും ഞാൻ അങ്ങയുടെ സംരക്ഷണയിൽ ഏൽപ്പിച്ചുകൊള്ളുന്നു; സാത്താൻെറ പ്രലോഭനങ്ങളിൽനിന്ന് അങ്ങു കാത്തുരക്ഷിക്കണമെ"! എന്നു ഇസ്ലാംവേദഗ്രന്ഥത്തിൽ മറിയയുടെ ജനനത്തെപ്പററി പ്രസ്താവിച്ചിരിക്കുന്നു. (കുറാൻ മൂന്നാംഅദ്ധ്യായം).

---

## അദ്ധ്യായം ൨.

### ബാല്യം; ദേവാലയജീവിതം.

ബന്ധുമിത്രാദികൾ നവജാതമായ ശിശുവിനെ സന്ദശിക്കുന്നതിനായി വന്നു. അവർ സൗഭാഗ്യവതിയായ മാതാവിനെ അനുമോദിക്കുകയും, ഉണ്ണിയുടെ അഭൌമമായ സൌകുമാര്യത്തെ കണ്ടു അത്ഭുതപ്പെടുകയും ചെയ്തു. ശിശുവിൻെറ മുഖം സ്വാഭാവികമായി പിതാവിൻെറയും മാതാവിൻെറയും മുഖത്തോടു സാമ്യമുള്ളതായിരുന്നുവെങ്കിലും അതിനു ഒരു പ്രത്യേകതയുണ്ടായിരുന്നു. പ്രകൃത്യാ മറിയയുടെ ബാഹ്യപ്രകൃതി സ്വമാതാപിതാക്കന്മാരുടേതിനോടും, യേശുവിൻെറ ബാഹ്യപ്രകൃതി മറിയയുടേതിനോടും സാദൃശ്യമുണ്ടായിരിക്കേണ്ടതാണെങ്കിലും, ദൈവം മറിയയെ യേശുവിനുവേണ്ടിയും യുവക്കീമിനെയും അന്നായെയും മറിയയ്ക്കുവേണ്ടിയും സൃഷ്ടിച്ചതായതുകൊണ്ടു്, മറിയ സ്വപുത്രൻെറ ആകൃതിയിൽ പ്രകൃത്യതീതമായ വിധത്തിലാണു

സൃഷ്ടിക്കപ്പെട്ടതു്. അവളുടെ ആത്മാവു് ദൈവപുത്രൻെറ വരപ്രസാദങ്ങളാൽ എങ്ങനെ സംപൂരിതമായിരുന്നുവോ അതുപോലെ അവളുടെ മുഖവും യേശുവിൻെറ മുഖാരവിന്ദത്തിൻെറ ദിവ്യരാമണിയകത്താൽ പരിശോഭിതമായിരുന്നു.

ജനനശേഷം പതിനഞ്ചാംദിവസമാണു് യഹൂദന്മാർ പെൺകുട്ടികൾക്കു പേരിടുന്നതു്. അതനുസരിച്ചു അന്നായുടെ ശിശുവിൻെറ നാമകരണം നടത്തപ്പെട്ടു. ദൈവം തന്നെ തൻെറ പ്രിയഭാജനങ്ങൾക്കു നാമങ്ങൾ നിർദ്ദേശിക്കുന്നതായി ബൈബിളിൽ അനേകം ഉദാഹരണങ്ങളുണ്ടു്. ആ സ്ഥിതിക്കു് മോസ്സസ്സിൻെറ സഹോദരിയുടെ പേരായ മറിയം എന്ന വിശിഷ്ടസംജ്ഞ ദൈവപുത്രൻെറ മാതാവിനായി ദൈവംതന്നെ തിരഞ്ഞെടുത്തതാണെന്നുള്ളതിനു സംശയമില്ല. കാലാന്തരത്തിൽ ആ പേരിനു മറിയം എന്നു രൂപാന്തരമുണ്ടായി.

'യേശു' എന്ന നാമം കഴിഞ്ഞാൽ മനുഷ്യനാമങ്ങളിൽ ഏററവും മനോഹരമായ മറിയ എന്ന സംജ്ഞയ്ക്കു വിവിധങ്ങളായ അത്ഥങ്ങൾ കല്പിക്കപ്പെടുന്നു. ഈ പേരിനെപ്പററി മാത്രം പ്രതിപാദിക്കുന്ന ഒരു പുസ്തകത്തിൽ അതിനു ൱൦ അത്ഥങ്ങൾവരെ കാണുന്നുണ്ടു്. അവയിൽ ഏററവും യുക്തിയുക്തവും പയ്യാപ്തവുമായ ആറെണ്ണം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു. (1) സുറിയാനിഭാഷയിൽ നാഥനെന്നു അത്ഥമുള്ള 'മാർ' (Lord) എന്ന ശബ്ദത്തിൻെറ സ്ത്രീലിംഗമാണു മറിയം (Lady) എന്നു ചിലർ സമത്ഥിക്കുന്നു. വ്യാകരണപ്രകാരം ഈ വ്യാഖ്യാനം അത്ര ശരിയല്ലെങ്കിലും, സ്വാമിനി, നാഥ, രാജ്ഞി എന്നിങ്ങനെ ക്രൈസ്തവർ ആദികാലംമുതൽ മറിയയെ സംബോധനംചെയ്തുവരുന്നു. (2) സമുദ്രതാരം എന്ന എബ്രായഭാഷയിലെ അത്ഥവും മറിയയ്ക്കു ഏററവും അനുരൂപമാണു്. "ദേവമാതാവിനു ഇതിനേക്കാൾ പയ്യാപ്തവും അവരുടെ പ്രതാ

പമഹിമകളെ പ്രകാശിപ്പിക്കുന്നതുമായ ഒരു പേരു തിച്ച് യായിട്ടും സിദ്ധിക്കാനില്ല. മറിയ ലോകജീവിതമാകുന്ന ആ അപാരവും പ്രചണ്ഡമാരുതനാൽ പ്രക്ഷുബ്ദ്ധവുമായ പാരാവാരത്തിൽ പ്രകാശിക്കുന്ന അതിരമണീയവും ഉജ്ജ്വലവുമായ നക്ഷത്രമാകുന്നു, സംശയമില്ല" എന്നു സെയിൻറു ബെർണാർഡ് പറയുന്നു. അദ്ദേഹം ഈ നാമത്തിൻെറ മാഹാത്മ്യത്തെപ്പററി ഇപ്രകാരം തുടന്നു പ്രഭാഷണംചെയ്യുന്നു:—"ഓ, പാപാത്മാവെ, ഐഹികജീവിതത്തിലെ ഒഴുക്കുകളും കൊടുങ്കാററുകളും നിന്നെ പരവശനാക്കുകയും നിൻെറ പാദമുറപ്പിച്ചുവയ്ക്കുന്നതിനു സാധിക്കാതെവരുകയും ചെയ്യുമ്പോൾ മാഗ്ഗദശിയായ ഈ നക്ഷത്രത്തിൻെറ പ്രകാശസരണിയിൽ നിന്നു നിൻെറ ദൃഷ്ടിയെ നീ മാററിക്കളയരുത്. പ്രലോഭനമാകുന്ന ചണ്ഡമാരുതൻ നിന്നെ ആക്രമിക്കുകയും വ്യഥകളും പീഡകളുമാകുന്ന പാറകളും മണൽത്തിട്ടകളും നിൻെറ പ്രത്യാശയാകുന്ന യാനപാത്രത്തെ നശിപ്പിക്കുമെന്നു നീ ഭയപ്പെടുകയും ചെയ്യുമ്പോൾ, ആകാശമണ്ഡലത്തിലെ പ്രകാശമാനമായ ആ നക്ഷത്രത്തിൽ നോട്ടം ഉറപ്പിക്കുകയും മറിയ എന്ന നാമത്തെ ഉച്ചരിക്കുകയും ചെയ്യുക. വന്മോഹവും അഹങ്കാരവുമാകുന്ന അലകൾ, അപവാദമാകുന്ന ജലപ്രവാഹം, നിന്നെ മുക്കിക്കളയുമെന്നു നിനക്കു തോന്നുമ്പോൾ ഈ നക്ഷത്രത്തെ നോക്കിയിട്ടു മറിയനാമം ഘോഷിക്കുക. ദ്വേഷം, അത്യാശ, ഭോഗേച്ഛ ഇവ നിൻെറ ആത്മാവിൻെറ ശാന്തിയെ ഹനിക്കുമ്പോൾ, ഈ നക്ഷത്രത്തെ നോക്കിയിട്ടു മറിയനാമം ജപിക്കുക: നിൻെറ അസ്വസ്ഥമായ മനസ്സിൻെറ വീക്ഷണപഥത്തിൽ നിൻെറ പാപകമ്മങ്ങൾ ഭയാനകങ്ങളായ രാക്ഷസസത്വങ്ങളെപ്പോലെ പ്രത്യക്ഷീഭവിക്കുകയും അന്തഃകരണം നിന്നെ കുത്തുകയും, മരണാനന്തരവിധിയുടെ ഭയങ്കരത നിനക്കു തീവ്രവേദന ഉളവാക്കുകയും, അന്ധതയും വ്യസനവും നിന്നെ ബലഹീനനാക്കുകയും, നാരകീയമായ നൈ

രാശ്യക്രൂപത്തിൽ നീ പതിക്കുമെന്നു ഭയപ്പെടുകയും ചെയ്യു മ്പോൾ, ധൈയ്യം അവലംബിക്കുക, മറിയയെ ധ്യാനിക്കുക. അപ്പോൾ അനുഗ്രഹീതയായ ആ കന്യകയുടെ പേരു സമുദ്ര താരം അഥവാ മറിയ എന്നാണെന്നു പറയുന്നതു് എത്രശരി യാണെന്നു നിൻെറ സ്വന്തം ആന്തരമായ അനുഭവംകൊണ്ടു നിനക്കു ബോദ്ധ്യമാകും". (3) മറിയയെന്ന പദത്തിനു സ്ത്രീ യെന്നും അത്ഥമുണ്ടെന്നു പറയപ്പെടുന്നു സ്ത്രീവഗ്ഗത്തിൻെറ സകല സൽഗ്ഗുണങ്ങളും പരിപൂണ്ണമായി ഉണ്ടായിരിക്കുകയും ഒരേ സമയത്തു കന്യകയും മാതാവുമായിരിക്കുകയും ചെയ്ത ദേവജനനിക്കു് ഈ അത്ഥത്തിലും മറിയയെന്ന നാമം സമുചിതംതന്നെയാണു്. (4) പ്രകാശിപ്പിക്കുന്നവൾ— ദീപം—എന്നും ഈ സുന്ദരനാമത്തിനു് അത്ഥമുണ്ടു്. ക്രിസ്തുവാകുന്ന ജ്യോതിസ്സിനെ ലോകത്തും മനുഷ്യരുടെ ആത്മാക്കളിലും ഉദിപ്പിക്കുകയും സ്വമാതൃകകൊണ്ടും പ്രതാ പമഹിമകളെക്കൊണ്ടും സവ്വലോകത്തെയും പ്രകാശിപ്പിക്കു കയും ചെയ്യുന്ന ആ ദേവിക്കു് ഈ പേരു വളരെ യോജിച്ച തുതന്നെയാണു്. (5) സൌന്ദയ്യം—രാമണീയകം—എന്ന അത്ഥവും പൌരസ്ത്യപണ്ഡിതന്മാർ ഈ പദത്തിനു സയു ക്തികമായി സമത്ഥിക്കുന്നു. ഈ ദിവ്യനാമത്തിനു അന്യാ ദൃശമായ ഒരു കോമളതയും മാധുയ്യവുമുണ്ടു്. ഉച്ചാരണമാ ത്രയിൽ അതു നമ്മുടെ ഹൃദയത്തെ ഇളക്കുന്നു. "മേരി നാമം മധുവിനെക്കാൾ അധരങ്ങൾക്കു മധുരതരവും, മനോ ഹരമായ സംഗീതത്തെക്കാൾ കണ്ണാനന്ദകരവും, പരിശുദ്ധ തമമായ ആനന്ദത്തെക്കാൾ ചേതസ്സമാകഷ്കവുമാണു്" എന്നു പാദുവായിലെ സെയിൻറു് ആൻറണി പറയുന്നു. (6) മർ+യം. മർ, മീറയെന്ന സുഗന്ധദ്രവ്യവും, യം, കട ലുമാണു്. കയ്പും നല്ല മണവും മീറയുടെ ഗുണങ്ങളാ ണല്ലൊ. ഇതിൽനിന്നു ശോകസമുദ്രമെന്നും ദിവ്യാനുഗ്രഹ മാകുന്ന പരിമളം നിറഞ്ഞ പാത്രമെന്നും മറിയശബ്ദത്തെ വ്യാഖ്യാനിക്കുന്നുണ്ടു്; അതും വളരെ അത്ഥവത്താണു്.

മറിയ 'ദുഃഖഖഡ്ഗത്താൽ ദാരിതമായ ഹൃദയത്തോടുകൂടി യവളും' 'നന്മനിറഞ്ഞവളു'മായതുകൊണ്ടു് ഈ വ്യാഖ്യാനത്തിന്റെ ഔചിത്യവും സ്പഷ്ടമാണു്.

മറിയ എന്ന നാമത്തിന്റെ ലാളിത്യവും മാധുര്യവും അർത്ഥഗാംഭീര്യവുംകൊണ്ടായിരിക്കണം ക്രൈസ്തവമാതാപിതാക്കന്മാർ അതിനെ തങ്ങളുടെ കുഞ്ഞുങ്ങൾക്കു നൽകുന്നതിനു സർവോപരി ഇഷ്ടപ്പെടുന്നതു്. സുമധുരമായ ഈ പേരു സിദ്ധിക്കുന്ന ഭാഗ്യശാലിനികൾ അവരുടെ നാമഹേതുവായ ആ നാരീരത്നത്തിന്റെ വിശിഷ്ടഗുണങ്ങളേക്കൂടി അനുകരിക്കാൻ ശ്രമിക്കേണ്ടതാണു്.

ഒരു പെൺകുട്ടിയെ പ്രസവിച്ച മാതാവു് എണ്പതാംദിവസം ദേവാലയത്തിൽപോയി ശുദ്ധീകരിക്കപ്പെടുന്ന ഒരു ആചാരം യഹൂദന്മാർക്കുണ്ടായിരുന്നു. അന്ന ആ കർമ്മം യഥാവിധി അനുഷ്ഠിച്ചു. ആ സന്ദർഭത്തിൽ ആ സതിരത്നവും ഭർത്താവും ദീർഘകാലത്തെ തീവ്രമായ തപസ്സിന്റെയും പ്രാർത്ഥനയുടെയും ഫലമായി അവർക്കു സിദ്ധിച്ച ആ ദിവ്യസന്താനത്തെ ദൈവത്തിനായി സമർപ്പിക്കാമെന്നുണ്ടായിരുന്ന പ്രതിജ്ഞയെ നവീകരിച്ചു.

ശിശുവായ മറിയ മാതാപിതാക്കന്മാർക്കും അവളെ സമീപിച്ച മറെറല്ലാവർക്കും അവാച്യമായ പരമാനന്ദത്തെ പ്രദാനംചെയ്തു. പ്രശാന്തസുന്ദരമായ അവളുടെ വദനാംബുജത്തിന്റെ ദർശനം പ്രേക്ഷകരുടെ ഹൃദയമാലിന്യങ്ങളെ പ്രക്ഷാളനം ചെയ്യുന്നതിനു പര്യാപ്തമായിരുന്നു. ശൈശവത്തിൽ തന്നെ അസാമാന്യമായ ബുദ്ധിശക്തിയും വിവേകവും ഈശ്വരഭക്തിയും നമ്മുടെ ബാലിക പ്രദർശിപ്പിച്ചു. മററു കുഞ്ഞുങ്ങൾക്കു ലവലേശം തിരിച്ചറിവു് ഉണ്ടാകാത്ത പ്രായത്തിൽ മറിയ ഭക്തിപൂർവ്വം പ്രാർത്ഥിക്കുന്നതും ഈശ്വര

സ്തോത്രം ചെയ്യുന്നതും കണ്ടു സമീപവത്തികൾ അത്ഭുത പരതന്ത്രരായി. അവളുടെ സകല വ്യാപാരങ്ങളിലും നിഷ്ക്കളങ്കമായ ദൈവസ്നേഹം പ്രകടമായി പ്രകാശിച്ചിരുന്നു. അവളുടെ പരിപാവനസാന്നിദ്ധ്യത്താൽ അന്നായുടെ ഭവനവും പരിസരങ്ങളും ആദാമിൻെറ അധഃപതനത്തിനു മുമ്പിലത്തെ ഏദൻതോട്ടംപോലെ സൌഭാഗ്യവും പരമാനന്ദവും നിറഞ്ഞതായിത്തീൎന്നു. പ്രകൃതിയിലെ സകല ചരാചരങ്ങളെയും അവൾ സഹോദരതേ‌ാന സ്നേഹിക്കുകയും അവയെല്ലാം, വന്യമൃഗങ്ങൾപോലും, അവളോടു ഭക്ത്യാദരപൂൎവം വൎത്തിക്കുകയും ചെയ്തു.

മറിയയ്ക്കു മൂന്നുവയസ്സായി. ദേഹത്തിനും ദേഹിക്കും പ്രായത്തിൽ കവിഞ്ഞ വളൎച്ചയും പുഷ്ടിയും ഉണ്ടായിരുന്നു. മാതാപിതാക്കന്മാരുടെ നേൎച്ചപ്രകാരം അവളെ ദൈവസേവനത്തിനായി സമൎപ്പിക്കേണ്ട കാലമിതായിരുന്നു. അവൎക്കു അനന്യലഭ്യങ്ങളായ അനുഗ്രഹങ്ങളെ പ്രദാനംചെയ്ത കരുണാനിധിയായ സവ്വേശ്വരനോടുള്ള കൃതജ്ഞതയും അദ്ദേഹത്തോടുചെയ്ത ശപഥത്തെ ശരിക്കു നിൎവഹിക്കുന്നതിനുള്ള നിഷ്ഠയും, വാൎദ്ധക്യകാലത്തു തങ്ങൾക്കു ഏകാവലംബവും തങ്ങളുടെ വിനീതമായ വസതിക്കു ദീപ്തിമത്തായ ഒരു ദീപവുമായിരുന്ന ആ അരുമസന്താനത്തെ വിട്ടുപിരിയുന്നതിനു് അവൎക്കു സ്വാഭാവികമായി ഉണ്ടാകാവുന്ന വൈമനസ്യത്തെ അധഃകരിച്ചു. ദൈവഹിതത്തെ അനുവൎത്തിക്കുന്നതിനു് എപ്പോഴും ജാഗരൂകരായിരുന്ന അവർ സ്വകൃത്യനിൎവഹണത്തിനായി യറുശലേമിലേയ്ക്കു പുറപ്പെട്ടു. അവരുടെ ഈ യാത്ര നവംബർമാസത്തിൻെറ മദ്ധ്യത്തിൽ വൎഷകാലത്തായിരുന്നു. ദീൎഘമായ ഒരു യാത്രയ്ക്കു് അത്ര അനുകൂലമല്ലാതിരുന്ന ഈ സന്ദർഭത്തിൽ അതിനായി അവർ ഒരുങ്ങിയതു് അവരുടെ ഒരു ഉററബന്ധുവായ സഖേരിയാ എന്ന പുരോഹിതൻെറ സാന്നിദ്ധ്യം ദേവാലയത്തിലുണ്ടായിരുന്ന

ഗഡു * നോക്കിപ്പോകണമെന്നു് അവർ ആഗ്രഹിച്ചതുകൊണ്ടായിരിക്കണം. അദ്ദേഹം അവിടെയുള്ളപ്പോഴാണെങ്കിൽ അവരുടെ അനുഷ്ഠാനങ്ങൾ ശരിയായി നിറവേററുന്നതിനും കേവലം ശിശുവായ അവരുടെ പുത്രിയെ സുഖമായും സുരക്ഷിതമായും താമസിപ്പിക്കുന്നതിനും വേണ്ട സഹായസൌകര്യങ്ങൾ അദ്ദേഹം ചെയ്തുകൊടുക്കുമല്ലോ. യരുശലേം ദേവാലയപ്രതിഷ്ഠ എന്ന മഹോത്സവം കൊണ്ടാടുന്നതു് അപ്പോഴായിരുന്നതിനാൽ അതിൽ പങ്കുകൊള്ളുന്നതിനുള്ള താല്പര്യവും വർഷകാലത്തെ ക്ലേശങ്ങൾ സഹിച്ചു യാത്രചെയ്യുന്നതിനു് അവരെ, പക്ഷേ, ഉത്സാഹിപ്പിച്ചിരിക്കാം. അയൽവാസികളായ ഏതാനും ബന്ധുമിത്രങ്ങളും അവരെ അനുഗമിച്ചു. നസറത്തിൽനിന്നു യരുശലേമിലേയ്ക്കുള്ള എണ്പതു മൈൽ ദൂരം സഞ്ചരിക്കുന്നതിനു നാലഞ്ചുദിവസങ്ങൾ മാത്രമേ വേണ്ടിയിരുന്നുള്ളുവെങ്കിലും, നമ്മുടെ തീർത്ഥയാത്രക്കാർ ഒരാഴ്ചയ്ക്കു ശേഷമേ വിശുദ്ധനഗരത്തെ പ്രാപിച്ചുള്ളു.

യരുശലേമിൽ അന്നായ്ക്കും യുവക്കിമിനും സ്വന്തമായ ഒരു ഗൃഹം ഉണ്ടായിരുന്നതുകൊണ്ടു് അവക്കു് അവിടെ ടവളരെ സൌകര്യമായി താമസിക്കാമായിരുന്നു. ഏഴുദിവസം ചില വൈദികവിധികൾ ദേവാലയത്തിനു പുറത്തുവച്ചു് അനുഷ്ഠിച്ചശേഷം മാത്രമേ അവക്കു അവരുടെ ആഗമനോദ്ദേശ്യം നിവ്വഹിക്കാമായിരുന്നുള്ളു. എട്ടാമത്തെ ദിവസം യുവക്കിം വൈദികവിധിപ്രകാരമുള്ള ശ്വേതാംബരം ധരിച്ചും ബന്ധുമിത്രങ്ങളാൽ അനുഗതനായും ബലിക്കായുള്ള ആട്ടിൻകുട്ടിയോടുകൂടി ദേവാലയവാതുക്കലെത്തി. മൂന്നുവയസ്സു് മാത്രമുള്ള മറിയക്കുട്ടിയുടെ പ്രസരിപ്പും കൃത്യബോധവും വിസ്മയജനകമായിരുന്നു. സവ്വഥാ അനുരൂപ

---

* വൈദികകമ്മങ്ങൾക്കായി യഹൂദപുരോഹിതന്മാരെ 24-സംഘങ്ങളായി തിരിച്ചിട്ടുണ്ടായിരുന്നു. കമ്മാനുഷ്ഠാനങ്ങൾക്കു് അവക്കു തവണകളും നിശ്ചയിച്ചിട്ടുണ്ടായിരുന്നു.

നായ ഒരു വരനെ പ്രാപിക്കാൻപോകുന്ന ഒരു പ്രൌഢയുവതിക്കു വിവാഹസന്ദർഭത്തിലുള്ള ഉത്സാഹവും പ്രമോദവും ഈ ശിശുമുമുക്ഷു പ്രദർശിപ്പിച്ചു. ദേവാലയത്തിൻെറ സുവർണ്ണകവാടത്തിൽ അവരെ സ്വീകരിക്കുന്നതിനു സന്നദ്ധനായി അവരുടെ ബന്ധുവും അഭ്യുദയകാംക്ഷിയുമായ സഖേരിയാ അവരെ പ്രതീക്ഷിച്ചുനില്ക്കുന്നുണ്ടായിരുന്നു.

സുപ്രസിദ്ധവും, ചരിത്രപ്രധാനവും, സർവ്വോപരി, കന്യകാമറിയത്തിൻെറ സാന്നിദ്ധ്യത്താലും പരിചരണത്താലും പവിത്രീകൃതവുമായ യരൂശലേംദേവാലയത്തെ ഈ സന്ദർഭത്തിൽ കുറഞ്ഞൊന്നു വർണ്ണിക്കുന്നതു് ഉചിതമായിരിക്കുമല്ലോ. ഈ മഹാസ്ഥാപനത്തിനു് പല അവസ്ഥാന്തരങ്ങളും രൂപാന്തരങ്ങളുമുണ്ടായിട്ടുണ്ടു്. മറിയയുടെ പൂർവ്വികനായ ദാവീദ്‌രാജർഷിയുടെ പുത്രനും വിശ്വവിശ്രുതസൂരിയുമായ സോളമൻ അതിനെ പൌരസ്ത്യരാജ്യങ്ങളിലെ ഏററവും മനോഹരവും വിസ്മയജനകവുമായ ഒരു മഹാപ്രാസാദമാക്കിത്തീർത്തു. ലിബാനസ്സിലെ കേദാരങ്ങളും ഓഫിറിലെ സ്വർണ്ണം, വെള്ളി, പിത്തള മുതലായ ലോഹങ്ങളും ഒട്ടും ലോഭംകൂടാതെ കോരിവാരിച്ചെലവുചെയ്തു പണികഴിപ്പിച്ച ആ ഈശ്വരസത്മം ഇരുപതു പ്രാവശ്യത്തിലധികം ശത്രുക്കളാൽ ആക്രമിക്കപ്പെട്ടുകയും നശിപ്പിക്കപ്പെട്ടുകയും അത്രയും പ്രാവശ്യം പുനഃസ്ഥാപിക്കപ്പെട്ടുകയുംചെയ്തു. ഒടുവിലത്തെ പ്രാവശ്യം യുദ്ധവീരനായ സോറോബേബൽരാജാവു് തൻെറ സമൃദ്ധമായ സമ്പത്തു മുഴുവനുമുപയോഗിച്ചു് അതിൻെറ വൈപുല്യത്തിനും രാമണീയകത്തിനും ഒട്ടും കുറവുകൂടാതെ അതിനെ വീണ്ടും പ്രതിഷ്ഠാപിച്ചു. അതായിരുന്നു നമ്മുടെ കഥ നടന്ന കാലത്തു നിന്നിരുന്ന ദേവാലയം. അതിൻെറ ധനസമൃദ്ധിയും പ്രതാപമഹിമകളും അത്ഭുതപൂർവ്വമായിരുന്നുവെങ്കിലും, അതിനു് ആദ്യത്തെ ദേവാലത്തിൻെറ പൂജനീയ

തയോ പരിപാവനതയോ ഉണ്ടായിരുന്നില്ല. യഹൂദന്മാർ അവരുടെ ആദായത്തിൻെറ ഒരു ഗണ്യമായ ഓഹരി ദേവാലയത്തിനായി ദാനംചെയ്തിരുന്നു; ലോകത്തിൻെറ നാനാ ഭാഗങ്ങളിൽനിന്നും നിരവധി ദ്രവ്യം അതിലേയ്ക്കു തെരുതെരെ വന്നുകൊണ്ടിരുന്നു. യഹൂദേതരന്മാരായ രാജാക്കന്മാർപോലും 'ഇസ്രായേൽക്കാരുടെ ദൈവ'ത്തിൻെറ സർവ്വശക്തതയെ ബഹുമാനിച്ച് ഏററവും വിലക്കൂടിയ നേർച്ചകളും കാഴ്ച്ചദ്രവ്യങ്ങളും അവരുടെ ദേവാലയത്തിലേയ്ക്കു് അർപ്പണം ചെയ്തിരുന്നുവെങ്കിലും, ഇവയ്യൊന്നിനും ഇതിൻെറ നഷ്ടപ്പെട്ടുപോയ പരിശുദ്ധിയെയും മഹത്വത്തെയും തിരിച്ചുകൊടുക്കുന്നതിനു സാധിച്ചില്ല. സോളമൻെറ ദേവാലയത്തെ അലംകരിക്കുകയും അതിൻെറ പൂജനീയതയെ വർദ്ധിപ്പിക്കുകയും ചെയ്ത ദിവ്യഹസ്തലിഖിതങ്ങളായ വേദനിയമങ്ങളും പ്രതിശ്രുവങ്ങളുമടങ്ങിയ പരിപാവനപേടകവും, അത്ഭുതകരമായി വികസിച്ച ദണ്ഡും, ആരോൺവംശജന്മാരുടെ പൌരോഹിത്യവും, വളരെക്കാലം ആശ്ചര്യകരമായി സൂക്ഷിക്കപ്പെട്ടിരുന്ന മരുഭൂമിയിലെ മന്നായും, ബലിപീഠത്തിലെ വിശുദ്ധ വഹ്നിയും, മോശയാൽ സജ്ജീകൃതമായ അഭിഷേകതൈലവും അഭിനവ ദേവാലയത്തിൽനിന്നു തിരോഭവിച്ചിരുന്നു. ഏതാദൃശങ്ങളായ ചില നഷ്ടങ്ങൾ അപരിഹാര്യമായി സംഭവിച്ചശേഷവും പ്രസ്തുത ദേവാലയം തദാനീന്തനലോകത്തിലെ മഹാത്ഭുതങ്ങളിൽ ഒന്നായും യഹൂദജാതിയുടെ നിസ്തുല്യമായ അഭിമാനസ്തംഭമായും പരിലസിച്ചിരുന്നു.

തണുപ്പ് അധികമായ യൂറോപ്യൻരാജ്യങ്ങളിലും മററും ദേവാലയങ്ങൾ ആരാധകരായ സർവ്വജനങ്ങളെയും അവയുടെ അകത്തിരുത്തത്തക്കവണ്ണം, സ്ഥലസൌകര്യമുള്ള അതിവിശാലങ്ങളായ പ്രാസാദങ്ങളാണ്. ശൈത്യബാധ ഉണ്ടാകാതിരിക്കുന്നതിന് അത്തരം കെട്ടിടങ്ങളുടെ ആവശ്യം

അവിടെയുണ്ടു്. ഏഷ്യയിലാകെ ട്ടപുരാതനകാലത്തു്, ദേവാലയങ്ങളിൽ മേല്പുരയുള്ള ഭാഗം വളരെ ചെറുതായിരിക്കും. ബലിപീഠം വയ്ക്കുന്നതിനും പുരോഹിതന്മാക്കും പരികമ്മികൾക്കും ഇരിക്കുന്നതിനും മാത്രമേ അതിൽ സ്ഥലസൌകൎയ്യമുണ്ടായിരുന്നുള്ളു. അതിനായിട്ടു മാത്രമേ അതു് ഉദ്ദേശിക്കപ്പെട്ടിരുന്നുമുള്ളു. ഈശ്വരാരാധനയ്ക്കു വന്നുകൂടുന്ന ജനസമൂഹം അതിനു ചുററുമുള്ള അതിവിശാലമായ അങ്കണങ്ങളിലും മൈതാനങ്ങളിലും സൌകൎയ്യമായി കഴിഞ്ഞുകൂടിക്കൊള്ളുമായിരുന്നു. ഇക്കാലത്തും ഇത്തരം ക്ഷേത്രങ്ങൾ ധാരാളമായിക്കാണുന്നുണ്ടു്. യറുശലേമിലെ ദേവാലയവും ഏതാദൃശമായ ഒന്നായിരുന്നു. അതിൻെറ എടുപ്പുകളും അങ്കണങ്ങളും മതിൽക്കെട്ടുകളും മൊറിയാഗിരിയുടെ അധിത്യകയിൽ അതിവിസ്തൃതവും ദീർഘചതുരവുമായ ഒരു പ്രദേശം മുഴുവനും വ്യാപിച്ചിരുന്നു. അതിൻെറ മദ്ധ്യഭാഗത്തു കുറെ പടിഞ്ഞാറോട്ടു മാറി ശ്രീകോവിലും (The Holy of Holies) വിശുദ്ധസ്ഥാനവും (The Holy Place) കൂടിച്ചേൎന്നു സാക്ഷാൽ ദേവാലയം സ്ഥിതിചെയ്യുന്നു. ഏററവും പരിശുദ്ധമായ ഈ ശ്രീകോവിലിൽ പുരോഹിതപ്രധാനനു മാത്രമേ പ്രവേശം അനുവദിച്ചിരുന്നുള്ളു. അദ്ദേഹത്തിനുതന്നെയും വർഷത്തിലൊരുപ്രാവശ്യം ഉപവാസവും മററുചില തപശ്ചൎയ്യകളും അനുഷ്ഠിച്ചശേഷമേ അതു പാടുണ്ടായിരുന്നുള്ളു. മററു സാധാരണജനങ്ങളാകട്ടെ, പുരോഹിതന്മാരാകട്ടെ, വൎഷത്തിൽ ഒന്നിലധികം പ്രാവശ്യം പുരോഹിതപ്രധാനൻതന്നെയാകട്ടെ, ശ്രീകോവിലിനുള്ളിൽ കടന്നുചെന്നാൽ ഉടൻ മരിച്ചുപോകുമെന്നു് അവർ ദൃഢമായി വിശ്വസിച്ചിരുന്നു. ദൈവത്തെ മനുഷ്യനേത്രങ്ങൾ ദൎശിച്ചാൽ മരിച്ചുപോകുമെന്നുള്ള വിശ്വാസത്താൽ പുരോഹിതപ്രധാനൻ ദിവ്യസന്നിധിയിൽ എത്തുമ്പോൾ കാഴ്ചയെ മറയ്ക്കുന്നതിനായി ധൂമപടലങ്ങളെക്കൊണ്ടു സംവൃതനായിരിക്കും. ഏതാനും നിമിഷങ്ങൾ മാത്രമേ അദ്ദേ

ഹം അവിടെ നില്ക്കുകയുള്ളൂ. അദ്ദേഹത്തിനു ജീവാപായം വന്നേക്കുമെന്നുള്ള ശങ്കകൊണ്ടു് ആ സമയം ജനങ്ങൾ വെളിക്കു സാഷ്ടാംഗം വീണുകിടന്നു ഉച്ചത്തിൽ വിലപിക്കുകയും പ്രാത്ഥിക്കുകയും ചെയ്യുന്നു. കിഴക്കോട്ടു ദശ്നമായ അതിന്റെ പടിവാതലിന്റെ മുൻവശത്തുള്ള തുറന്ന സ്ഥലത്തു ബലിപീഠം സ്ഥിതിചെയ്യുന്നു. ഈ ബലിപീഠത്തിനും ശ്രീകോവിലിനും ചുററും വടക്കും കിഴക്കും തെക്കും വശങ്ങളിലായി രണ്ടു ദീർഘചതുരങ്ങളായ അങ്കണങ്ങളുണ്ടു്. അവയിൽ ഒന്നാമത്തേതു ലേവ്യന്മാക്കും മററു ആത്മീയഗുരുക്കന്മാക്കുമായും മറേറതു ഇസ്രായേലിലെ പൊതുജനങ്ങൾക്കായും ഉദ്ദേശിക്കപ്പെട്ടതാണു്. രണ്ടാമത്തെ അങ്കണം രണ്ടായി വിഭജിച്ചു് ഒന്നു (The Court of the Women) സ്ത്രീകൾക്കു പ്രത്യേകമായി തിരിച്ചിട്ടിട്ടുള്ളതാണു്. ഇവയെല്ലാററിനും പുറമേ അതിവിശാലമായ ഒരു അങ്കണം (The Court of the Gentiles) ദേവാലയത്തെ ആവരണംചെയ്യുന്നു. അതു മററു ഭാഗങ്ങളിൽ പ്രവേശം അനുവദിക്കപ്പെടാത്ത യഹൂദേതരന്മാക്കായി ഇടക്കാലത്തു കൂട്ടിച്ചേക്കപ്പെട്ടതാണു്. ഈ അങ്കണങ്ങളെല്ലാം അഴികളിട്ടു വേർതിരിക്കപ്പെട്ടിരുന്നതുകൂടാതെ ഓരോന്നിനേയും ചുററി ഗതാഗതസൌകയ്യത്തിനായി ഓരോ വഴിയുമുണ്ടായിരുന്നു. പുറമെ വിജാതീയരുടെ അങ്കണത്തോടു തൊട്ടടുത്തുള്ള കെട്ടിടങ്ങളിലൊന്നിലായിരിക്കണം ദേവാലയോപാസനത്തിനായി പ്രത്യേകം സമപ്പിക്കപ്പെട്ടവർ താമസിച്ചുവന്നതു്. തങ്ങളുടെ യൌവനകാലം ദൈവശുശ്രൂഷയിൽ കഴിച്ചുകൂട്ടാമെന്നു കൃതപ്രതിജ്ഞരായ ബാലികാബാലന്മാർ പുരോഹിതന്മാരുടെ ധമ്മപത്നികളോ പുനർവിവാഹം വേണ്ടെന്നുറച്ച വിധവകളോ ആയ ഭക്തസ്ത്രീകളുടെ സംരക്ഷണയിൽ വളരുന്നതു അവിടെ ആയിരിക്കണമെന്നുള്ളതിനു സംശയമില്ല.

മറിയക്കുട്ടിയെ ദേവാലയ പരിചരണത്തിനായി സമ
ൎപ്പിക്കുകയെന്ന കൎമ്മം നടന്നതു വനിതാങ്കണ (The Court
of the Women) ത്തിൽ വച്ചായിരുന്നിരിക്കണം. അതു
കഴിഞ്ഞു ഉള്ളിലോട്ടു കടക്കുന്നതിനു സ്ത്രീകൾ അനുവദിക്ക
പ്പെട്ടിരുന്നില്ല. ഈ സമൎപ്പണകൎമ്മത്തിൽ ഒരു ആട്ടിൻകു
ട്ടിയെ ബലികഴിക്കുകയെന്നതു അനുപേക്ഷണീയമായിരുന്നു.
ബലിപീഠത്തിൽ അജബലി നടന്നുകൊണ്ടിരുന്നപ്പോൾ ഒരു
പുരോഹിതൻ * ഈ ചടങ്ങിലെ സാരമായ ഭാഗം നിൎവ്വഹി
ക്കുന്നതിനായി വനിതാങ്കണത്തിലേയ്ക്കു വന്നു. മറിയയെ ക
രങ്ങളിൽ വഹിച്ചുകൊണ്ടു യുവക്കിമിനാൽ അനുഗതയായി,
നമ്രശിരസ്കയായി അന്ന ആ പുരോഹിതനെ സമീപിച്ചു.
കുറാനിൽ മഹമ്മദുതന്നെ രേഖപ്പെടുത്തിയിട്ടുള്ള ഒരു ഐ
തിഹ്യമനുസരിച്ചു് ആ പുണ്യവതി "എനിക്കു ദൈവം തന്ന
തായ സമ്മാനത്തെ അങ്ങേയ്ക്കു ഞാൻ കാഴ്ചവച്ചുകൊള്ളുന്നു"
+ എന്നു വികാരഭരിതയായും ഗൽഗദത്തോടും പറഞ്ഞുകൊ
ണ്ടു, സ്വപുത്രിയെ പുരോഹിതന്റെ കരങ്ങളിൽ സമൎപ്പിച്ചു.
പുരോഹിതൻ ദൈവത്തിന്റെ നാമത്തിൽ ആ അമൂല്യോ

---

* ഈ പുരോഹിതൻ സ്നാപകയോഹന്നാന്റെ പിതാവായ സെയിന്റ്
സഖറിയാ ആയിരുന്നുവെന്നാണു ഐതിഹ്യം. കുറാനിലുള്ള ഒരു വിസ്മയാ
വഹമായ കഥ ഈ ഐതിഹ്യത്തെ ബലപ്പെടുത്തുന്നു:— സഖറിയാ തന്റെ
സംബന്ധിനിയായ മറിയക്കുട്ടിയെ ദേവാലയത്തിൽ പോയി മുറയ്ക്കു സന്ദൎശി
ച്ചിരുന്നു. അപ്പോഴെല്ലാം ആ നാട്ടിലെ ഏററവും മധുരമായ പഴവൎഗ്ഗങ്ങൾ,
അവ ഒട്ടും ഉണ്ടാകാത്തകാലത്തും, ധാരാളമായി അവളുടെ കൈവശമിരിക്കുന്ന
തു അദ്ദേഹം കണ്ടിട്ടുണ്ടു്. ദുൎല്ലഭങ്ങളായ ഈ ഭോജ്യങ്ങൾ അവൾക്കു എങ്ങ
നെ സിദ്ധിച്ചുവെന്നു അറിയുന്നതിനുള്ള കൌതുകംകൊണ്ടു അദ്ദേഹം അതി
നെപ്പററി അവളോടു ചോദിച്ചു. "നിങ്ങൾ കാണുന്നതെല്ലാം ദൈവത്തിൽ
നിന്നു വരുന്നതാണു്; അദ്ദേഹം അദ്ദേഹത്തിനു ഇഷ്ടമുള്ളതു അളവില്ലാത്തവ
ണ്ണം പ്രദാനം ചെയ്യുന്നു" എന്നായിരുന്നു അവളുടെ മറുപടി.

+ ഹുസെയിൽവാസ്സു് എന്ന പെർഷ്യൻ പണ്ഡിതൻ "ഈ സമ്മാന
ത്തിൽ നിന്നാണു് ദൈവം ആവിൎഭവിക്കാനുള്ളതു്" എന്നു ഈ വാക്യത്തിന്റെ
പൂൎവ്വഭാഗത്തെ വ്യാഖ്യാനിക്കുന്നു.

പഹാരത്തെ സ്വീകരിച്ചിട്ട് യുവക്കീമിനെയും അന്നയെയും അവിടെ കൂടിയിരുന്ന മററെല്ലാവരെയും ഇപ്രകാരം ആശീർവ്വദിച്ചു:—"ഓ ഇസ്രായേൽ ദൈവം തൻെറ പ്രകാശകിരണങ്ങളെ നിൻെറ അടുക്കലേക്കു നയിക്കുമാറാകട്ടെ. സർവ്വകാര്യങ്ങളിലും നിനക്കു് അദ്ദേഹം അഭിവൃദ്ധിയും സമാധാനവും തരുമാറാകട്ടെ!" ഒരു കൃതജ്ഞതാസ്തോത്രം പാടി പുരോഹിതന്മാർ ഈ കന്യാസമർപ്പണകർമ്മം ഉപസംഹരിച്ചു.

അനന്തരം യുവക്കീമും ഭാര്യയും യാത്രപറഞ്ഞു പിരിയുകയും മറിയക്കുട്ടി ക്ഷേത്രപരിചാരിണികളായ കന്യകമാരുടെ സംഘത്തിൽ സ്വീകരിക്കപ്പെടുകയും ചെയ്തു. മാതാപിതാക്കന്മാരുമായുള്ള വേർപാടിൽ മറിയ അവളുടെ പ്രായത്തിലുള്ള മററു കുട്ടികളെപ്പോലെ ദുഃഖമോ മനഃക്ഷോഭമോ പ്രദർശിപ്പിച്ചില്ല. ഈശ്വരാഭിമുഖമായ അവളുടെ ജീവിതയാത്രയിൽ അവൾക്കു എന്തെങ്കിലും പ്രതിബന്ധം ഉണ്ടായിരിക്കുകയോ ഒരിക്കലെങ്കിലും അവൾ പിന്തിരിഞ്ഞു നോക്കുകയോ ചെയ്തില്ല. അവൾ ദൈവശുശ്രൂഷയ്ക്കായി സ്വയം സമ്പൂർണ്ണമായി സമർപ്പിച്ചു. അവളുടെ ഋജുവും സത്വരവുമായ സ്വർഗ്ഗസോപാനാരോഹണത്തിൽ ഭൌമമായ യാതൊരു ബന്ധവും അവളെ തടഞ്ഞിരുന്നില്ല. വൈദികരും സന്യാസികളും സന്യാസിനികളും ആകാൻ ആഗ്രഹിക്കുന്നവർ, ആനന്ദഭരിതയായും പുറകോട്ടു തിരിഞ്ഞുനോക്കാതെയും ദേവാലയത്തിലേക്കു പ്രയാണംചെയ്യുന്ന ആ നിർമ്മലകന്യകയെ തങ്ങളുടെ മാതൃകയായി വരിക്കുന്നു. അവളുടെ ദേവാലയസമർപ്പണം ആഘോഷിക്കപ്പെടുന്ന സുദിനത്തിൽ അവർ ഭക്തിപരവശരായി തങ്ങളുടെ പ്രതിജ്ഞകളെ നവീകരിക്കുന്നു; അവളുടെ ശിശുതുല്യമായ ഹൃദയനൈർമ്മല്യത്തെയും സാരള്യത്തെയും അല്പമായിട്ടെങ്കിലും അവർക്കു വിതരണംചെയ്യുന്നതിനു അവർ അവളോടു പ്രാർത്ഥിക്കുന്നു-

മറിയയുടെ ദേവാലയജീവിതത്തെപ്പററി നമുക്കു സിദ്ധിച്ചിട്ടുള്ള അറിവു വളരെ അപൂൎണ്ണമാണ്. അവൾക്കു അവിടെനിന്നു ലഭിച്ച വിദ്യാഭ്യാസം കാലദേശങ്ങൾക്കും ജാത്യാചാരങ്ങൾക്കും അനുരൂപംതന്നെ ആയിരുന്നു. അക്കാലത്തു രാജകുടുംബങ്ങളിലും പ്രഭുകുടുംബങ്ങളിലുമുള്ള സ്ത്രീകൾപോലും ഗൃഹഭരണം പാചകവൃത്തി മുതലായവ പരിശീലിക്കുന്നതു് ഒഴിച്ചുകൂടാത്ത ഒരാവശ്യമായി ഗണിക്കപ്പെട്ടിരുന്നു. അതനുസരിച്ചു മറിയയുടെ വിദ്യാഭ്യാസപദ്ധതിയിലും ആ വിഷയങ്ങൾക്കു പ്രാധാന്യമുണ്ടായിരുന്നു. മോശയുടെ കല്പനകളും പാരമ്പൎയ്യാചാരങ്ങളും അനുസരിക്കുന്നതിൽ അവൾ എപ്പോഴും ജാഗരൂകയായിരുന്നു. അവൾ അതിരാവിലെ ഉണൎന്നെഴുന്നേററു്, ക്ഷാളനകൎമ്മങ്ങൾ കഴിഞ്ഞിട്ടു്, ശുഭ്രവസ്ത്രം ധരിച്ചു സതീൎത്ഥ്യകളായ മററു കന്യകകളോടും മേൽനോട്ടക്കാരായ ഭക്തസ്ത്രീകളോടുംകൂടി ദേവാലയത്തിൽപോയി ഉഷഃകാലപ്രാൎത്ഥനകളിൽ ശ്രദ്ധാപൂൎവ്വം പങ്കുകൊള്ളുന്നു. അവാച്യമായ ഭക്തിവൈരാഗ്യങ്ങളോടുകൂടി ഈ ആത്മീയാനുഷ്ഠാനങ്ങൾ നിൎവ്വഹിച്ചശേഷം മേരി അവളുടെ സഖികളോടൊത്തു നിയമേനയുള്ള കൃത്യങ്ങളിൽ ഏൎപ്പെടുന്നു. ചിലർ തറികളിൽ ഇരുന്നു ഭംഗിയുള്ള തുണിത്തരങ്ങൾ നെയ്യുന്നു. മററു ചിലർ ദേവാലയയവനികയെയും പുരോഹിതന്മാരുടെ സ്ഥാനവസ്ത്രങ്ങളെയും സമുചിതമായി അലങ്കരിക്കുന്നതിനു ഉപകരിക്കുന്ന തുന്നൽപണികളിൽ ഏൎപ്പെടുന്നു. മേരി ഈ വിചിത്രകലകളിൽ മറെറല്ലാവരെയും അതിശയിച്ചിരുന്നു. തുന്നൽ തയ്യൽ മുതലായ സ്ത്രൈണമായ കൈത്തൊഴിലുകളിൽ അവൾക്കുണ്ടായിരുന്ന നിരുപമമായ സാമൎത്ഥ്യത്തെ സെയിൻറു് എപിഫാനിയൂസ് മുതലായ പ്രാചീനഗ്രന്ഥകാരന്മാർ പ്രശംസിക്കുന്നു. എന്നാൽ ഈ കന്യകയുടെ വിദ്യാഭ്യാസം ഈ തൊഴിലുകൾ പരിശീലിക്കുന്നതിൽ മാത്രമല്ല അടങ്ങിയിരുന്നതു്. അവൾ നിത്യവും വേദാദ്ധ്യയനം നടത്തിയിരുന്നുവെന്നും യഹൂ

ദവേദാഗമങ്ങളിൽ അപാരമായ പരിജ്ഞാനം സമ്പാദിച്ചിരുന്നുവെന്നും സെയിൻറ്അംബ്രോസ് പറയുന്നു. പുരാതന എബ്രായഭാഷ അവൾക്കു നല്ലവണ്ണം അറിയാമായിരുന്നുവെന്നു സെയിൻറ്അൻസെലം തെളിയിക്കുന്നു. നിരന്തരമായ അദ്ധ്യയനത്തിൻെറയും അതിപ്രഗത്ഭമായ ബുദ്ധിവൈഭവത്തിൻെറയും ഫലമായി പുരാതനഇസ്രായേൽ മഹർഷിമാരുടെ അത്യുത്കൃഷ്ടങ്ങളായ തത്വാദർശങ്ങളെയും പ്രബോധനങ്ങളെയും സമ്യക്കായി അഭ്യസിച്ചതുകൊണ്ടായാലും, അവൾക്കു അതിവിശിഷ്ടങ്ങളായ ഗുണങ്ങളെയും ശക്തികളെയും പ്രദാനംചെയ്ത സച്ചിദാനന്ദസ്വരൂപനിൽനിന്നു ദിവ്യഗായകകവിയായ ദാവീദ്‌രാജർഷിക്കു സമാനമായി ഐശ്വരമായ പ്രബുദ്ധത നേരിട്ടു സിദ്ധിച്ചതുകൊണ്ടായാലും, നവീന വേദാഗമത്തിലെ ഏററവും ചേതോഹരമായ സ്തോത്രഗീതത്തിൻെറ രചയിത്രിയായ ആ സൌഭാഗ്യവതി അനുഗൃഹീതയായ ഒരു സഹൃദയാവതംസം ആയിരുന്നിരിക്കണമെന്നുള്ളതിനു സംശയമില്ല. 'മഗ്നിഫിക്കാത്ത്' എന്ന വിശിഷ്ടസ്തവത്തെ രചിച്ച സ്ത്രീ കേവലം അറിവില്ലാത്ത ഒരു ഗ്രാമീണ കന്യക ആയിരുന്നില്ല. നിസ്തുല്യമായ ധിഷണാശക്തിയും നിസ്തുല്യമായ പരിശുദ്ധിയും അവളിൽ സമ്മേളിച്ചിരുന്നു. വിസ്മയനീയമായ സൌമ്യതയാലും വിനയത്താലും അവളുടെ ഈ അസാമാന്യമായ പാണ്ഡിത്യവും ബുദ്ധിവൈശിഷ്ട്യവും ആച്ഛാദനംചെയ്യപ്പെട്ടിരുന്നു. മേഘപടലങ്ങളുടെ ഇടയിൽക്കൂടി നിശ്ശബ്ദമായും അസ്പഷ്ടദൃശ്യമായും ചരിക്കുന്ന നക്ഷത്രത്തെപ്പോലെ അവൾ അനാടോപമായും അതിവിനീതമായും കഴിഞ്ഞുകൂടി. പരിമളകോമളതകളെ ഗോപനംചെയ്തുകൊണ്ടു യവനികയ്ക്കുള്ളിൽ മറഞ്ഞിരിക്കുന്ന പനിനീർപുഷ്പങ്ങളെപ്പോലെ മറിയയുടെ അന്തരംഗസൌന്ദര്യം അസ്പഷ്ടമായും അപൂർണ്ണമായും മാത്രമേ ലോകത്തു പ്രകാശിതമായിരുന്നുള്ളു.

പ്രകൃതിയുടെ രാമണീയകം മേരിയിൽ പരമകാഷ്ഠയെ പ്രാപിച്ചിരുന്നു. അവളുടെ രൂപസൌകുമാര്യം സ്ത്രീസൌന്ദര്യത്തിന്റെ ഒരു സാർവ്വലൌകികമാതൃകയായി എക്കാലവും പ്രശോഭിക്കുന്നതാണ്. ദേഹിദേഹങ്ങളുടെ സംപൂർണ്ണമനോഹരമായ ഈ സൌന്ദര്യാതിശയസമ്മേളനം മാനുഷനേത്രങ്ങൾക്ക് അതിനു മുമ്പൊരിക്കലും വിഷയീഭവിച്ചിരുന്നില്ല; ഇനി ഒരിക്കലും ആ ദർശനസൌഭാഗ്യം അവയ്ക്കു സിദ്ധിക്കുകയുമില്ല. അവളുടെ ലളിതകോമളമായ മുഖാരവിന്ദത്തിൽ അനവദ്യതയും പരിശുദ്ധിയും തുളുമ്പുന്നുണ്ടായിരുന്നു. അകൃത്രിമസുന്ദരമായ അവളുടെ ബാഹ്യപ്രകൃതി അവളുടെ ഹൃദയനൈർമ്മല്യത്തിന്റെയും ആത്മീയാഭിരാമതയുടെയും ദർപ്പണമായിരുന്നു. പരമ്പരാസിദ്ധവും മനുഷ്യസഹജവുമായ പാപമാലിന്യത്താൽ അസ്പൃഷ്ടമായ അവളുടെ സുന്ദരാത്മാവ് കർമ്മപാപത്തിനും ഒട്ടും വിധേയമായിരുന്നില്ല. 'അമലോത്ഭവ'യായ അവൾ പ്രകൃത്യാ നന്മ നിറഞ്ഞവളും സൽകൃത്യങ്ങൾക്കുമാത്രം പ്രവണതയുള്ളവളും ആയിരുന്നു. ഉന്നതങ്ങളായ പർവ്വതാഗ്രങ്ങളിൽ ഹിമവർഷം അനുസ്യൂതമായി ഉണ്ടായിക്കൊണ്ടിരിക്കുമ്പോൾ അതിധവളമായ ആ ഹിമാവരണങ്ങൾ വിശുദ്ധിയുടെമേൽ വിശുദ്ധിയും ധാവള്യത്തിന്റെമേൽ ധാവള്യവും എന്നോണം മേല്ക്കുമേൽ നിസ്തുല്യമായി വർദ്ധിച്ചിട്ടു പ്രേക്ഷകനേത്രങ്ങളെ അഞ്ചിക്കുമാറു വിരാജമാനമായ ഒരു ഹിമസമുച്ചയമായിത്തീരുന്നതുപോലെ ആയിരുന്നു യുവക്കീമിന്റെ പുത്രിയുടെ പരിപാവനമായ സൽകർമ്മങ്ങളുടെ സുഷമാപൂരം ഉത്തരോത്തരം പെരുകി വന്നതു്. ഈശ്വരസൃഷ്ടികളിൽ മററാർക്കും ഇത്ര നിർദ്ദോഷവും പരിശുദ്ധവുമായ ഒരു ജീവിതം നയിക്കുന്നതിനു സാധിച്ചിട്ടില്ല, സാധിക്കയുമില്ല; യേശുക്രിസ്തുമാത്രം അവളെ ജീവിതവിശുദ്ധിയിൽ അതിശയിച്ചിട്ടുണ്ടു്—അദ്ദേഹം ദൈവപുത്രനുമായിരുന്നു.

മേരിയുടെ വിസ്മയനീയമായ രൂപലാവണ്യത്തിനു പുരാതനക്രൈസ്തവപണ്ഡിതന്മാരെല്ലാവരും ഒന്നുപോലെ സാക്ഷ്യം വഹിക്കുന്നു. അവളുടെ സൌന്ദര്യം കണ്ണുകളെ അഞ്ചിക്കുമാറു അത്ര ഉജ്വലമായിരുന്നുവെന്നും, ദൈവത്തിന്റെ ഏകത്വത്തെപ്പററി അറിവില്ലായിരുന്നുവെങ്കിൽ താൻ അവളെ ദൈവത്വേന ആരാധിക്കുമായിരുന്നുവെന്നും അവളെ കണ്ടിട്ടുള്ള സെയിൻറ് ഡെന്നിസ് (St. Denis) പ്രസ്താവിക്കുന്നു. സെയിൻറ് എപ്പിഫാനിയൂസ്സിൽനിന്നു അവളുടെ മനോഹരമായ ഒരു രൂപവർണ്ണന നമുക്കു സിദ്ധിക്കുന്നു:—കന്യകയ്ക്കു കിളരം അധികമില്ലായിരുന്നുവെങ്കിലും അതു ഇടത്തരത്തിൽ സ്വല്പം കൂടുതലായിരുന്നു. സ്വദേശത്തെ വെയിൽകൊണ്ടു അല്പം മങ്ങിയിരുന്ന അവളുടെ നിറം പഴുത്ത ധാന്യങ്ങളുടെ കൊഴുത്ത സ്വർണ്ണവർണ്ണത്തിനു സമാനമായിരുന്നു. മുടി നേർത്തതും, കണ്ണുകൾ പ്രസരിപ്പുള്ളതും, കൃഷ്ണമണി ഒലൈവിൻെറ നിറമുള്ളതും പുരികങ്ങൾ കറുത്തിരുണ്ടു് വില്ലുപോലെ വളഞ്ഞതും ആയിരുന്നു. മൂക്കു കഴുകൻെറ ചുണ്ടുപോലെ നീണ്ടു അററം വളഞ്ഞതും, ചുണ്ടുകൾ പനിനീർപുഷ്പത്തിൻെറ നിറവും മിനുസവുമുള്ളതും മുഖം ശരിയായി ഒരു മുട്ടയുടെ ആകൃതിയിലുള്ളതും കൈകളും വിരലുകളും നീണ്ടതുമായിരുന്നു.

മേരിയുടെ നിസ്സർഗ്ഗകോമളമായ ഈ രൂപസൌകുമാര്യം അവളുടെ ആഭ്യന്തരസൌന്ദര്യത്താൽമാത്രം പ്രകാശിപ്പിക്കപ്പെട്ടതല്ലാതെ രത്നഖചിതങ്ങളായ കനകാഭരണങ്ങളാലോ, പരിമളതൈലങ്ങളാലോ, ആഡംബരപൂർവ്വമായ വസ്ത്രധാരണത്താലോ കൃത്രിമമായി വർദ്ധിപ്പിക്കപ്പെട്ടില്ല. സൂര്യപടംപോലെ മൃദുലവും ഇളംനീലനിറത്തിലുള്ളതും അടിമുതൽ കഴുത്തുവരെ മറയ്ക്കുന്നതുമായ ഒരു നീണ്ട ഉടുപ്പും, അതിൻെറ മുകളിൽ അററങ്ങൾ അലസമായി തൂങ്ങിക്കിടക്കുന്നതും ഒരു സാരസനത്താൽ ബന്ധിക്കപ്പെട്ടിട്ടുള്ളതുമായ

ഒരു തുയ്യവെള്ളക്കുപ്പായവും, അകൃത്രിമമായിട്ടാണെങ്കിലും എത്രയും ഭംഗിയായി ഞൊറിഞ്ഞിട്ടുള്ളതും മുഖം മുഴുവനും എളുപ്പം മറയ്ക്കുന്നതുമായ ഒരു വിശാലമായ മൂടുപടവും, നീണ്ട ഉടുപ്പിനോടു് യോജിക്കത്തക്കവണ്ണം നീലനിറത്തിലുള്ള പാദരക്ഷകളും മാത്രമായിരുന്നു ഈ ശാലീനയായ പൌരസ്ത്യകന്യക സാധാരണമായി ധരിച്ചുവന്നതു്.

പ്രാചീന ക്രൈസ്തവഗ്രന്ഥകാരന്മാർ മേരിയുടെ ബാഹ്യപ്രകൃതിയെ വർണ്ണിക്കുന്നതിനേക്കാൾ അവളുടെ ആത്മാവിൻെറ അഴകിനെ കൊണ്ടാടുന്നതിൽ കൂടുതൽ ദത്തശ്രദ്ധരായി കാണപ്പെടുന്നു. അവൾ സ്ത്രീവർഗ്ഗത്തിൽ ഏററവും രൂപലാവണ്യമുള്ളവളായിരുന്നു എങ്കിൽ അതിനു കാരണം അവളുടെ അനിതരസ്ത്രീസാധാരണമായ അന്തരംഗസൌന്ദര്യമായിരുന്നു. അവളുടെ സകല പ്രവൃത്തികൾക്കും സംഭാഷണത്തിനുമുള്ള ഔചിത്യം അന്യാദൃശമായിരുന്നു. ദയ, ദീനാനുകമ്പ, ഔദാര്യം മുതലായ ഗുണങ്ങൾക്കു് അവൾ ഒരു വിളനിലംതന്നെ ആയിരുന്നു. മിതഭാഷിണിയായ അവളുടെ അധരങ്ങളെ അസത്യം ഒരിക്കലും മലിനപ്പെടുത്തിയിട്ടില്ല. സുമധുരമായ അവളുടെ സ്വരം ഹൃദയംഗമവും, ആതുരന്മാരുടെ മനസ്സിനു് ആശ്വാസജനകവും ആത്മാവിനെ കുളുപ്പിക്കുന്നതുമായിരുന്നു. അനുസരണം, വിനയം, കൃത്യനിഷ്ഠ, ഈശ്വരഭക്തി ഇത്യാദി സുശീലങ്ങളിൽ അവൾ നിസ്തുല്യയായിരുന്നു. കോപമെന്നതു് എന്താണെന്നു് അവൾ അറിഞ്ഞിട്ടില്ല. അവൾ ആരെയും ഒരിക്കലും വേദനപ്പെടുത്തുകയോ, അസഹ്യപ്പെടുത്തുകയോ, ആക്ഷേപിക്കുകയോ ചെയ്തിട്ടില്ല. അവളുടെ സാന്നിദ്ധ്യം പരിസരങ്ങളിലുള്ള എല്ലാററിനേയും പവിത്രീകരിക്കുകയും, അവളുടെ ദർശനം ഏററവും അന്തഃസ്ഥിതങ്ങളായ അശുദ്ധചിന്തകളെപ്പോലും ഉന്മൂലനം ചെയ്യുകയും ചെയ്യുന്നു. അവളുടെ മര്യാദ, ലോഹ്യവാക്കുകളിലും, ബാഹ്യഭാവങ്ങളിലും

മാത്രമല്ല അടങ്ങിയിരുന്നതു്; അതു സാക്ഷാൽ കരുണാകരം തന്നെ ആയിരുന്ന അവളുടെ ഹൃത്തടത്തിൽ കൂലങ്കഷമായി നിറഞ്ഞിരുന്ന സാർവ്വലൌകികസ്നേഹപ്രകർഷത്തിൻെറ അനർഗ്ഗളപ്രവാഹമായിരുന്നു. "ലൂസിഫേർതന്നെയും മാപ്പു ചോദിക്കുകയാണെങ്കിൽ, അവൾ ലൂസിഫേറിനുവേണ്ടിയും ദൈവത്തോടു ക്ഷമായാചനംചെയ്യും" എന്നു മേരിയെ പ്പററി ഒരു പുണ്യവാനായ ഗ്രന്ഥകാരൻ പറഞ്ഞിരിക്കുന്നതു അദ്ദേഹം കാലാന്തരത്തിൽ അവളുടെ കാരുണ്യാതിരേക ത്തിൻെറ അനുഭവസാക്ഷിയായതുകൊണ്ടാണു്.

മേരി ധനവതി ആയിരുന്നില്ലെങ്കിലും അവൾക്കു് പാവങ്ങളോടു് അളവററ അലിവുണ്ടായിരുന്നു. അവൾ ഉപവസിച്ചും സുഖസാധനങ്ങളെ ത്യജിച്ചും മിച്ചംവെച്ചു സാധുക്കളെ സഹായിച്ചിരുന്നു. അവളുടെ ആഹാരം വള രെ മോശമായിരുന്നു. അടുപ്പിലിട്ടു ചുട്ടെടുത്ത അപ്പവും, സ്വാദില്ലാത്ത സസ്യങ്ങളും സീലോവിലെ ഊററിലെ ശുദ്ധ ജലവും മാത്രമായിരുന്നു അവളുടെ ഭോജ്യപേയങ്ങൾ. അവ ളുടെ തപശ്ചര്യകൾ എത്രയും കഠിനവും, ജപങ്ങൾ സുദീർഘവും ഏകതാനവുമായിരുന്നു. ചുററും കൊടുങ്കാററു ഊക്കായി അടിക്കുമ്പോഴും ഇടിനാദം മുഴങ്ങുമ്പോഴും അവൾ നിർബാധം പ്രാർത്ഥിക്കുകയും ഈശ്വരധ്യാനനിമഗ്നയായി ഇരിക്കുകയും ചെയ്യുമായിരുന്നു. യഹൂദപുരോഹിതന്മാർ മൃഗ ബലികളെയും യാഗങ്ങളെയും മററുംകൊണ്ടു പൂർവ്വവേദവിധി കളനുസരിച്ചു ദേവാലയത്തിൽ ഈശ്വരാരാധനം നടത്തിയ പ്പോൾ, അവൾ നിർജ്ജീവമായ ആ അനുഷ്ഠാനത്തെ അവളു ടെ തപസ്സും പ്രാർത്ഥനയുംമൂലം സജീവവും സഫലവുമാക്കി ത്തീർത്തു. നിർമ്മലങ്ങളായ അധരങ്ങളിൽനിന്നും പരിശുദ്ധ മായ ഹൃദയത്തിൽനിന്നും ഉദ്ഗമിക്കുന്ന സർവ്വേശ്വരസ്തുതി ഗീതമാകുന്ന യഥാർത്ഥബലി—ദൈവസന്നിധിയിൽ സ്വീ കാര്യമായ ആ ഏകയജ്ഞം—അവൾ സമർപ്പിച്ചു. ക്രിസ്തുവ

ഴിയായി സ്വർഗ്ഗത്തേക്ക് ഉയരാത്ത പ്രാർത്ഥനയുടെയും വേദ വിധികളുടെയും ന്യൂനതയെ ഗ്രഹിച്ച അവർ, ആത്മബലിയാൽ ഐഹികപാരത്രികലോകങ്ങൾക്ക് നിത്യശാന്തിയെ പ്രദാനം ചെയ്യുന്നതിനായി അവതരിക്കാൻ പോകുന്ന മിശിഹായിലുള്ള സജീവവിശ്വാസത്താൽ പുരാതന വേദവിധി പ്രകാരമുള്ള ദൈവാരാധനയെ അമോഘീകരിച്ചു. അവർ സകല ചരാചരങ്ങൾക്കുംവേണ്ടി ദൈവത്തോടു പ്രാർത്ഥിച്ചു. ലോകരക്ഷയ്ക്കായുള്ള ഈശ്വരാവതാരത്തെ ത്വരിപ്പിക്കുന്നതിനായി, പക്ഷെ അവർക്ക് അതിലുള്ള പങ്ക് എന്താണെന്ന് അറിയാതെ, മിശിഹായുടെ മാതാവാകാനുള്ള ആ സൌഭാഗ്യവതിയായ കന്യകയുടെ വിനീതദാസിയാകുന്നതിനുള്ള ഭാഗധേയം സിദ്ധിക്കുന്നതിനായും അവർ സർവ്വശക്തനോടപേക്ഷിച്ചു. മേരിയുടെ ജപധ്യാനങ്ങൾ യഹൂദ മഹാപുരോഹിതന്മാരുടെ മൃഗബലികളെയും മന്ത്രങ്ങളെയുംകാൾ ദൈവത്തിനു പ്രിയംകരങ്ങളായിരുന്നു. അവ ലോകപരിത്രാണനത്തിന്റെ സുകരതയെ വർദ്ധിപ്പിച്ചു. ഇസ്രായേൽജനത്തിന്റെ വിദേശവാസത്തിനുശേഷം പുതുതായി പണിചെയ്ത ദേവാലയത്തിൽ പ്രാചീനപ്രതിശ്രുവത്തിന്റെ പേടകം (The Ark of the old covenant) സ്ഥാപിക്കപ്പെട്ടിരുന്നില്ല; എന്നാൽ ഈ കാലത്താകട്ടെ, അതിന്റെ പരിസരങ്ങളിൽ കേവലം ഒരു പരിചാരികയായി ഈശ്വരോപാസനംചെയ്യുന്ന ആ വിനീതബാലികയുടെ സാന്നിദ്ധ്യത്താൽ നവീനദേവാലയം പുരാതനദേവാലയത്തെക്കാൾ പവിത്രീകൃതമായിരുന്നു; ലക്ഷണത്തിന്റെ സ്ഥാനത്തു ലക്ഷ്യംതന്നെ ആവിർഭവിച്ചു. സാക്ഷാൽ ദൈവത്തിന്റെ സാന്നിദ്ധ്യമുള്ള യഥാർത്ഥപേടകം (The Ark of the covenant) നവീനദേവാലയത്തെ അലങ്കരിച്ചു.

ഇപ്രകാരം മേരി ദേവാലയത്തിൽ അവളുടെ സതീർത്ഥ്യകളായ കന്യാമണികളുടെ ഇടയിൽ നടുനായകമായി

പരിലസിച്ചിരുന്നു. ദേവാലയത്തിനു് അമൂല്യവിഭ്രൂഷണമായിരുന്ന ഈ അനുഗൃഹീതകന്യകയെ കാണുന്ന വൃദ്ധപുരുഷന്മാർ അവളെ സർവാത്മനാ അനുഗ്രഹിക്കാതെ കടന്നുപോയിരുന്നില്ല. കന്യാത്വം യഹൂദന്മാരുടെ ഇടയിൽ ഒരു താല്ക്കാലികവ്രതം മാത്രമായിരുന്നു. ദേവാലയസേവനത്തിനുള്ള പ്രതിജ്ഞ നിറവേറിക്കഴിയുമ്പോൾ കന്യകയുടെ മാതാപിതാക്കന്മാർ അവൾക്കു് അനുരൂപനായ ഒരു വരനെ അന്വേഷിക്കുകയും യഥാകാലം അവളെ വിവാഹജീവിതത്തിൽ ഏർപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ താരുണ്യവതിയും, കലീനയും സുകുമാരകളേബരയുമായ മേരിക്കു് സുന്ദരാംഗികളെ രാജ്ഞികളായി കൊണ്ടാടുന്ന യഹൂദന്മാരുടെയിടയിൽ ഏററവും ഉയൎന്നനിലയിലുള്ള ദാമ്പത്യജീവിതം നയിക്കുവാൻ കഴിയുമായിരുന്നുവെങ്കിലും, അവൾ ദേവാലയസേവനത്തിൻെറ ആരംഭഘട്ടത്തിൽത്തന്നെ നിത്യകന്യാത്വവ്രതം സ്വീകരിച്ചു. നിത്യബ്രഹ്മചൎയ്യത്തെപ്പററി യഹൂദന്മാർ അതിനുമുമ്പു കേട്ടിട്ടുപോലുമില്ലായിരുന്നു. ക്രിസ്തുവിനാൽ ഇദംപ്രഥമമായി ലോകത്തു പ്രകാശിപ്പിക്കപ്പെട്ട ആ വ്രതവൈശിഷ്ട്യം അദ്ദേഹത്തിൻെറ കന്യാമാതാവു് മുൻകൂട്ടി അവലംബിച്ചു് അതിൻെറ മാഹാത്മ്യത്തെ ദൃഷ്ടാന്തീകരിച്ചു.

## അദ്ധ്യായം ൪.

### I

### മാതാപിതാക്കന്മാരുടെ മരണം.

മേരിയെ ദേവാലയശുശ്രൂഷയ്ക്കായി സമൎപ്പിച്ചശേഷം യുവക്കീമും അന്നായും നസറത്തിലുള്ള അവരുടെ വീട്ടിലേക്കു മടങ്ങിവന്നു. ഏതാനുംവൎഷം അവർ അവിടെ സുഖ

മായും പരിശുദ്ധമായും ജീവിച്ചു. പുത്രിക്കു് അനുരൂപ രായ മാതാപിതാക്കന്മാരായിബ്ഭവിക്കത്തക്കവണ്ണം ദൈവം അവരെ മുൻകൂട്ടി സംശുദ്ധീകരിച്ചിരുന്നു. അവളുടെ ജനനശേഷം അദ്ദേഹം അവരുടെ മേൽ കൂടുതൽ അനുഗ്രഹങ്ങളെ വർഷിച്ചു. അമലോത്ഭവയായ പുത്രിയുടെ നൈർമ്മല്യം മാതാപിതാക്കന്മാരിലും സംക്രമിച്ചു. യുവക്കീമിൻെറ പിതൃസ്വത്തായി കുറെ ഫലപ്രദമായ ഭൂമി നസറത്തിലുണ്ടായിരുന്നു. അതിൽ ഉത്സാഹപൂർവ്വം കൃഷിചെയ്തു അദ്ദേഹം കുടുംബസംരക്ഷണം സുഖമായി നിർവ്വഹിച്ചു. അവരുടെ മിതമായ ആവശ്യങ്ങൾ കഴിഞ്ഞു മിച്ചമുള്ളതു ദേവാലയത്തിനും സാധുക്കൾക്കുമായി അവർ ദാനം ചെയ്തു. അവർ മതാനുഷ്ഠാനങ്ങളിലും ആചാരങ്ങളിലും താല്പര്യമുള്ളവരായിരുന്നതിനാൽ ദേവാലയത്തിൽ ആഘോഷപൂർവ്വം കൊണ്ടാടുന്ന ഉത്സവങ്ങൾക്കും പെരുന്നാളുകൾക്കും പതിവായി പൊയ്ക്കൊണ്ടിരുന്നു. മകളെ കാണുന്നതിനുള്ള ആഗ്രഹവും ദേവാലയസന്ദർശനത്തിനു അവരെ ഉത്സാഹിപ്പിച്ചു. ഇങ്ങനെ വർഷത്തിലൊരിക്കലെങ്കിലും തങ്ങളുടെ വാത്സല്യനിധിയായ കുമാരിയെ ദർശിക്കുന്നതിനും, അല്പനേരമെങ്കിലും അവളുടെ പരമാനന്ദപ്രദമായ സഹവാസസുഖം അനുഭവിക്കുന്നതിനും, കർണ്ണപീയൂഷമായ അവളുടെ സംഭാഷണമാധുര്യം ആസ്വദിക്കുന്നതിനും അവക്കു സന്ദർഭം സിദ്ധിച്ചു. അവരുടെ വാർദ്ധക്യവും ക്ഷീണവും വർദ്ധിച്ചുവരുകയും തന്നത്താൻ കൃഷിചെയ്യുന്നതിനു യുവക്കിം അശക്തനാവുകയും ചെയ്തപ്പോൾ അവർ ഗലീലേയാവിട്ടു മകളുടെ സമീപത്തെങ്ങാനും താമസിക്കുന്നതിനായി യറുശലേമിൽ വന്നു, ദേവാലയത്തിനടുത്തുതന്നെ ഒരു ഗൃഹത്തിൽ വാസമുറപ്പിച്ചു. ദേവാലയത്തിൽപോയി ഈശ്വരനെ നിത്യം ഭജിക്കുന്നതിനും മകളെ കൂടക്കൂടെ കാണുന്നതിനും സാധിച്ചതിൽ അവക്കു നിസ്സീമമായ ചാരിതാൎത്ഥ്യമുണ്ടായി.

മേരിയുടെ ദേവാലയജീവിതം ആരംഭിച്ചിട്ട് ഒൻപതു വഷം കഴിഞ്ഞു. അവളുടെ ജീവിതത്തിലെ ഇദംപ്രഥമമായ ദുഃഖസംഭവം ആസന്നമായി: ലോകത്തു അവളുടെ ഏകാവലംബമായ പിതാവു രോഗബാധിതനായി. വാദ്ധക്യദശയിൽ പിടികൂടിയ രോഗം മരണകരമായിപ്പരിണമിക്കുമെന്ന ലക്ഷണങ്ങൾ കണ്ടുതുടങ്ങി. ബന്ധുമിത്രാദികൾ ദിനം അന്വേഷിച്ചുവന്ന് അവരുടെ സഹതാപം പ്രദശിപ്പിച്ചു. നീതിമാനും സമാധാനചിത്തനുമായ ആ ആസന്നമരണൻ അനന്തസൌഭാഗ്യാനുഭൂതിക്കായുള്ള ചരമയാത്രയ്ക്കു സന്തുഷ്ടിയോടെ സന്നദ്ധനായി, സുസ്മേരവദനനായി തൻെറ പാശ്വവത്തികളായ ബന്ധുക്കളെയും സ്നേഹിതരെയും അന്ത്യവീക്ഷണം ചെയ്തു. യഹൂദന്മാരുടെ പൂവാചാരമനുസരിച്ച് എല്ലാവരുടെയും സന്നിധിയിൽവച്ച് അദ്ദേഹം തൻെറ സവപാപങ്ങളെയും ഉച്ചത്തിൽ * പ്രസ്താവിക്കുകയും ദൈവത്തോടു ക്ഷമാപണം ചെയ്കയും ചെയ്തു. അദ്ദേഹം മകളെ കാണുന്നതിനു് ആവശ്യപ്പെട്ടു. ദേവാലയവാസിനികളായ കന്യകകൾക്കു ഇമ്മാതിരി സന്ദഭങ്ങളിൽ ദേവാലയംവിട്ടു പോരുന്നതിനു് അനുവാദമുണ്ടായിരുന്നു. മകൾ വന്നു. പിതാവു് അവളെ അനുഗ്രഹിക്കുന്നതിനു കരങ്ങൾ ഉയത്തി. അപ്പോൾ സ്വഗ്ഗത്തുനിന്നുണ്ടായ ഒരു വെളിപാടിനാൽ സ്വപുത്രിക്കു നിർദ്ദിഷ്ടമായിരിക്കുന്ന പ്രതാപമഹിമകളെയും അവൾ നിവ്വഹിക്കാനിരുന്ന മഹാകായ്യത്തെയും അദ്ദേഹത്തിനു ദശിക്കാൻ കഴിഞ്ഞുവെന്നു ഭക്തന്മാരായ ഗ്രന്ഥകാരന്മാർ വിശ്വസിക്കുന്നു. ഒരു ദിവ്യദീപ്തി അദ്ദേഹത്തിൻെറ മുഖത്തെ പ്രകാശിപ്പിച്ചു. മകളെ സവാത്മനാ അനുഗ്രഹിച്ചുകഴിഞ്ഞപ്പോൾ അദ്ദേഹം

* കുമ്പസാരം യഹൂദന്മാരുടെ ഇടയിൽ ഏററവും പുരാതനകാലംമുതൽ നടപ്പുണ്ടായിരുന്ന ഒരു ഏപ്പാടാണ്. അവർ മരണസമയത്തു ഒരു വൈദികൻെറയും പത്തു ഇതരന്മാരുടെയും മുമ്പാകെ പാപങ്ങളെ ഉച്ചത്തിൽ പ്രസ്താവിക്കണമായിരുന്നു.

കൈകൾ താഴ്ത്തി നിശ്ചേഷ്ടനായി അല്പനേരം കിടന്ന ശേഷം സമാധിയടഞ്ഞു. ശവസംസ്കാരകർമ്മം അടുത്തദിവസം യഹൂദാചാരപ്രകാരമുള്ള സകല ചടങ്ങുകളോടുംകൂടി നിർവ്വഹിക്കപ്പെട്ടു.

മേരിയും മാതാവും തങ്ങളുടെ രക്ഷാകർത്താവിൻെറ വേർപാടിൽ അപാരമായ ദുഃഖത്തിൽ മുഴുകി. ബാല്യകാലം ഇനിയും അവസാനിച്ചിട്ടില്ലാത്ത പുത്രിയും വൃദ്ധദശയെ പ്രാപിച്ചിരിക്കുന്ന മാതാവും കേവലം അനന്യശരണരായി അഹോരാത്രം വിലപിച്ചു. അവരും ബന്ധുക്കളും ഏഴുദിവസം തറയിൽത്തന്നെ ഇരുന്നും ഉപവസിച്ചും അനവരതം അശ്രുവർഷംചെയ്തും പരേതൻെറ ആത്മാവിൻെറ നിത്യശാന്തിക്കായി പ്രാർത്ഥിച്ചു. ഏഴുദിവസം കഴിഞ്ഞപ്പോൾ അവർ ജപാലയത്തിൽ വിളക്കുവയ്പിക്കുകയും, കാലഗതിയെ പ്രാപിച്ച പുണ്യാത്മാവിനുവേണ്ടി പ്രാർത്ഥന നടത്തുകയും, അവരുടെ സ്ഥിതിക്കൊത്ത ദാനധർമ്മങ്ങൾ ചെയ്യുകയും ചെയ്തു. ഈ ദുഃഖാചരണവും പ്രാർത്ഥനയും പതിനൊന്നു മാസത്തേയ്ക്കു നീണ്ടുനിന്നു.

പിതാവു മരിച്ചു ഏറെക്കഴിയുന്നതിനുമുമ്പുതന്നെ മാതാവിൻെറ ദേഹവിയോഗമാകുന്ന മഹാവിപത്തും മേരിയെ അഭിമുഖീകരിച്ചു. അപ്പൻെറ ശേഷക്രിയാദികൾ കഴിഞ്ഞു ദേവാലയത്തിലേയ്ക്കു മടങ്ങിപ്പോയ മകൾ അധികം താമസിയാതെ വീണ്ടും അമ്മയുടെ ചരമഗതി കാണുന്നതിനായി സ്വഗൃഹത്തിൽ വരേണ്ടിവന്നു. അന്നു ക്ഷീണപരവശയായിരുന്നുവെങ്കിലും പുത്രിയെ അനുഗ്രഹിക്കുകയും അശരണയായ ആ വാത്സല്യസന്താനത്തെ സ്വജനങ്ങളെ, സർവ്വോപരി, ദൈവത്തെ ഭരമേല്പിക്കുകയുംചെയ്തു. അനന്തരം മനഃസമാധാനത്തോടും പരിപൂർണ്ണവൈരാഗ്യത്തോടുംകൂടി ആ പുണ്യവതി അനന്തനിദ്രയിൽ ലയിച്ചു. മേരി അമ്മയുടെ നിർജ്ജീവങ്ങളായ ഇമകളെ ശരിയായി

അടയ്ക്കുകയും ദീർഘീകൃതവും ദുഃഖസംപൂർണ്ണവുമായ ഒരു ഗാഢാശ്ലേഷത്താൽ അമ്മയോടു ചരമയാത്ര പറയുകയും ചെയ്തു.

നിരാലംബയായിത്തീർന്ന ആ കുമാരി അവാച്യമായ വ്യസനഭാരത്തോടെ ദേവാലയത്തിലേയ്ക്കു മടങ്ങിപ്പോയി, ലോകവുമായുള്ള ബന്ധം നിശ്ശേഷം ഒഴിഞ്ഞു സർവേശ്വര സന്നിധിയിൽ അഭയം പ്രാപിച്ചു. പ്രശാന്തമായ ഒരു തുറമുഖത്തു സുരക്ഷിതമായി സൂക്ഷിക്കപ്പെട്ടിരിക്കുന്ന കപ്പലിൽ വിശ്രമിക്കുന്ന സാംയാത്രികന്മാരെപ്പോലെ, അവൾ അവിടെ പ്രചണ്ഡവാതത്താൽ പ്രക്ഷുബ്ധമായ സംസാര സാഗരത്തിലെ ദൂരസ്ഥിതമായ തിരമാലകളുടെ ഉഗ്രാരവം നിർബാധമായി കേട്ടു; കുലീനത്വം, പ്രതാപം, സമ്പത്ത്, സൌന്ദര്യം മുതലായ ഐഹികമഹത്വത്തിൻെറ ഉപാധികളുടെ നിസ്സാരതയെ അവൾ അവധാരണംചെയ്തു. വർഷകാലത്തെ ജലനിപാതത്തിലുണ്ടാകുന്ന കുമിളകളെപ്പോലെ അസാരങ്ങളായ ലൌകികസുഖാനുഭവങ്ങളുടെ ക്ഷണപ്രഭാചഞ്ചലത്വം അവൾ നല്ലവണ്ണം ഗ്രഹിച്ചു. ഈ സ്ഥിതിയിൽ ആജീവനാന്തം ഈശ്വരനെ ഭജിച്ചു ദേവാലയത്തിൽത്തന്നെ താമസിക്കണമെന്ന് അവൾ സുദൃഢമായി പ്രതിജ്ഞചെയ്തു. ഈ ഘട്ടത്തിലാണ് ആ ധന്യയായ ബാലിക നിത്യകന്യാത്വവ്രതം സ്വീകരിച്ചതെന്ന് ഒരു ചരിത്രകാരൻ യുക്തിപൂർവ്വം വാദിക്കുന്നു.

## II

### കന്യാവിവാഹം.

മാതാപിതാക്കന്മാരുടെ മരണശേഷം മേരിയുടെ രക്ഷാകർത്തൃത്വം സ്വീകരിച്ചതു് അവളുടെ ഒരു ഉററ ബന്ധുവും പുരോഹിതനും പുണ്യചാരിയുമായ സഖേറിയാ

ആയിരുന്നുവെന്നുള്ളതിന്നു സംശയമില്ല. മേരിയെസ്സംബന്ധിച്ചു പരമ്പരാസിദ്ധമായ പല വിവരങ്ങളും ആദരപൂർവ്വം രേഖപ്പെടുത്തിയിട്ടുള്ള കുറാൻ ഈ വസ്തുതയ്ക്കും സാക്ഷ്യം വഹിക്കുന്നു. (Koran C. 3.) രണ്ടുമൂന്നു കൊല്ലം കഴിഞ്ഞു അദ്ദേഹത്തിൻെറ ഭാര്യയും പുണ്യവതിയുമായ എലിസബത്തിന്നെ, സ്നാപകയോഹന്നാൻെറ അത്ഭുതകരമായ ഗർഭോത്ഭവത്തെ പ്രമാണിച്ചു്, അനുമോദിക്കുന്നതിന്നായി മേരി ആനന്ദഭരിതയായി പോയതും അവരുടെ വസതിയിൽ മൂന്നുനാലു് മാസക്കാലം സ്വഭവനത്തിലെന്നതുപോലെ താമസിച്ചതും സഖറിയായുടെ രക്ഷാകർത്തൃത്വത്തെ അസന്ദിഗ്ദ്ധമായി തെളിയിക്കുന്നു.

മേരിക്കു പതിനഞ്ചു വയസ്സായി. അസാമാന്യമായ അംഗസൌഷ്ഠവവും ശരീരപുഷ്ടിയുംകൊണ്ടു് ധന്യയായ ആ കന്യക പൂർണ്ണവളർച്ചയെ പ്രാപിച്ചു് വിശ്വമോഹിനിയായ ഒരു താരുണ്യവതിയായി പരിലസിച്ചു. സഖറിയായും മററു പുരോഹിതന്മാരും അവളെ ഒട്ടും താമസിയാതെ വിവാഹം ചെയ്യിക്കുന്നതിന്നു നിശ്ചയിച്ചു. മാതാപിതാക്കന്മാർ ഇല്ലാത്ത അവളുടെ നിരാശ്രയസ്ഥിതിക്കു് അവളെ കഴിയുന്ന വേഗം വിവാഹം ചെയ്യിക്കേണ്ട ആവശ്യകത സ്പഷ്ടമായിരുന്നു. ഈ ആലോചന അറിഞ്ഞപ്പോൾ മേരിക്കുണ്ടായ വൈഷമ്യവും വ്യസനവും വാചാമഗോചരമായിരുന്നു. ക്രിസ്തുവിൻെറ ആദർശങ്ങളെ മുൻകൂട്ടി സാക്ഷാത്കരിച്ചിരുന്ന ആ അനുഗൃഹീതയായ തരുണീരത്നം കന്യാത്വത്തിൻെറ ചാരുത്വവും സൌഭാഗ്യവും സമ്യക്കായി ഗ്രഹിച്ചിരുന്നു. നിത്യബ്രഹ്മചര്യം അവളുടെ ഹൃദയത്തെ ഹഠാദാകർഷിച്ചിരുന്നു. അതിനുള്ള വ്രതം അഭേദ്യമായവിധത്തിൽ അവൾ സ്വീകരിച്ചും കഴിഞ്ഞിരുന്നു. അതുകൊണ്ടു് അവൾ എത്രയും വിനീതയായി അവളുടെ ഹൃദയത്തിൽ ദൃഢരൂഢമായിരുന്ന അഭിനിവേ

ശത്തെ അവളുടെ ബന്ധുക്കളെ അറിയിക്കുകയും. അതിനു വിരുദ്ധമായുള്ള അവരുടെ ആലോചനയെ ഉപേക്ഷിക്കണമെന്നു് അഭ്യർത്ഥിക്കുകയും ചെയ്തു. ഈ അഭ്യർത്ഥന അവരെ അത്ഭുതപരതന്ത്രരാക്കി. അവർ ആഗ്രഹിക്കുകയും അപേക്ഷിക്കുകയും ചെയ്തതു അവരുടെ ദൃഷ്ടിയിൽ കേവലം വന്ധ്യതയായിരുന്നു. അതു മോശയുടെ പ്രമാണവും യഹൂദന്മാരുടെ വിശ്വാസവും അനുസരിച്ച നിഷിദ്ധവുംജുഗുപ്സാവഹവും ദൈവത്താൽ ശപിക്കപ്പെട്ടതുമായ ഒരു ദുരവസ്ഥയായിരുന്നു. ഒരു കുടുംബത്തിന്റെ * ഏകാവകാശിനിയുടെ അന്ധത അതിന്റെ മൂലവിച്ഛേദനത്തിനു കാരണമാകയാൽ അതൊരു മഹാവിപത്തായും പാപമായും അവർ പരിഗണിച്ചിരുന്നു. ആജീവനാന്തകന്യാവ്രതം ദൈവസന്നിധിയിൽ പ്രതിജ്ഞചെയ്തുപോയി എന്ന വാദം അവർക്കു പുറപ്പെട്ടുവിക്കുവാൻ നിയമപ്രകാരം സാധിക്കുമായിരുന്നില്ല. അത്തരമൊരു പ്രതിജ്ഞചെയ്യുന്നതിനു സ്ത്രീകൾക്കു സ്വാതന്ത്ര്യം ഇല്ലാതിരുന്നതിനാൽ ആ സംഗതിയിൽ മേരി അവളുടെ രക്ഷാകർത്താവിന്റെ തീരുമാനത്തിനു വിധേയയായിരുന്നു. ക്രിസ്തുമതം സ്ത്രീയുടെ സ്വാതന്ത്ര്യത്തെയും മനുഷ്യജീവിതത്തിൽ അവർക്കുള്ള ഉത്കൃഷ്ടസ്ഥാനത്തെയും പ്രഖ്യാപനം ചെയ്യുന്നതിനുമുമ്പു് അവർ ഒരു മൈനറായും അടിമയായും പരിഗണിക്കപ്പെട്ടിരുന്നുവെന്നുള്ളതു സുവിദി

* യൂവക്കീമിനും അന്നായ്ക്കും ക്രിസ്തുവിന്റെ അമ്മയെക്കൂടാതെ മേരിയെന്നു പേരുള്ള വേറൊരു മകൾക്കൂടിയുണ്ടായിരുന്നുവെന്നും, ക്ലേയോഫാസിന്റെ ഭാര്യയായ മേരിയെന്നും ക്രിസ്തുവിന്റെ സഹോദരരുടെ അമ്മയെന്നും ബൈബിളിൽ പറഞ്ഞുകാണുന്നതു ആ മേരിയെ ആണെന്നും ആഡ്ബെഫൂവാർഡ്ഡ് തുടങ്ങിയ ചില ആധുനികപണ്ഡിതന്മാർ വാദിക്കുന്നു. എന്നാൽ ആ സ്ത്രീ കന്യാമേരിയുടെ ഏകോദരസഹോദരിയല്ലെന്നും സെയിന്റു് ജോസഫിന്റെ സഹോദരനായ ക്ലെയോഫാസിന്റെ ഭാര്യ ആയതുകൊണ്ടു ഭാഷാശൈലി അനുസരിച്ച കന്യാമേരിയുടെ സഹോദരിയെന്നു വിളിക്കപ്പെട്ടതുമൂലമുണ്ടായ തെററിദ്ധാരണയാണു് ഈ പണ്ഡിതന്മാരുടെ വാദത്തിനു നിദാനമെന്നുമുള്ള പ്രതിവാദം എത്രയും യുക്തിയുക്തമാണു്.

തമാണ്. അതുകൊണ്ടു മേരിയുടെ അപേക്ഷയിൽ അടങ്ങിയിരുന്ന തത്വത്തിൻെറ മാഹാത്മ്യം പുരോഹിതന്മാക്കും മററും ഗ്രഹിക്കാൻ കഴിഞ്ഞില്ലെന്നുള്ളതും അതു അവരിൽ ആശ്ചയ്യമുളവാക്കിയെന്നുള്ളതും സ്വാഭാവികമത്രെ. മേരിയുടെ ആത്മാവിൻെറ പരിശുദ്ധിയും അഭിരാമതയും അവക്കു ദുർഗ്രഹവും ദുഷ്പ്രാപവുമായിരുന്നു. അവൾ അവലംബിച്ച വ്രതവും ജീവിതരീതിയും കാലത്തിനും ദേശത്തിനും അനുരൂപമായിരുന്നില്ല. ഈ സ്ഥിതിക്കു അവളുടെ ഹൃദയത്തിനും ദൃഢപ്രതിജ്ഞയ്ക്കും വിരുദ്ധമായ ഒരു ജീവിതരീതിയെ അനുസരിക്കുവാൻ അവളെ നിർബന്ധിക്കാതിരിക്കാനായി അവൾചെയ്ത അഭ്യത്ഥനകളും ശ്രമങ്ങളുമെല്ലാം വിഫലീഭവിച്ചതിൽ അത്ഭുതപ്പെടാനില്ല. ദൈവംതന്നെ അവളുടെ ശ്രമങ്ങൾക്കു വിരോധിയായിരിക്കേ അവൾക്കു എങ്ങനെ വിജയമുണ്ടാകും? അനർഹന്മാരായ യഹൂദയുവാക്കന്മാരുടെ മാന്മഥസംരംഭങ്ങളിൽനിന്നു ചേതോഹരാംഗിയായ ആ അബലാരത്നത്തെ സംരക്ഷിക്കുന്നതിനും അവളുടെ ചാരിത്രത്തിനു സാക്ഷ്യം വഹിക്കുന്നതിനും അവളെയും അവളുടെ ദിവ്യകുമാരനെയും ആപൽഘട്ടങ്ങളിൽ പരിത്രാണം ചെയ്യുന്നതിനും പററിയ ഒരു നീതിമാനായ പുരുഷനുമായുള്ള വിവാഹം അവൾക്കു വിഹിതമാണെന്നു സവ്വേശ്വരൻതന്നെ വിധിച്ചുകഴിഞ്ഞിരുന്നു. അവതീണ്ണമായ ശബ്ദബ്രഹ്മം ഒരു കന്യകയിൽ ജനിക്കണമെന്നുള്ള ദൈവാവതാരപരമരഹസ്യത്തെ ദുഷ്ടമായ ലോകത്തിൻെറ അനുചിതവീക്ഷണത്തിൽനിന്നു ഗോപനംചെയ്യുന്നതിനും, അതിൻെറ നിന്ദ്യങ്ങളായ സങ്കല്പങ്ങൾക്കും അശ്ലീലങ്ങളായ ജല്പനങ്ങൾക്കും വിഷയമാക്കാതിരിക്കുന്നതിനും, പക്ഷെ, ആ കന്യാമാതാവിനെ ദാംഭികന്മാരായ യഹൂദഖലന്മാർ ഒരു പാപിനിയെ എന്നോണം, നിഷ്ക്കരുണം കല്ലെറിഞ്ഞു കൊല്ലാതിരിക്കുന്നതിനും ഏതാദൃശമായ ഒരു വിവാഹം ഉത്തമോപായമായിരുന്നു. ഇതിനുംപുറമെ, ക്രിസ്തുമതപ്രകാരം

സർവ്വോത്ക്യഷ്ടമായ നിത്യബ്രഹ്മചര്യം മോശയുടെ അനുയാ യികളുടെ ദ്രഷ്ടിയിൽ വെറും മൌഢ്യമായിരുന്നു. ദാവീദുരാജ ർഷിയുടെ ഗോത്രത്തിൽ ജനിച്ച ഒരു തരുണീതല്ലജത്തിനു വിവാഹം വേണ്ടെന്നുവയ്ക്കാൻ സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. ഇസ്രായേൽ ജനങ്ങളുടെ സ്വാതന്ത്ര്യസ്ഥാപകനായും രാജാ ധിരാജനായും ഒരു മഹാപുരുഷൻ അവതരിക്കുമെന്നു് അ വർ ചിരകാലമായി പ്രതീക്ഷിച്ചുകൊണ്ടിരിക്കയും ആ പ്രതീ ക്ഷയ്ക്കു സാഫല്യം ഉണ്ടാകാനുള്ള കാലം അവരുടെ വി ശ്വാസപ്രകാരം സമീപിച്ചിരിക്കുകയും ചെയ്ത സ്ഥിതിക്കു് ആ മഹാനുഭാവൻെറ മാതൃത്വം പക്ഷെ വഹിക്കേണ്ടവ ളായ ആ കന്യാരത്നം വിവാഹംചെയ്യണമോ വേണ്ടയോ എന്നുള്ളതു അവളുടെ ഇഷ്ടപ്രകാരം തീർച്ചപ്പെടുത്തേണ്ട ഒരു നിസ്സാരസംഗതിയല്ല. രാജ്യത്തിനും സമുദായത്തിനുംവേ ണ്ടി ഇത്തരം ഒരു മഹാകാര്യം അവൾ നിർവ്വഹിക്കേണ്ടിവ രുമെന്നിരിക്കെ, നിത്യബ്രഹ്മചാരിണിയായിരിക്കണമെന്നും മററും അവൾ ശഠിക്കുന്നുവെങ്കിൽ, അതു വെറുമൊരു അസം ബന്ധപ്രലപനമായിട്ടു മാത്രമേ തൽക്കാലസ്ഥിതിക്കു മററുള്ള വർ ഗണിക്കുകയുള്ളു എന്നു പറയേണ്ടതില്ല. ഈ വിഷമ ഘട്ടത്തിൽ മേരിക്കു സർവ്വശക്തനായ ദൈവത്തിൻെറ സമീ ക്ഷയെ അചഞ്ചലഹൃദയത്തോടെ ശരണംപ്രാപിക്കുകയല്ലാ തെ ഗത്യന്തരമുണ്ടായിരുന്നില്ല.

മേരിയുടെ ആഗ്രഹത്തേയും അപേക്ഷയേയും ഗണ്യ മാക്കാതെ അവളുടെ രക്ഷാധികാരികൾ വിവാഹനടപടി കൾ ഊർജ്ജിതമായി ആരംഭിച്ചു. അവൾക്കു സർവ്വഥാ അനുരൂപനായ ഒരു വരനെ അന്വേഷിക്കുന്നതിൽ അവർ ബദ്ധശ്രദ്ധരായി. അവളുടെ രൂപത്തിൻെറയും സ്വഭാവ ത്തിൻെറയും അന്യാദൃശമായ സൌകുമാര്യം ആ രാജ്യമെ ങ്ങും സുപ്രസിദ്ധമായിരുന്നതിനാൽ കുലീനതകൊണ്ടും ധന സമൃദ്ധികൊണ്ടും സൌന്ദര്യംകൊണ്ടും മററു ലൌകികപ്ര

താപങ്ങളെക്കൊണ്ടും സമ്പന്നരായ ഒട്ടുവളരെ യുവാക്കന്മാർ ആ സൌഭാഗ്യവതിയുടെ ഭർത്തൃസ്ഥാനത്തെ മത്സരബുദ്ധിയോടെ കാംക്ഷിക്കുന്നതായി പ്രത്യക്ഷപ്പെട്ടു. മേരിയെ കേശാദിപാദം വിലതീരാത്ത വസ്ത്രാഭരണങ്ങളെക്കൊണ്ടു് അലങ്കരിക്കുന്നതിനും അവളെ ലൌകികമായ ഐശ്വര്യസമൃദ്ധിയുടെ പരമകാഷ്ഠയെ ഭുജിപ്പിക്കുന്നതിനും ശക്തരും സന്നദ്ധരുമായ പലരും അക്കൂട്ടത്തിലുണ്ടായിരുന്നു. പക്ഷേ അവരിലാരുംതന്നെ അവൾക്കു് അനുരൂപനായി വിധിക്കപ്പെട്ടില്ല. പ്രതാപവാന്മാരായ ഇവരെയെല്ലാം ഉപേക്ഷിച്ചിട്ടു് അവളുടെ വരനായി രക്ഷാധികാരികൾ തിരഞ്ഞെടുത്തതു് കുലീനനെങ്കിലും നിർദ്ധനനായ ഒരു ആശാരിയെ ആയിരുന്നു.

ദാവീദു്രാജാവിൻെറ ഗോത്രജനും മേരിയുടെ ഒരു ചാർച്ചക്കാരനുമായ ഈ ജോസഫിൻെറ പൂർവ്വചരിത്രത്തെപ്പററി വിശ്വാസയോഗ്യമായി നമുക്കു് അധികമൊന്നും അറിയാൻ പാടില്ല. വിവാഹകാലത്തു് അദ്ദേഹത്തിൻെറ പ്രായത്തെപ്പററി അഭിപ്രായവ്യത്യാസമുണ്ടു്. ഒരുകൂട്ടർ അപ്പോൾ അദ്ദേഹം എൺപതുവയസ്സുള്ള ഒരു പടുകിഴവനായിരുന്നുവെന്നു പറയുന്നു; മറെറാരുകൂട്ടർ അദ്ദേഹത്തിനു് അൻപതു വയസ്സായിരുന്നുവെന്നും മൂന്നാമതൊരുകൂട്ടർ മുപ്പത്തഞ്ചു വയസ്സായിരുന്നുവെന്നും വാദിക്കുന്നു. ഒന്നാമത്തെ പക്ഷക്കാർ അദ്ദേഹം ആദ്യം ഒരു വിവാഹം ചെയ്തിരുന്നുവെന്നും അതിൽ നാലു പുത്രന്മാരും രണ്ടു പുത്രിമാരും ഉണ്ടായിരുന്നുവെന്നും കൂടി വിശ്വസിക്കുന്നു; ആദ്യത്തെ ഭാര്യയുടെ പേരു ശലോമി എന്നായിരുന്നുവെന്നും അവർ പറയുന്നു. ഈ അഭിപ്രായം പ്രത്യക്ഷത്തിൽതന്നെ അസംബന്ധവും അനുചിതവുമാണു്. ദൈവപുത്രൻെറ മനുഷ്യാവതാര പരമരഹസ്യത്തെ ദാമ്പത്യമാകുന്ന യവനികയാൽ സമാവരണം ചെയ്യണമെന്നു ദൈവം ആഗ്രഹിച്ചു; ആ സ്ഥിതിക്കു ദമ്പതിമാർ എല്ലാവിധത്തിലും പരസ്പരം ആനു

ശുപ്യമുള്ളവരായിരിക്കേണ്ടതു ആവശ്യകവും ഉചിതവുമത്രേ. യഹൂദന്മാരുടെ നിയമപ്രകാരം യൌവനയുക്തയായ ഒരു സ്ത്രീയെ ഒരു വൃദ്ധനു വിവാഹംചെയ്തുകൊടുക്കുന്നതു വിരോധിക്കപ്പെട്ടിട്ടുള്ളതാണു്. മേരിയുടെ രക്ഷാധികൃതരായ സഖേരിയാപ്രഭൃതികളും നീതിമാനായ ജോസഫ്തന്നെയും ഈവിധം നിയമവിരുദ്ധവും ജുഗുപ്സാവഹവുമായ ഒരു കർമ്മത്തിൽ ഭാഗഭാക്കുകളാകുമെന്നു വിശ്വസിക്കുവാൻ ഒരിക്കലും നിവൃത്തിയില്ല. പാരംപര്യത്തെയും വിശ്വാസയോഗ്യമായ രേഖകളെയും ആസ്പദമാക്കാതെ കേവലം ഒരു തെററിദ്ധാരണയെയും അർത്ഥശൂന്യമായ ആശയത്തെയും അനുഗമിച്ചാണു് ഈശ്വരപ്രബുദ്ധമല്ലാത്ത സുവിശേഷങ്ങളുടെ കർത്താക്കന്മാർ വൃദ്ധനും വിധുരനുമായ ഒരാളെ കന്യാമാതാവിൻെറ ഭർത്താവായി സങ്കല്പിച്ചതെന്നു സ്പഷ്ടമാണു്. സമീചീനമല്ലാത്ത ഈ അനുമാനം നിശ്ശേഷം ത്യജിക്കപ്പെടേണ്ടതാണു്. മിത്ഥ്യയായ ഈ അഭിപ്രായം പുരാതനക്രൈസ്തവസാഹിത്യത്തിലും ഇതരസുകുമാരകലകളിലും തദ്വാരാ ഭക്തഹൃദയങ്ങളിലും അനർഹമായി സ്ഥാനം പിടിച്ചതിൽ ഖേദിക്കുകയല്ലാതെ നിവൃത്തിയില്ല. സെയിൻറു് ജോസഫിനു 50 വയസ്സു പ്രായമായിരുന്നുവെന്നുള്ള രണ്ടാമത്തെ പക്ഷവും സ്വീകാര്യമല്ല. യുക്തിയും യഥാർത്ഥമായ പാരംപര്യവും അതിനെയും സാധൂകരിക്കുന്നില്ല. മേരിയുടെ പ്രായവുമായി അത്രയധികം വ്യത്യാസമില്ലാത്തതും ആദരണീയവുമായ പ്രായമുള്ള ഒരു ദൃഢവ്രതനായ ബ്രഹ്മചാരിയായിരുന്നു ആ തരുണിയുടെ വരനായി തിരഞ്ഞെടുക്കപ്പെട്ടതെന്നുള്ളതു നിസ്സംശയമാണു്. ഈ വിവാഹം നടന്നപ്പോൾ സെയിൻറു്ജോസഫിനു മുപ്പതോ മുപ്പത്തഞ്ചോ വയസ്സു പ്രായമായിരുന്നുവെന്നും അദ്ദേഹം സ്വവധുവിനെപ്പോലെ ആജീവനാന്തം ബ്രഹ്മചാരി ആയിരിക്കാമെന്നു കൃതപ്രതിജ്ഞനായിരുന്നുവെന്നും ആധുനികപണ്ഡിതന്മാർ ഏകകണ്ഠമായി അഭിപ്രായപ്പെടുന്നു.

യഹൂദന്മാരുടെ ഇടയിൽ വിവാഹപ്രായമായ ഒരു യുവതിക്കു വരനെ തിരഞ്ഞെടുക്കുന്നതു് ഏകദേശം പുരാതനഇൻഡ്യയിലെ സ്വയംവരസംപ്രദായമനുസരിച്ചായിരുന്നു. കന്യകാമറിയത്തെ വിവാഹം ചെയ്യുന്നതിനു സെയിൻറു് ജോസഫിനെ നിശ്ചയിച്ച വിധത്തെപ്പററി വിശ്വാസയോഗ്യമായ അറിവു നമുക്കു ലഭിച്ചിട്ടില്ലെങ്കിലും, രസകരമായ രണ്ടു സ്വയംവരവർണ്ണനകൾ ഇതിഹാസങ്ങളിൽ കാണുന്നതു് ഇവിടെ സംക്ഷേപിച്ചുകൊള്ളുന്നു:—

(1) മേരിക്കു പതിനഞ്ചുവയസ്സായപ്പോൾ യോഗ്യനായ ഒരുവനു വിവാഹംചെയ്യിച്ചു കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നുവെന്നുള്ള വിവരം, അക്കാലത്തെ ദേശനടപ്പനുസരിച്ചു്, ആ നാട്ടിലുള്ള അവിവാഹിതരായ യുവാക്കന്മാരെല്ലാവരും അറിയത്തക്കവണ്ണം, അവളുടെ രക്ഷാധികൃതന്മാർ വിളംബരം ചെയ്തു. മേരിയുടെ അസാമാന്യമായ അഴകും ജീവിതവിശുദ്ധിയും സൌശീല്യാദി ഗുണങ്ങളും നാടെങ്ങും പ്രസിദ്ധമായിരുന്നു. ഒട്ടുവളരെ യുവാക്കന്മാർ അവളെ വിവാഹം കഴിക്കുന്നതിനു മോഹിച്ചിരുന്നു. അവരെല്ലാവരും നിശ്ചിതദിവസം അടിയന്തിരവീട്ടിൽ അഹമഹമികയാ സന്നിഹിതരായി. മേരി തൻെറ കന്യാത്വം ആജീവനാന്തം അഭംഗമായി പരിപാലിക്കണമെന്നു ഉഗ്രവ്രതമുള്ളവളായിരുന്നുവെങ്കിലും അതു വെളിക്കു പറഞ്ഞു വിവാഹാലോചനയെ നിരോധിക്കുവാൻ ശ്രമിച്ചാൽ അതു തല്ക്കാലസ്ഥിതിക്കു സാധിക്കുകയില്ലെന്നുള്ളതുകൊണ്ടും, ദൈവത്തിൻെറ സമീക്ഷയിലും സംരക്ഷണത്തിലും അവൾക്കു സംപൂർണ്ണവിശ്വാസമുള്ളതുകൊണ്ടും, അവൾ ജ്യായാന്മാരുടെ നിശ്ചയത്തെ പ്രത്യക്ഷത്തിൽ എതൃക്കുന്നതിനു തുനിഞ്ഞില്ല. അവരെ അനുസരിക്കുകയല്ലാതെ മററു ഗതിയില്ലെന്നുകാണുകയാൽ, ഈ വിഷമഘട്ടത്തെ ആപത്തുകൂടാതെ തരണം ചെയ്യുന്നതിനു് ഈശ്വരസഹായം ലഭിക്കുന്നതിനായി അ

വശം മൂന്നു രാവും മൂന്നു പകലും പ്രാർത്ഥനയിലും തപസ്സിലും കഴിച്ചുകൂട്ടി. സ്വയംവരദിവസം വന്നപ്പോശം തൻെറ ഭർത്തൃസ്ഥാനത്തെ കാംക്ഷിക്കുന്ന ഓരോ യുവാവിനോടും ചോദിക്കുന്നതിനായി ഒരു ലഘുവായ പ്രശ്നം അവശം തയാറാക്കി. അതിനു ശരിയായ ഉത്തരം പറയുന്ന ആളിനെ അവശം വിവാഹംചെയ്യാമെന്നു സമ്മതിച്ചു.

വിവാഹോദ്യതനായി ഒന്നാമതു രംഗപ്രവേശംചെയ്തതു സാദോമിൻെറ മകനായ മഹാന്ന്യാസ്സ് ആയിരുന്നു. പ്രധാന പുരോഹിതൻ അവനോട് മേരി ആവശ്യപ്പെട്ട ചോദ്യം ചോദിച്ചു. "മഹാന്ന്യാസ്സ്, നിൻെറ അഭിപ്രായത്തിൽ ഒരു സ്ത്രീയുടെ ഏററവും മനോഹരമായ ഭൂഷണം എന്താണ്? ഉത്തരംപറയാൻ അറയ്ക്കരുത്. നമ്മുടെ പിതാക്കന്മാരുടെ ദൈവം നിനക്കു നല്ലതു തോന്നിക്കട്ടെ!"

ഈ അപ്രതീക്ഷിതമായ ചോദ്യംകേട്ടു മഹാന്ന്യാസ്സ് അമ്പരന്നു. അയാശം ഗാഢമായി ആലോചിച്ചിട്ടു മേരിയെ നോക്കി ഇപ്രകാരം മറുപടിപറഞ്ഞു:—"ഒരു സ്ത്രീയുടെ ഏററവും മനോഹരമായ ഭൂഷണം അവളുടെ മൂടുപടമാകുന്നു. അതു് അവളുടെ സൌന്ദര്യത്തെ മറച്ചിട്ട്, അതിനെ പ്രേക്ഷകൻ മനസ്സിൽ സങ്കല്പിച്ചു ധ്യാനിക്കുന്നതിനു സംഗതിയാക്കുന്നു."

ഈ മറുപടി മേരിക്കു തൃപ്തികരമായിരുന്നില്ലെന്നു പറയേണ്ടതില്ലല്ലോ. അടുത്തുവന്ന ഹെലിയോടും ആ ചോദ്യം ആവത്തിച്ചു. അയാശം തനിക്ക് അറിയാവുന്ന ഏററവും വിലകൂടിയതും ഭംഗിയുള്ളതുമായ ആഭരണങ്ങളുടെയെല്ലാം പേരു പറഞ്ഞു. മൂന്നാമതൊരുവൻെറ മറുപടി, "അവളുടെ വിവേകവും ബുദ്ധിസാമത്ഥ്യവുമാണ്" എന്നായിരുന്നു. പിന്നീടു പല യുവാക്കന്മാരും അവരവരുടെ സ്വഭാവത്തിനു് അനുരൂപമായ ഉത്തരം നൽകി. അതു് ഒന്നും

ലക്ഷ്യത്തിൽ കൊണ്ടില്ല. "ഒരു സ്ത്രീയുടെ ഏററവും മനോഹരമായ ആഭരണം അവളുടെ വിനയശീലമാണ്" എന്ന് ആഗാബസ് എന്ന സുശീലനായ ചെറുപ്പക്കാരൻ നൽകിയ മറുപടി പര്യാപ്തമായിരിക്കുമെന്ന് എല്ലാവരും വിചാരിച്ചു. അതും മേരിയെ തൃപ്തിപ്പെടുത്തിയില്ലെന്നു കണ്ടപ്പോൾ അവർക്ക് ആശാഭംഗമുണ്ടായി. ഒടുവിൽ മററു വിവാഹോൽസുകരായ തരുണന്മാരെക്കാൾ വളരെ താണപടിയിലുള്ള ഒരാൾ രംഗപ്രവേശം ചെയ്തു അയാൾ യൌവനത്തിൻെറ പ്രാരംഭമദ്ധ്യദശകൾ കഴിഞ്ഞു പ്രൌഢവയസ്കനായ ഒരു ആശാരിപ്പണിക്കാരനായിരുന്നു. അയാൾക്കു ഈ സ്വയംവരപ്പരീക്ഷയിൽ പരീക്ഷ്യനാകാൻതക്ക യോഗ്യതയുണ്ടോ എന്നു പരീക്ഷാധികൃതന്മാർ സംശയിച്ച് ആലോചിച്ചുകൊണ്ടിരുന്നപ്പോൾ മേരിതന്നെ മുമ്പോട്ടുവന്ന് ഇപ്രകാരം ചോദിച്ചു:—"ദാവീദിൻെറ മകനായ ജോസഫ്, അങ്ങയുടെ അഭിപ്രായത്തിൽ ഒരു സ്ത്രീയുടെ ഏററവും മനോഹരമായ ആഭരണമേതാണ്?"

"ഒരു സ്ത്രീയുടെ ഏററവും മനോഹരമായ ആഭരണം അവളുടെ അനാക്രാന്തവും പരിശുദ്ധവുമായ കന്യാത്വമാണ്" എന്നായിരുന്നു ജോസഫിൻെറ ശാന്തമായ ഉത്തരം.

ഈ മറുപടിയിൽ സംതൃപ്തയായ മേരി ജോസഫിനെ വീണ്ടും അഭിവാദ്യം ചെയ്തിട്ടു പറഞ്ഞു:—'ദൈവം എനിക്കായിട്ടു നിർദ്ദേശിച്ചിട്ടുള്ളത് അങ്ങയെ ആണെന്ന് അങ്ങയുടെ മറുപടിയിൽനിന്ന് അറിയുന്നു. ഞാൻ അങ്ങേ എൻെറ ഭർത്താവായി വരിക്കുന്നു; ഞാൻ അങ്ങേയുടെ സ്നേഹവും അനുസരണവുമുള്ള ഭാര്യയായിരിക്കും."

ഈ വാക്യങ്ങളുടെ അർത്ഥം ദിവ്യദർശനത്താൽ ശരിക്കു മനസ്സിലാക്കിയ ജോസഫ് സർവ്വേശ്വരനെ വാഴ്ത്തു

കയും, മേരിയുടെ അന്തർഗ്ഗതത്തെ ആദരിച്ചു മേരിയെ ഭാര്യ യായി സ്വീകരിച്ചുകൊള്ളാമെന്നു സമ്മതിക്കുകയും ചെയ്തു. മേരിയുടെ രക്ഷാധികൃതന്മാർക്കു് അവരുടെ ദൃഷ്ടിയിൽ അനനുരൂപനായ ഒരുവനെ മേരി വരിച്ചതിൽ കുണ്ഠിതമുണ്ടായിരുന്നുവെങ്കിലും അവർ അവളുടെ തിരുമാനം അനുസരിച്ചു് ഉടനടി വിവാഹനിശ്ചയം കഴിച്ചു.

(2) രണ്ടാമതൊരു സ്വയംവരസമ്പ്രദായം ഇതിഹാസങ്ങളിൽ കാണുന്നതു് ഈവിധമാണു്: മേരിയുടെ പാണിഗ്രഹണത്തിനു് ഉത്സാഹിച്ചുവന്നവർ ഓരോരുത്തരും അവരവരുടെ പേരെഴുതിയ ഒരു വടി ദേവാലയത്തിൽ വച്ചുസൂക്ഷിക്കുന്നതിനായി പ്രധാന പുരോഹിതനെ ഏല്പിച്ചു. മേരിയെ വിവാഹംചെയ്വാൻ ദൈവം ഉദ്ദേശിച്ചിട്ടുള്ള ആളിൻെറ വടി അടുത്ത ദിവസം കാലത്തെ അത്ഭുതകരമായി തളിർത്തു് ഇലയും പൂവുമായി കാണപ്പെടുമെന്നായിരുന്നു അവരുടെ പ്രതീക്ഷ. ഈ ഭാഗ്യപ്പരീക്ഷയിൽ ആ ലോകൈകസുന്ദരിയെ വേൾക്കുന്നതിനുള്ള മഹാഭാഗ്യം കൈവരുന്നതിനായി അവരിൽ ഓരോരുത്തരും രാത്രിമുഴുവനും ഉണർന്നിരുന്നു പ്രാർത്ഥിച്ചു. നേരം വെളുത്തപ്പോൾ ജോസഫിൻെറ വടി തളിർത്തു് ഇലകളോടും വികസിച്ച പൂക്കളോടും കാണപ്പെട്ടു. ദൈവഹിതം ഈവിധം സ്പഷ്ടമായി വെളിപ്പെടുകയാൽ മേരിയുടെ ഭർത്താവായി ജോസഫ്തന്നെ വരിക്കപ്പെട്ടു. ജോസഫിൻെറ വിജയത്തിനു ഹേതുവായ അത്ഭുതം കണ്ടിട്ടു്, മേരിയെ വിവാഹം ചെയ്യുന്നതിനു മോഹിച്ചു് ആ ഭാഗ്യപ്പരീക്ഷയിൽ ചേർന്നിരുന്ന ആഗാബ്യൂസ്സ് എന്നു പേരുള്ള ഒരു പ്രഭുകുമാരൻ ഭഗ്നാശനായി തൻെറ വടി ഒടിച്ചു ദൂരെയെറിഞ്ഞിട്ടു് എലിയാസിൻെറ ശിഷ്യസംഘത്തിൽ ചേർന്നു തപസ്സു ചെയ്യുന്നതിനായി കർമ്മലമലയിലെ ഗുഹകളിൽ ഒന്നിനെ അഭയംപ്രാപിച്ചു; അയാൾ കാലാന്തരത്തിൽ ഒരു ക്രൈ

സ്തവനാകുകയും ജീവിതവിശുദ്ധിക്കു വിഖ്യാതനാവുകയും ചെയ്തു.

മേലുദ്ധരിക്കപ്പെട്ട രണ്ടു ഇതിഹാസകഥകൾക്കും വിശ്വാസയോഗ്യതയും ഔചിത്യവും വളരെ കുറവുണ്ട്. അവ വിഷയത്തിന്റെ ഗൌരവത്തിനും പ്രാഗത്ഭ്യത്തിനും ഒട്ടും യോജിക്കുന്നില്ല. മേരിയേയും ജോസഫിനേയും ഭാര്യാഭർത്താക്കന്മാരായി സംഘടിപ്പിച്ചതു സർവേശ്വരന്റെ അപരിമേയശക്തി മാത്രമാണെന്നേ തിരുസഭ പറയുന്നുള്ളു. തന്നെ ശരണം ഗമിക്കുന്ന ഹൃദയങ്ങളെ പരോക്ഷവും അത്ഭുതകരവുമായ മാർഗ്ഗങ്ങളിലൂടെ സർവ്വജ്ഞനും സർവ്വശക്തനുമായ ദൈവം നയിക്കുമെന്നുള്ള തത്വം മാത്രമേ ഇതിനു നിദർശനമായുള്ളു. നിത്യകന്യാത്വവ്രതം മേരി അവലംബിച്ചതു ദൈവത്തിന്റെ അനന്തശക്തിയെ ശരണീകരിച്ചായിരുന്നു; ആ ദൈവത്താൽ പ്രബുദ്ധനായി ജോസഫും അഭേദ്യമായ ബ്രഹ്മചര്യം സ്വീകരിച്ചിരുന്നു ദിവ്യദർശനത്താൽ രണ്ടുകൂട്ടരും അവരുടെ ഇംഗിതം പരസ്പരം ഗ്രഹിച്ചിരുന്നു. ഇരുകക്ഷികളും ദൈവസന്നിധിയിൽ ചെയ്ത പ്രതിജ്ഞയെ സുകരമായി പരിപാലിക്കുന്നതിനു് അവർ ദാമ്പത്യബന്ധത്താൽ സംയോജിപ്പിക്കപ്പെടുന്നതു തനിക്കു ഹിതമാണെന്നു ദൈവംതന്നെയാണു് അവരെ ഉദ്ബോധിപ്പിച്ചതു്.

"മനുഷ്യൻ ബാഹ്യപ്രകൃതിയെ മാത്രം കാണുന്നു; എന്നാൽ ദൈവം ഹൃദയത്തെ നിരീക്ഷിക്കുന്നു." ദൈവം മേരിക്കു ഭർത്താവായി തിരഞ്ഞെടുത്തതു സ്വത്തുകൊണ്ടും പ്രാബല്യംകൊണ്ടും പ്രതാപവാനായ ഒരു പുരുഷനെയല്ല; ആത്മീയമഹത്വം നോക്കിയാൽ തന്റെ സൃഷ്ടികളിൽവെച്ചു് ഏററവും പരിപൂർണ്ണനും ഉത്തമനുമായ ഒരു നീതിമാനെയാണു് അദ്ദേഹം അവൾക്കായി പ്രദാനം ചെയ്തതു്. മാലാ

ഖാമാരുടെ രാജ്ഞിയുടെ പ്രിയതമനായും, മിശിഹായുടെ വളത്തച്ഛനായും ശാലീനനായ ജോസഫിനെ ദൈവം തിരഞ്ഞെടുത്തുവെങ്കിൽ അതു മാലാഖാമാരിൽപോലും സ്പർദ്ധയെ ഉളവാക്കമാറു ഈശ്വരാനുഗ്രഹവും ജീവിതവിശുദ്ധിയും അയാൾക്കുണ്ടായിരുന്നതുകൊണ്ടും, അയാൾ യഹൂദജാതിയിൽ അഗ്രസ്ഥാനീയനും ലോകചരിത്രത്തിൽ സാക്ഷാത്തായ മഹത്വംകൊണ്ടു സീസർചക്രവത്തിയെക്കാൾ മഹനീയനുമായതുകൊണ്ടുമാണത്രെ. ദൈവം ഏററവും ശക്തമായ കരങ്ങളിലല്ല, ഏററവും യോഗ്യമായ കരങ്ങളിലാണു കന്യകയെ ഭരമേല്പിച്ചതു്. ലോകത്തിലെ പ്രതാപവാന്മാർ മരിച്ചുപോകുമെന്നുള്ള ഭയത്താൽ സമീപിക്കാൻപോലും നിവ്വാഹമില്ലാത്ത ആ 'ദിവ്യപേടകം' സാധുവും വിനീതനുമായ ഒരു ഗ്രാമീണന്റെ അധീനതയിലും സ്വാതന്ത്ര്യത്തിലും നിക്ഷിപ്തമായിരിക്കുന്നു!

യഹൂദന്മാരുടെ ആചാരവിധികളനുസരിച്ചു വിവാഹകമ്മം പൂത്തിയാകുന്നതിനു മൂന്നു ചടങ്ങുകൾ അനുഷ്ഠിക്കണെമായിരുന്നു. ആദ്യമായി രണ്ടു കുടുംബക്കാരും ചേന്നു ഒരു കൂടിയാലോചന നടത്തും. അതിന്റെ ഫലമായി ഇരുകൂട്ടരും വിവാഹത്തിനു പരസ്പരം സമ്മതിക്കുകയും കരാർ ചെയ്യുകയും ചെയ്യുന്നു. ഇതു കഴിഞ്ഞിട്ടു വിവാഹനിശ്ചയം (Betrothal) നടക്കുന്നു. രണ്ടു കുടുംബത്തിലെയും അംഗങ്ങളുടെയും ഏതാനും സാക്ഷികളുടെയും സാന്നിദ്ധ്യത്തിൽവച്ചായിരിക്കും ഈ ചടങ്ങു നിവ്വഹിക്കപ്പെടുന്നതു്. വരൻ വധുവിന്റെ പിതാവിന്റെയോ പിതാവിന്റെ പ്രതിനിധിയുടെയോ കൈയിൽ വധുവിനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള മോതിരമോ മറേറതെങ്കിലുംവിലപിടിച്ച സമ്മാനമോ കൊടുക്കുന്നു. ഈ അഭിജ്ഞാനവും അതിനെ അനുഗമിച്ചുള്ള വാക്കുകളും ഒരു ഉടമ്പടിയുടെ സ്ഥാനം വഹിക്കുന്നു. ഈ നിശ്ചയം കഴിഞ്ഞാൽ വധൂവരന്മാർ വിവാഹം കഴിഞ്ഞ

ഭാൎയ്യാഭൎത്താക്കന്മാരുടെ മിക്കവാറും * എല്ലാ അവകാശങ്ങളും ചുമതലകളും ഉണ്ടായിരുന്നു. എങ്കിലും അവർ ഭാൎയ്യാഭൎത്താക്കന്മാർ എന്നുള്ള നിലയിൽ സഹവാസം ചെയ്യുക—ഒരു വീട്ടിൽ പാൎക്കുക—എന്ന മൂന്നാമത്തെ ചടങ്ങു നിൎവ്വഹിക്കുന്നതിനു ഒരു മുഴുവൻവൎഷം, നിശ്ചയശേഷം, അവർ കാക്കണം. അതുവരെ അവർ അവരവരുടെ വീട്ടിൽതന്നെ പരസ്പരം കാണാനിടയാകാതെ താമസിക്കണം. ആ വിപ്രലംഭഘട്ടത്തിൽ 'വധൂവരന്മാരുടെ സഖി' എന്നു വിളിക്കപ്പെടുന്ന ഒരു മദ്ധ്യസ്ഥവഴി അവർ പരസ്പരം സുഖവിവരങ്ങളും മററും അറിയിക്കുന്നു. മൂന്നാമത്തെ ചടങ്ങായ വധൂവരന്റെ ഗൃഹപ്രവേശം ചെയ്യുക എന്നതുകൂടി കഴിയുമ്പോൾ മാത്രമേ വിവാഹകൎമ്മം പൂൎത്തിയാവുകയുള്ളു.

മേരിയുടെ വിവാഹത്തിന്റെ ഒന്നാമത്തെ ചടങ്ങ്—പെണ്ണിന്റെയും ചെറുക്കന്റെയും കുടുംബക്കാർകൂടി ആലോചിക്കുക, പരസ്പരം മനസ്സറിയുകയും സമ്മതം നൽകുകയുംചെയ്യുക എന്നതു—ദിവ്യസമിക്ഷയിൽതന്നെ നിൎവ്വഹിക്കപ്പെട്ടുവെന്നു നാം കണ്ടുവല്ലോ. അതിനുശേഷം നടക്കേണ്ട നിശ്ചയകൎമ്മം എത്രയും അനാഡംബരമായി കഴിഞ്ഞുകൂടി. നിശ്ചയാനന്തരം ഒരുവൎഷം കഴിഞ്ഞപ്പോൾ വിവാഹത്തിന്റെ മൂന്നാമത്തേതും അവസാനത്തേതുമായ ചടങ്ങു യഥാവിധി ആഘോഷിക്കപ്പെട്ടു. അതു് ഒരു ജനുവരിമാസം 22-ാംനു- + ബുധനാഴ്ച നടന്നതായിട്ടാണു് വിശ്വസി

---

* മിക്കവാറുമല്ലാ, എല്ലാ അവകാശങ്ങളും അധികാരങ്ങളുമുണ്ടായിരുന്നുവെന്നാണു് അനേകം ആധുനികപണ്ഡിതന്മാരുടെ പക്ഷം. യഹൂദന്മാരുടെ വിവാഹനിശ്ചയം വിവാഹത്തിനു തുല്യംതന്നെയാണെന്നും ഗൃഹപ്രവേശം വെറുമൊരു അൎത്ഥവത്തല്ലാത്ത ചടങ്ങുമാത്രമാണെന്നും അവർ പറയുന്നു. യഹൂദാചാരങ്ങളെ സംബന്ധിച്ചു നമുക്കുള്ള അപൂൎണ്ണമായ അറിവു വെച്ചിട്ടു് ഈ അഭിപ്രായത്തെ നിശ്ശേഷം നിഷേധിക്കുന്നതിനു തരമില്ല.

\+ കന്യകാമറിയത്തിന്റെ വിവാഹംപ്രമാണിച്ചുള്ള തിരുനാൾ തിരുസഭ കൊണ്ടാടുന്നതു ജനുവരി 22-ാംതീയതി ആണു്.

ക്കപ്പെട്ടുന്നതു്. യഹൂദന്മാരുടെ ഇടയിൽ വിവാഹത്തിനു സാമാന്യമായുണ്ടായ മോടിയും ആഡംബരങ്ങളും ഈ വിവാഹത്തിലും ഒട്ടും കുറവുകൂടാതെ ഉണ്ടായിരുന്നു. ചാർച്ചക്കാരായ സ്ത്രീകൾ കാലേക്കൂട്ടിവന്നു മണവാട്ടിയെ ഒരുക്കുന്നു. സൌമ്യയായ മേരി ആഡംബരപ്രിയ അല്ലെങ്കിലും, മുറപ്രകാരം അവർ എത്രയും വിലകൂടിയതും അതിമനോഹരങ്ങളുമായ വസ്ത്രാഭരണങ്ങൾ അവളെ അണിയിക്കുന്നു. (മേരിയുടെ കല്യാണവസ്ത്രം ഒരു അമൂല്യനിധിയായി പാലസ്തീനായിൽ സൂക്ഷിക്കപ്പെട്ടിരുന്നു. 461-ാമാണ്ടു അതു കാൺസ്റ്റാൻറുനോപ്പിളിലേയ്ക്കു കൊണ്ടുപോകപ്പെട്ടു. നീലം, വെള്ള, സുവർണ്ണം, ഊതാ ഈ വർണ്ണങ്ങളിലുള്ള പൂപ്പൊട്ടുകളോടുകൂടി ഇളംമഞ്ഞുനിറത്തിലുള്ള ഒരു അതിവിശിഷ്ടമായ ദുകൂലത്താൽ നിർമ്മിതമായ ഈ ഉടുപ്പു് ഐന്ദ്രലുപ്തികനായ ചാറത്സ്രാജാവിനാൽ 877-ൽ ചാർട്രസ്സി (chartres)ലെ പള്ളിക്കായി സമ്മാനിക്കപ്പെട്ടു. ഇപ്പോഴും അതു അവിടെ പൂജനീയമായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു. അതു സംബന്ധിച്ചു പല അത്ഭുതങ്ങളും നടന്നിട്ടുള്ളതായി പറയപ്പെടുന്നു. ഇതുകൂടാതെ മേരിയുടെ ഒരു ഉത്തരീയവും മിൻഗ്രിലിയായിൽ കോപ്പിസുദേവാലയത്തിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ടു്. നാലുമുഴം ഇറക്കവും രണ്ടുമുഴം വീതിയുമുള്ള ആ വസ്ത്രത്തിലും വിചിത്രതയ്യൽകൊണ്ടുള്ള പൊട്ടുകളും മററുമുണ്ടു്.) അവയുടെ മുകളിലായി വിവാഹസന്ദർഭത്തിനു പ്രത്യേകമായുള്ളതും അടിമുതൽ മുടിവരെ മറയ്ക്കുന്നതുമായ ഒരു മൂടുപടം അവർ അവളെ ധരിപ്പിക്കുന്നു. സായംകാലമാകുമ്പോൾ മണവാളൻ പത്തുസ്നേഹിതന്മാരാൽ അനുഗതനായി വധൂഗൃഹത്തിലേക്കു വരുന്നു. കത്തിച്ച മെഴുകുതിരികൾ കരങ്ങളിൽ വഹിക്കുന്ന പത്തു തോഴികളുടെ അകമ്പടിയോടുകൂടി വരൻെറ വരവിനെ പ്രതീക്ഷിച്ചുകൊണ്ടുനില്ക്കുന്ന മണവാട്ടി മണവാളനെ നമസ്കരിക്കുന്നു. വാദ്യമേളങ്ങളോടുകൂടി ഒരു ഘോഷയാത്രയായി അവർ വരൻെറ വസതിയിലേക്കു പോ

കുന്നു. അവിടെ ഹൃദ്യമായ ഒരു കല്യാണവിരുന്നു ഒരുങ്ങിയിട്ടുണ്ടു്. യഹൂദരുടെ ഇടയിൽ വിവാഹം സംബന്ധിച്ചുള്ള ഘോഷങ്ങളും ചടങ്ങുകളും ഒരാഴ്ചവരെ നീണ്ടുനില്ക്കും. എങ്കിലും വധുവിൻെറ ഭർത്തൃഗൃഹപ്രവേശത്തോടുകൂടി വിവാഹകർമ്മം പൂർത്തിയാകുന്നു.

ബാഹ്യങ്ങളായ ഈ ആഘോഷങ്ങൾ മേരിയുടെയും ജോസഫിൻെറയും പ്രയതങ്ങളായ അന്തരംഗങ്ങളെ ഒട്ടും സ്പർശിച്ചില്ല. സർവ്വസംഗപരിത്യാഗികളായ ആ നവദമ്പതിമാർ ദാമ്പത്യവും ബ്രഹ്മചര്യവും—സംസാരവും സന്യാസവും—അത്ഭുതകരമായി സമ്മേളിക്കുന്ന അവരുടെ സൌഭാഗ്യജീവിതത്തെയും അവക്കു സിദ്ധിച്ച അനന്യലഭ്യങ്ങളായ ദിവ്യാനുഗ്രഹങ്ങളെയും പററിയുള്ള പരമാനന്ദപ്രദമായ ചിന്തയിൽ നിർല്ലീനരായി കഴിഞ്ഞുകൂട്ടുകയായിരുന്നു. അവർ ദൈവഹിതത്തെ പിന്തുടൎന്നു് അന്യോന്യം അവഗാഢവും പരിശുദ്ധവുമായ സ്നേഹപ്രകർഷത്തെ പ്രതിജ്ഞചെയ്യുകയും, അവർ സമാരംഭിച്ചിരിക്കുന്ന വിശിഷ്ടജീവിതത്തെ സർവ്വേശ്വരകരങ്ങളിൽ ഭക്തിപൂർവ്വം സമപ്പിക്കുകയുംചെയ്തു.

## അദ്ധ്യായം ൪.

### മംഗലവാർത്തയും ഗർഭാധാനവും.

മേരിയും ജോസഫും വിവാഹം കഴിഞ്ഞു നസറെത്തിൽ താമസമുറപ്പിച്ചു. ആ ഗ്രാമം സ്ഥിതിചെയ്യുന്ന ചെറുകുന്നിൻെറ തെക്കേച്ചെരിവിൽ പാറതന്നെ വടക്കേമതിലായി നിർമ്മിക്കപ്പെട്ട ഒരു വിനീതവസതിയെ ആയിരുന്നു അവർ അധിവസിച്ചതു്. ഭക്ഷണം കഴിക്കുക, അതിഥികളെ സ്വീകരിക്കുക മുതലായ എല്ലാ ആവശ്യങ്ങൾക്കും ഉപയോ

ഗിക്കുന്നതിന്നു പൊതുവായി ഒരു മുറിമാത്രം അതിലുണ്ടായിരുന്നു. അതിനെത്തുടൎന്ന് ഉള്ളിലോട്ടു പാറ തുരന്നുണ്ടാക്കിയ ഒന്നുരണ്ടു ചെറിയ മുറികളുമുണ്ടായിരുന്നു. ഇവയിൽ ഒന്നായിരുന്നു പ്രാൎത്ഥനയ്ക്കായിട്ടുംമററും മേരി പ്രത്യേകമായി ഉപയോഗിച്ചതു്. ജോസഫിൻെറ പണിപ്പുര ആ നാട്ടിലെ രീതിയനുസരിച്ചു ഇവിടെനിന്നു സ്വല്പം അകലെ മാറിയായിരുന്നു. പത്തുപന്ത്രണ്ടടി സമചതുരമായ ഒരു മുറിമാത്രമുണ്ടായിരുന്ന ആ തക്ഷവാടം പ്രസ്തുത ഗൃഹത്തിൽനിന്നു ഉദ്ദേശം ൧൫൦ ഗജം ദൂരെ സ്ഥിതിചെയ്തു. * അതിലിരുന്നു കൃഷിയായുധങ്ങളും ഗൃഹോപകരണങ്ങളും മററും പണിതുണ്ടാക്കിയതുകൂടാതെ, അദ്ധ്വാനശീലനായ ജോസഫ് ചുററും പ്രദേശങ്ങളിൽ പുതുതായി വീടുകൾ പണിയുക, മരം മുറിക്കുക മുതലായ ജോലികളിലും ഏൎപ്പെട്ടുമായിരുന്നു. ഭൎത്താവു് ഇത്തരം പുരുഷയോഗ്യമായ ജീവികാമാൎഗ്ഗങ്ങളിൽ ഏൎപ്പെട്ടിരിക്കുമ്പോൾ ഭാൎയ്യ വീട്ടിൽ അലസമായി സമയംകൊന്നുകൊണ്ടിരിക്കുകയായിരുന്നില്ല. യോർദാൻ തീരത്തു നിന്നു വെട്ടിയ കോറകൊണ്ടും പനയോലകൊണ്ടും പായുണ്ടാക്കുക, നൂൽ നൂൽക്കുക, കോതമ്പു ബാർലി മുതലായ ധാന്യങ്ങൾ പൊടിച്ചു മാവുണ്ടാക്കുക, = ആഹാരം പാകം ചെയ്യുക, അല്പം അകലെയുള്ള ഒരു ഊററിൽ +

---

* ഇപ്പോഴും ആ സ്ഥലം 'ജോസഫിൻെറ പണിപ്പുര' എന്നു നിൎദ്ദേശിക്കപ്പെടുന്നു. കാലാന്തരത്തിൽ ആ സ്ഥാനത്തു ഒരു വലിയ ദേവാലയം സ്ഥാപിക്കപ്പെട്ടു. അതിൻെറ ഒരു ഭാഗം തുൎക്കികൾ നശിപ്പിച്ചുവെങ്കിലും ഒരു കപ്പേള ഇപ്പോഴും ഉണ്ടു്. അതിൽ ദിവസംപ്രതി ദിവ്യപൂജ അൎപ്പിക്കപ്പെടുന്നുണ്ടു്.

= മദ്ധ്യയുഗങ്ങളുടെ ആരംഭത്തിൽ ഫ്രാൻസിലെ രാജ്ഞിയായ റാദെഗൽഡെസ്സ് എന്ന പുണ്യവതി കന്യകാമറിയമിനെ അനുകരിച്ചു നോമ്പുകാലത്തു അവൎക്കാവശ്യമുള്ള ധാന്യം മുഴുവനും അവൎതന്നെ പൊടിച്ചിരുന്നു.

+ ഈ ഊററു് 'മറിയയുടെ ഉറവു്' എന്നു ഇപ്പോഴും വിളിക്കപ്പെടുന്നു. കാൺസ്ററൻറയിൻ ചക്രവൎത്തിയുടെ പുണ്യവതിയായ അമ്മ അതിനെ പ്രത്യേകം ബഹുമാനിക്കുകയും അതിനെ ഉപയോഗസൗകൎയ്യമുള്ളതാക്കി വൃത്തിയായും ഭംഗിയായും സൂക്ഷിക്കുന്നതിനു വേണ്ട ഏൎപ്പാടു ചെയ്യുകയും ചെയ്തു.

പോയി വെള്ളം കൊണ്ടുവരുക, സമീപത്തുള്ള ഒഴുക്കുവെള്ളത്തിൽ അവളുടെയും ഭർത്താവിൻെറയും മലിനവസ്ത്രങ്ങൾ കഴുകി വൃത്തിയാക്കുക മുതലായി ധർമ്മചാരിണിയായ ഒരു മാതൃകാകുടുംബിനി നിർവ്വഹിക്കേണ്ട കൃത്യങ്ങളിൽ അവൾ വ്യാപൃതയായിരുന്നു. സച്ചരിതരായ ഈ ദമ്പതിമാർ തങ്ങളുടെ അനുദിനകൃത്യങ്ങളെ എത്രയും ഭക്തിപൂർവമായ ജപധ്യാനങ്ങളെക്കൊണ്ടു അനുവേലം പവിത്രീകരിച്ചു. അവരുടെ ഭവനം ശാന്തിയുടെയും പരിശുദ്ധിയുടെയും ആവാസമായിരുന്നു. ഒരേസമയത്തു ഗൃഹസ്ഥബ്രഹ്മചര്യാശ്രമ ധർമ്മങ്ങളെ അവികലമായി അനുഷ്ഠിക്കുന്നതിനുള്ള അത്ഭുതാവഹമായ വരം സിദ്ധിച്ച അവരുടെ സൈ്വരജീവിതം ഉത്തരോത്തരം ഈശ്വരാനുഗ്രഹസംപുഷ്ടമായും അഭൌമതേജോവിശിഷ്ടമായും പ്രശോഭിച്ചു.

അവിച്ഛിന്നമായ സന്യാസത്തെ പ്രശാന്തരമണീയമായ സംസാരജീവിതത്തോടു വിസ്മയനീയമാംവണ്ണം സമ്മേളിപ്പിച്ച ഈ പുണ്യാത്മാക്കളുടെ മാതൃകയെ അനുകരിക്കുക എന്നുള്ളതു സാധാരണമനുഷ്യൎക്ക് അത്ര സുകരമല്ലെങ്കിലും, അസാമാന്യമായ ഭക്തിയുടെ ഫലമായി ഈശ്വരനാൽ സവിശേഷമായി അനുഗൃഹീതരായ അനേകം ക്രൈസ്തവദമ്പതിമാർ എല്ലാക്കാലത്തും അതിനെ വിജയകരമായി അനുഗമിച്ചിട്ടുണ്ടു്. സാധുഭവനങ്ങളിൽ മാത്രമല്ല, രാജസദനങ്ങളിലും ഈ വിശിഷ്ടാദർശത്തിൻെറ അമോഘമായ അനുകരണത്തിനു അനേകം ഉദാഹരണങ്ങൾ ഉണ്ടായിട്ടുള്ളതായി ചരിത്രത്തിൽ കാണുന്നുണ്ടു്. ഹെൻട്രി ദ്വിതീയനെന്ന പുണ്യവാനായ ചക്രവർത്തിയും, അദ്ദേഹത്തിൻെറ ഭാര്യയും പുണ്യവതിയുമായ കനിഗന്തായും അവരുടെ ദാമ്പത്യജീവിതകാലം മുഴുവനും ബ്രഹ്മചര്യം അനുഷ്ഠിച്ചിരുന്നു. "അവളെ ഒരു കന്യകയായി ഞാൻ സ്വീകരിച്ചു; കന്യകയായിത്തന്നെ അവളെ ഞാൻ വിട്ടുപിരിയുന്നു" എന്നു അദ്ദേഹം തൻെറ

മരണത്തിനു ഏതാനും മണിക്കൂറുകൾക്കുമുമ്പു രാജ്ഞിയുടെ ബന്ധുജനങ്ങളോടു പറയത്തക്കവണ്ണം പ്രയതമായ ജീവിതമായിരുന്നു അവർനയിച്ചതു്. സെയിൻറു കനിഗന്താ എന്ന ഈ രാജ്ഞി തിരുസഭയുടെ പ്രാർത്ഥനാഗീതങ്ങളിൽ 'കന്യക'യെന്ന സംജ്ഞയാലാണു് ബഹുമാനിക്കപ്പെടുന്നതു് എന്ന വസ്തുത ഇവിടെ സ്മരണീയമാണു്. ഗലീഷ്യായിലെ രാജാവായ കലോമനും അദ്ദേഹത്തിൻെറ ഭാര്യയായ പോലണ്ടിലെ സലോമിയും, ചാരിത്ര്യവാൻ എന്ന ഉപനാമമുള്ള പോലണ്ടിലെ ബോലസ്ലാവുസ്പ്രഭുവും റിംഗാപ്രഭ്വിയും ഈവിധം പരിപൂർണ്ണവിരക്തിയോടുകൂടി ദാമ്പത്യജീവിതം നയിച്ചവരാണു്. ഏതാദൃശവിവാഹങ്ങൾ 'ജോസഫ്‌വിവാഹ'ങ്ങൾ എന്നു വിളിക്കപ്പെടുന്നു.

മേരിയുടെ മഹത്തായ ജീവിതോദ്ദേശ്യത്തിൻെറ നിർവ്വഹണത്തിനായി ദൈവം ഈവിധം ആ കന്യകയെ ബാഹ്യമായും ആന്തരമായും സജ്ജീകരിക്കയായിരുന്നു. ത്രിതൈ്വകസർവ്വേശ്വരൻെറ വാസഗൃഹമാകാനുള്ള ആ സൌഭാഗ്യവതിയുടെ പരിപൂതസാന്നിദ്ധ്യത്താൽ ജോസഫിൻെറവിനീതവസതിയും പരിസരങ്ങളും പരിലസിച്ചു. ഒരുദിവസം * വൈകുന്നേരം ആ തേജസ്വിനി തൻെറ ഗൃഹജോലികളൊക്കെ ചെയ്തുതീർത്തശേഷം സന്ധ്യാവന്ദനത്തിനായി പ്രാർത്ഥനമുറിയിൽപോയി കതകടച്ചു ഏകാഗ്രധ്യാനത്തിൽ മുഴുകിയിരിക്കുകയായിരുന്നു. പെട്ടെന്നു് ഒരു അഭൌമമായ പ്രകാശം അവിടെയെങ്ങും വ്യാപിച്ചു. അപ്പോൾ അവൾക്കുണ്ടായ ആ ലോകരക്ഷാകരമായ ദിവ്യദർശനത്തെ സുവിശേഷകാരനായ സെയിൻറു ലൂക്കിൻെറ ഭാഷയിൽ വിശദീകരിക്കാം. യോഹന്നാൻസ്നാപകൻെറ ഗർഭോത്ഭവം കഴിഞ്ഞു "ആറാമത്തെ മാസത്തിൽ ഗബ്രിയേൽ എന്ന

* മാർച്ചു് 25-ാംനു- വെള്ളിയാഴ്ച.

മാലാഖാ ഗലീലെയായിൽ നസറെത്തു് എന്ന പേരുള്ള ഒരു പട്ടണത്തിൽ ദാവിദിൻെറ കുടുംബക്കാരനായജോസഫ് എന്ന പേരുള്ള ഒരു പുരുഷനുമായി വിവാഹബദ്ധയായ ഒരു കന്യകയുടെ അടുക്കലേക്കു ദൈവത്താൽ അയയ്ക്കപ്പെട്ടു. ആ കന്യകയുടെ പേരു മറിയ എന്നായിരുന്നു". മനുഷ്യ രൂപാവലംബിയായ മാലാഖാ (മുറിയ്ക്കു്) അകത്തു് അവ ളുടെ സന്നിധിയിൽ പ്രത്യക്ഷനായി, തൻെറ രാജ്ഞി യായ ആ ധന്യയുടെ മുമ്പാകെ ആദരപൂർവ്വം നമസ്കരിച്ചിട്ടു് "ഇങ്ങനെ അഭിവാദ്യംചെയ്തു: ഓ, ഈശ്വരപ്രസാദസംപൂരി തേ! സർവേശ്വരൻ ഭവതിയോടുകൂടെ (ഉണ്ടു്); ഭവതി സ്ത്രീക ളിൽ അനുഗ്രഹിതയാകുന്നു." 'ഈശ്വരപ്രസാദസംപൂരിത' 'നന്മനിറഞ്ഞവൾ' എന്നു് ആ കന്യകയ്ക്കു എത്രയും അനു രൂപമായ വിശിഷ്ടസംജ്ഞയാലാണു് ഗബ്രിയേൽ അവരെ അഭിസംബോധനം ചെയ്തതു്. നസറത്തിലെ ഒരു സാധു ഭവനത്തിൽവച്ചു സുമാർ രണ്ടായിരം വർഷങ്ങൾക്കുമുമ്പു് ഉച്ചരിക്കപ്പെട്ട 'നന്മനിറഞ്ഞ മറിയമേ വന്ദനം' എന്ന ഈ അഭിവാദ്യം ആ ഭവനത്തിൻെറ ഭിത്തികളെ പിളന്നു ബഹിർഗമിക്കുകയും അതിൻെറ പ്രതിധ്വനികൊണ്ടു സർവ്വ ലോകത്തെയും മുഖരീകരിക്കുകയും ചെയ്തിരിക്കുന്നു. അതു് എന്നെന്നേക്കുമായി മാലാഖാമാരുടേയും മനുഷ്യരുടേയും ചേതോഹരമായ സ്തോത്രഗീതമായി പരിണമിച്ചിരിക്കുന്നു. മാതാവു ശിശുവിനെ സംസാരിക്കാൻ പഠിപ്പിച്ചു തുടങ്ങു ന്നതുതന്നെ 'നന്മനിറഞ്ഞ മറിയമെ' എന്ന പദങ്ങളെ ക്കൊണ്ടാണു്. ക്രൈസ്തവഹൃദയങ്ങളിൽ നിന്നു്, അവ ആനന്ദഭരിതമാകുമ്പോഴും ദുഃഖനിമഗ്നമാകുമ്പോഴും, ഈ അഭിരമ്യമായ സ്തോത്രം നിരർഗ്ഗളമായി പ്രവഹിക്കുന്നു. ദിവസംപ്രതി മൂന്നുപ്രാവശ്യം ദേവാലയഗോപുരങ്ങളിൽ നിന്നു് ഈ അഭിവാദ്യസൂചകമായ മണിനാദം മുഴങ്ങുന്നു; അതു കേൾക്കുന്ന മാത്രയിൽ ക്രൈസ്തവലോകം മുഴുവനും— ഉഴുതുകൊണ്ടിരിക്കുന്ന കൃഷിക്കാരനും, പണിതുകൊണ്ടിരി

ക്കുന്ന ആശാരിയും, വായിച്ചുകൊണ്ടിരിക്കുന്ന വിദ്യാത്ഥിയും, പ്രസംഗിച്ചുകൊണ്ടിരിക്കുന്ന പ്രൊഫസറും, കപ്പലോടിക്കുന്ന നാവികനും, ആട്ടമേയ്ക്കുന്ന ഇടയനും, മലംപ്രദേശത്തെ നായാടിയും—അവനവന്റെ വേലയെ തല്ക്കാലം നിറുത്തിവയ്ക്കുകയും, 'നന്മനിറഞ്ഞ മറിയമെ നിനക്കു വന്ദനം' എന്നു് ഏകകണ്ഠമായി ആലപിക്കുകയും ചെയ്യുന്നു. ദിവ്യസ്നേഹത്താൽ മേരിയുടെ ഹൃദയം ഭരിക്കപ്പെട്ടന്നതുകൊണ്ടും, ദിവ്യശക്തിയാൽ അവർ പരിഗ്രസ്ഥയാകാൻ പോകുന്നതുകൊണ്ടും, അവർ ദിവ്യവചനത്തെ ഉദരത്തിൽ ധരിക്കുന്നതിനു മുമ്പായി ആത്മാവിൽ ധരിച്ചുകഴിഞ്ഞിരുന്നതുകൊണ്ടും ദൈവം അവരോടുകൂടിയുണ്ടുവെന്നു മാലാഖാ പറയുന്നു.

പെട്ടെന്നുണ്ടായ ഈ ദശ്നത്താലും, കേവലം ഒരു സാധുകന്യകയായ തന്നോടു് അതിതേജസ്വിയായ ഒരു സ്വർഗ്ഗീയദൂതൻ പെരുമാററത്തിലും സംഭാഷണത്തിലും പ്രദശിപ്പിച്ച ഭക്ത്യാദരങ്ങളാലും മറിയ "അസ്വസ്ഥചിത്തയായി" ഈ അഭിവാദ്യം ഏതുമാതിരിയുള്ളതായിരിക്കാമെന്നു ഉള്ളുകൊണ്ടു ആലോചിച്ചു. ദൈവദൂതന്മാരെ മനുഷ്യർ വണങ്ങുകയും പൂജിക്കുകയും ചെയ്തിട്ടുള്ളതല്ലാതെ, ഒരു സ്വർഗ്ഗീയപാരിഷദൻ കേവലം ഒരു മനുഷ്യസൃഷ്ടിയെ നമസ്കരിച്ചു ബഹുമാനിക്കുകയെന്നുള്ളതു്, കന്യകാമറിയത്തിന്റെ മുമ്പാകെ ഗബ്രിയേൽ എന്ന ദൈവദൂതപ്രമുഖൻ പ്രണാമം ചെയ്തതിനു മുമ്പു് ഒരിക്കലും ഉണ്ടായിട്ടില്ല. ആത്മീയത്വം, ദിവ്യസാലോക്യം, ദിവ്യാനന്ദാനുഭവസൌകര്യം എന്നീ മൂന്നു സംഗതികളിൽ മാലാഖാമാക്കു മനുഷ്യരെ അപേക്ഷിച്ചു ശ്രേഷ്ഠതയും പൂജനീയതയുമുണ്ടു്. നമ്മുടെ കന്യക മനുഷ്യസൃഷ്ടിയാണെങ്കിലും ഈ മൂന്നു സംഗതികളിലും മാലാഖാമാരെ അധഃകരിക്കുന്നതുകൊണ്ടാണു് അവരുടെ രാജ്ഞിയെന്ന നിലയിൽ അവരിൽ പ്രാമാണികനായ

ഒരുവൻ ആ വനിതാരത്നത്തെ ഭക്ത്യാദരപൂർവ്വം നമസ്കരിക്കുന്നതായി നാം കാണുന്നതു്. മേരിയുടെ അസ്വാസ്ഥ്യം കണ്ടിട്ടു ദൈവദൂതൻ അവളോടു പറഞ്ഞു:— "മേരി, ഭയപ്പെടേണ്ട. ഭവതിക്കു ദൈവത്തിൻെറ അനുഗ്രഹം ലഭിച്ചിരിക്കുന്നു. കണ്ടാലും, ഭവതി ഗർഭം ധരിക്കുകയും ഒരു പുത്രനെ പ്രസവിക്കുകയും ചെയ്യും. അദ്ദേഹത്തിനു യേശുവെന്നു ഭവതി നാമകരണം ചെയ്യണം. അദ്ദേഹം മഹാനായിരിക്കുകയും അത്യുന്നതൻെറ പുത്രനെന്നു വിളിക്കപ്പെടുകയും ചെയ്യും. അദ്ദേഹത്തിൻെറ പിതാവായ ദാവീദിൻെറ സിംഹാസനത്തെ ജഗത്കർത്താവായ ദൈവം അദ്ദേഹത്തിനു പ്രദാനം ചെയ്യും. ജേക്കബിൻെറ ഗോത്രത്തിൽ അദ്ദേഹം എന്നേയ്ക്കും ഭരിക്കും. അദ്ദേഹത്തിൻെറ രാജ്യം അനന്തമായിരിക്കും."

ദൈവം സനാതനസത്യങ്ങളെ വെളിപാടുമൂലം ആവിഷ്കരിക്കുന്നതു മിക്കവാറും അനുക്രമവും സുവ്യക്തവുമായ രീതിയിലായിരിക്കുകയില്ല. അതു സാധാരണമായി ഗഹനവും അർത്ഥഗർഭവുമായിരിക്കും. ഗബ്രിയേൽ സർവ്വേശ്വരൻെറ മനുഷ്യാവതാരം സംബന്ധിച്ച തത്വങ്ങളെ സമ്പൂർണ്ണമായും സവിസ്തരമായും മേരിയോടു പ്രതിപാദിച്ചില്ല. പൂർവ്വവേദത്തിലെ ദീർഘദർശനങ്ങൾ, ഋഷിപ്രോക്തങ്ങൾ, സങ്കീർത്തനങ്ങൾ മുതലായവയെപ്പററിയുള്ള സൂചനങ്ങളാൽ എത്രയും ചുരുങ്ങിയ ഭാഷയിൽ അവയുടെ സാരം മുഴുവനും അവരെ ആ മാലാഖാ ഗ്രഹിപ്പിച്ചു. മനുഷ്യാവതാരമാകുന്ന പരമതത്വത്തെയും അതിനെ സംബന്ധിച്ചുള്ള ദീർഘദർശനങ്ങളെയും പററി വേദപുസ്തകം നിത്യവും പാരായണംചെയ്തുവന്ന മറിയയ്ക്കു സമഗ്രമായ ജ്ഞാനവും വിശ്വാസവുമുണ്ടായിരുന്നു. ഈവിധം പ്രബുദ്ധയായ ആ കന്യക ഈ ദിവ്യസന്ദേശത്തിൻെറ പ്രാധാന്യത്തെയും മഹത്വത്തെയും സമ്യക്കായി അവധാരണംചെയ്തു. "കണ്ടാലും, ഒരു കന്യക ഗർഭം ധരിക്കുകയും

ഒരു മകനെ പ്രസവിക്കുകയും ചെയ്യും; അവൻെറ പേരു് എമ്മാനുവൽ എന്നായിരിക്കും” എന്നു് എണ്ണൂറുകൊല്ലങ്ങൾക്കുമുമ്പു് ഇസയാസ്സു് ദീർഘദർശി പ്രവചിച്ചിട്ടുണ്ടായിരുന്നതിൻെറ നിവ്വഹണമാണു ദൈവദൂതൻ പ്രഖ്യാപനം ചെയ്തതെന്നു മേരിക്കു സ്പഷ്ടമായി അറിയാമായിരുന്നു. മനുഷ്യാവതാരംചെയ്യാൻപോകുന്ന ദൈവത്തിൻെറ മാതാവായി താൻ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നുവെന്നു് അവൾക്കു മനസ്സിലായി. മാലാഖായുടെ സന്ദേശം മുഴുവനും അക്ഷരംപ്രതി നിവ്വഹിക്കപ്പെടുമെന്നു് അവർ സന്ദേഹലേശംകൂടാതെ വിശ്വസിച്ചു. ഒരു സംഗതിയിൽമാത്രം അല്പം വിശദീകരണം ആവശ്യമായി അവൾക്കു തോന്നി. അവരുടെ നിത്യകന്യാത്വവ്രതത്തിനു ദേവമാതൃത്വംകൊണ്ടു വൈകല്യം സംഭവിക്കുകയില്ലെന്നും അതു് അഭംഗമായി അത്ഭുതകരമായി സംരക്ഷിക്കപ്പെടുമെന്നും മേലുദ്ധരിക്കപ്പെട്ട ഋഷിപ്രോക്തത്തിൽനിന്നു് അവൾക്കു നല്ലവണ്ണം ബോദ്ധ്യമായിരുന്നു. ഗബ്രിയേൽമാലാഖായുടെ സന്ദേശത്തിൻെറ സംഭാവ്യതയെപ്പററി അവൾക്കു് ഒട്ടും സംശയമുണ്ടായിരുന്നില്ലെങ്കിലും അതു നിവ്വഹിക്കപ്പെടുന്നതു് ഏതുപ്രകാരത്തിലായിരിക്കുമെന്നും അതിൻെറ നിവ്വഹണത്തിനായി അവർ എന്തു ചെയ്യണമെന്നും അറിയുന്നതിനു് അവർ ആഗ്രഹിച്ചു. അതുകൊണ്ടു് ആ സാദ്ധ്വി എത്രയും വിനീതമായും വിവേകാന്വിതമായും മാലാഖായോടു ചോദിച്ചു: * ഞാൻ പുരുഷനെ അറിയാത്തസ്ഥിതിക്കു് ഇതു് എങ്ങനെ സംഭവിക്കും? മാലാഖാ ഉത്തരമായി അവരോടു പറഞ്ഞു: പരിശുദ്ധാത്മാവു ഭവതിയിൽ നിവേശിക്കും; അത്യുന്നതൻെറ ശക്തി

---

* കുറാനിൽ മേരിയും മാലാഖയും തമ്മിലുള്ള സംഭാഷണം രേഖപ്പെടുത്തിയിരിക്കുന്നതു് ഈവിധമാണു്. “മാലാഖാ മേരിയോടു പറഞ്ഞു, ‘ദൈവം തൻെറ വചനത്തെ ഭവതിയിൽ അവതരിപ്പിക്കുന്നു; അദ്ദേഹം (അവതീർണ്ണൻ) യേശു, മിശിഹാ, മേരീസുതൻ എന്നിങ്ങനെ വിളിക്കപ്പെടും, അദ്ദേഹം ഇഹത്തിലും പരത്തിലും മഹത്വമുള്ളവനും മഹോന്നതൻെറ വിശ്വാസഭാ

ഭവതിയെ പരിഗ്രഹിക്കും; അതുകൊണ്ടു ഭവതിയിൽനിന്നു ജാതനാകുന്ന ആ പരിശുദ്ധൻ ദൈവപുത്രൻ എന്നു വിളിക്കപ്പെടും. കണ്ടാലും, ഭവതിയുടെ സംബന്ധിനിയായ എലിസബത്തു് അവളുടെ വാർദ്ധക്യകാലത്തു് ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു; വന്ധ്യയെന്നു വിളിക്കപ്പെടുന്ന അവൾക്കു ആറാംമാസമാകുന്നു. ദൈവത്തിനു് ഒരു കാര്യവും അസാധ്യമല്ലല്ലോ."

ഒരു മാലാഖാ വഴിയാത്രക്കാരൻെറ വേഷത്തിൽ ഒരു വൃക്ഷച്ചുവട്ടിൽ ഇരുന്ന വന്ധ്യയും വൃദ്ധയുമായിരുന്ന സാറായോടു അവൾക്കു ഒരു മകൻ ജനിക്കുമെന്നു പറഞ്ഞപ്പോൾ അവൾ വിശ്വസിക്കാതെ ചിരിച്ചുകളഞ്ഞു. എന്നാൽ അഭൂതപൂർവ്വവും അനുപമവുമായ ഒരു മഹാത്ഭുതം—കന്യാമാതൃത്വം—സംഭവിക്കുമെന്നു മാലാഖാ അറിയിച്ചപ്പോൾ മേരി ആ ദിവ്യപ്രതിശ്രവത്തെ ഏറ്റവും ആദരപൂർവ്വം വിശ്വസിച്ചു; തന്നെ സ്ത്രീകുലോത്തംസമായി അധിരോഹണം ചെയ്യിച്ച ആ അഖണ്ഡശക്തിയുടെ മുമ്പാകെ സപ്രശ്രയം നമസ്കരിച്ചിട്ടു അവർ ഇപ്രകാരം പ്രതിവചിച്ചു: "സർവ്വേശൻെറ ദാസിയെ കണ്ടാലും, അങ്ങു പറഞ്ഞതുപോലെ എനിക്കു സംഭവിക്കുമാറാകട്ടെ." ദിവ്യസന്ദേശവാഹിയായ ഗബ്രിയേൽ സൌഭാഗ്യവതിയായ കന്യകയുടെ ഈ അനുകൂലമായ മറുപടിയും ലോകപരിത്രാണകൃത്യത്തിൽ സഹകാരിണിയാകുന്നതിനുള്ള സമ്മതവും സിദ്ധിച്ച ക്ഷണത്തിൽ

---

ജനവും ആയിരിക്കും; അദ്ദേഹത്തിൻെറ ഉപദേശം ആബാലവൃദ്ധംജനങ്ങൾ ചെവിക്കൊള്ളുകയും അദ്ദേഹം നീതിമാന്മാരുടെ ഗണത്തിൽപെടുകയുംചെയ്യും' മേരി മറുപടിയായി 'എൻെറ ഭഗവാനെ, എനിക്കു് എങ്ങനെ മകനുണ്ടാകും? ഞാൻ പുരുഷനെ അറിയുകയില്ലല്ലോ' എന്നുപറഞ്ഞു.

'അതു് ഇപ്രകാരമായിരിക്കും. ദൈവം യഥേഷ്ടം സൃഷ്ടികളെ നിർമ്മിക്കുന്നു; ഒരു വസ്തു ഉണ്ടാകണമെന്നു്, അദ്ദേഹം മനസുവയ്ക്കുമ്പോൾ, അതു 'ഉണ്ടാകട്ടെ' എന്നു് അദ്ദേഹം പറയുകയും അതു് ഉണ്ടാവുകയും ചെയ്യുന്നു' എന്നു മാലാഖാ മറുപടിപറഞ്ഞു". (Koran. C. III)

തിരോധാനം ചെയ്തു. അതേമാത്രയിൽതന്നെ ദൈവം ആ വിശുദ്ധ കന്യകയുടെ ഉദരത്തിൽ മനുഷ്യനായി ഉത്ഭവിക്കുന്നു. പാപിനിയായ ഹവ്വാ പിശാചിനു വശംവദയായുകയാൽ മനുഷ്യവർഗ്ഗത്തിനു സംഭവിച്ച ഭയങ്കരമായ നാശത്തിൽനിന്നു അതിനെ സമുദ്ധരിക്കുന്നതിനായി സ്വർഗ്ഗീയദൂതപ്രമുഖനായ മാലാഖാ നിർമ്മലയായ അഭിനവഹവ്വായുമായി ഉടമ്പെട്ടുകഴിഞ്ഞിരിക്കുന്നു. ആദിമാതാവു നരകരാജാവിൻെറ ഹിതത്തെ അനുവർത്തിച്ചുവെന്ന മഹാപരാധത്തിനു കന്യാമാതാവു സ്വർഗ്ഗരാജഹിതാനുവർത്തനത്താൽ ഇതാ ശരിക്കു പരിഹാരം ചെയ്തിരിക്കുന്നു. സാധാരണമായി ഒരു സ്ത്രീ സ്വശിശുവിൻെറ ഭാവിയെപ്പററി കേവലം അജ്ഞയാണു്. എന്നാൽ മേരിയാകട്ടെ അവരുടെ മകൻെറ മഹത്വവും ദിവ്യോദ്യോഗവും അതിൻെറ നിർവ്വഹണത്തിൽ അനുഭവിക്കാനിരുന്ന പ്രപീഡനങ്ങളും കഷ്ടതകളും മുൻകൂട്ടി അറിഞ്ഞിരുന്നു. അവയെപ്പററിയുള്ള പരിപൂർണ്ണമായ അറിവോടുകൂടി ദേവമാതൃത്വത്തിനു അവർ സ്വമേധയാ സമ്മതിക്കുകയാൽ, തൻെറ ദിവ്യസുതൻെറ ഉദ്യോഗമായ ലോകോദ്ധാരണമഹാകൃത്യത്തിൻെറ നിർവ്വഹണത്തിൽ അവർ ശാരീരമായി മാത്രമല്ല ആത്മീയമായും സഹകരിച്ചു. ഈ സഹകാരിത്വം മനുഷ്യവർഗ്ഗത്തിൻെറ നിതാന്തമായ കൃതജ്ഞതയ്ക്കും സ്നേഹത്തിനും അവരെ യേശുവിനോടൊപ്പം പാത്രീഭവിപ്പിക്കുന്നു. കേവലം മർത്ത്യയായ ഒരുവളെ ദൈവത്തിൻെറ ജനനി എന്ന നിസ്തുല്യപദവിയിലേക്കു് ഉയർത്തുകയും കന്യാത്വമെന്നും മാതൃത്വമെന്നും പരസ്പരവിരുദ്ധങ്ങളും അതിശ്രേഷ്ഠങ്ങളുമായ രണ്ടു സ്ത്രൈണാവസ്ഥകളെ ഒരേസമയത്തു ഒരു സ്ത്രീയിൽ സമ്മേളിപ്പിക്കുകയും ചെയ്തു ഈ മഹാത്ഭുതത്തെപ്പററി നാം അധികമായി ചിന്തിക്കേണ്ടതില്ല. അതു മനുഷ്യബുദ്ധിക്കു അതീതമത്രെ. "ഇതിനപ്പുറം കടക്കേണ്ട. പറഞ്ഞിട്ടുള്ളതിൽ കൂടുതൽ അന്വേഷിക്കുകയോ, പരിശുദ്ധാത്മാവു കന്യക

യിൽ ഇതു എങ്ങനെ നിവ്ഹിച്ചു എന്നു ചോദിക്കുകയോ ചെയ്യേണ്ടതില്ല.........വെളിപ്പെടുത്തപ്പെട്ടതിനെ സമാദരിക്കുക; ഒളിച്ചുവയ്ക്കപ്പെട്ടതിനെ ജിജ്ഞാസയോടുകൂടി ചിന്തിച്ചുനോക്കരുതു്" എന്നു സെയിൻറ് ജോൺക്രിസോസ്റ്റം മനുഷ്യാവതാരപരമതത്വത്തിൻെറ അപ്രമേയമായ ഗഹനതയെപ്പററി പറയുന്നതനുസരിച്ചു്, നമുക്കു ആ ദിവ്യരഹസ്യത്തിൻെറ മുമ്പാകെ ഭക്തിപൂവ്ം നമസ്കരിക്കാം.

കുറിപ്പു:—ദൈവം മനുഷ്യനായി കന്യാമറിയത്തിൻെറ ഗർഭത്തിൽ ഉത്ഭവിച്ചസമയം അവരുടെ വിവാഹംസംബന്ധിച്ച അവസാനചടങ്ങു് കഴിഞ്ഞിരുന്നുവെന്നും അവർ നിയമപ്രകാരം ഭത്താവായ ജോസഫിൻെറകൂടെ താമസിച്ചിരിക്കുകയായിരുന്നുവെന്നുമുള്ള അഭിപ്രായമാണു് നാം ഇവിടെ സ്വീകരിച്ചിട്ടുള്ളതു്. വേദപാരഗന്മാരിൽ ഭൂരിപക്ഷവും തിരുസഭയും അനുകൂലിക്കുന്നതായ ഈ അഭിപ്രായത്തെ ആബേഫൂവാർദ്പ്രഭൃതികളായ ഒട്ടധികം ആധുനികപണ്ഡിതന്മാർ എതിക്കുന്നു. മംഗലവാത്ത ഉണ്ടായപ്പോൾ വിവാഹനിശ്ചയം മാത്രമേ കഴിഞ്ഞിരുന്നുള്ളുവെന്നും യഹൂദാചാരപ്രകാരം വിവാഹനിശ്ചയം കഴിഞ്ഞവരുടെ നിലയിൽ ജോസഫും മേരിയും അവരവരുടെ ഭവനത്തിൽ തമ്മിൽ കാണാൻ ഇടയില്ലാത്തവിധത്തിൽ താമസിച്ചിരിക്കുകയായിരുന്നുവെന്നും ഈ വിദ്വാന്മാർ വാദിക്കുന്നു. ഈ വാദത്തിനു പ്രമാണമായി ഗണിക്കപ്പെടുന്നതു ബൈബിളിലെ ഈ വാക്യശകലങ്ങളാണു്:— (1) When His mother Mary was espoused to Joseph..............." (St. Math Ch. 1. Ver. 18) (2) To a Virgin espoused to a man whose name was Joseph.......................', (St. Luke Chx. 1. Ver. 27.) ഈ രണ്ടു വാക്യങ്ങളിലുമുള്ള Espoused എന്ന പദത്തിനു 'വിവാഹത്തിനു നിശ്ചയിച്ച' എന്നല്ലാതെ 'വിവാഹംചെയ്ത' എന്നർത്ഥമില്ലെന്നും

'വിവാഹംചെയ്ത' എന്നുള്ളതിന്ന മൂലഭാഷയിൽ വേറൊരു പദമുണ്ടെന്നും അവർ സമത്ഥിക്കാൻ ശ്രമിക്കുന്നു. ഈ അത്ഥവിവരണം ശരിയാണെന്നു സമ്മതിച്ചാൽതന്നെയും, ബൈബിളിൻെറ ഇതരഭാഗങ്ങളും വേദശാസ്ത്രവും സന്ദർഭവും അതിൻെറ ഔചിത്യത്തെ അനുകൂലിക്കുന്നില്ല. വിശുദ്ധമാത്യുവിൻെറ സുവിശേഷത്തിലെ അടുത്ത വാക്യത്തിൽതന്നെ "അവളുടെ ഭത്താവായ ജോസഫ്" എന്നും അതിനടുത്തതിൽ "നിൻെറ ഭാൎയ്യയായ മേരി" എന്നും കാണുന്നു. വിവാഹനിശ്ചയം മാത്രമെ കഴിഞ്ഞിരുന്നുള്ളുവെങ്കിൽ ഭത്താവ്, ഭാൎയ്യ എന്നീ പദങ്ങൾ ഉപയോഗിക്കപ്പെടുമായിരുന്നില്ല. 'Espoused' എന്ന പദത്തിനു 'വിവാഹനിശ്ചയം കഴിഞ്ഞ' എന്നു മാത്രമെ അത്ഥമുള്ളുവെന്നും അതുകൊണ്ടു പ്രകൃതത്തിൽ വിവാഹനിശ്ചയം മാത്രമെ കഴിഞ്ഞിരുന്നുവെന്നുമുള്ള വ്യാഖ്യാനത്തെ പ്രതിപക്ഷികൾ മറെറാരു സുവിശേഷവാക്യംകൊണ്ടു യുക്തിയുക്തം ഖണ്ഡിക്കുന്നു. മേരി പൂൎണ്ണഗർഭിണിയായി ജോസഫിനോടുകൂടി ജനസംഖ്യക്കണക്കെടുപ്പു പ്രമാണിച്ചു ബെത്്ലേമിലേയ്ക്കു പോയപ്പോൾ അവരുടെ വിവാഹത്തിൻെറ അവസാനചടങ്ങും കഴിഞ്ഞിരുന്നുവെന്നുള്ളതു് തീച്ച്യയാണ്. ആ പതനത്തിലും സുവിശേഷകാരൻ "Mary his espoused wife" (അവൻെറ വിവാഹനിശ്ചയം കഴിഞ്ഞ ഭാര്യയായ മേരി) എന്നാണു പ്രയോഗിച്ചിരിക്കുന്നതു്. (St. Luke ch II: Ver. 5) 'വിവാഹനിശ്ചയം കഴിഞ്ഞ' എന്നു് അത്ഥമുള്ള പദം വിവാഹം കഴിഞ്ഞു എന്ന തീച്ച്യയായതിനുശേഷവും സുവിശേഷകാരൻ മേരിയെ സംബന്ധിച്ചു് ഉപയോഗിച്ചുകാണുന്നതു് ദാമ്പത്യജീവിതത്തിലും കന്യാത്വത്തിനു ഭംഗം വരാത്ത—വിവാഹംകഴിഞ്ഞു ഭത്താവോടുതാമസിക്കുന്നവളാണെങ്കിലും വിവാഹനിശ്ചയംമാത്രം കഴിഞ്ഞ ഒരു സ്ത്രീയെപ്പോലെ ബ്രഹ്മചാരിണിയായിരിക്കുന്ന—മേരിയുടെ സ്ഥിതിവൈശി

ഷ്ട്യത്തെ ദ്യോതിപ്പിക്കുന്നതിനാണെന്നു യാഥാസ്ഥിതികന്മാരായ വേദവിശാരദന്മാർ ഉപപാദിക്കുന്നു. ഈ ഉപപാദനത്തിൻെറ സാധുത മററുപ്രകാരത്തിലും സ്ഥാപിക്കപ്പെടാവുന്നതാണ്. ഈശ്വരാവതാരപരമരഹസ്യത്തെ ലോകദൃഷ്ടിയിൽനിന്നു ആച്ഛാദനം ചെയ്യുന്നതിനും, കന്യകാമാതാവിനെയും കന്യാജാതനെയും ലോകായതികന്മാരുടെ ജുഗുപ്സാവഹമായ അപവാദങ്ങളിൽനിന്നു സംരക്ഷിക്കുന്നതിനും ഒരു തിരസ്കരണി ആവശ്യകമായിരുന്നു. അതിനു വിവാഹത്തെക്കാൾ പര്യാപ്തമായ ഒരു യവനിക ലഭ്യമല്ല. ഗർഭാധാനകാലത്തു വിവാഹനിശ്ചയംമാത്രം കഴിഞ്ഞിരുന്ന സ്ത്രീപുരുഷന്മാർ ഗർഭം പ്രത്യക്ഷമായി അപവാദത്തിനിടയാകുന്നതിനുമുമ്പു വിവാഹകർമ്മം നടത്തിക്കളഞ്ഞുവെന്നു വിചാരിക്കാനും പ്രകൃതത്തിൽ സംഗതി കാണുന്നില്ല. എന്തുകൊണ്ടെന്നാൽ മംഗലവാർത്തയും ഗർഭോത്പാദനവും ഉണ്ടായ ഉടൻതന്നെ മേരി ബദ്ധപ്പെട്ടു എലിസബത്തിനെ സന്ദർശിക്കുന്നതിനു യെഹൂദിയായിലേയ്ക്കു പോയതായി സുവിശേഷകാരൻ പ്രസ്താവിക്കുന്നു. അവിടെനിന്നു അവർ മടങ്ങിവന്നപ്പോൾ ഉദ്ദേശം നാലുമാസം കഴിഞ്ഞിരുന്നു. അപ്പോഴത്തേയ്ക്കു ഗർഭം പ്രത്യക്ഷീഭവിച്ചിരിക്കണം. അതിനുമുമ്പായി വിവാഹം നടന്നിരുന്നില്ലെങ്കിൽ, മേരിയുടെ സ്ഥിതി സ്വജനങ്ങളുടെയും ബന്ധുജനങ്ങളുടെയും മററു സമീപസ്ഥരുടെയും ദൃഷ്ടിയിൽ എത്ര ദയനീയവും ആക്ഷേപാഹവുമായിരിക്കുമായിരുന്നു! ദിവ്യവും നിർമ്മലവുമായ ക്രിസ്തുവിൻെറ ജനനംതന്നെയും അശുദ്ധവും പാപകലുഷിതവുമായി ഗണിക്കപ്പെട്ടുമായിരുന്നു. 'കമ്മാളൻെറ മകൻ' എന്നും മററും പറഞ്ഞു അദ്ദേഹത്തെ അധിക്ഷേപിച്ചവൈരികൾ അദ്ദേഹത്തിൻെറ ജന്മാശുദ്ധിയെ സൂചിപ്പിച്ചുകൂടി അദ്ദേഹത്തെ അവഹേളിക്കുവാൻ ഒരു പഴുതുണ്ടായിരുന്നുവെങ്കിൽ അങ്ങനെ ചെയ്യാതിരിക്കുമായിരുന്നില്ല. എല്ലാപ്രകാരത്തിലും അദ്ദേഹത്തെ നിന്ദിക്കുകയും പരിഹസിക്കു

കയുംചെയ്തു അവർ തങ്ങളുടെ വിരോധിക്കു ഏററവും അവമാനകരമായിത്തോന്നാവുന്ന ഈ സംഗതിയെ ഒരിക്കലും സൂചിപ്പിച്ചു കാണുന്നില്ലെന്നുള്ളതുതന്നെ അതു ശങ്കാതീതമായിരുന്നുവെന്നുള്ളതിനെ തെളിയിക്കുന്നു. ക്രിസ്തുവിൻെറ അത്ഭുതകരമായ ഗർഭജനനസമയത്തു മേരിയും ജോസഫും മുറപ്രകാരം വിവാഹംകഴിഞ്ഞു ഒരുമിച്ചു താമസിച്ചിരിക്കുകയായിരുന്നതിനാൽ അത്തരം ഒരപവാദത്തിനു ഒരിക്കലും വകയുണ്ടായിരുന്നില്ല. നിത്യബ്രഹ്മചര്യവ്രതം സ്വീകരിച്ച ഈ രണ്ടു പുണ്യാത്മാക്കളെ തമ്മിൽ വിവാഹം ചെയ്യിച്ചു ഗൃഹസ്ഥാശ്രമത്തിൽ ഈശ്വരൻ പ്രവേശിപ്പിച്ചതുതന്നെ ഇപ്രകാരമുള്ള ഒരു അപവാദത്തിനു സംഗതിയാക്കാതിരിക്കാൻകൂടി ആയിരുന്നിരിക്കണമെന്നുള്ളതിനു സംശയമില്ല.

ഇങ്ങനെ, വേദപുസ്തകം മാത്രമല്ല യുക്തിയും ഔചിത്യബോധവും സാഹചര്യങ്ങളും മേരിയുടെ വിവാഹം "മംഗലവാർത്ത"യ്ക്കു മുമ്പായിത്തന്നെ നടന്നിരുന്നു എന്ന വിശ്വാസത്തെ അനുകൂലിക്കുന്നു. എത്രയും പ്രാമാണികന്മാരായ ചില പണ്ഡിതന്മാർ ഈ വിവാദത്തിൽ എതിർപക്ഷത്തെ താങ്ങുന്നുവെങ്കിലും, തിരുസഭ ഇതിനെപ്പററി ഒരുവിധി പ്രസ്താവിച്ചിട്ടില്ലെങ്കിലും, യുക്തിക്കും ഭക്തിക്കും യാഥാർത്ഥ്യത്തിനും കൂടുതൽ അനുരൂപമായിരിക്കുന്നതു പ്രസ്തുതമായ അഭിപ്രായമാണെന്നുള്ളതിനു സംശയമില്ല. ഇതിനെപ്പററിയുള്ള തീരുമാനം എന്തുതന്നെയും ആയിരുന്നുകൊള്ളട്ടെ; ദേവമാതാവിൻെറ കന്യാമാതൃത്വം എന്ന ഏററവും സാരമായ തത്വം, ഗർഭാധാനസമയം അവർ ഊഢ ആയിരുന്നാലും ശരി, അനൂഢയായിരുന്നാലും ശരി, ഒരിക്കലും സംശയത്തിനും വിവാദത്തിനും വിഷയമായിട്ടില്ല. ക്രൈസ്തവരായ ഏവരും അവർ ഏററവും പരിശുദ്ധയായ കന്യകാമാതാവായിരുന്നുവെന്നു നിസ്സന്ദേഹം വിശ്വസിക്കുന്നു. മുഹമ്മ

ദീയർതന്നെയും 'അവർ വിശുദ്ധിയുടെ ഉറവും ഖനിയുമായി രുന്നു' * എന്നു സമ്മതിക്കുന്നു.

---

## അദ്ധ്യായം ൭.

### മേരി എലിസബത്തിനെ സന്ദർശിക്കുന്നു.

ലോകോദ്ധാരണത്തിനായി ചിരപ്രതീക്ഷിതമായിരുന്ന ആ മഹാസംഭവം സമാരംഭിച്ചിരിക്കുന്നു. സർവ്വേശ്വരൻ കന്യകാമറിയയുടെ ഉദരത്തിൽ മനുഷ്യജന്മം സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു. ആ മഹാരംഭത്തിനു സമ്മതിദാനംചെയ്യുകയാൽ അധഃപതിതമായ ലോകത്തിൻെറ പ്രത്യാശയെ അവർ നിറവേററിയിരിക്കുന്നു. അവർ ലോകചരിത്രത്തെ രണ്ടായി വിഭജിച്ചിരിക്കുന്നു. അതിൻെറ പൂർവ്വഭാഗം അവരിൽ അവസാനിക്കുകയും ഉത്തരഭാഗം അവരിൽ തുടങ്ങുകയും ചെയ്യുന്നു.

ഈ സംഭവംതന്നെയാണു് അവരുടെയും ജീവിതവൃത്തത്തിൻെറ കേന്ദ്രമായിരിക്കുന്നതു്. അവരുടെ മഹത്വം മുഴുവനും അതിൽനിന്നുണ്ടായതാണു്. അവരുടെ ഇതുവരെയുള്ള ജീവിതം ദേവമാതൃത്വത്തിനായുള്ള സജ്ജീകരണമായിരുന്നു; ഇതുമുതൽ അവർ ദൈവത്തിൻെറ മാതാവായി തീർന്നിരിക്കുന്നു. ലോകത്തെ സമുദ്ധരിക്കുന്നതിനുള്ള ദൈവത്തിൻെറ മനസ്സുമായി അവരുടെ മനസ്സു യോജിച്ചനിമിഷം മുതൽ അവരുടെയും ലോകത്തിൻെറയും നവീനചരിത്രം ആരംഭിക്കുന്നു. നസറെത്തുമുതൽ കല്‌വാരിവരെയുള്ള ലോകചരിത്രത്തിലെ ഏററവും പ്രധാനമായ, ആ മഹാപ്ര

---

* Abou Ishac.

സ്ഥാനം അപ്പോൾ ഉദ്ഘാടനം ചെയ്യപ്പെട്ടു. അതിൻെറ തുടക്കത്തിൽ സഹപ്രവത്തകരായിരുന്ന യേശുവും മേരിയും അതിൻെറ സങ്കടകരമായ പയ്യവസാനത്തിലും ഒന്നിച്ചു തന്നെ കാണപ്പെടുന്നു. ആ പ്രസ്ഥാനത്തിൻെറ പരിസമാപ്തിയിൽ മേരിക്കു ഒരു ഗണ്യമായ പംകുണ്ടു്; എന്നാൽ അതിൻെറ ആരംഭത്തിൽ അവൎക്കുണ്ടായിരുന്ന പങ്കു് അതിലും വലുതായിരുന്നു. ഒടുവിൽ അവർ യേശുവിനോടു് അനുഷക്തയായി കുരിശിൻചുവട്ടിൽ നിന്നുകൊണ്ടു സത്തുക്കളായ സവ്ജനങ്ങളുടെയും ആത്മീയമാതൃത്വം വഹിക്കുന്നു. എങ്കിലും അപ്പോൾ അവിടെ ലോകരക്ഷാനിവ്ഹണത്തിൽ ഏപ്പെട്ടിരിക്കുന്നതായി സവ്വോപരി പ്രത്യക്ഷനായി കാണപ്പെടുന്നതു ലോകൈകരക്ഷകനായ യേശു തന്നെയാണു്. എന്നാൽ തുടക്കത്തിലാകട്ടെ, പ്രധാന പ്രവത്തകൻ എപ്പോഴും യേശുതന്നെ ആണെങ്കിലും, യേശു മേരിയിൽ അന്തഹിതനായിരുന്നിട്ടു് ആ കന്യാമാതാവിനെ മാത്രം പ്രത്യക്ഷീഭവിപ്പിക്കുന്നു. അവർ അദ്ദേഹത്തെ ലോകത്തു് അവതരിപ്പിക്കുന്നതുവരെ അദ്ദേഹം ലോകത്തു വെളിപ്പെടുന്നില്ല. ലോകത്തിൻെറ അധഃപതനത്തിനു ഹവ്വാ എങ്ങനെ ഹേതുഭൂതയായിരുന്നുവോ, അതുപോലെ അതിൻെറ പുനരുദ്ധാരണത്തിനു മേരിയും ഹേതുവായിബ്ഭവിക്കുന്നു.

ഗബ്രിയേൽദൈവദൂതൻെറ സന്ദർശനം മുതൽ മേരി അവാച്യമായ പരമാനന്ദം അനുഭവിച്ചു. അതിനുമുമ്പു തന്നെ ദിവ്യാനുഗ്രഹങ്ങളെക്കൊണ്ടു നിറഞ്ഞിരുന്ന അവരുടെ ഹൃദയത്തിൽനിന്നു അതിനുശേഷം അവ കൂലംകഷമായി പ്രവഹിച്ചിട്ടു നാലുപാടും അവയുടെ പരിമളധോരണിയെ വ്യാപിപ്പിച്ചു. മാലാഖായുടെ സന്ദേശത്തെപ്പററി അവർ നിരന്തരം ധ്യാനിച്ചുകൊണ്ടിരുന്നു. ഇങ്ങനെ ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ എലിസബത്തിനെ സംബന്ധിച്ചു അതിൽ അടങ്ങിയിരുന്ന വചനങ്ങളെ അ

വർ ഓത്തു. സ്വസംബന്ധിനിയുടെ ഗർഭസ്ഥനായ ശിശു വിനു്, തന്നിൽ ഉൽഭൂതനായിരിക്കുന്ന ലോകപരിത്രാതാവി ൻെറ മഹാകൃത്യനിർവ്വഹണത്തെ സംബന്ധിച്ചു് ഏതോ ദിവ്യോദ്യോഗം വഹിക്കാനുണ്ടായിരിക്കണമെന്നു് അവർ തീ ച്ചപ്പെടുത്തി. അനപത്യതാദുഃഖത്താൽ പരവശരായിരുന്ന എലിസബത്തിനും ഭത്താവിനും അവരുടെ വാദ്ധക്യകാ ലത്തു് അത്ഭുതകരമായവിധത്തിൽ സന്താനലാഭമുണ്ടാ കാൻപോകുന്നതിനെപ്പററി ഓത്തപ്പോൾ മേരിയുടെ ഹൃദ യം ആനന്ദഭരിതമായി. മാതാപിതാക്കന്മാരുടെ മരണ ശേഷം തൻെറ രക്ഷാകർതൃസ്ഥാനം വഹിച്ചു്, പുത്രീനിവ്വി ശേഷമായ വാത്സല്യത്തോടു തന്നെ പരിലാളിച്ച ആ പു ണ്യാത്മാക്കളെ അവക്കു സിദ്ധിച്ച ഈ അപൂർവ്വസൌഭാഗ്യ ത്തിൽ അനുമോദിക്കുന്നതിനായും തനിക്കു ലഭിച്ചിരിക്കുന്ന മഹത്തരമായ അനുഗ്രഹവിശേഷത്താൽ സ്വഹൃദയത്തിൽ കരകവിഞ്ഞൊഴുകുന്ന പരമാനന്ദത്തിൽ അവരെയും ഭാഗ ഭാക്കുകളാക്കുന്നതിനായും അവരെ സന്ദർശിക്കുന്നതിനു മേരി ആഗ്രഹിച്ചു. ജോസഫിൻെറ അനുവാദത്തോടുകൂടി അ വർ യൂദേയാനാട്ടിൽ യറൂശലേമിനു സമീപത്തു തെക്കുപടി ഞ്ഞാറായി സ്ഥിതിചെയ്യുന്ന യൌത്താ എന്ന സ്ഥലത്തുള്ള എലിസബത്തിൻെറ വീട്ടിലേയ്ക്കു പുറപ്പെട്ടു. "ആ ദിവ സങ്ങളിൽ മേരി എഴുന്നേററു ത്വരിതഗതിയായി മലംപ്രദേ ശത്തു യൂദായിലുള്ള ഒരു പട്ടണത്തിലേയ്ക്കു പോയി." (Luke I; 19) തൻെറ പണിമുടക്കിക്കൊണ്ടുപോകാൻ നി വൃത്തിയില്ലായിരുന്നതുകൊണ്ടു ജോസഫ് ഭാൎയ്യയെ അനുഗ മിച്ചിരിക്കുകയില്ല. സാരമായ സംഗതികളെപ്പററി മാത്രം പ്രതിപാദിക്കുന്നതിൽ ദത്തശ്രദ്ധരായ സുവിശേഷകാരന്മാർ സാമാന്യം ദീർഘവും ക്ലേശാവഹവുമായ ഈ യാത്രയിൽ മേരിക്കു അവശ്യമുണ്ടായിരുന്നിരിക്കേണ്ട 'കൂട്ടി'നെപ്പററി പറയാത്തതു് അതു് അപ്രധാനമായിരുന്നതുകൊണ്ടായിരി ക്കും. യുവതിയും സുന്ദരിയുമായ തൻെറ ഭാൎയ്യയെ,— തൻെറ

സമീക്ഷയിൽ ദൈവത്താൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ആ അപൂർവരത്നത്തെ—അദ്ദേഹം അസഹായയായി അയച്ചുവെന്നും, സ്വപുത്രന്റെ ധർമ്മപ്രചാരണപര്യടനങ്ങളിൽ അദ്ദേഹത്തെ അനുഗമിച്ചപ്പോഴൊക്കെ പ്രൌഢവയസ്കരായ ഒന്നിലധികം സ്ത്രീജനങ്ങളാൽ പരിസേവിതയായി കാണപ്പെടുന്ന ആ അബലാരത്നം, സർവ്വശക്തനാൽ എപ്പോഴും പ്രത്യേകം സംരക്ഷിതയാണെങ്കിലും, തനിച്ചു യാത്രചെയ്തുവെന്നും വിചാരിക്കുന്നതു അസംഗതമാണ്.' വിശേഷിച്ചു പൌരസ്ത്യയായ ഒരു യുവതി അക്കാലത്തു ഏകാകിനിയായി സഞ്ചരിക്കുക ഒട്ടും സംഭാവ്യമല്ല. വയസ്സനായ ഒരു ഭൃത്യനും ചെറുപ്പക്കാരിയായ ഒരു സ്ത്രീയും മേരിക്കു കൂട്ടുപോയിരുന്നുവെന്നു പാരമ്പര്യമായി വിശ്വസിക്കപ്പെടുന്നതു വളരെ ശരിയായിരിക്കണം. യറുശലേംവരെ ബന്ധുജനങ്ങളായ തീർത്ഥയാത്രക്കാരുടെ സഹായസഹകരണങ്ങളും അവർക്കു സിദ്ധിച്ചിരിക്കണം. മാർച്ചുമാസാവസാനത്തു പെസഹാകാലമായതുകൊണ്ടു പെരുന്നാളാഘോഷത്തിൽ പങ്കുകൊള്ളുന്നതിനായി ജോസഫ്കൂടി യറുശലേംവരെ പോയിരുന്നുവെന്നു ചിലർ വിചാരിക്കുന്നു. അവിടെനിന്നു ഉദ്ദിഷ്ടസ്ഥാനത്തേയ്ക്കു നാലരമൈൽ ദൂരം മാത്രമേയുള്ളു.

നസറെത്തിൽനിന്നു യൌത്തായിൽ എത്തുന്നതിനു അഞ്ചുദിവസം യാത്രചെയ്യണം. സ്വർഗ്ഗീയരാജരാജേശ്വരിയായ മേരി ആ ദൂരമെല്ലാം നഗ്നപാദയായി സഞ്ചരിച്ചു. അലൌകികങ്ങളും ഉത്കൃഷ്ടങ്ങളുമായ ചിന്തകളിൽ മുഴുകിയിരിക്കുകയാൽ യാത്രയുടെ ദൂരവും ക്ലേശവും അവർ അറിഞ്ഞില്ല. ബലഹീനർക്കു ബലവും ക്ഷീണിച്ചവർക്കു ആശ്വാസവും പ്രദാനംചെയ്യുന്ന സച്ചിൻമയനെ അവർ സംവഹിച്ചിരിക്കുകയാണല്ലോ. കുന്നുകളിലും തടങ്ങളിലും മരുഭൂമികളിലും കുററിക്കാടുകളിലുംകൂടിയുള്ള മേരിയുടെ ഈ പ്രയാണം ഇദംപ്രഥമമായ 'ദിവ്യകാരുണ്യ'ഘോഷയാത്രയായിരുന്നു. സാ

ക്ഷാൽ ക്രിസ്തുവിൻെറ ശരീരമായ കർബ്ബാനയെ സംഗ്രഹിച്ചിരിക്കുന്ന പ്രദശിനിയും (Ostensoriun) അതിനെ വഹിക്കുന്ന മഹാപുരോഹിതയും മേരിതന്നെയാണു്. ആ സുകൃതിനി ജഗത്കത്താവിനെ തൻെറ ഉദരത്തിൽ വഹിച്ചുകൊണ്ടു് അദ്ദേഹത്തിൻെറ സൃഷ്ടികളുടെ ഇടയിൽക്കൂടി അവരുടെ ശ്രദ്ധയ്ക്കു വിഷയമാകാതെ പ്രയാണംചെയ്യുന്നു. മായാബദ്ധമായ ലോകം യാഥാർത്ഥ്യം മനസ്സിലാക്കി അവരെ യഥായോഗ്യം ബഹുമാനിച്ചില്ലെങ്കിലും, മാലാഖമാർ അദൃശ്യമായി അവക്കു അകമ്പടി സേവിക്കുകയും തങ്ങളുടെ രാജാധിരാജനെയും രാജ്ഞിയെയും സ്വർഗ്ഗീയഗാനങ്ങളാൽ സമാരാധിക്കുകയും ചെയ്യുന്നു. സമ്പുടകനിക്ഷിപ്തമായ വിശുദ്ധ കർബ്ബാനയെ അനാഡംബരമായി വഹിച്ചുകൊണ്ടു് ആസന്നമരണനായ രോഗിയെ സന്ദശിക്കാനായി ബദ്ധപ്പെട്ടുപോകുന്ന ക്രൈസ്തവപുരോഹിതൻ സച്ചിദാനന്ദമൂത്തിയെ ഗർഭത്തിൽ ധരിച്ചുകൊണ്ടുള്ള കന്യകാമറിയത്തിൻെറ പ്രയാണത്തെ ആവത്തിക്കുകയും അനുസ്മരിപ്പിക്കുകയുമത്രെ ചെയ്യുന്നതു്.

മേരി സുഖമായി യെരൂത്തായിൽ വന്നുചേൻു. വന്ധ്യവയോവൃദ്ധരായ സഖേരിയായും എലിസബത്തും സ്വസ്ഥരായി ജീവിച്ചിരുന്ന ആ വിശുദ്ധവസതി സൌഭാഗ്യവതിയായ കന്യകയുടെ സുമധുരമായ അഭിവാദ്യസ്വരത്താൽ മുഖരിതമായി. മേരി "സഖേരിയായുടെ വീട്ടിനുള്ളിൽ പ്രവേശിക്കുകയും" തന്നെ എതിരേൽക്കുന്നതിനായി വന്ന "എലിസബത്തിനെ അഭിവാദനം ചെയ്യുകയും ചെയ്തു. എലിസബത്തു മേരിയുടെ അഭിവാദനത്തെ കേട്ടപ്പോൾ അവളുടെ ഗർഭത്തിൽ ശിശു തുള്ളി." ദേവമാതാവിൻെറ വചനാമൃതത്തിൽനിന്നു നിർഗ്ഗളിതമായ ദിവ്യാനുഗ്രഹം അത്യുത്കൃഷ്ടമായ ഒരു ഉദ്യോഗം നിർവഹിക്കുന്നതിനും പരമമായ പരിശുദ്ധിയെ പ്രാപിക്കുന്നതിനും ഉദ്ദേശിക്കപ്പെട്ടിരുന്ന ആ ശിശുവിനെ പ്രാപിച്ചു് അതിൻെറ ആത്മാ

വിനെ പ്രബുദ്ധമാക്കി. മേരിയുടെ ഉദരത്തിൽ അന്തർഹിത നായിരുന്ന ജഗദീശൻ എലിസബത്തിൻെറ ഗർഭസ്ഥമായ ശിശുവിൽനിന്നു മനുഷ്യവർഗ്ഗസഹജമായ പാപമാലി ന്യത്തെ ഉച്ചാടനം ചെയ്യുകയും പരിശുദ്ധാത്മാവിനെ അതിൽ നിവേശിപ്പിക്കുകയും ചെയ്തപ്പോൾ, ആ ശിശു പരമാനന്ദജന്യമായ ഒരു ചലനവിശേഷത്താൽ തൻെറ ദിവ്യനാഥനെ അഭിവന്ദിച്ചു. ശിശുവിനു സിദ്ധിച്ച ദിവ്യാ നുഗ്രഹം മാതാവിലും സംക്രമിച്ചു. "എലിസബത്തു് പരി ശുദ്ധാത്മാവിനാൽ അഭിഗ്രസ്തയായി, അവർ ഉച്ചസ്വര ത്തിൽ വിളിച്ചുപറഞ്ഞു: 'ഭവതി സ്ത്രീകളിൽ അനുഗ്രഹീ തയാകുന്നു. എൻെറ ജഗദീശൻെറ ജനനി എൻെറ അടു ക്കൽ വരുന്നതിനുള്ള ഭാഗ്യം എനിക്കു എവിടെനിന്നു സിദ്ധിച്ചു? എന്തെന്നാൽ ഭവതിയുടെ വന്ദനശബ്ദം എൻെറ കണ്ണുങ്ങളിൽ മുഴങ്ങിയ ഉടൻ എൻെറ ഗർഭ ത്തിലെ ശിശു സന്തോഷംകൊണ്ടു തുള്ളി. വിശ്വസിച്ച ഭവതി അനുഗ്രഹീതയാകുന്നു; എന്തെന്നാൽ ജഗത്കർത്താവു ഭവതിയോടു പറഞ്ഞ സംഗതികൾ നിർവഹിക്കപ്പെടും."

എലിസബത്തിനു സിദ്ധിച്ച അത്ഭുതകരമായ അനു ഗ്രഹം ദൈവദൂതൻവഴി മേരി അറിഞ്ഞിരുന്നു; ഇപ്പോൾ, ദൈവം മേരിക്കു പ്രദാനംചെയ്ത അനന്യലഭ്യമായ സൌഭാ ഗ്യത്തെപ്പററി അദ്ദേഹംതന്നെ നേരിട്ടു തൻെറ പരിശു ദ്ധാത്മാവുവഴി എലിസബത്തിനെയും ഗ്രഹിപ്പിക്കുന്നു. എലിസബത്തു മേരിയെക്കാൾ വളരെ പ്രായംകൂടിയവരും ഒരു പുരോഹിതശ്രേഷ്ഠൻെറ ധർമ്മപത്നിയുമാണു്; മേരി യാകട്ടെ കേവലം ഒരു കർമ്മാളൻെറ ഭാര്യയായ ഒരു ചെറുപ്പ ക്കാരിയത്രെ. എങ്കിലും ആ വന്ദ്യവൃദ്ധ ആഗതയായ യുവതി യുടെ ദിവ്യമഹത്വത്തെ ജ്ഞാനദൃഷ്ടിയിൽ ദർശിച്ചിട്ടു് എത്രയും വിനീതയായി അവരുടെ മുമ്പാകെ നമസ്കരിക്കു ന്നു. സ്വപുത്രനായ യോഹന്നാൻ ആരുടെ ചെരുപ്പു ചുമ

ക്കുന്നതിനു് അദ്ദേഹത്തിനു യോഗ്യതയില്ലെന്നു പ്രസ്താവിക്കു മോ ആ വിശ്വനാഥൻെറ മാതാവിനെ തൻെറ ഗൃഹത്തിൽ സ്വീകരിക്കുന്നതിനു തനിക്കു അർഹതയില്ലെന്നു എലിസബത്തു പ്രഖ്യാപനം ചെയ്യുന്നു. മേരിക്കു സിദ്ധിക്കാനിരിക്കുന്ന സാർവലൌകികവും സാർവകാലികവുമായ പ്രേമപൂജയെ മുൻകൂട്ടി കണ്ടിട്ടു് അവരുടെ ദൈവവിശ്വാസത്തെയും, അവക്കു സിദ്ധിച്ച അനിതരസ്ത്രീസാധാരണമായ മഹാനുഗ്രഹത്തെയും, അവരുടെ ഗർഭഫലംവഴി ലോകത്തിനു നൽകാനിരിക്കുന്ന നന്മയെയും ആസ്പദമാക്കി എലിസബത്തു് ആ സൌഭാഗ്യവതിയെ വാഴ്ത്തുന്നു. 'എൻെറ ജഗദീശൻെറ മാതാവു്' എന്ന അഭിസംബോധനയാൽ മേരി അവതീണ്ണനായ ദൈവത്തിൻെറ ജനനിയാണെന്നുള്ള സനാതനതത്വത്തെ എലിസബത്തു് ഇദംപ്രഥമമായി പ്രഖ്യാപനം ചെയ്യുന്നു. തൻെറ ഭത്താവു മാലാഖാ പറഞ്ഞതിനെപ്പററി സംശയിച്ചതുകൊണ്ടു അദ്ദേഹം അനുഭവിച്ച ശിക്ഷയെ അനുസ്മരിച്ചിട്ടുകൂടിയാണു് ആ പുണ്യവതി മേരിയുടെ വിശ്വാസത്തെ എത്രയും ഹാർദ്ദമായി അഭിനന്ദിക്കുന്നതു്. മേരിയുടെ യഥാത്ഥസ്ഥിതിയെപ്പററി—ദൈവത്തിനും അവക്കും മാത്രം അറിയാമായിരുന്നതും മററുള്ളവരെ ഗ്രഹിപ്പിക്കുന്നതിനു സ്ത്രീസഹജമായ സങ്കോചത്താൽ അവർ വളരെ ക്ലേശിക്കുമായിരുന്നതുമായ ആ ദിവ്യരഹസ്യത്തെ—ആ പരാപരൻതന്നെ എലിസബത്തിനെ അറിയിച്ചതിനാൽ അവരുടെ ഹൃദയം അദ്ദേഹത്തോടു എത്രയും കൃതജ്ഞതാപരവശമായിത്തീരുന്നു. മേരി, എലിസബത്തു്, സഖേരിയാ എന്നീ മഹാത്മത്രയത്തിൻെറ സമ്മേളനത്തിൽ ദൈവം സംപ്രീതനായി അപൂവ്വങ്ങളായ അനുഗ്രഹങ്ങളെ അവരുടെമേൽ വർഷിക്കുന്നു. ഈ അനുഗ്രഹങ്ങളെയും മനുഷ്യവഗ്ഗത്തിനു ആസന്നമായിരിക്കുന്ന സമുദ്ധാരണത്തെയും അതിൽ ഭാഗിനിയാകുന്നതിനു തനിക്കു സിദ്ധിച്ച ഭാഗധേയത്തെയും സ്മരിച്ചും, എലി

സബത്തിൻെറ അധരങ്ങൾവഴി നിർഗ്ഗമിച്ച പരിശുദ്ധാത്മാവിൻെറ അഭിനന്ദനവചനങ്ങൾക്കു പ്രത്യുത്തരമായും മേരി നിസ്സർഗ്ഗമധുരമായി ഈവിധം സർവേശ്വരമഹിമയെ പ്രകീർത്തനം ചെയ്യുന്നു.

## മഹത്വസ്തോത്രം.

## (The Magnificat.)

(ഗാഥ)

ഈശമഹത്വത്തെ വാഴ്ത്തിയെന്നാത്മാവ-
പ്പേശലരൂപനിലാനന്ദിപ്പൂ.
പാരിലെളിയോരിദ്ദാസിയെത്തമ്പുരാൻ
കാരുണ്യപൂർവ്വമായ് വീക്ഷിച്ചല്ലോ.
ഊഴിയിലാരു'മനുഗൃഹീത'യെന്നീ
യേഴയെ നിത്യമിനി വിളിക്കും.
സത്തമകാര്യമെനിക്കുചെയ്താസ്സർവ്വ-
ശക്തൻ;തൻനാമം വിശുദ്ധമത്രേ.
ഉന്നിദ്രകാരുണ്യം നിത്യംപൊഴിക്കുന്നു
തന്നിൽ ഭയമാർന്നിരിക്കുവോരിൽ;
തൻഭുജവിക്രമചാതുരിപാരമ്യം
തമ്പുരാൻ പ്രത്യക്ഷമാക്കിയല്ലോ;
ദാംഭികാഹംകാരിവർഗ്ഗത്തെയങ്ങിങ്ങു
തമ്പുരാൻ താറുമാറായ്ചിതറി.
പ്രാബല്യമത്തരെയാകമാനം താഴ്ത്തി-
പ്പാവങ്ങളെത്താനുയർത്തിവച്ചു;
ക്ഷുത്തുകൊണ്ടാർത്തരെപ്പൂർണ്ണകാമന്മാരും
തൃപ്തരുമാക്കിച്ചമച്ചുചെമ്മേ,

വിത്തവാന്മാരെയൊ—കേവലംശൂന്യമാം
ഹസ്തങ്ങളോടെ പറഞ്ഞയച്ചു.
ഹന്ത!പിതാക്കളോ—ടെബ്രഹാം,തന്നുടെ
സന്തതിയോടും—താൻ ചെയ്തിരുന്ന
ശാശ്വതവാഗ്ദാനമോത്തിട്ടുതന്നുടെ
വിശ്വരക്ഷാകരകാരുണ്യത്താൽ
ദാസഭാവത്തിൽ വിധേയത്വമേലുന്ന
ഇസ്രായേലിനെയംഗീകരിച്ചു.

വേദപുസ്തകം മേരിക്കു ഹൃദിസ്ഥമായിരുന്നു; അതിലെ ആശയങ്ങളും ഭാഷയും അവക്കു സ്വായത്തമാകയാൽ അവയെ അവർ അക്ലിഷ്ടമനോഹരമായി ഈ സ്തോത്രഗീതത്തിൽ വിനിയോഗിച്ചിരിക്കുന്നു. അവരുടെ ഹൃത്തടത്തിൽ കൂലംകഷമായി നിറഞ്ഞിരുന്ന അത്യുത്കൃഷ്ടങ്ങളായ ചിന്തകളും ദിവ്യഭാവനകളും ഈവിധം അനർഗ്ഗളമായി നിർഗ്ഗമിച്ചിരിക്കുന്നു. ഈ സ്വർഗ്ഗീയഗീതം ബൈബിളിൽ കാണപ്പെടുന്ന സ്തവങ്ങളിൽ ഏററവും സുന്ദരവും അർത്ഥഭ്രുയിഷ്ഠവുമാണു്. അതിലെ ആശയങ്ങളുടെ ഗൌരവവും സൌഷ്ഠവവും അന്യാദൃശമത്രെ. മേരിയുടെ അധരങ്ങളിൽനിന്നു പൊഴിഞ്ഞ ഈ ഗാനാമൃതത്തിനു ഒരു പ്രത്യേകതയുണ്ടു്. അവരിൽനിന്നു നമുക്കു സിദ്ധിച്ചിട്ടുള്ള സാമാന്യം ദീർഘമായ ഭാഷണം ഇതൊന്നു മാത്രമാണു്.

മേരി എലിസബത്തിനോടുകൂടി മൂന്നുമാസം താമസിച്ചു. * 'അവതീർണ്ണമായ ശബ്ദബ്രഹ്മത്തെ വഹിച്ചിരിക്കുന്ന സജീവപേടക'മായ മേരിയുടെ സഹവാസം എലിസബത്തിനും സഖേരിയായ്ക്കും ഏററവും ആശ്വാസപ്രദവും

---

* മേരി എലിസബത്തിൻെറ വീട്ടിൽ താമസിച്ചിരുന്നകാലത്തു കളിക്കുന്നതിനായും മററും ഉപയോഗിച്ച ഉറവു് ഇപ്പോഴും 'കന്യകയുടെ ഉറവു്' എന്നു വിളിക്കപ്പെടുന്നു.

ദിവ്യാനുഗ്രഹപ്രദായകവുമായിരുന്നു. "സെയിൻറു ജോൺ ബാപ്ററിസ്റ്റിൻെറ അന്യാദൃശമായ ജീവിതവിശുദ്ധി കന്യകയുടെ സാന്നിദ്ധ്യത്താൽ അദ്ദേഹത്തിൻെറ ആത്മാവിൽ നിവിഷ്ടമായ ദിവ്യാനുഗ്രഹത്തിൻെറ ഫലമാകുന്നു", എന്നു സെയിൻറ് അമ്പ്രോസ് പറയുന്നു. എലിസബത്തിൻെറ പ്രസവവും ശിശുവിൻെറ നാമകരണവും കഴിഞ്ഞു് അവർ സസുഖം വർത്തിക്കുന്നുവെന്നു കണ്ടശേഷം മേരി "അവളുടെ സ്വന്തഭവനത്തിലേക്കു മടങ്ങിപ്പോയി."

---

## അദ്ധ്യായം ൯.

### ക്രിസ്തുവിൻെറ ജനനം.

മേരി ഒരു ഗ്രാമീണകുടുംബിനിയുടെ അനുദിനകൃത്യങ്ങളെ യഥാപൂർവ്വം പിന്തുടന്നു. ഒന്നുരണ്ടു മാസംകൂടി കഴിഞ്ഞപ്പോൾ അവരുടെ ഗർഭലക്ഷണങ്ങൾ പ്രത്യക്ഷമാവുകയും അവ ജോസഫിൻെറ ശ്രദ്ധയെ ആകർഷിക്കുകയും ചെയ്തു. അനന്തകന്യാത്വവ്രതം ദൈവത്തോടും തന്നോടും പ്രതിജ്ഞചെയ്തിട്ടുള്ള ആ സതീരത്നത്തിൻെറ തൽക്കാലസ്ഥിതി കണ്ടിട്ടു അദ്ദേഹം അത്ഭുതപരവശനായി. തൻെറ കണ്ണുകൾ തന്നെ വഞ്ചിക്കുന്നോ എന്നു് അദ്ദേഹം സംഭ്രമിച്ചു. മേരിയുടെ സ്വഭാവവിശുദ്ധിയെയും ചാരിത്രനിഷ്ഠയെയും പററി അദ്ദേഹത്തിനു പൂർണ്ണവിശ്വാസമുണ്ടായിരുന്നു. തൻെറ ഭാര്യയുടെ ജീവിതപവിത്രതയ്ക്കു ഈശ്വരതുല്യം സാക്ഷിയായിരിക്കുന്ന അദ്ദേഹത്തിനു് അവർ സന്മാർഗ്ഗത്തിൽനിന്നു് അണുമാത്രമെങ്കിലും വ്യതിചലിച്ചുവെന്നു വിചാരിക്കുകപോലും അസാദ്ധ്യമായിരുന്നു. ദൈവം ലോകരക്ഷയ്ക്കായി ഒരു കന്യകയുടെ പുത്രനായി അവതരിക്കുമെന്ന ദീർഘദ

ശ്നം ഭക്തന്മാരായ യഹൂദന്മാരുടെ ഇടയിൽ പ്രചരിച്ചിരുന്നു. അതനുസരിച്ചു തൻെറ വിനീതവസതിയെ അലങ്കരിക്കുന്നതു ചിരപ്രതീക്ഷിതനായ മ്ശിഹായുടെ കന്യാമാതാവായിരിക്കാമെന്നു വിചാരിച്ചു സമാധാനപ്പെടുന്നതിനു ജോസഫ് മിക്കവാറും സന്നദ്ധനായിരുന്നു. എന്നാൽ ആ സങ്കല്പത്തെ ദൃഢീഭവിപ്പിക്കുന്നതിനു ഒരു സ്വർഗ്ഗീയമായ സാക്ഷ്യമൊ അടയാളമൊ ആവശ്യകമാണ്. അതു യഥാർത്ഥമായിപ്പരിണമിക്കുന്നുവെങ്കിൽ ഈശ്വരാവതാരമായ മ്ശിഹായെ തൻെറ ഭവനത്തിൽ സ്വീകരിക്കുന്നതിനു താൻ അർഹനാണോ? സെയിൻറ് പീററർ തൻെറ ഗുരു ദൈവമാണെന്നു കണ്ടപ്പോൾ ഭയപ്പെട്ട് ദൈവത്തെ കാണുന്നതിനും അദ്ദേഹത്തോടു സഹവസിക്കുന്നതിനും താൻ യോഗ്യനല്ലെന്നു വിനയപൂർവം പറയുകയും അദ്ദേഹം അടുക്കൽനിന്നും മാറിപ്പോകണമെന്നു നിർവ്യാജമായ ഭക്തിയോടുകൂടി അപേക്ഷിക്കയും ചെയ്തതുപോലെ, സെയിൻറ് ജോസഫ് തൻെറ വിനയാതിരേകത്താൽ, മനുഷ്യനായ ദൈവത്തെയാണ് സ്വഭാവ്യ പ്രകൃത്യതീതമായ വിധത്തിൽ ഗർഭത്തിൽ ധരിച്ചിരിക്കുന്നതെങ്കിൽ താൻ അവരോടുകൂടി സഹവസിക്കുന്നതിനു യോഗ്യനല്ലെന്നു പരിഭ്രമിക്കുകയും അവരിൽനിന്നു മാറിത്താമസിക്കുന്നതിൻെറ ഔചിത്യത്തെപ്പററി വ്യഗ്രതയോടു ആലോചിക്കുകയും ചെയ്യുന്നു. പക്ഷെ, മേരിയുടെ ഗർഭധാരണം സംബന്ധിച്ചു ദിവ്യമായി യാതൊന്നുമില്ലെന്നാണു വരുന്നതെങ്കിൽ അവർ തെററിപ്പോയി എന്നു അദ്ദേഹം ശങ്കിക്കേണ്ടിയിരിക്കുന്നു. ആ ശങ്ക ശരിയാണെങ്കിൽ, അവരോടു അദ്ദേഹത്തിനു എത്രവളരെ സ്നേഹവും അനുകമ്പയുമുണ്ടായിരുന്നാലും, നിയമവും മനഃസാക്ഷിയും അനുസരിച്ചു അവരെ ഉപേക്ഷിക്കാതിരിക്കാൻ നിവൃത്തിയില്ല. അവർ ദേവമാതാവാണെന്നുള്ളതു തീച്ച്യയാണെങ്കിൽ സ്വർഗ്ഗീയരാജ്ഞിയായ ആ ദേവിയോടു സഹവാസം ചെയ്യുന്നതിനു തനിക്കു ലവലേശം യോഗ്യതയുണ്ടെന്നു വി

നയസ്വഭാവനായ അദ്ദേഹം ഒട്ടും അഭിമാനിക്കുന്നില്ല. വിശുദ്ധതാനിലയമായ തന്റെ പ്രിയതമയെ പരസ്യമായി ത്യജിച്ചാൽ, ആ താരുണ്യവതിഅസഹായയായിത്തീരുകയും ലോകരുടെ അവഹേളനത്തിനും പരിഹാസത്തിനും പാത്രീഭവിക്കുകയും ചെയ്യും. ഭർത്തൃപരിത്യക്തകളായ മററു സ്ത്രീകളെപ്പോലെ പാതിവ്രത്യലംഘനാപരാധം അവരിൽ അനർഹമായി ആരോപിക്കപ്പെടുകയും യഹൂദനിയമപ്രകാരമുള്ള നിഷ്ഠുരമായ ശിക്ഷ അവൾക്കു നൽകപ്പെടുകയുംചെയ്യും. ഈ ദുഃസ്ഥിതിയിൽ അദ്ദേഹം എന്തുചെയ്യണം? ഈ വിഷമഘട്ടത്തെ തരണംചെയ്യുന്നതെങ്ങനെ? ഈവിധം ചഞ്ചലഹൃദയനായ അദ്ദേഹം "നീതിമാനാകയാൽ" സത്യസ്വരൂപനിൽനിന്നു ഒരു വെളിപാടുണ്ടാകുന്നതുവരെ, "അവർ ലോകാപവാദത്തിനു പാത്രമാകാനിടയാകാതിരിക്കത്തക്കവണ്ണം എത്രയും രഹസ്യമായ വിധത്തിൽ തന്റെ വിവാഹബന്ധവിമോചനം നിർവഹിക്കുന്നതിനു തീരുമാനിച്ചു." മേരിയെ ഇതുകാലവും പരിപാലിച്ചിട്ടുള്ളതും ഇനിയും പരിപാലിക്കുമെന്നു അദ്ദേഹത്തിനു തീർച്ചയുള്ളതുമായ സർവേശ്വരകരങ്ങളിൽ അദ്ദേഹം ആ ദേവിയെ ഭരമേല്പിക്കും. ഈ തീരുമാനം അദ്ദേഹത്തെ സ്വഭാവശ്രേഷ്ഠ്യത്തിലും ആത്മീയമഹത്വത്തിലും ഏകദേശം ആ ദേവരാജ്ഞിയോടൊപ്പം ഉയർത്തുന്നു. മേരിയിൽ യാതൊരു ദോഷാരോപണം കൂടാതെയും അവരുടെ പേരിനു ഒട്ടും മാലിന്യം സംഭവിക്കാതെയും അവരെ അദ്ദേഹം രഹസ്യമായി ത്യജിക്കുന്നതുകൊണ്ടു ലോകം അദ്ദേഹത്തെ നിഷ്കണ്ടകനായ ഒരു ഭർത്താവും, ഹൃദയശൂന്യനായ ഒരു പിതാവും മനഃസാക്ഷിയും ഈശ്വരഭയവുമില്ലാത്ത ഒരു മനുഷ്യാധമനുമാണെന്നു തെററിദ്ധരിച്ചവഹേളിക്കുമെന്നുള്ളതു് തീർച്ചയാണു്. എങ്കിലും തന്റെ മാനത്തെയും ജീവനെത്തന്നെയും, തന്റെ ജീവിതസർവ്വസ്വമായ ധർമ്മപത്നിയുടെ പാദപത്മങ്ങളിൽ, അവരുടെ മാനത്തെയും ജീവനെയും

സംരക്ഷിക്കുന്നതിനായി ബലികഴിക്കുന്നതിനു അദ്ദേഹം സന്നദ്ധനാണു്. തന്റെ സൽക്കീത്തിയാകുന്ന മകുടം തന്റെ പ്രാണനാഥയുടെ ചുവട്ടിലിട്ടു മെതിക്കപ്പെടുന്നതിനായി വലിച്ചെറിഞ്ഞു കളയുന്നതിനും അദ്ദേഹം തുനിയുന്നു. എങ്ങനെയും തന്റെ സംരക്ഷണയിൽ ദൈവത്താൽ ഏറ്റപ്പിക്കപ്പെട്ട ആ യുവതിയുടെ യശോധാവള്യത്തിനുകളങ്കമുണ്ടാകരുതെന്നുള്ള ഏകവിചാരമേ അദ്ദേഹത്തിനുള്ളു. ഈ സന്ദർഭത്തിൽ തന്റെ ഭത്താവിന്റെ ഉത്ക്കണ്ഠയേയും അസ്വാസ്ഥ്യത്തേയും നിശ്ശേഷം പരിഹരിക്കുന്നതിനു മേരി ഒററവാക്കുകൊണ്ടു യാഥാർത്ഥ്യത്തെ സൂചിപ്പിച്ചാൽ മാത്രം മതിയാകുമായിരുന്നു. പ്രിയതമന്റെ ഈ വ്യാകുലത കാണുന്നതു അവൾക്കു എത്രയും സങ്കടകരമായിരുന്നുവെങ്കിലും, പരമാത്ഥം പറഞ്ഞാൽ അദ്ദേഹം ഉടൻ വിശ്വസിക്കുമെന്നു അവൾക്കു തീച്ച്യുണ്ടായിരുന്നുവെങ്കിലും, അവർ നേരിട്ടു അതു പറയണമെന്നു വിചാരിച്ചില്ല. മേരിയുടെ മൌനം ഏററവും ഉചിതംതന്നെ ആയിരുന്നു! ദൈവാവതാരപരമരഹസ്യം പരിശുദ്ധാത്മാവുതന്നെ എലിസബത്തിനു വെളിപ്പെടുത്തിക്കൊടുത്തതുപോലെ ജോസഫിനും വെളിപ്പെടുത്താതിരിക്കുകയില്ലെന്നു അവൾക്കു ഉറപ്പുണ്ടായിരുന്നു. മ്ശിഹായെ സംബന്ധിച്ചുള്ള ജോസഫിന്റെസ്ഥാനവും ഉദ്യോഗവും എന്താണെന്നു നിർദ്ദേശിക്കേണ്ടതും അവയെ പരിപാലിക്കുന്നതിനു് അദ്ദേഹത്തോട്ട് ആജ്ഞാപിക്കേണ്ടതും ദൈവമാണു്; ആ കൃത്യം ദൈവം യഥാകാലം നിറവേററിക്കൊള്ളും; അതിന്നായി അവർ പ്രത്യാശയോടുകൂടി ദൈവത്തോടു പ്രാർത്ഥിക്കുകമാത്രം ചെയ്താൽ മതിയാകും.

മേരിയുടെ ഈ പ്രതീക്ഷയും പ്രാത്ഥനയും ശരിക്കു നിറവേറി. ജോസഫിന്റെ അസ്വാസ്ഥ്യം ഒരു സ്വർഗ്ഗീയ ദർശനത്താൽ പരിഹരിക്കപ്പെട്ടു. "എന്നാൽ അദ്ദേഹം ഈ സംഗതികളെപ്പററി വിചാരിച്ചുകൊണ്ടിരുന്നപ്പോം

കത്താവിൻെറ മാലാഖാ അദ്ദേഹത്തിനു് ഉറക്കത്തിൽ പ്രത്യക്ഷനായി പറഞ്ഞു: ദാവീദിൻെറ പുത്രനായ ജോസഫ്, അങ്ങേയുടെ ഭാൎയ്യയായ മേരിയെ സ്വീകരിക്കുന്നതിൽ പരിഭ്രമിക്കേണ്ട; എന്തെന്നാൽ അവരിൽ ഉൽപാദിതമായിരിക്കുന്നതു പരിശുദ്ധാത്മാവിൽ നിന്നാകുന്നു. അവർ ഒരു മകനെ പ്രസവിക്കും, അങ്ങു് അദ്ദേഹത്തിനു യേശുവെന്നു പേരു നൽകണം; എന്തെന്നാൽ അദ്ദേഹം സ്വജനങ്ങളെ അവരുടെ പാപങ്ങളിൽനിന്നു സംരക്ഷിക്കും. 'കണ്ടാലും, ഒരു കന്യക ഗർഭം ധരിക്കുകയും ഒരു മകനെ പ്രസവിക്കുകയും ചെയ്യും; ദൈവം നമ്മോടുകൂടി എന്നൎത്ഥമുള്ള എമ്മാനുവൽ എന്നു അദ്ദേഹം വിളിക്കപ്പെടും' എന്നു ജഗത്കൎത്താവു ദീർഘദശിവഴി പ്രവചിച്ചിട്ടുള്ളതിനെ നിറവേററുന്നതിനായി ഇതെല്ലാം പ്രവൎത്തിക്കപ്പെട്ടു."

ജോസഫിനു അവശ്യം അറിയേണ്ട രണ്ടു സംഗതികൾ ഈ ദർശനത്തിൽനിന്നു വ്യക്തമായി ഗ്രഹിക്കാൻ കഴിഞ്ഞു: മേരിയുടെ ഗർഭാധാനം ദൈവത്താൽ അത്ഭുതകരമായി സാധിക്കപ്പെട്ടതാണെന്നും അവരിൽനിന്നു അവതരിക്കാൻപോകുന്നതു വേദാഗമങ്ങളിൽ പ്രതിശ്രുതനായിരിക്കുന്ന ലോകപരിത്രാതാവായ മ്ശിഹായാണെന്നും ഇപ്പോൾ സ്പഷ്ടീഭവിച്ചു. പരിശുദ്ധതമമായ വിവാഹബന്ധത്താൽ തൻെറ ഭാൎയ്യയായിത്തീൎന്നിരിക്കുന്ന ഈ അനുഗൃഹീതകന്യകയെ ഭർത്തൃയോഗ്യമായ വിധത്തിൽ സംരക്ഷിക്കേണ്ടതു തൻെറ കത്തവ്യമാണെന്നും താൻ അവരോടു സഹവസിച്ചു അവരെ സ്നേഹപൂർവ്വം പരിചരിക്കുകയെന്നുള്ളതു ഈശ്വരാജ്ഞയാണെന്നും അദ്ദേഹത്തിനു പൂൎണ്ണമായി ബോധ്യപ്പെട്ടു. ലോകദൃഷ്ടിയിൽ അദ്ദേഹം കന്യാജാതനായ പരമപുരുഷൻെറ പിതാവായി കാണപ്പെടണമെന്നുള്ളതു ഈശ്വരവിഹിതമാണു്. അദ്ദേഹത്തിൻെറ പൈതൃകമായ അവകാശങ്ങളും ബാദ്ധ്യതകളും വെറും ലോകബോധ്യ

ത്തിനായി മാത്രമല്ല, ഈശ്വരേച്ഛയാൽ അവ സ്വഭാവസിദ്ധംതന്നെയാണ്. നിലം അദ്ദേഹത്തിൻെറതാകയാൽ അതിൽ ദൈവത്താൽ നിഗ്രഹിതമായിരിക്കുന്ന നിധിയും—അതിൽ ഉത്പാദിച്ചു വികസിക്കുന്ന പൂവും—അദ്ദേഹത്തിൻേറതായിരിക്കണം. ഒരു പിതാവിനു പുത്രൻെറ മേലുണ്ടായിരിക്കേണ്ട സകല അധികാരങ്ങളും അവകാശങ്ങളും പ്രകൃതിസിദ്ധമെന്നപോലെ മേരീസുതൻെറ മേൽ ജോസഫിനു ദൈവം പ്രദാനംചെയ്തു.

"അനന്തരം ജോസഫ് ഉറക്കത്തിൽനിന്ന് എഴുന്നേററു ദൈവദൂതൻ അദ്ദേഹത്തോടു ആജ്ഞാപിച്ചതുപോലെ പ്രവത്തിക്കുകയും തൻെറ ഭാൎയ്യയെ സ്വീകരിക്കുകയുംചെയ്തു." ആ ദിവസം രാവിലെ മേരിയും ജോസഫും ഉണൎന്നെഴുന്നേററപ്പോഴും അവർ തമ്മിൽ കണ്ടപ്പോഴും അവൎക്കുണ്ടായ പരമാനന്ദം വാചാമഗോചരമായിരുന്നു. അത്ര ദിവ്യാനന്ദപ്രദമായ ഒരു സമാഗമം രണ്ടു മനുഷ്യർ തമ്മിൽ ഉണ്ടായിട്ടില്ല, ഇനി ഉണ്ടാകുകയുമില്ല. ഒരുനിമിഷത്തേയ്ക്കെങ്കിലും അവരെ ഭേദിപ്പിക്കാൻ പൎയ്യാപ്തമെന്നു ഭയപ്പെട്ട ആ ദിവ്യരഹസ്യം ഇപ്പോൾ അപാവരണം ചെയ്യപ്പെട്ടിരിക്കുന്നു. ജോസഫ് തനിക്കു സിദ്ധിച്ച ദിവ്യസന്ദേശം മേരിയെ അക്ഷരംപ്രതി പറഞ്ഞുകേൾപ്പിക്കുന്നു. മേരി ഗബ്രിയേൽ മാലാഖായുടെ സന്ദൎശനത്തെപ്പററി ഭൎത്താവിനെ വിവരമായി ഗ്രഹിപ്പിക്കുന്നു. ഇപ്പോൾമുതൽ ആസന്നമായ ഈശ്വരാവതാരം അവരുടെ ഏകചിന്താവിഷയമായിത്തിരുന്നു.

മാസങ്ങൾ നാലഞ്ചു കഴിഞ്ഞു. കന്യകയുടെ ഗർഭത്തിൽ ഉൽഭൂതനായിരിക്കുന്ന പരമപുരുഷനു ഭൂജാതംചെയ്യുന്നതിനുള്ള പരിതഃസ്ഥിതികളെ ദൈവം സജ്ജീകരിക്കുന്നു. ദിവ്യോദ്ദേശ്യത്തെപ്പററി യാതൊരു അറിവുമില്ലാതെ റോമാചക്രവത്തിതന്നെ അതിനെ സംബന്ധിച്ചുള്ള ദിൎഘലദൾ

നങ്ങളുടെ സമ്യക്കായ നിർവഹണത്തിനായി തന്റെ സാമ്രാജ്യശക്തിയെ മുഴുവനും പ്രയോഗിക്കുന്നു. അന്നു അറിയപ്പെട്ടിരുന്ന ലോകം മുഴുവനും റോമാസാമ്രാജ്യത്തിന്റെ പ്രാബല്യം മിക്കവാറും വ്യാപിച്ചിരുന്നു. യൂദേയാ മുതലായ പൌരസ്ത്യരാജ്യങ്ങൾ അതിനു് അധീനമായിരുന്നു. യൂദേയായിൽ ഒരു രാജാവുണ്ടായിരുന്നുവെങ്കിലും അയാൾ 'ആസുരസാമ്രാജ്യ'*ത്തിലെ കിരീടം ധരിച്ച ഒരടിമമാത്രമായിരുന്നു. ജനസംഖ്യയും ധനശക്തിയും മററും തിട്ടപ്പെടുത്തി ഭരണസൌകര്യത്തെയും സാമ്രാജ്യശക്തിയെയും വദ്ധിപ്പിക്കുന്നതിനായി തനിക്കധീനമായ ഭൂവിഭാഗങ്ങളെ മുഴുവനും ബാധിക്കുന്ന ഒരു കാനേഷുമാരിക്കണക്കു എടുക്കുന്നതിനു ഒരു ഉത്തരവു ചക്രവത്തിയായ ആഗസ്റ്റസ് സീസർ പുറപ്പെടുവിച്ചു. എല്ലാ സാംസ്ഥാനിക ഭരണാധികാരികളും ആ കല്പനപ്രകാരം ഊജ്ജിതമായി പ്രവൃത്തി ആരംഭിച്ചു. സീസറിനും ഉദ്യോഗസ്ഥന്മാക്കും സാമ്രാജ്യശക്തിയെ പോഷിപ്പിക്കുകമാത്രമായിരുന്നു ഉദ്ദേശ്യമെങ്കിലും, അവർ അറിയാതെ ഈശ്വരകല്പന ശരിക്കു നിർവഹിക്കപ്പെടുന്നതിനുകൂടി സഹകരിക്കുകയായിരുന്നു. ദൈവപുത്രൻ ദാവീദ്‌രാജാവിന്റെ ആസ്ഥാനമായിരുന്ന യൂദയായിലെ ബെത്‌ലേം എന്ന വിനീതനഗരത്തിൽ ജനിക്കണം. എഴുനൂറു കൊല്ലങ്ങൾക്കുമുമ്പു ദൈവം തന്റെ ദീർഘദശിവഴിയായി ആ വിവരം പ്രഖ്യാപനംചെയ്തിട്ടുണ്ടായിരുന്നു. ഈ ദീർഘദശനം നിറവേററുന്നതിനായി ലോകമാസകലം ഇതാ സംരംഭവശഗമായിരിക്കുന്നു!

യഹൂദന്മാർ പരമ്പരാചാരപ്രകാരം ജനസംഖ്യക്കണക്കെടുപ്പു പ്രമാണിച്ചു അവരവരുടെ ഗോത്രങ്ങളുടെ ആസ്ഥാനങ്ങളിൽ സമ്മേളിക്കണമായിരുന്നു. ജോസഫ്‌ദാവീ

---

* യഹൂദന്മാർ റോമാസാമ്രാജ്യത്തെ വിശേഷപൂർവം "ആസുരസാമ്രാജ്യ"മെന്നു വിളിച്ചിരുന്നു.

ദരാജാവിൻെറ വംശജനാകയാൽ, അദ്ദേഹത്തിൻെറ ജനന സ്ഥലമായ ബെത്ലേമിൽ കുടുംബസഹിതം മേൽകോയ്മ യുടെ ആജ്ഞയനുസരിച്ച നിശ്ചിതദിവസം ഹാജരാകുന്ന തിനു ബാധ്യസ്ഥനായിരുന്നു. മേരി പൂൎണ്ണഗർഭിണി ആ യിരുന്നുവെങ്കിലും രാജകല്പന അനുസരിക്കാതിരിക്കാൻ നിവൃ ത്തിയുണ്ടായിരുന്നില്ല. അവർ ദീർഘവും ക്ലേശാവഹവുമാ യ ഒരു യാത്രയ്ക്കു വേണ്ട ഒരുക്കങ്ങളോടുകൂടി ബെത്ലേമി ലേയ്ക്കു പുറപ്പെട്ടു. മേരി ഒരു കഴുത*പ്പുറത്തായിരുന്നു യാത്രചെയ്തതു്. അപ്പോൾ തണുപ്പുകാലമായിരുന്നു. യാ ത്രയുടെ ദൈർഘ്യവും കാലാവസ്ഥയുടെ പ്രാതികൂല്യവും മേരിയുടെ താല്ക്കാലികസ്ഥിതിയുംമൂലം അവർ അസാമാന്യ മായ ക്ലേശങ്ങൾ സഹിക്കേണ്ടിവന്നു. അഞ്ചുദിവസംകൊ ണ്ടു അവർ മനോഹരമായ ഒരു കുന്നിന്മേൽ സ്ഥിതിചെയ്യു ന്ന ബെത്ലേംപട്ടണത്തിൻെറ പ്രാന്തത്തിലെത്തി. അ പ്പോൾ അഞ്ചാറുനാഴിക പകൽ വരും. ഇരുട്ടുന്നതിനുമു മ്പു വിശ്രമസ്ഥലത്തെത്തുന്നതിനായി ജോസഫ് കഴുതയെ കഴിയുന്നവേഗം നടത്തി. പട്ടണത്തിനു വെളിക്കു അധി കം അകലെയല്ലാതെ ഒരു സത്രം കാണപ്പെട്ടു. അതു യാത്ര ക്കാരെക്കൊണ്ടു നിറഞ്ഞിരുന്നു. യൂദയാനാട്ടിൻെറ നാനാ ഭാഗങ്ങളിൽനിന്നും ഒട്ടുവളരെ ആളുകൾ ജനസംഖ്യയെടുപ്പു പ്രമാണിച്ചു അവിടെ കാലേക്കൂട്ടിവന്നു സ്ഥലം പിടിച്ചിരു ന്നു. താമസിച്ചുവന്നുചേന്ന നമ്മുടെ അഭയാർത്ഥിദമ്പതിമാർ ധനികരായിരുന്നുവെങ്കിൽ സത്രാധികാരികളായ ധനമോഹി കൾക്കു കൈക്കൂലി കൊടുത്തെങ്കിലും സ്ഥലസൌകൎയ്യ ങ്ങൾ സമ്പാദിക്കാമായിരുന്നു. സത്രത്തിൽ സൌകൎയ്യം കിട്ടുകയില്ലെന്നുതീച്ച്യയായപ്പോൾ അവർ പട്ടണത്തിനുള്ളിൽ കടന്നു അവിടെയെങ്ങാനും വല്ല അഭയസ്ഥാനവും കിട്ടുമോ

* പാലസ്റ്റൈനിലെ കഴുതകൾ കാഴ്ചയ്ക്കു വളരെ ഭംഗിയുള്ളവയായി രുന്നു. കന്യകാമറിയം സവാരിചെയ്ത കഴുതയുടെ പേരു എലീബ്തോണാ (Eleabthona) എന്നായിരുന്നുവെന്നു ഒരു ചരിത്രകാരൻ പറയുന്നു.

എന്നു പരീക്ഷിച്ചു. ക്ഷീണപരവശരായ അവർ അതിലെ തെരുവീഥികളിലെല്ലാം അലഞ്ഞുതിരിഞ്ഞിട്ടും സാധ്വികളായ അവക്കു അഭയം നൽകുന്നതിനു ഒരു ഭവനകവാടവും തുറക്കപ്പെട്ടില്ല. പൂൎണ്ണഗർഭിണിയായ മേരിയുടെ ദയനീയമായ സ്ഥിതിക്കുപോലും ഹൃദയശൂന്യരായ ബത്‌ലേം പുരവാസികളുടെ അനുകമ്പയെ ആവജ്ജിക്കുന്നതിനു സാധിച്ചില്ല. അവരുടെ ഈ ഹൃദയകാഠിന്യത്തിനു ഏതാനും ആഴ്ചകൾക്കുള്ളിൽ അവർ അനുഭവിച്ച ശിക്ഷ എത്ര ഭയങ്കരമായിരുന്നു! അവതീൎണ്ണനായ ദൈവത്തെ ഗർഭത്തിൽ വഹിച്ചിരുന്ന ദേവമാതാവിനു അഭയം നൽകാതിരുന്ന—ലോകരക്ഷാനാഥനു ഭൂജാതം ചെയ്യുന്നതിനു ഇടംകൊടുക്കാതിരുന്ന—ബത്‌ലേമിലെ ജനങ്ങൾക്കുള്ള ഭയങ്കരമായ ശിക്ഷ ആയിരുന്നില്ലേ ഏറെത്താമസിയാതെ ഹേറോദേസിൻെറ ആജ്ഞപ്രകാരം അവിടെ നടന്ന നിർദ്ദോഷരായ ശിശുക്കളുടെ ആസുരമായ വധം?

മേരിയും ജോസഫും ക്ഷീണവിവശരായി. അവരുടെ പൂർവികന്മാരുടെ സ്വദേശമായ നഗരത്തിൽ അവക്കു വിശ്രമിക്കാൻ ഇടം കിട്ടുകയില്ലെന്നു തീച്ച്യായി. ഇതിനകം നേരമിരുട്ടിക്കഴിഞ്ഞു. എങ്ങോട്ടുപോകണമെന്നു് അറിയാൻ പാടില്ലാതെ അവർ പട്ടണത്തിൽനിന്നു വെളിക്കിറങ്ങി ഇരുട്ടത്തു് അങ്ങുമിങ്ങും താന്തരായി നടന്നു. കിഴക്കുമാറി അധികം അകലെയല്ലാതെ പാറതുരന്നുണ്ടാക്കിയ ഒരു ഗുഹ കാണപ്പെട്ടു. മുപ്പത്തേഴടി നീളവും പതിനൊന്നടി വീതിയും ഒമ്പതടി പൊക്കവുമുള്ള ആ ഗഹ്വരം ചുററുമുള്ളവരുടെ പൊതുവകയായ ഒരു ഗോസ്ഥാനകമായും കൊടുംകാററും മഴയും ഉള്ളപ്പോൾ ആട്ടിടയന്മാക്കും ആടുകൾക്കും അഭയസ്ഥാനമായും ഉപയോഗിക്കപ്പെട്ടിരുന്നു. അനന്യഗതികളായ നമ്മുടെ പഥികക്കു് അപ്പോഴത്തെ ദയനീയമായ സ്ഥിതിക്കു് അത്രയെങ്കിലും അഭയപ്രദമായ ഒരു സ്ഥാനം ലഭ്യമായതു മഹാഭാഗ്യമായി! അവർ അതിനായി സവ്വേശ്വരനു ഹൃദയ

പൂവ്വം നന്ദിപറഞ്ഞിട്ട് അന്ധകാരമയമായ ആ ഗുഹയിൽ സന്തുഷ്ടചിത്തരായി പ്രവേശിച്ചു. ഇരുട്ടും തണുപ്പും നിറഞ്ഞ ആ കാലിത്തൊഴുത്തിൽ ഒരു കാളയും, ഒരു കഴുതയും, കുറച്ചുമാത്രം വയ്ക്കോലുമുണ്ടായിരുന്നു. വിശപ്പും ക്ഷീണവും തണുപ്പുംകൊണ്ടു പരവശയായ മേരി ഒരു കല്ലിൻെറ പുറത്തിരുന്നു. കുറേനേരം വിശ്രമിച്ചിട്ട് അവർ ധ്യാനനിമഗ്നയായി മുട്ടിന്മേൽ നിന്നു. നേരം അർദ്ധരാത്രി കഴിഞ്ഞു. സംപൂൎണ്ണമായ നിശ്ശബ്ദത സവ്വത്ര വ്യാപിച്ചു. മേരി ഈ വിധം സമാധിയിൽ നിർല്ലീനയായിരുന്നപ്പോൾ അവൾക്കു പ്രസവസമയമാവുകയും ഒരു നിമിഷംകൊണ്ട് അത്ഭുതകരമായി പ്രസവം നടക്കുകയും ചെയ്തു. * മേഘപടലങ്ങൾക്കിടയിൽക്കൂടി സൂൎയ്യകിരണങ്ങൾ നിർഗ്ഗമിക്കുന്നതുപോലെ, പഴുത്തു പാകമായ കനി ഞെട്ടിൽനിന്ന് അടന്നുവീഴുന്നതുപോലെ, സവ്വലോകനിയന്താവും രക്ഷകനുമായ യേശു ഭൂജാതംചെയ്തു. ഈ കന്യാപ്രസവം അനന്യസാധാരണമായ വിധത്തിൽ ക്ലേശരഹിതവും സുഖസംപൂൎണ്ണവുമായിരുന്നു. സ്ത്രീസഹജമായ യാതൊരു വേദനയും ആ കന്യാമാതാവിൻെറ പരമാനന്ദനിർല്ലീനതയെ ഭഞ്ജിക്കുകയോ ശിശുസാധാരണമായ രോദനനിനദം അവിടത്തെ ദിവ്യപ്രശാന്തതയെ ഭേദിക്കുകയോ ചെയ്തില്ല. ആ അനുഗൃഹീതകന്യകയുടെ ഗർഭധാരണം എപ്രകാരം അത്ഭുതകരമായിരുന്നുവോ അപ്രകാരം അവരുടെ പ്രസവവും അത്ഭുതകരമായിരുന്നു.

നവജാതനായ ശിശുവിനു സാധാരണമായി അന്യർ ചെയ്യുന്ന പരിചരണങ്ങൾ മേരി പ്രസവംകഴിഞ്ഞ ഉടനേ തന്നെ സ്വശിശുവിനു ചെയ്യുന്നതായി കാണുന്നു. അവർ കുഞ്ഞിനെ മൂടുപടംകൊണ്ടു പൊതിഞ്ഞു തൊഴുത്തിലെ

---

* യേശുവിൻെറ ജനനം റോമാവർഷം 748 ഡിസംബർ 25 ാംതിയതി ഞായറാഴ്ചയായിരുന്നുവെന്നാണു പാരമ്പൎയ്യവിശ്വാസം.

വയ്ക്കോൽ തട്ടിനിരത്തി അതിൽ കിടത്തുന്നു. ആ കന്യാ ജനനി യേശുവിനു ചെയ്യുന്ന ശുശ്രൂഷയെ പണ്ഡിതവരേണ്യനും, പരമഭക്തനുമായ ബോസേ ഇപ്രകാരം ഹൃദയാകർഷകമായി വർണ്ണിക്കുന്നു.—

(പാന)

വീതഖേദമഭിന്നവാദാമിനെ
ശീതവാതജപീഡവരായുവാൻ
വിദ്രുതം വിശിഷ്ടത്വം നിനച്ചു നീ
ഭദ്രമായ്ത്തുണികൊണ്ടു പൊതിയണം;
അപ്പൊഴുള്ളൊരാവശ്യവും ഭക്തിയു-
മൊപ്പമങ്ങനെചെയ്യുവാൻ കല്പിച്ചു.
ധന്യമാർമണെ! ക്ഷിപ്രം കുമാരനെ
കാന്ത്യമാം തവ മാറത്തണയ്ക്കൂ നീ.
അപ്രമേയമാം നിൻെറയീ മാതൃത്വ-
മെപ്രകാരമുള്ളോന്നെന്നറിഞ്ഞോ നീ?
തങ്കക്കട്ടയീക്കുഞ്ഞിനെക്കാൺകവെ
നിങ്കലൊട്ടും പരിഭ്രമമില്ലയൊ?
അന്യചിന്ത വെടിഞ്ഞു കുമാരനെ
സ്തന്യപാനം നീ ചെയ്യിക്കും നേരത്തും
നെഞ്ചകത്തു നിനക്കു വല്ലാതൊരു
ചഞ്ചലത്വം തരിമ്പു വരുന്നില്ലേ?
ആരുവാനിശ്ശിശുവെന്നറിയുന്നോ
നാരിമാർകുലഹീരമെ! മേരി! നീ?
പുഞ്ചിരിപ്പുപൊഴിച്ചു നിരന്തരം
പിഞ്ചുവാർകരം നീട്ടി നിൻമാറത്തു
തഞ്ചുവാനായ്ക്കുതിക്കുന്നൊരിശ്ശിശു-
ആരെന്നുള്ളതു നീയറിയുന്നില്ലേ?

അമ്മയെന്ന നിലയ്ക്കു നീയാദരാൽ
അമ്മിഞ്ഞപ്പുത്തേൻകൊടുക്കുമ്പൊഴും
ഇമ്മഹീതലഭാഗധേയത്തിനെ —
നിർമ്മമാത്മസ്വരൂപനെ — വാഴ്ത്തുക.

ദൈവദൂതന്മാർ വന്നു നിരവധി
കേവലാത്മസ്വരൂപനിക്കുഞ്ഞിനെ
തുഷ്ടിയാൻ സമാരാധനംചെയ്വൂ
ദൃഷ്ടിഗോചരമല്ലാത്തമട്ടിലായ്.

ഇങ്ങനെ ആ ദേവി ഉണ്ണിയേശുവിനു മകൻ എന്നുള്ള നിലയിൽ വാത്സല്യപൂർവ്വം 'അമ്മിഞ്ഞി'നൽകുമ്പോഴം, ദൈവവും സ്രഷ്ടാവുമെന്ന നിലയിൽ അദ്ദേഹത്തിൻെറ മുമ്പാകെ ഏത്രയും ഭക്ത്യാദരപൂർവ്വം നമസ്കരിക്കുന്നു. സ്വർഗ്ഗീയസമ്രാട്ടായ ആ ദിവ്യ ശിശുവിനെ ആ ദേവമാതാവു് ഒരേസമയത്തു പരിലാളിക്കുകയും സമാരാധിക്കുകയും ചെയ്യുന്നു. സൃഷ്ടിക്കു സ്രഷ്ടാവിനോടും മാതാവിനു് ശിശുവിനോടുമുള്ള പരസ്പരം ഭിന്നങ്ങളായ കടമകളെ അവർ ആശ്ചര്യാവഹമായ ഔചിത്യത്തോടും തന്മയത്വത്തോടും നിർവ്വഹിക്കുന്നു. അവരുടെ യുവകോമളമായ മുഖസരോജത്തെ ദിവ്യാനന്ദാവഹവും പ്രശാന്തരമണീയവുമായ മന്ദസ്മിതകിരണങ്ങളാൽ വികസ്വരമായി പ്രകാശിപ്പിക്കുന്ന ആ ബാലപ്രഭാകരൻെറ മേൽ അവർ വാത്സല്യപുരസ്സരം ചുംബനവർഷംചെയ്യുന്നു. "അവർ അദ്ദേഹത്തിനു നൽകുന്നതു കേവലം ഒരു മാതാവിൻെറ ചുംബനങ്ങൾ മാത്രമാണെന്നു പറയാൻപാടില്ല; എന്തെന്നാൽ അവ ഒരു കന്യാമാതാവിൻെറ ചുംബനങ്ങളാണു്". അവതീർണ്ണനായ സച്ചിദാനന്ദസ്വരൂപൻെറ മുമ്പാകെയുള്ള മനുഷ്യവർഗ്ഗത്തിൻെറ ഇദംപ്രഥമമായ നമസ്കാരത്തിൽ മേരിയോടു ജോസഫും യഥായോഗ്യം സഹകരിക്കുന്നു. സ്വർഗ്ഗീയപിതാവിൻെറ ഐഹികപ്രതിനിധിയായ ആ മഹർഷിപ്രമുഖൻ, തന്നെ അദ്ദേഹം ഭരമേല്പിച്ചി

രിക്കുന്ന ആ ലോകൈകരക്ഷകകിശോരനെ പിതൃയോഗ്യമായ വാത്സല്യാതിശയത്തോടും ഭക്തയോഗ്യമായ വിനയാദരങ്ങളോടുംകൂടി സ്വഹസ്തങ്ങളിൽ സ്വീകരിക്കുകയും തത്സംരക്ഷണത്തിന്നായി സ്വജീവിതത്തെ മനസാ സമൎപ്പിച്ച് പ്രേമപൂജ ചെയ്യുകയും ചെയ്യുന്നു.

ലോകപരിത്രാതാവായ ദിവ്യകുമാരന്റെ അത്ഭുതകരമായ ഈ അവതാരത്തെ ദൈവം ഏററവും ആശ്ചൎയ്യകരമായ വിധത്തിൽ ലോകസമക്ഷം പ്രഖ്യാപനംചെയ്തു. പ്രസ്തുത ഗുഹയിൽനിന്നു് ഉദ്ദേശം ഒന്നേകാൽ മൈൽ കിഴക്കുമാറിയുള്ള ഒരു താഴ്‌വരയിൽ ഏതാനും "ആട്ടിടയന്മാർ താമസിച്ചു് അവരുടെ ആട്ടിൻപററത്തെ സൂക്ഷിച്ചിരുന്നു. ഒരു ദൈവദൂതൻ പെട്ടെന്നു പ്രത്യക്ഷനായി അവരുടെ മുമ്പിൽ നില്ക്കുകയും ദിവ്യപ്രകാശം അവരുടെ ചുററും വ്യാപിക്കുകയും ചെയ്തു. അവർ ഭയവിവശരായി. ദൈവദൂതൻ അവരോടു പറഞ്ഞു:—ഭയപ്പെടേണ്ട, എന്തെന്നാൽ സൎവ്വജനങ്ങൾക്കും സന്തോഷകരമായ ശുഭവാൎത്തയെ ഞാൻ വഹിക്കുന്നു. എന്തെന്നാൽ ഇന്നു നിങ്ങൾക്കു ഒരു രക്ഷകൻ, ജഗത്കൎത്താവായ ക്രിസ്തു, ദാവീദിന്റെ നഗരത്തിൽ സഞ്ജാതനായിരിക്കുന്നു. ഇതു നിങ്ങൾക്കു് ഒരടയാളമായിരിക്കും: ശിശുവിനെ തുണികളിൽ പൊതിഞ്ഞു ഒരു തൊഴുത്തിൽ കിടത്തിയിരിക്കുന്നതായി നിങ്ങൾ കാണും. 'അത്യുന്നതങ്ങളിൽ ദൈവത്തിനു മഹിമയും ഭൂമിയിൽ നല്ല മനസ്സുള്ളവൎക്കു സമാധാനവും (ഭവിപ്പൂതാക), എന്നു ദൈവത്തെ സ്തുതിച്ചുദ്ഘോഷിച്ചുകൊണ്ടു് ഒരു ആഭാസ്വരവൃന്ദം അവിടെ ഝടിതി ആവിർഭവിച്ചു. മാലാഖാമാർ തിരോധാനം ചെയ്തപ്പോൾ ആട്ടിടയന്മാർ പരസ്പരം പറഞ്ഞു: 'നമുക്കിപ്പോൾതന്നെ ബെത്‌ലേമിൽപോയി സൎവ്വേശ്വരൻ നമുക്കു വെളിപ്പെടുത്തിത്തന്നിരിക്കുന്ന ഈ പ്രവചനനിൎവ്വഹണത്തെ കാണാം.' അവർ വേഗത്തിൽ വന്നു് മേരിയേയും ജോസഫിനേയും തൊഴുത്തിൽ കിടക്കുന്ന ശിശുവി

നെയും കണ്ടു. കണ്ടപ്പോൾ ഈ ശിശുവിനെ സംബ ന്ധിച്ചു അവരോടു പ്രസ്താവിക്കപ്പെട്ടിരുന്ന (അശരീരി) വാക്കിനെപ്പററി അവക്കു മനസ്സിലായി." (Luke; II-8-17)

ദൈവം തൻെറ അത്ഭുതകരമായ മനുഷ്യാവതാരത്തെപ്പററി ആദ്യമായി അറിയിച്ചതു പണ്ഡിതന്മാരെയോ മഹാന്മാരെയോ അല്ല. ആ സുവിശേഷസ്വീകാരത്തിനു് അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ ഏററവും യോഗ്യരായി കാണപ്പെട്ടതു ശാലീനമനസ്കരും സാധുക്കളുമായ ഈ ആട്ടിടയന്മാരാണു്. അവരെപ്പോലെ ശിശുതുല്യമായ ഹൃദയനൈർമ്മല്യവും നിഷ്കാപട്യവുമുള്ളവക്കു മാത്രമാണല്ലോ സായുജ്യസൌഭാഗ്യം പ്രതിശ്രുതമായിരിക്കുന്നതു്. ഒരു തൊഴുത്തിലെ കാലിത്തൊട്ടിയിൽ വൃത്തികെട്ട വയ്ക്കോലിൻെറ പുറത്തു കിടക്കുന്ന നവജാതമായ ഒരു ശിശു തങ്ങളുടെയും സവ്വലോകത്തിൻെറയും മൂത്തിമത്തായ സ്രഷ്ടാവും രക്ഷകനുമാണെന്നു ഗ്രഹിക്കുന്നതിനും വിശ്വസിക്കുന്നതിനും അവക്കു് ഒട്ടും വിഷമമുണ്ടായിരുന്നില്ല. അവർ ദിവ്യശിശുവിൻെറയും കന്യാമാതാവിൻെറയും മുമ്പാകെ ഭക്തിപൂവ്വം നമസ്കരിക്കുകയും ആരാധിക്കുകയുംചെയ്തു. അവർ നിർദ്ധനരായിരുന്നുവെങ്കിലും ആ സാധുകുടുംബത്തിൻെറ അസഹായസ്ഥിതിയിൽ അനുകമ്പാകുലരായി കഴിവുള്ള സഹായങ്ങളെല്ലാം ചെയ്തുകൊടുത്തു. അനന്തരം അവക്കു ലഭിച്ച ദിവ്യദശ്നത്താൽ ആനന്ദപരവശരായി അവർ അതിനെ ബെത്'ലേമിലും സമീപപ്രദേശങ്ങളിലും ഉത്സാഹപൂവ്വം പ്രസിദ്ധപ്പെടുത്തി. "കേട്ടവരെല്ലാവരും ആട്ടിടയന്മാർ പറഞ്ഞ സംഗതികളെപ്പററി അത്ഭുതപ്പെട്ടു." തങ്ങളാൽ ഏതാനും മണിക്കൂറുകൾക്കുമുമ്പു നിർദ്ദയം നിരാകരിക്കപ്പെട്ട ആ സാധുഗർഭിണി ഇങ്ങനെ ഒരു ദിവ്യകുമാരനെ ആയിരുന്നു വഹിച്ചിരുന്നതെന്നറിഞ്ഞപ്പോൾ ബെത്'ലേം നഗരവാസികൾക്കുണ്ടായ വിസ്മയവും പശ്ചാത്താപവും അ

വണ്ണനീയമായിരുന്നിരിക്കണം. ഭാഗ്യശാലികളായ ഈ "ആട്ടിടയന്മാർ അവർ കേൾക്കുകയും കാണുകയും ചെയ്ത എല്ലാ സംഗതികൾക്കുമായി ദൈവമഹത്വത്തെ വാഴ്ത്തുകയും സ്തുതിക്കുകയും ചെയ്തിട്ട്," അവക്കുണ്ടായ അശരീരി വാക്കു അക്ഷരംപ്രതി യഥാത്ഥീഭവിച്ചുവെന്നുള്ള ചാരിതാത്ഥ്യത്തോടുകൂടി, "മടങ്ങിപ്പോയി" ക്രിസ്തുവിന്റെ ആദ്യത്തെ അപ്പോസ്തലന്മാരായ ഈ അജപാലന്മാർ അദ്ദേഹത്തിന്റെ ദിവ്യോത്ഭവത്തെയും മേരിയുടെ മഹനീയമായ ദിവ്യമാതൃത്വത്തെയും ലോകസമക്ഷം പ്രസിദ്ധംചെയ്യുകയെന്ന ധമ്മദൌത്യം നിവ്വഹിച്ചിട്ട്, മുമ്പിലത്തെപ്പോലെ അപ്രസിദ്ധിയാകുന്ന യവനികയ്ക്കുള്ളിൽ അന്തർദ്ധാനം ചെയ്യുന്നു. *

മേരി ഈ സമയമെല്ലാം നിശ്ശബ്ദയായിരുന്നു. ആട്ടിടയന്മാർ അവിടെനിന്നു പോയശേഷം സ്വഹൃദയത്തിൽ ഗാഢമായി പതിഞ്ഞിരുന്ന അവരുടെ സുവാത്തകളെപ്പററി ആ അനുഗൃഹീതയായ മാതാവു എപ്പോഴും ഭക്തിപൂവ്വം ധ്യാനിച്ചു ആനന്ദിച്ചിരുന്നു. മാലാഖാമാർവഴി ഈ അജപാലന്മാക്കുണ്ടായ ദിവ്യവെളിപാടു ഒൻപതുമാസങ്ങൾക്കു മുമ്പു ഗബ്രിയേൽ എന്ന ആഭാസുരപ്രമുഖൻ സംവഹിച്ച സ്വഗ്ഗീയസന്ദേശത്തെയും അതിന്റെ സാഫല്യങ്ങളെയും പററി ഭക്തിപ്രചുരമായ ഒരു അനുസ്മരണ മേരിയിൽ ഉളവാക്കി. "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വവും ഭൂമിയിൽ നല്ല മനസ്സുള്ളവക്കു ശാന്തിയും" എന്ന മാലാഖാമാരുടെ മനോഹരഗാനത്തിന്റെ പ്രതിധ്വനി ആ

---

* സുവിശേഷഗ്രന്ഥത്തിൽ ആട്ടിടയന്മാക്കുണ്ടായ ദിവ്യവെളിപാടിനെപ്പററിയുള്ള ആഖ്യാനത്തിനു അറബികളുടെ ഇടയിലുള്ള ഐതിഹ്യങ്ങളും അവരുടെ ഗ്രന്ഥങ്ങളും സാക്ഷ്യംവഹിക്കുന്നുണ്ട്. കാബായിലെ തൂണുകളിലൊന്നിൽ കന്യകാമറിയം ഉണ്ണി യേശുവിനെ മടിയിൽ വഹിച്ചിരിക്കുന്നതായി ലേഖനം ചെയ്യപ്പെട്ടിട്ടുള്ള ഒരു ചിത്രം ദൈവത്വേന പൂജിക്കപ്പെട്ടുവന്നുവെന്നു യെൽഅസ്രാക്കി എന്ന അറബിചരിത്രകാരൻ പറയുന്നു.......

സാധ്വിയുടെ ഹൃദയവേദിയിൽ അനവരതം മുഴങ്ങിക്കൊണ്ടിരുന്നു. മൂൎത്തിമത്തായ ദൈവത്തിനുള്ള ഈ മഹത്വവും നല്ല മനുഷ്യൎക്കുള്ള ഈ ശാന്തിയും ആ നാരീകുലരത്നത്തിന്റെ മാതൃയോഗ്യമായ സമീക്ഷയിൽ ഭരമേല്പിക്കപ്പെട്ടു. ആട്ടിടയന്മാരുടെ വെളിപാടിനെയും സന്ദൎശനത്തെയും സംബന്ധിച്ചു അവർ കണ്ടതും കേട്ടതുമൊക്കെ, അവരുടെ പ്രബോധനപ്രകാരം സുവിശേഷകാരനായ ലൂക്കോസ് രേഖപ്പെടുത്തുന്നതുവരെ, സ്വഹൃദയത്തിൽതന്നെ അവർ ഭദ്രമായി സൂക്ഷിച്ചിരുന്നു. ലൂക്കോസിന്റെ സുവിശേഷത്തിൽ ഈ ഭാഗത്തിനു് ഒരു പ്രത്യേകതയുണ്ടു്. അതിൽ നാം ദേവമാതാവിന്റെ ശ്രവണമധുരങ്ങളായ വചനങ്ങൾതന്നെ കേൾക്കുന്നതായി തോന്നുന്നു.

## അദ്ധ്യായം ൫

### I

### ഛേദനാചാരം.

വിശുദ്ധകുടുംബം ഏതാനും ദിവസങ്ങൾ കഴിഞ്ഞു യേശുവിന്റെ ജനനസ്ഥലമായ ഗുഹയിൽനിന്നു് കുറേക്കൂടി വാസയോഗ്യമായ ഒരു വസതിയിലേക്കു മാറിത്താമസിച്ചുവെങ്കിലും, ശിശുവിന്റെ ഛേദനകൎമ്മവും നാമകരണവും നടക്കുന്നതുവരെ ആ കാലിത്തൊഴുത്തിൽതന്നെ കഴിഞ്ഞുകൂടി. ദയാശീലരായ ആട്ടിടയന്മാരും അയൽവാസികളും അതിനെ തല്ക്കാലം അധിവസിക്കത്തക്കവണ്ണം വൃത്തിയാക്കി സൌകൎയ്യപ്പെടുത്തുന്നതിനു വേണ്ട സഹായം ചെയ്തിരിക്കണം.

"ശിശുവിനു ഛേദനകൎമ്മം ചെയ്യുന്നതിനുള്ള എട്ടുദിവസം തികഞ്ഞശേഷം, ഗൎഭത്തിൽ ഉത്ഭവിക്കുന്നതിനു

മുമ്പേ മാലാഖയാൽ പ്രഖ്യാപനം ചെയ്യപ്പെട്ട യേശുവെന്ന പേരു അദ്ദേഹത്തിനു നൽകപ്പെട്ടു." (Luke ii; 21)

ഛേദനാചാരം മോശയാൽ വിധിക്കപ്പെട്ട മതപരമായ ഒരനുഷ്ഠാനമാണു്. ആ കർമ്മത്താൽ ഒരുവൻ ദൈവത്തിൻെറ ജനങ്ങളുടെ സമുദായത്തിൽ പ്രവേശിപ്പിക്കപ്പെടുന്നു. ആ സമുദായത്തിലെ ഒരംഗത്തിനുള്ള അവകാശങ്ങൾ ഈ കർമ്മം മൂലമേ അവനു സിദ്ധിക്കുകയുള്ളു. സാധാരണമായി ആഘോഷപൂർവം പത്തു സാക്ഷികളുടെ സാന്നിധ്യത്തിൽ അതു നടത്തപ്പെടുന്നു. ഒരു കല്ലായുധംകൊണ്ടു വിധിപ്രകാരമുള്ള ഛേദനം ചെയ്യുന്നതു പിതാവോ ചാർച്ചക്കാരിലാരെങ്കിലുമോ ആയിരിക്കും. പാപപരിഹാരത്തിനും ശുദ്ധീകരണത്തിനുമായി അനുഷ്ഠിക്കപ്പെടുന്ന ഈ 'ശസ്ത്രക്രിയ' ദൈവപുത്രനായ യേശുവിനെ സംബന്ധിച്ചിടത്തോളം ആവശ്യമില്ലാത്തതായിരുന്നുവെങ്കിലും, "നിയമത്തിനു വിധേയരായവരെ രക്ഷിക്കുന്നതിനായി, നമ്മെ സ്വപുത്രന്മാരായി സ്വീകരിക്കുന്നതിനായി" അദ്ദേഹം സ്വയം നിയമത്തിനു വിധേയനാകുന്നതിനു ആഗ്രഹിച്ചു. സാക്ഷാൽ ദൈവമായ അദ്ദേഹം കേവലം ഒരു മനുഷ്യനുംകൂടി ആയിരുന്നുവെന്നു തെളിയിക്കുകയെന്ന ഉദ്ദേശ്യവും അദ്ദേഹത്തിനു ഈ സംഗതിയിലുണ്ടായിരുന്നിരിക്കണം.

മേരിയുടെയും ജോസഫിൻെറയും തൽക്കാലസ്ഥിതിക്കു സ്വശിശുവിൻെറ ഛേദനകർമ്മം മുറപ്രകാരമുള്ള ആഘോഷത്തോടുകൂടി നിർവഹിക്കുകയെന്നതു സാധ്യമായിരുന്നില്ല. എങ്കിലും ബത്ലേമിൽനിന്നു അനതിദൂരസ്ഥരും അടുത്ത സംബന്ധികളുമായ സഖേരിയായും എലിസബത്തും അതിനായി ക്ഷണിക്കപ്പെട്ടിരുന്നുവെന്നും അവർ സന്നിഹിതരായിരുന്നുവെന്നും നമുക്കു ന്യായമായി വിചാരിക്കാവുന്നതാണു്. കാനേഷുമാരി പ്രമാണിച്ചു ബത്ലേമിൽ വരുന്നതിന് അവരും നിർബന്ധിതരായിരുന്നുവല്ലോ. ആ വന്ദ്യ

വയോധികയുഗളം അപ്പോൾ ആറുമാസത്തിനുമേൽ പ്രായമുള്ള യോഹന്നാനോടുകൂടി സാധുക്കളായ മേരിയെയും ജോസഫിനെയും സഹായിക്കുന്നതിനും നവജാതനായ ദിവ്യകുമാരനെ ആരാധിക്കുന്നതിനും അവിടെ യഥാകാലം വന്നുചേരുന്നതിനു ദിവ്യമായ പ്രേരണയും അവക്കുണ്ടായിരുന്നിരിക്കണം. യേശുവിന്റെ ഈ ഛേദനകൎമ്മംമൂലം ലോകവും ദൈവവും തമ്മിൽ ഒരു അത്ഭുതകരമായ വിനിമയം നിർവഹിക്കപ്പെട്ടു—ലോകം അതിന്റെ കഷ്ടതകൾ സകലവും അദ്ദേഹത്തിനു നല്കുകയും പകരം സ്വൎഗ്ഗീയമായ ഐശ്വൎയ്യങ്ങൾ മുഴുവനും അതു അദ്ദേഹത്തിൽനിന്നു വാങ്ങുകയും ചെയ്തു. അദ്ദേഹം കന്യകയുടെ ഉദരത്തിൽ മനുഷ്യനായി അവതരിച്ചതു തന്റെ ഈശ്വരത്വത്തിൽ നമ്മെ ഭാഗഭാക്കുകളാക്കുന്നതിനാണ്. അദ്ദേഹം നിയമത്തിനധീനനായതു പാപശിക്ഷയ്ക്കായുള്ള നിയമത്തിന്റെ ശാപത്തിൽനിന്നു നമ്മെ മോചിപ്പിക്കുന്നതിനായിട്ടും, അബ്രഹാമിന്റെ സന്തതികളുടെ മുദ്ര അദ്ദേഹം വഹിച്ചതു നമ്മെ ദൈവപുത്രരായി സ്വീകരിക്കുന്നതിനായിട്ടുമാണ്. ലോകരക്ഷയുടെ നിഷ്ക്രയമായ യേശുവിന്റെ വിശുദ്ധരക്തം ഇദംപ്രഥമമായി നിർഗ്ഗളിച്ച ഈ സന്ദർഭത്തിൽ അതിന്റെ അമോഘതയെപ്പററി നല്ലവണ്ണം ഗ്രഹിച്ചിരുന്ന കന്യാമാതാവു അശ്രുപൂൎണ്ണങ്ങളായ നയനങ്ങളോടു അതിനെ ആരാധിച്ചു. ഈ മതപരമായ ഛേദനകൎമ്മം അദ്ദേഹം ഭാവിയിൽ അനുഭവിക്കാനിരുന്ന പീഡാപരംപരയുടെ പൂൎവ്വരൂപമായിരുന്നുവെന്നു അവക്കു അറിയാമായിരുന്നു.

ദിവ്യശിശുവിന്റെ നാമകരണവും ഈ അനുഷ്ഠാനത്തോടുകൂടി നടത്തപ്പെട്ടു സുമധുരമായ ആ നാമധേയവും അതിന്റെ പ്രൌഢമായ അൎത്ഥവും മാലാഖാതന്നെ വെളിപ്പെടുത്തിയിരുന്നു 'രക്ഷകൻ' എന്നൎത്ഥമായ യേശുവെന്ന ഈ സംജ്ഞ മനുഷ്യനാമങ്ങളിൽവച്ചു ഏററവും മനോഹരവും അൎത്ഥഗർഭവുമത്രെ.

## II

### ശുദ്ധീകരണം.

യഹൂദവേദവിധിപ്രകാരം നവജാതനായ ശിശുവിനെയും മാതാവിനെയും സംബന്ധിച്ച രണ്ടു ചടങ്ങുകൾകൂടി അനുഷ്ഠേയങ്ങളായുണ്ടായിരുന്നു. ഒരു സ്ത്രീ ആൺകുട്ടിയെ പ്രസവിച്ചാൽ നാല്പതു ദിവസത്തേയ്ക്കും പെൺകുട്ടിയെ പ്രസവിച്ചാൽ എൺപതു ദിവസത്തേയ്ക്കും അശുദ്ധയായി ഗണിക്കപ്പെടുന്നു. അതുകൊണ്ടു് 'അശൌച'കാലത്തിൻെറ അവസാനഘട്ടത്തിൽ നവപ്രസൂതിയായ സ്ത്രീ ശിശുവുമായി ദേവാലയത്തിൽ പോയി ശുദ്ധീകരണാചാരം അനുഷ്ഠിച്ചു് അശുദ്ധിയെ പരിഹരിക്കണമെന്നു മതനിയമം നിഷ്കർഷിക്കുന്നു. അശുദ്ധയുടെ സമ്പർക്കംകൊണ്ടു കുട്ടിക്കും അശുദ്ധി ബാധിക്കുമെന്നുള്ളതുകൊണ്ടു കുട്ടിയും ശുദ്ധീകരിക്കപ്പെടേണ്ടതു് ആവശ്യമാണു്. ശിശു കടിഞ്ഞൂൽസന്താനമാണെങ്കിൽ അതിനെ ദേവാലയത്തിൽ കൊണ്ടുപോയി ദൈവത്തിനായി കാഴ്ചവയ്ക്കണമെന്നും വിധിയുണ്ടു്. ഇസ്രായേൽജനത ഈജിപ്റ്റിൽനിന്നു യാത്രപുറപ്പെട്ട തലേരാത്രി നാശനോദ്യതനായ മാലാഖാ ഈജിപ്ഷ്യന്മാരുടെ കടിഞ്ഞൂൽസന്താനങ്ങളെയെല്ലാം നിശ്ശേഷം സംഹരിച്ചപ്പോൾ ഇസ്രായേൽകാരുടെ കടിഞ്ഞൂൽസന്തതികളെ സംരക്ഷിച്ചതിനു ദൈവത്തോടുള്ള നന്ദിസൂചകമായിട്ടാണു് ഈ ശിശുസമർപ്പണം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. ദൈവത്തിനായി അർപ്പിക്കപ്പെടുന്ന ശിശുവിനെ വീണ്ടെടുക്കുന്നതിനു ഉദ്ദേശം പത്തുരൂപാ വിലപിടിക്കുന്ന അഞ്ചു വെള്ളിനാണയങ്ങൾ നേർച്ചകൊടുക്കണം. മാതാവിൻെറയും ശിശുവിൻെറയും ശുദ്ധീകരണത്തിനായി ഒരു വയസ്സു പ്രായമുള്ള ഒരു ആട്ടിൻകുട്ടിയും ഒരു പ്രാവുംകൂടി വഴിപാടായി നൽകപ്പെടണമെന്നുണ്ടു്. പാവങ്ങളെ സംബന്ധിച്ചിടത്തോളം ആട്ടിൻകുട്ടിക്കു പകരം ഒരു പ്രാവുകൂടി മതിയാകും.

മേരിയെയും ശിശുവിനെയും സംബന്ധിച്ച് ഈ ചടങ്ങുകളുടെ ആവശ്യമില്ലായിരുന്നു. മേരി പ്രസവിച്ചുവെങ്കിലും മാതൃസാധാരണമായ മാലിന്യവും മററും അവൾക്കുണ്ടായിരുന്നില്ലല്ലോ. അവരുടെ ഗർഭോല്പാദനവും പ്രസവവും ദൈവത്തിൻെറ സർവ്വശക്തിത്വത്തിൻെറ പ്രവൎത്തനത്താൽ കന്യാത്വത്തിനു ഭംഗംവരാതെ പ്രകൃത്യതീതമായ വിധത്തിലാണല്ലോ നിർവ്വഹിക്കപ്പെട്ടതു്. ജന്മനാ നിൎമ്മലയായ ആ കന്യാജനനിയുടെ ഹിമാലയശിഖരങ്ങളിലെ ഹിമസമുച്ചയത്തിനു് സമാനമായ നൈൎമ്മല്യധവളിമാവു് ഗർഭാധാനത്താലും പ്രസവത്താലും ഒട്ടും മ്ലാനീഭവിച്ചില്ല; പ്രത്യുത, അവതീൎണ്ണനായ ഈശ്വരകുമാരനെ ഗർഭം ധരിക്കുകയും പ്രസവിക്കുകയും ചെയ്തതുകൊണ്ടു് അതു പൂൎവ്വാധികം ധവളതരമായി പ്രകാശിച്ചതേയുള്ളു. എങ്കിലും വിനയശീലയായ മേരി അവരുടെ കന്യാമാതൃത്വം ലോകദൃഷ്ടിയിൽനിന്നു് ഉപഗ്രൂഢമായ ഒരു പരമരഹസ്യമായിരുന്നതിനാലും അവർ സ്ത്രീവൎഗ്ഗത്തിനു സർവഥാ അനുകരണയോഗ്യയായ ഒരു ഉത്തമമാതൃകയായിരുന്നതിനാലും, ശുദ്ധീകരണമെന്ന വേദവിധിക്കു വശംവദയായി.

ഫെബ്രുവരി രണ്ടാംതിയതി രാവിലെ ജോസഫും മേരിയും "മോശയുടെ നിയമപ്രകാരം മേരിയുടെ ശുദ്ധീകരണത്തിനുള്ള ദിവസങ്ങൾ തികഞ്ഞ"തിനാൽ യെരൂശലേമിലെ ദേവാലയത്തിലേക്കു യാത്രയായി. കുറേദൂരം ചെന്നപ്പോൾ ശിശുവിനെ സ്തന്യപാനംചെയ്യിക്കുന്നതിനായി അവർ ഒരു വൃക്ഷച്ചുവട്ടിൽ വിശ്രമിച്ചു. അന്നുമുതൽ ആ വൃക്ഷത്തിനു് അത്ഭുതകരമായി രോഗം ശമിപ്പിക്കുന്നതിനുള്ള ശക്തി സിദ്ധിക്കുകയും പതിനാറു നൂററാണ്ടുകാലത്തേയ്ക്കു നിരവധി അത്ഭുതകരമായ രോഗശമനങ്ങൾ അതുമൂലം ഉണ്ടാവുകയും ചെയ്തു. പശ്ചിമേഷ്യായിലുള്ള ക്രിസ്ത്യാനികളും മുഹമ്മദീയരും അതിനോടു വലുതായ ഭക്തിബഹു

മാനങ്ങൾ പ്രദശിപ്പിച്ചിരുന്നു. പതിനേഴാംശതാബ്ദത്തിൽ അതു നശിച്ചുപോയെങ്കിലും അതു നിന്ന സ്ഥാനം ഇന്നും ആദരപൂർവ്വം സ്മരിക്കപ്പെട്ടുന്നു. വിശുദ്ധകുടുംബത്തിൻെറ അടുത്ത വിശ്രമസ്ഥലം റാഖേലിൻെറ ശവകുടീരസന്നിധി യായിരുന്നു. ജേക്കബ്ബിൻെറ പുണ്യവതിയായ ആ ഭാൎയ്യയുടെ പ്രേതാലയത്തിൻെറ മുമ്പാകെ അതിലെ കടന്നുപോകുന്ന എല്ലാ യഹൂദപാന്ഥികരും നമസ്കരിക്കാൻ നിർബദ്ധരായി രുന്നു. കുറേക്കൂടി യാത്രചെയ്തു യെറുശലേം സമീപിച്ച പ്പോൾ അവിടെനിന്നു് ഒന്നരമൈൽ അകലെയായി ഭയാ നകരൂപത്തോടുകൂടിയ ഒരു മരം കാണപ്പെട്ടു. അതിൻെറ അതിദാരുണമായ ദശനം മേരിയുടെ ഹൃദയത്തെ കഠിന മായി വേദനപ്പെടുത്തി. അതു നാലുപാടും വിഷം വിതറു ന്നതായി അവക്കു തോന്നി. വന്ധ്യമായ ആ ഒലിവുവൃക്ഷ ത്തിൽ നിന്നായിരുന്നു യേശുവിൻെറ വധോപകരണമായ കരിശു നിമ്മിക്കുന്നതിനുള്ള തടി ദൈവഹന്താക്കളായ യഹൂ ദന്മാർ വെട്ടിയെടുത്തതു്. അതു നിന്നസ്ഥലത്തു് ഇപ്പോൾ മാർശ്ലീവാസന്യാസാശ്രമം സ്ഥിതിചെയ്യുന്നു. ഈ ആശ്ര മംവക പള്ളിയിൽ അതു നിന്ന സ്ഥാനം കുറിക്കുന്നതിനായി ഒരു മാർബിൾകല്ലു് പ്രധാന ബലിപീഠത്തിൻെറ താഴെയു ള്ള ഒരു പ്രതിമാവിലത്തിൻെറ അടിത്തറയിൽ പതിക്കപ്പെ ട്ടിരിക്കുകയും അവിടെ ഒരു വിളക്കു അക്ഷയമായി എരിഞ്ഞു കൊണ്ടിരിക്കുകയും ചെയ്യുന്നു.

വിശുദ്ധകുടുംബം ദേവാലയത്തിലെത്തി. ഏതാനും കൊല്ലങ്ങൾക്കുമുമ്പു് അവിടെ താമസിച്ചു ദൈവശുശ്രൂഷ യിൽ വ്യാപൃതയായിരുന്ന കാലത്തു് അഭംഗുരമായ കന്യാ വ്രതം അവലംബിച്ച ആ യുവയോഷാമണി ഇപ്പോഴിതാ ഒരു മാതാവായി ആഗതയായിരിക്കുന്നു. എന്നാൽ അവ രുടെ അനിതരവനിതാസാധാരണമായ സ്ഥിതിവൈശി ഷ്ട്യം നോക്കുക! അവർ മാതാവായെങ്കിലും ഇപ്പോഴും കന്യ

കയായിത്തന്നെ പരിലസിക്കുന്നു! സർവേശ്വരൻ അവരെ സന്ദർശിക്കുകയും അവരുടെ സുഭഗമായ ഗർഭംവഴി ഭൂജാതംചെയ്യുകയും ചെയ്തിരിക്കുകയാൽ അവരുടെ കന്യാത്വം അനുഗ്രഹീതമാവുകയും മുമ്പിലത്തെക്കാൾ അധികം പ്രകാശമാനമായി പ്രശോഭിക്കുകയും ചെയ്യുന്നതേയുള്ളു. അവർ ദേവാലയത്തിൽ പ്രവേശിച്ച സമയം ഒരു വന്ദ്യവയോവൃദ്ധൻ ഈശ്വരചൈതന്യത്താൽ ആനീതനായി അവിടെ വന്നുചേർന്നു. "കണ്ടാലും, സിമിയോൻ * എന്നു പേരായ ഒരു മനുഷ്യൻ യറുശലേമിൽ ഉണ്ടായിരുന്നു. ഈ മനുഷ്യൻ ഇസ്രായേലിന്റെ സമാശ്വാസനത്തെ പ്രതീക്ഷിച്ചുകൊണ്ടിരുന്ന ഒരു നീതിമാനും, ഭക്തനും ആയിരുന്നു. ജഗദീശനായ ക്രിസ്തുവിനെ കണ്ടുകഴിയുന്നതിനുമുമ്പ് അദ്ദേഹം മരണം പ്രാപിക്കുകയില്ലെന്നു് പരിശുദ്ധാത്മാവിൽനിന്നു് ഒരു പ്രതിശ്രവം അദ്ദേഹത്തിനു് സിദ്ധിച്ചിരുന്നു" ജോസഫിലും മേരിയിലും ശിശുവിലും അന്യരുടെ ശ്രദ്ധയെ സവിശേഷമായി ആകർഷിക്കത്തക്കവണ്ണം ബാഹ്യമായി യാതൊന്നുമുണ്ടായിരുന്നില്ല. എങ്കിലും ദൈവപ്രബുദ്ധനായ ആ വൃദ്ധൻ അവരെ തിരിച്ചറിയുകയും മേരിയുടെ കരങ്ങളിൽ മാറോടണച്ചുപിടിച്ചിരുന്ന ശിശുവിന്റെ ദിവ്യത്വത്തെ ഗ്രഹിക്കുകയും ചെയ്തു. അദ്ദേഹം ആദരപൂർവ്വം അവരെ സമീപിച്ചിട്ടു കുഞ്ഞിനെ തന്റെ കൈയിൽ എടുക്കുന്നതിനു അനുവദിക്കണമെന്നു് അപേക്ഷിച്ചു. "അനന്തരം അദ്ദേഹം കുഞ്ഞിനെ കൈയിൽ എടുത്തു്, തന്റെ ദീർഘീകൃതമായ ജീവിതത്തിന്റെ ഉദ്ദേശ്യം ഇങ്ങനെ നിർവ്വഹിച്ചതിലുള്ള ചാരിതാർത്ഥ്യവും തനിക്കു

---

* അറബികൾ സിമിയോനു് 'സിട്ടിക്' (Siddik) എന്ന അർത്ഥവത്തായ ഉപനാമം നൽകുന്നു. സാക്ഷി, തെളിയിക്കുന്നവൻ, എന്നാണു് ഇതിന്റെ അർത്ഥം. മുഹമ്മദീയരാലും സാക്ഷാൽ മ്ശിഹായായി പരിഗണിക്കപ്പെടുന്ന മേരീസുതനായ യേശുവിന്റെ മ്ശിഹാത്വത്തിനു് അദ്ദേഹം സാക്ഷ്യം വഹിച്ചുവല്ലോ.

ജന്മസാഫല്യവും നയനസാഫല്യവും ഒരേ സമയത്തു പ്രദാനം ചെയ്ത സർവേശ്വരനോടുള്ള കൃതജ്ഞതയും ഈ ദിവ്യപ്രബുദ്ധമായ സ്തവത്താൽ പ്രകാശിപ്പിച്ചു:—

(ഗാഥ)

ലോകൈകനായക!താവകദാസനു
ശോകവിമോചനകാലം വന്നു.

വിശ്വജാതിക്കായിട്ടങ്ങൊരുക്കീടുന്ന
ശാശ്വതദിവ്യപരിരക്ഷയെ,

മററുബഹിർജ്ജാതികൾക്കും പ്രകാശത്തെ
മുററുമിയററും പരംജ്യോതിസ്സായ്-

എന്നുമല്ലങ്ങെജ്ജനമായോരിസ്രായേ-
ലിന്നുമേലെന്നുമിതൊന്നുപോലെ,

സീമാവിഹീനമഹിമാനിദാനമായ്
മാമകനേത്രങ്ങൾ ദശിക്കുന്നു.

ആകയാലങ്ങെപ്രതിശ്രുവംപോൽ ഞാനി
ലോകവാസം വിടും ശോകഹീനം.

"അദ്ദേഹത്തെപ്പററി പ്രസ്താവിക്കപ്പെട്ട ഈ വചനങ്ങൾ കേട്ടു ജോസഫും അദ്ദേഹത്തിൻെറ അമ്മയും ആശ്ചര്യപ്പെട്ടുകയായിരുന്നു." സിമിയോൻെറ ഹൃദയത്തിൽ നിന്നു നിരർഗ്ഗളമായി പ്രവഹിച്ച ഈ സ്തോത്രഗീതത്തിൽ നിന്നു അവതീർണ്ണനായ രക്ഷകനെപ്പററി പുതുതായി യാതൊന്നും അവർക്കു ഗ്രഹിക്കാനുണ്ടായിരുന്നില്ലെങ്കിലും, പരിശുദ്ധാത്മാവു ദൈവാവതാരപരമരഹസ്യത്തെ എലി

സബെത്തു, ആട്ടിടയൻമാർ, സിമിയോൻ മുതലായ മഹാത്മാക്കൾക്ക വെളിപ്പെടുത്തിക്കൊടുത്തുകാണുന്നതും ആ പ്രബുദ്ധരായ സാക്ഷികൾ ദൈവത്തിൻെറ അത്ഭുതകരമായ മനുഷ്യാവതാരത്തെയും ലോകപരിത്രാണത്തെയും വാഴ്ത്തിക്കേൾക്കുന്നതും അവക്ക് ആശ്ചര്യജനകമായിരുന്നു.

അവർ ഇങ്ങനെ വിസ്മയവിവശരായി നിന്നപ്പോൾ വേറൊരു പുണ്യാത്മാവു അവിടെ പ്രത്യക്ഷമായി "ദീർഘദർശിനി" എന്നു വിളിക്കപ്പെട്ടുന്ന ഹന്ന "ഏസർവഗ്ഗത്തിൽപെട്ട ഫാനുവെലിൻെറ മകൾ" ആയിരുന്നു; "അവർ വളരെ പ്രായംചെന്നവരും വിവാഹംകഴിഞ്ഞു് ഏഴുവർഷം ഭർത്താവിനോടുകൂടി താമസിച്ചിരുന്നവരുമായിരുന്നു. അവർ അഹോരാത്രം ഉപവാസത്താലും പ്രാർത്ഥനയാലും ഈശ്വരനെ ഉപാസിച്ചു് എൺപത്തിനാലുവർഷം ദേവാലയം വിട്ടുപോകാതിരുന്ന ഒരു വിധവയായിരുന്നു. അവർ, അതേസമയം, കടന്നുവന്നു അവതീർണ്ണനായ ജഗദീശനെ കണ്ടറിഞ്ഞു സ്തുതിക്കുകയും ഇസ്രായേലിൻെറ പരിരക്ഷയെ പ്രതീക്ഷിച്ചിരുന്ന എല്ലാവരോടും അദ്ദേഹത്തെപ്പററി പ്രസ്താവിക്കുകയും ചെയ്തു" ഈ ഹന്നാ, മേരി ദേവാലയത്തിൽ താമസിച്ച പന്ത്രണ്ടുവർഷവും അവരുടെ ഉപാദ്ധ്യായിനിയും സ്നേഹിതയുമായിരുന്നു. അക്കാലത്തു അവർ ഒരുമിച്ചു ദൈവത്തെ സ്നേഹിച്ചു സേവിക്കുകയും, രക്ഷകൻെറ അവതാരത്തിനായിട്ടു ഏകകണ്ഠമായി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. അവരുടെ വ്രതത്തെയും, തപസ്സിനെയും, അനുഗൃഹീതകന്യകയോടു പ്രദർശിപ്പിച്ച സ്നേഹാതിശയത്തേയും ഈ ദിവ്യചക്ഷുസ്സമ്പ്രദാനത്താൽ ദൈവം സമൃദ്ധമായി അനുഗ്രഹിച്ചു.

സിമിയോനു ദിവ്യപ്രബോധനമനുസരിച്ചു പറയാനുള്ളതു മുഴുവനും പറഞ്ഞുകഴിഞ്ഞിരുന്നില്ല. അദ്ദേഹം

യേശുവിൻെറ പിതാക്കൾക്കു മംഗളം ആശംസിക്കുകയും ദൈവം അവരുടെമേൽ വർഷിച്ചിരിക്കുന്ന അപൂർവ്വാനുഗ്രഹങ്ങൾക്കായി അവരെ അനുമോദിക്കുകയും ചെയ്തിട്ട്, മേരിയോട്ടുതിരിഞ്ഞു് ഇപ്രകാരം പറഞ്ഞു:—"കണ്ടാലും, ഈ ശിശു ഇസ്രായേലിൽ ഒട്ടധികംപേരുടെ അധഃപതനത്തിനും പുനരുത്ഥാനത്തിനും, വിവാദവിഷയമായ ഒരു സങ്കേതത്തിനുമായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു; ഇതു അനേകം ഹൃദയങ്ങളിൽ നിന്നു വിചാരങ്ങൾ വെളിപ്പെടുത്തപ്പെടുന്നതിനായിട്ടാകുന്നു; ഭവതിയുടെ ആത്മാവിനെ ഒരു വാൾ പിളക്കും." മനുഷ്യരുടെ മനഃസ്വാതന്ത്ര്യത്തിനു ഭംഗം വരുത്താതെയത്രെ അവതീർണ്ണനായ മ്ശിഹാ ലോകരക്ഷ നിർവഹിക്കാൻപോകുന്നതു്. തന്നെ സമീപിക്കുന്നവക്കു അദ്ദേഹം നിത്യജീവനും ദിവ്യപ്രകാശവും പ്രദാനംചെയ്യും; അവയെ അവലംബിച്ചു രക്ഷപ്പെടുകയോ നശിക്കുകയോ ചെയ്യുന്നതിനു അവക്കു സ്വാതന്ത്ര്യമുണ്ടു്. സ്വമനസ്സാലെ അവയെ സ്വീകരിച്ചു ജീവിക്കുന്നവർ മോക്ഷാനന്ദത്തെ പ്രാപിക്കും; സ്വമനസ്സാലെ അവയെ നിഷേധിച്ചു ജീവിക്കുന്നവർ നാശഗത്തത്തിൽ നിപതിക്കും. ദാംഭികന്മാരുടെ ഏററവും നിഗൂഢങ്ങളായി സൂക്ഷിക്കപ്പെടുന്ന അന്തർഗ്ഗതങ്ങൾപോലും ഈ ദിവ്യജ്യോതിഷ്കിരണങ്ങളുടെ ജാജ്വല്യമാനമായ പ്രസരണത്താൽ അപാവരണം ചെയ്യപ്പെടും; യേശു അതികഠിനങ്ങളായ പീഡകളും കഷ്ടപ്പാടുകളും അനുഭവിക്കേണ്ടിവരും; ശത്രുക്കൾ എത്രയും നിഷ്ഠുരമായി അദ്ദേഹത്തെ അപമാനിക്കുകയും ഉപദ്രവിക്കുകയും ഒടുവിൽ വധിക്കുകയും കൂടി ചെയ്യും; മകൻെറ ഈ പീഡാനുഭവവും യാതനയും ഒരു വാൾപോലെ അമ്മയുടെ ഹൃദയത്തെ പിളക്കും.

സ്വപുത്രൻെറ ദിവ്യോദ്യോഗം അതിതീവ്രമായ സങ്കടങ്ങൾ അനുഭവിച്ചശേഷം മാത്രമെ നിർവഹിക്കപ്പെടുകയു

ള്ളുവെന്നും ആ സങ്കടങ്ങളിൽ താനും ഭാഗഭാക്കു് ആകുമെന്നും അവൾക്കു മുമ്പേതന്നെ അറിയാമായിരുന്നു. എങ്കിലും ഈ സന്ദർഭത്തിൽ ആ ഭവിഷ്യത്തു കുറേക്കൂടി സ്പഷ്ടതരമായും സൂക്ഷ്മതരമായും നിർദ്ദേശിക്കപ്പെട്ടു. വേദാഗമങ്ങളിൽ തത്സംബന്ധമായുള്ള പ്രവചനങ്ങളെ സിമിയോൺ മേരിയോടുള്ള അഭിമുഖസംഭാഷണംമൂലം വിശദീകരിക്കുകയാൽ യേശുവിൻെറ ഭാവിപീഡകളേയും അവയിൽ തനിക്കുള്ള ഓഹരിയേയും പററിയുള്ള ചിന്തകൾ മേരിയുടെ ഹൃദയത്തിൽ അവഗാഢമായി പതിഞ്ഞു. തൻെറ കരങ്ങളിൽ വഹിച്ചിരിക്കുന്ന മൃണാളകോമളമായ ആ ശിശുതല്ലജം ഭാവിയിൽ തനിക്കു് അതിദാരുണങ്ങളായ സങ്കടങ്ങൾക്കു ഹേതുവായി ഭവിക്കുമെന്നു് ആ യുവമാതാവിനോടു നേരിട്ടൊരു സിദ്ധൻ പ്രവചിച്ചാൽ അതു് അവൾക്കു് എത്ര ഹൃദയഭേദകമായിരിക്കും! സ്വപുത്രൻ ഭാവിയിൽ അനുഭവിക്കാനിരിക്കുന്ന യാതനകളെപ്പററിയുള്ള ദുഃഖപ്രദമായ അനുസ്മരണകളോടുകൂടിയല്ലാതെ ആ ശിശുവിൻെറ മന്ദസ്മിതപ്രശോഭിതമായ മുഖാരവിന്ദത്തെ അവൾക്കു് എങ്ങനെ വീക്ഷിക്കാൻ കഴിയും? വൃദ്ധസിദ്ധൻെറ പ്രവചനങ്ങളുടെ പൂർവ്വഭാഗം അന്യാദൃശമായ സൗഭാഗ്യാതിശയത്തെ ദ്യോതിപ്പിച്ചതുപോലെ ഉത്തരഭാഗം നിസ്സീമമായ ദൗർഭാഗ്യത്തെയും സൂചിപ്പിച്ചുവെങ്കിലും അവയ്ക്കു മേരിയുടെ സമചിത്തതയേയും മനഃസമാധാനത്തേയും ഹനിക്കുന്നതിനു കഴിഞ്ഞില്ല. അവർ സഹജമായ പ്രശാന്തതയോടും പ്രസന്നതയോടും കൂടി പുണ്യാത്മാക്കളായ സിമിയോൻെറയും ഹന്നായുടേയും സന്നിദ്ധ്യത്തിൽവച്ചു് അവരുടെ ആഗമനോദ്ദേശ്യമായ ശുദ്ധീകരണാചാരം വിധിപ്രകാരം അനുഷ്ഠിച്ചു.

മേരി ശിശുവുമായി സ്ത്രീകൾക്കായുള്ള അങ്കണത്തിൽ പോയി മുട്ടുകുത്തി. ഒരു പുരോഹിതൻ അവരുടെ അടുക്കലേയ്ക്കു് ഇറങ്ങിവന്നു. ധനികകൾക്കുള്ള വഴിപാടായ ആട്ടിൻകു

ട്ടി ഒരു ആശാരിയുടെ ഭാൎയ്യയായ മേരിയെ സംബന്ധിച്ചിട
ത്തോളം വേണ്ടിയിരുന്നില്ല. അവർ ദരിദ്രരീതിയിൽ കൊ
ണ്ടുവന്ന രണ്ടു പ്രാവിൻകുഞ്ഞുങ്ങളെ പുരോഹിതന്റെ കര
ങ്ങളിൽ സമൎപ്പിച്ചു. പുരോഹിതൻ ഈ കൎമ്മത്തിനു
നിർദ്ദിഷ്ടങ്ങളായ മന്ത്രങ്ങളെ ഉച്ചരിക്കുകയും മേരി ഭക്തി
പൂൎവ്വം അവയെപ്പററി ധ്യാനിച്ചിട്ടു ദൈവത്തെ വാഴ്ത്തുക
യും ചെയ്തു. അനന്തരം മേരി എഴുന്നേററു സ്വല്പം മുമ്പോ
ട്ടു നടന്നു സ്ത്രീകളുടെ അങ്കണത്തിന്റെ മുകളിലററത്തും പുരു
ഷന്മാരുടേതിന്റെ താഴെ അററത്തുമായി ചെന്നു മുട്ടുകുത്തി.
ഇരുവശത്തും രണ്ടു മെഴുകുതിരി * കത്തിച്ചു വയ്ക്കപ്പെട്ടു.
മേരി കുഞ്ഞിനെ ഉയൎത്തിപ്പിടിച്ചു. പുരോഹിതൻ കു
ഞ്ഞിനെ വാങ്ങി, ബലിപീഠത്തിനും ശ്രീകോവിലിനും
അഭിമുഖമായി നിന്നുകൊണ്ടു് അതിനെ ദൈവത്തിനായി
കാഴ്ചവച്ചു. മേരി സർവ്വേശ്വരനോടു് ഈ ഉപഹാരത്തെ
സ്വീകരിക്കുന്നതിനു ഹൃദയപൂൎവ്വം പ്രാൎത്ഥിച്ചു. വിധിപ്രകാ
രമുള്ള അഞ്ചു വെള്ളിനാണയങ്ങൾ കൊടുത്തു് അവർ
ശിശുവിനെ വീണ്ടെടുത്തു. ഇങ്ങനെ പതിവനുസരിച്ചു
പണംകൊണ്ടു് ഉണ്ണിയേശു വീണ്ടെടുക്കപ്പെട്ടു എങ്കിലും
അദ്ദേഹത്തിന്റെ സമൎപ്പണം, ഇതരശിശുക്കളുടേതുപോ
ലെ, നിരൎത്ഥകമായിരുന്നില്ല. അദ്ദേഹം എന്നേയ്ക്കും
ഈശ്വരന്റെ വകയും, അദ്ദേഹത്തിന്റെ ജീവിതോദ്ദ്യോഗം
അനവരതമായ ഈശ്വരസേവനവും ലോകോദ്ധാരണവു
മായിരുന്നുവത്രെ.

ഇസ്രായേൽക്കാർ ചിരകാലമായി ഉൽകണ്ഠയോടെ
പ്രതീക്ഷിച്ചുകൊണ്ടിരുന്ന ലോകരക്ഷകനായ ക്രിസ്തു ഈ
വിധം ഒരു ശിശുവായി ദേവാലയത്തിൽ എഴുന്നരുളിയിട്ടു്
അഗണ്യരായ ഒരു കിഴവിയും കിഴവനുമല്ലാതെ അവിടത്തെ

* ഇതിൽ നിന്നാണു് 'Candlemas' എന്ന പേരു് ഈ പെരുന്നാളിനു
സിദ്ധിച്ചതു്.

പുരോഹിതപ്രമാണികളും മഹാചാൎയ്യന്മാരും അദ്ദേഹത്തെ അറിയുകയോ ആദരിക്കുകയോ ചെയ്തില്ല. ദാരിദ്ര്യമാകുന്ന തിരസ്കരണിയാൽ തിരോഹിതനായിരുന്ന ആ സവ്വേശ്വര കുമാരനെ കണ്ടറിയുന്നതിനു ഔദ്ധത്യതിമിരത്താൽ ആവൃതമായിരുന്ന അവരുടെ നേത്രങ്ങൾക്കോ, അദ്ദേഹത്തെ ആരാധിക്കുന്നതിനു ധനതൃഷ്ണയാൽ വജ്രകക്ക്ശമായിബ്ഭവിച്ചിരുന്ന അവരുടെ ഹൃദയങ്ങൾക്കോ ശക്യമായിരുന്നില്ല. ഈ സന്ദർഭത്തിൽ പൌരോഹിത്യം വഹിച്ച ആ വൈദികപുംഗവൻെറ ദൃഷ്ടികൾ കാഴ്ചദ്രവ്യങ്ങളിലും പണത്തിലും മാത്രമെ പതിഞ്ഞിരുന്നുള്ളു. ആ ദിവ്യശിശുവിൻെറ ലളിതസുന്ദരമായ മുഖത്തെ,—നിർദ്ധനയായ ഒരു ഗ്രാമീണമാതാവിനാൽ വഹിക്കപ്പെട്ടിരുന്ന ആ ഐശ്വൎയ്യവിഗ്രഹത്തെ,-ഒന്നു കൃപാകടാക്ഷം ചെയ്യുന്നതിനുപോലും ആ മഹാനുഭാവമ്മന്യനു കനിവുണ്ടായില്ല. ഈ മഹാചാൎയ്യന്മാരുടെയും പുരോഹിതവൎയ്യന്മാരുടെയും ധനമോഹത്തിനു അതിരില്ലായിരുന്നു. ധനാരാധകന്മാരായ അവർ ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞെടുക്കുന്ന പണംകൊണ്ടു എത്രയും സുഖലാലസന്മാരായി കഴിഞ്ഞുകൂടി. പാവപ്പെട്ടവരുടെ കഷ്ടതകൾ കാണുന്നതിനു കണ്ണുകളോ അവരുടെ സങ്കടങ്ങൾ കേൾക്കുന്നതിനു കൎണ്ണങ്ങളോ, അവരുടെ മുറിവുകളെ തടവി ആശ്വസിപ്പിക്കുന്നതിനു കരങ്ങളോ ഈ ദാംഭികന്മാൎക്കുണ്ടായിരുന്നില്ല. സാധുക്കളായ ജനങ്ങൾ അവരുടെ അക്രമമായ രീതികളെ പ്രതിഷേധിക്കുന്നതിനു മുതിന്നാൽ അവർ നിഷ്കരുണം മർദ്ദിക്കപ്പെട്ടും; അവരുടെമേൽ രാജദ്രോഹക്കുററവും മററും ആരോപിച്ചു അവരെ ഈ പ്രബലന്മാർ റോമൻ ഭരണാധികാരികളെ ഏല്പിക്കുകയും അന്യായമായ സ്വാധീനശക്തി പ്രയോഗിച്ചു കഠോരമായി ശിക്ഷിപ്പിക്കുകയും ചെയ്യും. അവരുടെ ഈ ദൌഷ്ട്യത്തെ ക്രിസ്തു "നല്ല സമേരിയാക്കാരൻെറ കഥ"കൊണ്ടു ഫലപ്രദമായി ഉദാഹരിക്കുകയും ശാസിക്കുകയും ചെയ്യുന്നു.

11063111

# III

## മൂന്നു രാജാക്കന്മാർ.

"വേദവിധിയനുസരിച്ച് ഈ കാര്യങ്ങളെല്ലാം അനുഷ്ഠിച്ചതിന്നശേഷം അവർ ഗലിലേയായിൽ അവരുടെ സ്വന്തം പട്ടണത്തിലേയ്ക്കു മടങ്ങിപ്പോയി." Luke. ii; 39.

ശുദ്ധീകരണാചാരത്തിനും തൃക്കുടുംബത്തിൻെറ ഗലീലേയായിലേയ്ക്കുള്ള പ്രതിയാനത്തിനും ഇടയ്ക്കു നടന്ന രണ്ടു മൂന്നു സംഭവങ്ങളെ സുവിശേഷകാരനായ ലൂക്കോസ് വിട്ടുകളയുന്നു. 'മൂന്നു രാജാക്കന്മാർ' ബത്‌ലേമിൽ വിശുദ്ധകുടുംബത്തിൻെറ തല്ക്കാലവസതിയിൽ വന്ന് ഉണ്ണിയേശുവിനെ ആരാധിക്കുന്നതും, നിർദ്ദോഷരായ ശിശുക്കളുടെ വധവും, വിശുദ്ധകുടുംബത്തിൻെറ ഈജിപ്തിലേക്കുള്ള പലായനവും പ്രവാസവും കഴിഞ്ഞശേഷം മാത്രമാണ് മേരി ഭർത്താവിനോടും പുത്രനോടുംകൂടി നസറെത്തിൽ മടങ്ങിപ്പോയി അവിടെ താമസമുറപ്പിക്കുന്നതു്. അഥവാ, ശുദ്ധീകരണം കഴിഞ്ഞശേഷം അവർ നേരേ നസറെത്തിലേക്കു തന്നെ പോയിയെങ്കിൽ അതു് ഏതോ അത്യാവശ്യം പ്രമാണിച്ച് ഏതാനും ദിവസത്തേക്കു മാത്രമായിരുന്നിരിക്കണം. വീണ്ടും ബെത്‌ലേമിൽ വന്ന് അവർ അവിടെ താമസിച്ചിരുന്നപ്പോഴായിരുന്നു മൂന്നു രാജാക്കന്മാരുടെ സന്ദർശനം നടന്നതും ഹെറോദേസിനെ ഭയപ്പെട്ട് തൃക്കുടുംബം ഈജിപ്തിലേക്ക് ഓടിപ്പോയതുമെന്നുള്ളതു നിർവിവാദമാണ്.

യേശുവിൻെറ ജനനം കഴിഞ്ഞു മൂന്നുനാലു മാസത്തേക്കു തൃക്കുടുംബം ബെത്‌ലേമിൽതന്നെ താമസിച്ചിരുന്നു. ഈ കാലമെല്ലാം അവർ പ്രസവം നടന്ന ഗുഹയിൽതന്നെ ആയിരുന്നില്ല കഴിഞ്ഞുകൂടിയതു്. മേരി പ്രസവിച്ചു ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ അടു

DVK Library
Bangalore - 29

ത്തുള്ള ഒരു വിനീതഗൃഹത്തിലേക്കു അവർ മാറിത്താമസി ച്ചുവെന്നുള്ളതിനു സംശയമില്ല. ഈ ഘട്ടത്തിൽ സഖേരി യായും എലിസബത്തും ഉണ്ണിയായ യോഹന്നാനോടുകൂടി തൃക്കുടുംബത്തെ അടിക്കടി സന്ദർശിച്ചിരുന്നുവെന്നും വിശ്വ സിക്കപ്പെടുന്നു. അവരുടെ സാമീപ്യവും സംബന്ധവും ഈശ്വരാനുഗ്രഹസമൃദ്ധിയും അതിനായി അവരെ പ്രേരി പ്പിച്ചിരിക്കണം. തൃക്കുടുംബം പലപ്പോഴും പ്രതിസന്ദർശ നം നടത്തുകയും സഖേരിയായുടെയും പത്നിയുടെയും ഉദാ രമായ ആതിഥ്യം സ്വീകരിച്ചു അവരുടെ വീട്ടിൽ കുറെ ദിവസം വിശ്രമിക്കുകയും ചെയ്തിരിക്കാനുമിടയുണ്ടു്. ക്രൈസ്തവരായ സുകുമാരകലാവിചക്ഷണന്മാരുടെ ചേതോ ഹരങ്ങളായ ചിത്രങ്ങളിൽ പ്രതിബിംബിതമായിരിക്കുന്ന യേശുവിൻെറ ശൈശവത്തെ സംബന്ധിച്ച ഇതിഹാസ ങ്ങൾ പ്രായേണ പരമാർത്ഥസംഭവങ്ങൾതന്നെ ആയിരുന്നി രിക്കണം. മഹാത്മാക്കളായ ജോസഫും സഖേരിയായും ഈശ്വരമഹത്വത്തെയും ദിവ്യപ്രമാണങ്ങളെയും പററി സം ഭാഷണം ചെയ്യുന്നതും യേശുവിൻെറ കന്യകയും യുവതിയു മായ മാതാവും യോഹന്നാൻെറ വൃദ്ധയായ മാതാവും ശിശു ക്കളെ മടിയിൽവെച്ചു ലാളിച്ചുകൊണ്ടു സൈ്വരസല്ലാപം ചെയ്യുന്നതും, ഉണ്ണിയേശു എലിസബത്തിനെ നോക്കി പുഞ്ചിരി തൂകുന്നതും സസന്തോഷം അവരെ എടുക്കാൻ അനുവദിക്കുന്നതും, ആറുമാസത്തെ മൂപ്പു കൂടുതലുള്ള യോ ഹന്നാനുണ്ണി സ്വസ്വാമിയുടെ മാതാവിൻെറ കരങ്ങളിൽ ചാടിവീഴുന്നതും എത്രയും ഹൃദയാകർഷകമായ വിധത്തിൽ പ്രസ്തുത ചിത്രകാരന്മാർ അവരുടെ അനശ്വരങ്ങളായ ചിത്ര ങ്ങളിൽ പ്രതിഫലിപ്പിച്ചിട്ടുണ്ടു്.

ഇപ്രകാരം മേരിയും ജോസഫും ദിവ്യശിശുവിൻെറ ഐശ്വര്യാത്മകമായ സാന്നിധ്യത്തിൽനിന്നും ഔദാര്യനി ധികളായ സഖേരിയുടെയും എലിസബത്തിൻെറയും സ്നേഹ

പൂൎണ്ണമായു സന്ദർശനസഹവാസങ്ങളിൽ നിന്നും ഉൽഭ്രുതമായ പരമാനന്ദത്തിൽ നിമഗ്നരായി ബത്ലേമിൽ താമസിച്ചപ്പോളായിരുന്നു 'മൂന്നു രാജാക്കന്മാർ' എന്നു അറിയപ്പെടുന്ന പൌരസ്ത്യവിദ്വാന്മാർ ഉണ്ണിയേശുവിനെ കണ്ടാരാധിക്കുന്നതിനായി വന്നതു്. 'മാഗീ' എന്നു സുവിശേഷഗ്രന്ഥത്തിൽ വിളിക്കപ്പെടുന്ന ഈ പുരോഹിതശ്രേഷ്ഠന്മാരുടെ സ്വദേശം പെർഷ്യാ ആയിരുന്നു. അവർ യഹൂദമതാനുയായികളല്ലായിരുന്നുവെങ്കിലും ഏകദൈവവിശ്വാസത്തെ പുലർത്തുകയും വിഗ്രഹാരാധനയെ വെറുക്കുകയും ചെയ്യുന്ന അത്യുത്കൃഷ്ടമായ ഒരു മതത്തെ അവലംബിച്ചിരുന്നു. പെർഷ്യാക്കാർ സൈറസ്സ്രാജാവിന്റെ നേതൃത്വത്തിൽ മെസൊപ്പൊട്ടേമിയാ മുതലായരാജ്യങ്ങൾ കീഴടക്കിയപ്പോൾ അവർ ഇസ്രായേൽക്കാരായ തടവുകാരുമായി സംസർഗ്ഗം ചെയ്യുന്നതിനു് സംഗതിയായി. ഈ ബന്ദികൾക്കു തങ്ങളുടെ ജേതാക്കളുടെമേൽ വലിയ പ്രേരണാശക്തിയുണ്ടായിരുന്നു. വിശേഷിച്ചു് ഡാനിയേൽദീർഘദർശിയുടെ ഉപദേശങ്ങൾ പെർഷ്യാക്കാർക്കു വളരെ ആദരണീയങ്ങളായിരുന്നു. ആ മഹർഷിയുടെ പ്രവചനങ്ങളിൽനിന്നു പെർഷ്യായിലെ പുരോഹിതന്മാർക്കു ലോകരക്ഷകനായ ക്രിസ്തുവിന്റെ അവതാരത്തെപ്പററി ഏത്രയും സൂക്ഷ്മമായ അറിവു കിട്ടിയിരുന്നു. യേശുവിന്റെ ജനനത്തിന്റെ ആണ്ടും മാസവും മണിക്കൂറുംപോലും അദ്ദേഹം ക്ലിപ്തപ്പെടുത്തി പ്രവചിച്ചിട്ടുണ്ടായിരുന്നു. പുരോഹിതന്മാർ ഈ പ്രബോധനങ്ങളെ ജനസാമാന്യത്തിന്റെ ഇടയിൽ പ്രചരിപ്പിച്ചു. യേശുവിന്റെ കാലം സമീപിച്ചപ്പോൾ ലോകജേതാവായ ഒരു രാജാവു് യൂദയാരാജ്യത്തു ജനിക്കുമെന്നു സുസ്ഥിരമായ ഒരു വിശ്വാസം പൌരസ്ത്യരാജ്യങ്ങളിൽ പരന്നിട്ടുണ്ടായിരുന്നു.

ഇങ്ങനെ അവർ ദൈവാവതാരത്തെ പ്രതീക്ഷിച്ചുകൊണ്ടിരുന്നപ്പോൾ ഒരു അസാധാരണനക്ഷത്രം പെട്ടെന്നു

കിഴക്കേദിക്കിൽ ഉദിച്ചു. ജ്യോതിശ്ശാസ്ത്രനിപുണന്മാരായ പെർഷ്യായിലെ വൈദികന്മാർ നക്ഷത്രങ്ങളുടെ ഗതിയെ വളരെ സൂക്ഷ്മമായി നിരീക്ഷണംചെയ്തിരുന്നു. പൌരസ്ത്യ രാജ്യങ്ങളിലെ സുപ്രസന്നമായ രാത്രികാലങ്ങളിൽ അതിരമണിയമായും സമുജ്ജ്വലമായും പരിലസിച്ചുകൊണ്ടിരുന്ന താരകാസഞ്ചയത്തിൻെറ ഇടയിൽ ഈ നവ്യനക്ഷത്രത്തെ അവർ വേർതിരിച്ചറിയുകയും അതിനെ ഒരു മഹാസംഭവസൂചകമായി കരുതുകയും ചെയ്തു. ഈശ്വരാവതാരദ്യോതകമായി ഈ ദിവ്യജ്യോതിസ്സിനെ സ്വീകരിക്കുന്നതിനു് അവരുടെ നേത്രങ്ങൾക്കൊപ്പം ഹൃദയങ്ങളും തുറക്കപ്പെട്ടു. ലോകൈകരാജാവായ ക്രിസ്തുവിൻെറ ജനനത്തെ സൂചിപ്പിച്ച ആ സ്വർഗ്ഗീയനക്ഷത്രത്തിൻെറ അപൂർവ്വദർശനത്താൽ അവർ ആഹ്ലാദഭരിതരായി. അവരിൽ മൂന്നു വിദ്വച്ഛിരോമണികൾ ഈ നക്ഷത്രത്തിൻെറ ആവിർഭാവോദ്ദേശ്യം ശരിയായി മനസ്സിലാക്കിയിട്ടു്, മനുഷ്യജന്മം സ്വീകരിച്ച ദൈവത്തെ അന്വേഷിച്ചുപുറപ്പെട്ടു. അവരുടെ പ്രസ്ഥാനം എവിടെനിന്നു് ആരംഭിച്ചുവെന്നും ഏതു മാർഗ്ഗങ്ങളെല്ലാം അവലംബിച്ചു എന്നും തീർത്തുപറയാൻ നിവൃത്തിയില്ല. അവർ അനേകമാസക്കാലം യാത്രചെയ്തിരിക്കണം. ആ ദിവ്യനക്ഷത്രം അവർക്കു അധികദൂരം മാർഗ്ഗദർശിയായിരുന്നിരിക്കാൻ ഇടയില്ല. മ്ശിഹായെ അവർക്കു് എവിടെ കണ്ടെത്തുവാൻ കഴിയുമെന്നുള്ളതിനെപ്പററി യാതൊരു തീർച്ചയുമില്ലാതെ ആയിരുന്നു അവർ യൂദയാനാട്ടിൽ പ്രവേശിച്ചതെന്നും സംശയനിവാരണത്തിനായി അവർ യറൂശലേമിൽ വന്നുവെന്നും നാം കാണുന്നു. ദൂരദേശക്കാരും വിവിധവേഷധാരികളുമായ സഞ്ചാരികൾ യറൂശലേംപട്ടണത്തിൽ കാണപ്പെടുന്നതു് അസാധാരണമായിരുന്നില്ല. എന്നാൽ ഈ വിദേശികൾ, "യഹൂദന്മാരുടെ രാജാവു് എവിടെ ജനിച്ചിരിക്കുന്നു? അദ്ദേഹത്തിൻെറ നക്ഷത്രം ഞങ്ങൾ കിഴക്കേദിക്കിൽ കണ്ടു. അദ്ദേഹത്തെ ആരാധിക്കുന്നതിനാണു് ഞങ്ങൾ വന്നിരിക്കുന്നതു്" എന്നു

പറഞ്ഞു ക്രിസ്തുവിനെ അന്വേഷിക്കുന്നതു കേട്ടപ്പോൾ യരുശലേംപുരവാസികൾ വിസ്മയിച്ചു.

ഈ വർത്തമാനം കണ്ണാകർണ്ണികയാ ഹെറോദേസ്സിൻെറ ചെവിയിൽ എത്തി. അതു് അയാൾക്കു മനസ്സിനു് അസ്വസ്ഥതയുണ്ടാക്കി. രാജ്യത്തിനു ശരിയായ അവകാശിയല്ലായിരുന്ന അയാൾക്കു പ്രതിപക്ഷിയായി ഒരു രാജാവു ജനിച്ചുവെന്നുള്ള പ്രഖ്യാപനം അത്ര സുഖകരമായിരുന്നില്ല. ഉടനെ അയാൾ അസൂയ മറച്ചുവച്ചുകൊണ്ടു പുരോഹിതശ്രേഷ്ഠന്മാരുടെയും വേദപാരഗന്മാരുടെയും ഒരു യോഗം വിളിച്ചുകൂട്ടി ക്രിസ്തുവിൻെറ ജനനത്തെപ്പററി അന്വേഷിച്ചു. അതിൻെറ ഫലമായി ദീർഘദർശനപ്രകാരം ബെത്ലേമാണു മ്ശിഹായുടെ ജനനസ്ഥലമെന്നു സൂക്ഷ്മമായി അയാൾ അറിഞ്ഞു. ഉടൻതന്നെ ആ പൌരസ്ത്യശാസ്ത്രികളെ രഹസ്യമായി വിളിപ്പിച്ചു് അവർക്കു അറിവുണ്ടായിരുന്നതിനെ എല്ലാം ഗ്രഹിച്ചശേഷം അയാൾ ഇപ്രകാരം പറഞ്ഞു: "ബെത്ലേമിലേയ്ക്കുപോയി ശിശുവിനെ വളരെ ശുഷ്കാന്തിയോടുകൂടി അന്വേഷിക്കുവിൻ. ഉണ്ണിയെക്കണ്ടാൽ ഉടൻതന്നെ വിവരം എന്നെ അറിയിക്കണം; എനിക്കും വന്നു് അദ്ദേഹത്തെ ആരാധിക്കണം." തൻെറ ദുരുദ്ദേശ്യത്തെ ആരും മനസ്സിലാക്കാതിരിക്കാൻ അയാൾ വേണ്ട മുൻകരുതലുകളൊക്കെ ചെയ്തു.

"ആ വന്ദ്യവൈദികന്മാർ യെറൂശലേമിൻെറ അതിർത്തി വിടാറായപ്പോൾ ആ ദിവ്യനക്ഷത്രം വീണ്ടും പ്രത്യക്ഷമായി. അതിൻെറ പുനർദ്ദർശനം അവരെ ആനന്ദഭരിതരാക്കി" നക്ഷത്രം അവരെ ബെത്ലേമിലേയ്ക്കു വഴികാണിക്കുകയും ഉണ്ണിയെ കാണേണ്ട സ്ഥലത്തിനുമീതെ ചെന്നു നിൽക്കുകയും ചെയ്തു. വീട്ടിനുള്ളിൽ പ്രവേശിച്ചപ്പോൾ അവർ ശിശുവിനെ മാതാവായ മേരിയോടുകൂടി കണ്ടു. ആ ചെറുകുടിലിൻെറ ശാലീനതയോ ദാരിദ്ര്യലക്ഷണങ്ങളോ

കണ്ടിട്ട് ആ പ്രതാപവാന്മാരായ പ്രഭുക്കൾക്ക് അരോചകമോ, അതിനെ അലംകരിച്ച മാതാവിന്റെയും ശിശുവിന്റെയും സ്ഥിതിയുടെ യാഥാൎത്ഥ്യത്തെപ്പററി ലവലേശം സംശയമോ ഉണ്ടായില്ല. സ്വഹസ്തങ്ങളിൽ ഒരു സുന്ദരമായ ശിശുവിനെ വഹിച്ചുകൊണ്ടിരുന്ന ഒരു കന്യകാരത്നത്തിൻെറ പാദാരവിന്ദങ്ങളിൽ ഈ മൂന്നു ഋഷിവൎയ്യന്മാർ സാഷ്ടാങ്ഗംവീണു് ദിവ്യസാന്നിദ്ധ്യത്തെ ആരാധിച്ചു. അവരുടെ ചുററും അവരുടെ ഭൃത്യന്മാർ ഏററവും ഭക്തിപൂൎവ്വം വൎത്തിച്ചു. ഒട്ടകങ്ങൾ അവയുടെ മുട്ടുകൾ മടക്കി; അവ വഹിച്ചിരുന്ന അനൎഘങ്ങളായ നിക്ഷേപങ്ങളെ പരിചാരകന്മാർ എടുത്തു താഴെവച്ചു; ആ വൈദികശ്രേഷ്ഠന്മാർ അവയെ തുറന്നു യേശുവിൻ കാഴ്ചവച്ചു. കാഴ്ചദ്രവ്യങ്ങൾ സ്വൎണ്ണം, കുന്തിരിക്കം, മീറ ഇവയായിരുന്നു.

മേരിയുടെ ആഭിമുഖ്യത്തിലായിരുന്ന സാക്ഷാൽ ദൈവപുത്രനായ യേശു തൻെറ വിശ്വരൂപം ഇദംപ്രഥമമായി ഇസ്രായേൽക്കാരും അജ്ഞന്മാരും സാധുക്കളുമായ ആട്ടിടയന്മാരുടെ മുമ്പാകെ പ്രത്യക്ഷപ്പെടുത്തിയതു്. രണ്ടാംപ്രാവശ്യമുണ്ടായ ഈ വിശ്വരൂപപ്രകാശനവും അവരുടെ സുസമീക്ഷയിൽ തന്നെ നടന്നു; ഇപ്പോഴാകട്ടെ അദ്ദേഹം വിജാതീയരും പ്രതാപവാന്മാരും പണ്ഡിതന്മാരുമായ പൗരസ്ത്യപുരോഹിതശ്രേഷ്ഠന്മാരെ തൻെറ ദിവ്യസന്നിധിയിലേക്കു് ആകൎഷിക്കുകയും അവരുടെ ഭക്തിപൂൎവ്വമായ ആരാധനത്തിനു പാത്രീഭവിക്കുകയും ചെയ്തു. രാജാധിരാജനായ യേശുവിൻെറ സാമ്രാജ്യത്തിൽ സൎവ്വജാതിക്കാൎക്കും പണ്ഡിതപാമരവ്യത്യാസം കൂടാതെ പ്രവേശനവും തുല്യമായ പൌരാവകാശവുമുണ്ടെന്നുള്ളതിൻെറ പൂൎവ്വരൂപമായിട്ടായിരുന്നു അദ്ദേഹം ഈവിധം എളിയവൎക്കും വലിയവൎക്കും സ്വദേശികൾക്കും വിദേശികൾക്കും ഒന്നുപോലെ ശൈശവത്തിൽ തന്നെ തൻെറ ഈശ്വരത്വത്തെ വെളിപ്പെടുത്തിക്കൊടു

ത്തു്. ആട്ടിടയന്മാരും പൌരസ്ത്യശാസ്ത്രികളും ഉണ്ണി യേശുവിനെ ആരാധിച്ചതും അദ്ദേഹത്തിനു് ഉപഹാരങ്ങൾ സമർപ്പിച്ചതും മേരിയുടെ സാന്നിധ്യത്തിലും മദ്ധ്യസ്ഥത യിലും ആയിരുന്നുവെന്നുള്ള വസ്തുത ദൈവപുത്രനാൽ രക്ഷി ക്കപ്പെടുന്നതിനു് സർവ്വമനുഷ്യർക്കും ദൈവമാതാവിൻെറ ആഭിമുഖ്യവും മാദ്ധ്യസ്ഥ്യവും അവശ്യം ആവശ്യമാണെന്നു തെളിയിക്കുന്നു.

സുവിശേഷഗ്രന്ഥത്തിൽ 'മൂന്നു രാജാക്കന്മാരെ'പ്പററി രേഖപ്പെടുത്തിയിട്ടുള്ളതിൽ കൂടുതലായി ഭക്തിപരമായ ഐതിഹ്യങ്ങളിൽ കാണുന്നുണ്ടു്. അവർ രാജയോഗ്യങ്ങ ളായ വസ്ത്രങ്ങളും കിരീടങ്ങളും ധരിച്ചിരുന്നുവെന്നും അവ രുടെ ആകൃതിയും മററും ഇന്നവിധത്തിലായിരുന്നു എന്നും മററും ഭക്തന്മാരുടെ കഥകൾ ഘോഷിക്കുന്നു. ചിലർ അവരുടെ പേരുകൾപോലും പറയുന്നു. വന്ദ്യനായ ബിഡ് ഇപ്രകാരം പറയുന്നു: "ഒന്നാമത്തെ ആളിൻെറ പേർ മെൽഷ്യാർ എന്നായിരുന്നു; അയാൾ വെളുത്ത മുടിയും നീണ്ട താടിമീശയുമുള്ള ഒരു വൃദ്ധനായിരുന്നു. അ യാൾ കർത്താവിനു രാജാവിനെന്നപോലെ സ്വർണ്ണം കാഴ്ച വെച്ചു. രണ്ടാമത്തെ ആളിൻെറ പേരു ഗാസ്പർ എന്നാ യിരുന്നു. അയാൾ ആരക്തവർണ്ണനും മീശയില്ലാത്തവനു മായ ഒരു യുവാവായിരുന്നു. അയാൾ യേശുവിനു് ദൈവ ത്തിനെന്നപോലെ, കുന്തിരിക്കം കാഴ്ചവച്ചു. കറുത്തനിറവും കൊഴുത്തമീശയുമുള്ള മൂന്നാമൻെറ പേരു ബെൽത്താസർ എന്നായിരുന്നു; അയാൾ സമർപ്പിച്ച മീറ ദൈവപുത്രൻെറ മർത്ത്യതയേയും മരണത്തേയും സൂചിപ്പിച്ചു." ഇവർ 'രാജാ ക്കന്മാർ' എന്ന അഭിധാനത്തിൽ ഇപ്പോൾ അറിയപ്പെടുന്നു വെങ്കിലും ആറാംനൂററാണ്ടിൽ മാത്രമായിരുന്നു ആർലി സിലെ സിദ്ധനായ സീസർ അവർക്കു രാജാക്കന്മാർ എന്ന സ്ഥാനനാമം നൽകിയതു്.

തങ്ങളുടെ ഭക്തിപരമായ കൃത്യങ്ങളെല്ലാം നിവ്ഹിച്ച ശേഷം അവർ സ്വദേശത്തേക്കു മടങ്ങി യാത്രയായി. ഹെറോദേസിനോടുള്ള വാഗ്ദാനത്തെ പാലിക്കുന്നതിനുള്ള ബാദ്ധ്യതയിൽനിന്നു്, 'അവൻെറ അടുക്കൽ വീണ്ടും ചെല്ലരുതു്" എന്ന സ്വപ്നത്തിലുണ്ടായ വെളിപാടിനാൽ അവർ വിമുക്തരായി. അതുകൊണ്ടു് യറുശലേമിൽകൂടിയല്ലാതെ വേറൊരു വഴിയിൽ കൂടി ആയിരുന്നു അവർ മടങ്ങിപ്പോയതു്.

---

## അദ്ധ്യായം ൮.

### പലായനവും പ്രവാസവും.

പൌരസ്ത്യശാസ്ത്രികൾ ബെത്ലേമിൽനിന്നു മടങ്ങി യാത്രയായി ഏറെത്താമസിക്കുന്നതിനുമുമ്പു്, "ദൈവത്തിൻെറ ദൂതൻ ജോസഫിനു സ്വപ്നത്തിൽ പ്രത്യക്ഷമായി ഇപ്രകാരം പറഞ്ഞു: 'എഴുന്നേററു ശിശുവിനെയും മാതാവിനെയുംകൊണ്ടു് ഈജിപ്തിലേക്കു ഓടിപ്പോവുക; ഞാൻ അങ്ങയോടു പറയുന്നതുവരെ അവിടെത്തന്നെ വസിക്കണം. എന്തുകൊണ്ടെന്നാൽ, ഹെറോദേസ്സു കുഞ്ഞിനെ കൊല്ലുന്നതിനായി അന്വേഷിക്കാനിരിക്കുന്നു.' അദ്ദേഹം എഴുന്നേററു രാത്രിയിൽതന്നെ ശിശുവിനെയും മാതാവിനെയും കൂട്ടിക്കൊണ്ടു ഈജിപ്തിലേക്കു പോയി."

"മൂന്നു രാജാക്കന്മാരുടെ" പെട്ടെന്നുള്ള വേർപാടു് ഹെറോദേസിൻെറ ഗൂഢനിശ്ചയങ്ങളെ വിഫലമാക്കി. തൻെറ ആസുരോദ്ദേശ്യങ്ങളെ എങ്ങനെയോ മനസ്സിലാക്കുകയാൽ അവർ കരാറനുസരിച്ചു പ്രവത്തിക്കാതെ മറുവ

ഴിയേ മടങ്ങിപ്പോയ്ക്കളഞ്ഞതാണെന്നു് അയാ൦ ധരിച്ചി രുന്നു. യഹൂദമാതാക്കൾ കുഞ്ഞുങ്ങളെ രണ്ടുവയസ്സുവരെ സ്തന്യപാനം ചെയ്യിക്കുക പതിവായിരുന്നതുകൊണ്ടു്, അയാൾക്കു് ശത്രുവായി ഗണിക്കപ്പെട്ട ശിശുവിനു രണ്ടു വയസ്സിനുമേൽ പ്രായമുണ്ടായിരിക്കയില്ലെന്നു് അയാൾ തിച്ചപ്പെടുത്തി. അതുകൊണ്ടു ബത്ലേമിലും പരിസര ങ്ങളിലും രണ്ടുവയസ്സിനു താഴെയുള്ള എല്ലാ ശിശുക്കളെയും സംഹരിക്കുന്നതിനു ഒരു കഠോരമായ കല്പന ആ പരമദു ഷ്ടൻ പുറപ്പെടുവിച്ചു. അതിനിഷ്ഠുരമായ വിധത്തിൽ ഉടൻതന്നെ ആ കല്പന നടത്തപ്പെട്ടു. സുവിശേഷകാര നായ മത്തായി പറയുംപ്രകാരം, ആ ദേശത്തുള്ള മാതാ ക്കളുടെ മമ്മഭേദകങ്ങളായ വിലാപങ്ങളുടെ പ്രതിധ്വനി യാൽ പവ്വതപ്രാന്തങ്ങൾ മുഴുവനും മുഖരിതമായി. ദുഃഖ പരവശരായ ഈ സ്ത്രീകളോടുകൂടി വിലപിക്കുന്നതിനായി റാഖേൽ, ബെത്ലേംകുന്നിന്റെ അടിവാരത്തു ആ സതീ രത്നം ദീർഘനിദ്രചെയ്യുന്ന ശവകുടീരത്തിൽ നിന്നും, ഉത്ഥാനം ചെയ്യുന്നു. "പ്രവൃദ്ധമായ പരിദേവനത്തിന്റെ യും അതിദയനീയമായ രോദനത്തിന്റെയും പ്രണാദം ഉന്ന തസ്ഥാനങ്ങളിൽ കേട്ടു. റാഖേൽ സ്വശിശുക്കൾക്കുവേണ്ടി വിലപിക്കുന്നു; അവരുടെ അഭാവത്താൽ അവൾ ആശ്വാ സവിഹീന ആയിരിക്കുന്നു" എന്ന ജറമീയാസ് ദീർഘ ദർശിയുടെ പ്രവചനം ഇപ്പോൾ നിവ്വഹിക്കപ്പെട്ടു. നിർദ്ദോ ഷരായ ശിശുക്കളുടെ നിഷ്ഠുരമായ വധം മൂലം വർഷിക്ക പ്പെട്ട അശ്രുധാരയുടെ ഒരു സ്പഷ്ടമായ സൂചന ഈ ദീർഘ ദർശനത്തിൽ സുവിശേഷകാരൻ കാണുന്നു.

ഈ മഹാപാതകം യൂദേയാരാജ്യത്തു് അധികം ക്ഷോ ഭജനകമായിരുന്നില്ല. ഒരു രാജാവിന്റെ ഇഷ്ടാനുസാരം ഏതാനും ശിശുക്കളെ ബലികഴിക്കുകയെന്നതു് അക്കാലത്തു ഒരു വലിയ കാൎയ്യമായിരുന്നില്ല. പുരാതനന്മാൎക്കു പൊതു

വെ ശിശു ജിവനോട്ട വലിയ ബഹുമാനമുണ്ടായിരുന്നില്ലെ ന്നു ചരിത്രം പഠിപ്പിക്കുന്നു. ഹെറോദേസ്സിൻെറ ഭരണാ രംഭംമുതൽ ഉണ്ടായിക്കൊണ്ടിരുന്ന അതിഘോരമായ ക്രൂര ക്കൊലകളും പൈശാചികങ്ങളായ മററു ദുഷ്കൃത്യങ്ങളും ഇത്തരം പാതകങ്ങളെ ജനങ്ങൾക്കു സുപരിചിതമാക്കി ക്കൊടുത്തിരുന്നു. രണ്ടുവയസ്സുള്ള കുഞ്ഞുങ്ങളുടെ കൂട്ടത്തിൽ സ്വപുത്രനെയുംകൂടി ഹെറോദേസ് കൊന്നുവെന്നു കേട്ട പ്പോൾ ആഗസ്റ്റസ് ചക്രവത്തി, "ഹെറോദേസിൻെറ പന്നിയായിട്ട ജനിക്കുന്നതു്, അവൻെറ മകനാകുന്നതിനെ ക്കാൾ ആനന്ദപ്രദമായിരിക്കും" എന്നു പറഞ്ഞതായി അറിയുന്നു. "ജീവിച്ചിരിക്കുന്നവർ മരിക്കുന്നവരുടെ സ്ഥിതി ലഭിക്കാൻ കൊതിക്കുന്നു" എന്നു യഹൂദപ്രതിനിധികൾ ചക്രവത്തിയോട്ട പറഞ്ഞതിൽനിന്നും യൂദയാദേശത്തിൻെറ തദാനീന്തനസ്ഥിതി എത്ര ദയനീയമായിരുന്നുവെന്നു ന മുക്കു് ഊഹിക്കാം. അതിനാൽ ഈ ശിശുവധം അത്ര ഗണ്യമായി അക്കാലത്തെ ജനങ്ങളും രാഷ്ട്റിയചരിത്രകാര ന്മാരും കരുതാതിരുന്നതു് ഒട്ടും ആശ്ചര്യജനകമല്ല.

ഹെറോദേസ്സ് ഈ സംഭവത്തിനുശേഷംഏറെക്കാലം ജീവിച്ചിരുന്നില്ല. രാക്ഷസസ്വഭാവനായ ആ ഖലശിരോ മണിയെ ഇഹലോകത്തുവച്ചുതന്നെ ദൈവം ശിക്ഷിച്ചു. ഭയങ്കരവും ജുഗുപ്സാവഹവുമായ ഒരു മഹാവ്യാധി പിടി പെട്ടു് അയാൾ അസഹനീയമായ കഷ്ടതയും വേദനയും അനുഭവിച്ചു അയാളുടെ അവസാനഘട്ടം അവണ്ണനീയ മാംവണ്ണം പരിതാപകരമായിരുന്നു. ആസന്നമരണനായി രുന്നിട്ടും അയാൾ ദുഷ്കൃത്യങ്ങളിൽ നിന്നു് ഒട്ടും വിരമി ച്ചില്ല. യൂദയാസ്സ്, മത്തിയാസ്സ് എന്നി രണ്ടു വേദശാ സ്ത്രികളെയും അവരുടെ നാല്പതു ശിഷ്യന്മാരെയും രാജദ്രോ ഹോദ്യമാപരാധം ആരോപിച്ചു് ആ സംഹാരപ്രിയൻ ജീവനോടെ ദഹിപ്പിച്ചുകളഞ്ഞു. അയാൾ മരിക്കുന്നതിനു

അഞ്ചു ദിവസത്തിനുമുമ്പ് അയാളുടെ മകനെക്കൂടി നിഷ്കരുണം വധിച്ചു. ഈ മനുഷ്യാധമന്റെ ചരമകാലചിന്തകൾ അയാളുടെ ജീവിതരീതിക്ക് ഏററവും അനുരൂപങ്ങൾ തന്നെയായിരുന്നു. സജ്ജനങ്ങൾ മരിക്കുമ്പോൾ മററുള്ളവർ വ്യസനിക്കുകയും വിലപിക്കുകയും ചെയ്യുന്നതുപോലെ അയാളുടെ മരണത്തിൽ സങ്കടപ്പെടുന്നതിനോ കരയുന്നതിനോ ആരുമുണ്ടാകയില്ലെന്നും, പ്രത്യുത, അതു സർവ്വജനങ്ങൾക്കും പരമസന്തോഷകരമായ ഒരു വർത്തമാനം ആയിരിക്കുമെന്നും അയാൾക്കു നല്ലവണ്ണം അറിയാമായിരുന്നു. അതുകൊണ്ടു് ഏതുപ്രകാരത്തിലായാലും അയാൾ മരിച്ചുകഴിയുമ്പോൾ രാജ്യമൊട്ടുക്കു വ്യാകുലത വ്യാപിപ്പിക്കണമെന്നു് അയാൾ തീർച്ചപ്പെടുത്തി. അതിനായി അയാൾ ആ രാജ്യത്തുണ്ടായിരുന്ന പ്രഭുക്കന്മാരെയും പ്രമാണികളെയും പിടികൂടി കാരാഗൃഹത്തിൽ താമസിപ്പിക്കുകയും, അയാളുടെ മരണം കഴിഞ്ഞാൽ ഉടനടി അവരെയെല്ലാം വധിപ്പിക്കുന്നതിനായി അയാളുടെ ദുഷ്ടയായ സഹോദരിയോടു് ഏർപ്പാടുചെയ്യുകയും ചെയ്തു. അങ്ങനെയെങ്കിലും താൻ മരിക്കുമ്പോൾ പ്രജകൾ ദുഃഖവിവശരാകുമല്ലോ എന്നു് ആ ദുർജ്ജനാഗ്രേസരൻ ചാരിതാർത്ഥ്യമടഞ്ഞു.

ഉണ്ണിയായ യേശുവിനോടുമാത്രം അയാളുടെ ആസുരത ഫലിച്ചില്ല. കോപസംരംഭത്തിൽ ഒട്ടധികം നിർദ്ദോഷരായ ശിശുക്കളെ ഹിംസിച്ചുവെങ്കിലും അവർക്കു അയാൾ ദോഷത്തെക്കാൾ ഗുണമാണു ചെയ്തതു്. അവർ സംസാരസാഗരത്തിൽ കിടന്നുഴലാൻ ഇടയാകുന്നതിനുമുമ്പു് എത്രയും സുഖകരമായവിധത്തിൽ പരമസായുജ്യവും ലോകൈകരക്ഷകനായ ദൈവപുത്രനുവേണ്ടി ഇദംപ്രഥമമായി ജീവത്യാഗംചെയ്തവർ എന്ന അനശ്വരകീർത്തിയും അയാൾ അവർക്കു പ്രദാനംചെയ്തു. "ബെത്‌ലേമിലെ ശിശുക്കളുടെ വധം സകലക്രൈസ്തവരക്തസാക്ഷികളുടെയും അനർഘമായ ആ

ത്തമബലിയുടെ പൂർവ്വരൂപമാകുന്നു. അവർ ശൈശവത്തിൽ മരിച്ചു; പിന്നീടുള്ള രക്തസാക്ഷികളും ശിശുക്കളെപ്പോലെ—ശിശുക്കളായി—മരിക്കുന്നു. ശിശുയോഗ്യമായ സാരള്യവും ശാലീനതയും മാത്രമെ സായുജ്യപ്രദമാവുകയുള്ളു. തിരുസഭയുടെ—ക്രിസ്തുമതത്തിൻെറ — ഉല്പത്തിസ്ഥാനമായ ബത്‌ലേമിൽവച്ചാണു് അവർ വധിക്കപ്പെട്ടതു്. ആ തിരുസഭയിൽ മാത്രമെ ദണ്ഡനവും പീഡാനുഭവവും ഗുണപ്രദവും പ്രശംസാർഹവുമായി ഗണിക്കപ്പെടുന്നുള്ളു. സംഹാരകർത്താവിൻെറ ഘോരകരങ്ങൾ ഉണ്ണിയേശുവിനെ ഒഴിച്ചു്, എല്ലാ ശിശുക്കളെയും പിടികൂടി. അതുപോലെ പീഡനോദ്യതന്മാരുടെ ഹിംസ്രദംഷ്ട്രങ്ങൾക്കു രക്തസാക്ഷികളുടെ ദേഹത്തെ മാത്രമെ നശിപ്പിക്കാൻ കഴിയുകയുള്ളു; അവരിൽനിന്നു ക്രിസ്തുവിനെ—ദേഹിയെ — അപഹരിക്കുന്നതിനു അവയ്ക്കു ശക്തിയില്ല. അവർ അദ്ദേഹത്തിൻെറ വകയും അദ്ദേഹം അവരുടെ വകയും ആകുന്നു" എന്നു വന്ദ്യനായ ബീഡ് പറയുന്നു. ക്രിസ്തുവിനോടും തിരുസഭയോടും എതിർക്കുന്ന ഏവർക്കുമുള്ള അനുഭവം ഹേറോദേസിൻേറതുതന്നെയാണു്. ഈ ഇരുപതു നൂററാണ്ടുകൾക്കുള്ളിൽ അനവധി ഹേറോദേസന്മാർ ഉണ്ടായിട്ടുണ്ടു്. ക്രിസ്തുവിൻെറയും തിരുസഭയുടെയും ജീവനെ ഹനിക്കുന്നതിനു പ്രബലന്മാരും ബുദ്ധിമാന്മാരുമായ അവർ ഭൌതികമായ സർവ്വശക്തികളും സർവ്വതന്ത്രങ്ങളും പ്രയോഗിച്ചു നോക്കിയിട്ടുണ്ടു്. എങ്കിലും അവരും അവരുടെ തന്ത്രങ്ങളും പരിശ്രമഫലങ്ങളും നിശ്ശേഷം നശിക്കുകയും, ക്രിസ്തുവും തിരുസഭയും ഉത്തരോത്തരം അഭിവൃദ്ധിയെ പ്രാപിക്കുകയും, എന്നും നവയൌവ്വനത്തോടും അക്ഷയമായ ചൈതന്യത്തോടും കൂടി പരിലസിക്കുകയും ചെയ്യുന്നു. ഇക്കാലത്തും ലോകത്തിൻെറ നാനാഭാഗങ്ങളിലും എത്രയും ശക്തിമാന്മാരായ ശത്രുക്കൾ തിരുസഭയെ നിർദ്ദയമായി പീഡിപ്പിക്കുകയും മർദ്ദിക്കുകയും, ആ ധർമ്മസംഘത്തെ രാഷ്ട്രീയശക്തി, സൈനികശ

ക്തി, ബുദ്ധിശക്തി, തുടങ്ങിയ സകലവിധ ലൗകികശക്തികളെയും ഉപയോഗിച്ചു ഭൂതലത്തിൽനിന്നു നിഷ്കാസനം ചെയ്യുന്നതിനു ബദ്ധപരികരരായിരിക്കുകയും ചെയ്യുന്നുവെങ്കിലും അവയെല്ലാം തിരുസഭയാകുന്ന പാറയിന്മേൽ തല്ലിത്തകൎന്നു കാലസമുദ്രത്തിൽ മുങ്ങിപ്പോവുകതന്നെ ചെയ്യും. നരകദൂതന്മാരായ ഈ ഹെറോദേസ്സന്മാരെല്ലാവരും നാമാവശേഷമാവുകയും അചഞ്ചലവും അനശ്വരവുമായ പാറയിന്മേൽ ദിവ്യകരങ്ങളാൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ആ തിരുസഭ — ചരിത്രകാരന്മാരുടെയും ചിന്തകന്മാരുടെയും പ്രശംസയ്ക്കും ആശ്ചര്യത്തിനും മഹനീയവിഷയമായി പരിശോഭിക്കുന്ന ആ ക്രൈസ്തവധൎമ്മസംഘം — അജയ്യമായ ശക്തിയോടെ ആകല്പം നിലനില്ക്കുകയും ചെയ്യും. നരകശക്തികൾ ഒരിക്കലും തിരുസഭയെ അടിപ്പെടുത്താൻ സാധിക്കയില്ലെന്നുള്ള സനാതനസത്യത്തിനു ചരിത്രവും സാക്ഷിയാണ്.

ഹെറോദേസ്സ് ഈ പാതകകൎമ്മത്തിൽ വ്യാപൃതനായിരുന്നപ്പോൾ തിരുക്കുടുംബം ഈജിപ്തിലേയ്ക്കു പ്രയാണം ചെയ്യുകയായിരുന്നു. സുദീൎഘവും ക്ലേശഭൂയിഷ്ഠവുമായ ഈ യാത്രയിലുണ്ടായ സംഭവങ്ങളെപ്പററി സുവിശേഷഗ്രന്ഥങ്ങൾ മൌനമവലംബിച്ചിരിക്കുന്നുവെങ്കിലും ഭക്തിപരമായ ഐതിഹ്യങ്ങൾ അവയെ ചമൽക്കാരസഹിതം വൎണ്ണിക്കുന്നുണ്ടു്. ഈ ഐതിഹ്യങ്ങൾക്കു ഇററലിയിലെ വിശ്രുതന്മാരായ ചിത്രകാരന്മാർ അവരുടെ അനശ്വരങ്ങളായ ചിത്രങ്ങളെക്കൊണ്ടു നിത്യജീവൻ കൊടുത്തിട്ടുണ്ടു്. മരുഭൂമിയിലെ ചില ഭയങ്കരസത്വങ്ങൾ അവയുടെ സ്രഷ്ടാവായ ഉണ്ണീയേശുവിൻെറ മുമ്പാകെ ഭക്തിപൂൎവ്വം മുട്ടുകുത്തുന്നതായും, സിംഹവ്യാഘ്രാദിവന്യമൃഗങ്ങൾ അദ്ദേഹത്തെ ആരാധിക്കുന്നതിനായി മുമ്പോട്ടുവരുന്നതായും, ഉണങ്ങിവരണ്ടുകിടക്കുന്ന മണൽപുറത്തു അദ്ദേഹത്തിൻെറ പാദസ്പൎശമുണ്ടാകുന്ന

ഭാഗങ്ങൾ ഉടനടി തൃണഗുല്മലതാദികളാൽ പരിപൂൎണ്ണങ്ങളാകുന്നതായും, അവ മനോഹരങ്ങളും സുരഭിലങ്ങളുമായ പുഷ്പങ്ങളെ വഹിക്കുന്നതായും, വൃക്ഷങ്ങൾ അവയുടെ സുമധുരങ്ങളായ കനികളെ ഈ ദിവ്യപാന്ഥന്മാൎക്കു പ്രദാനം ചെയ്യുന്നതിന്നായി ശാഖകളെ ചായ്ച്ചുകൊടുക്കുന്നതായും, രണ്ടു മാലാഖാമാർ ഒരു തടാകം തരണംചെയ്യുന്നതിനു അവരെ സഹായിക്കുന്നതായും കാണിക്കുന്ന പ്രസ്തുതചിത്രങ്ങൾ സഹൃദയഹൃദയാഹ്ലാദകങ്ങളും ഭക്തിസംവൎദ്ധകങ്ങളും തന്നെയാണെങ്കിലും അവയുടെ യാഥാൎത്ഥ്യത്തിനു ശരിയായ തെളിവുകളില്ല. ഒരിടത്തുവച്ചു ഒരു തസ്കരപ്രമാണി കാന്ദിശികരായ ആ സാധുക്കളുടെ ദയനീയമായ സ്ഥിതി കണ്ടു് അനുകമ്പാർദ്രനായി അവൎക്കു തന്റെ പ്രാകാരത്തിൽ അഭയം നല്കിയെന്നും അവനാണു ഒടുവിൽ ക്രിസ്തുവിനോടുകൂടി വധിക്കപ്പെട്ട "നല്ലകള്ള"നെന്നും വിശ്വസിക്കപ്പെടുന്നു. പാരമ്പൎയ്യവിശ്വാസപ്രകാരം പ്രസ്തുത പ്രാകാരം നിന്ന സ്ഥാനം ഇപ്പോഴും പ്രഖ്യാതമാണു്. വേറൊരിടത്തു് ഒരു ഗുഹയിൽ വച്ചു മേരി ഉണ്ണിയേശുവിനു മുല കൊടുത്തുകൊണ്ടിരുന്നപ്പോൾ രണ്ടുമൂന്നുതുള്ളി പാൽ തറയിൽ വീണുവെന്നതു കാരണത്താൽ ആ ഗുഹയെ ഇന്നും കന്യാസ്തന്യഗഹ്വരമെന്നു (Grotto of the Virgin's Milk) വിളിക്കപ്പെടുന്നു.

ജോസഫും അനുയായികളും സത്വരം യാത്രചെയ്തു നാലുദിവസംകൊണ്ടു ഹെറോദേസിന്റെ അധികാരസീമ കടന്നു. അതിനും ഈജിപ്തിനും മദ്ധ്യേയായി അതിഗഹനമായ ഒരു സികതാരണ്യമുണ്ടു്. ദുസ്തരമായ ഈ മരുഭൂമിയെ തരണം ചെയ്തപ്പോൾ തിരുക്കുടുംബം അനുഭവിച്ച ക്ലേശങ്ങൾ വൎണ്ണനാതീതമായിരുന്നിരിക്കണം. അതിന്റെ കിഴക്കേ അററത്തു സ്ഥിതിചെയ്യുന്ന ഗാസാ എന്ന നഗരം വിട്ട ശേഷം ഭയദ്രുതരായ നമ്മുടെ അദ്ധ്വാനികൾക്കു് ദൃശ്യമായതു പാദം മുഴവനും പുതഞ്ഞുപോകുന്നതും, പകൽ തീക്ക

നൽപോലെ പഴുത്തുകിടക്കുന്നതും, നോക്കെത്താത്തവിധം അപാരവുമായ ഒരു മണൽക്കടൽതന്നെ ആയിരുന്നു. കുടിക്കുന്നതിനു വെള്ളമോ വിശ്രമിക്കുന്നതിനു തണലോ എത്ര നാഴിക സഞ്ചരിച്ചാലും കണ്ടെത്തുക പ്രയാസമായിരുന്നു. ഇങ്ങനെ നൂററിഅമ്പതു മൈലോളം യാത്രചെയ്തശേഷം ജോസഫും കുടുംബവും ഈജിപ്റ്റിൽ ഹെലിയോപൊളിസ് എന്ന പട്ടണത്തിലെത്തി. അതു മോശയുടെ ജനനസ്ഥലമാകയാൽ യഹൂദന്മാരുടെ സവിശേഷമായ ഭക്തിക്കു പാത്രീഭവിച്ചിരുന്നു. അവിടെ യറുശലേമിലെ ദേവാലയത്തെ അനുകരിച്ചു നിർമ്മിക്കപ്പെട്ട ഒരു മനോഹരമായ ദേവാലയവും ഒട്ടധികം യഹൂദന്മാരുടെ ഭവനങ്ങളുമുണ്ടായിരുന്നു. ആ നഗരത്തിൻെറ പ്രാന്തത്തിൽ അറബികൾ ഈശ്വരനേപ്പോലെ ആരാധിച്ചുവന്ന ഒരു മഹാവൃക്ഷം നിന്നിരുന്നുവെന്നും തിരുക്കുടുംബം അതിനെ സമീപിച്ചപ്പോൾ അതു ശാഖകളെ താഴ്ത്തി നമസ്കരിച്ചുവെന്നും പറയപ്പെടുന്നു. ദിവ്യശിശുവും പിതാക്കളും നഗരദ്വാരം കടന്നമാത്രയിൽ സമിപസ്ഥമായ ഒരു ക്ഷേത്രത്തിലെ വിഗ്രഹങ്ങളെല്ലാം താഴെ വീണു തകർന്നുപോയി എന്നു ചരിത്രകാരനായ പല്ലേഡിയസ്സ് ഘോഷിക്കുന്നു. ഈ അത്ഭുതത്തിനു പ്രസ്തുത ചരിത്രകാരനെക്കൂടാതെ സെയിൻറ് അൻസെലം, സെയിൻറ് ബനവന്തർ മുതലായ പണ്ഡിതസിദ്ധന്മാരും സാക്ഷ്യം വഹിക്കുന്നു. വൃക്ഷം നമസ്കരിച്ചതിനെ തിരുസഭാചരിത്രകാരനായ സോസോമൻ ഒരു അത്ഭുതമായി പ്രസ്താവിക്കുന്നുവെങ്കിലും അതിൽ പ്രകൃത്യതീതമായി എന്തെങ്കിലുമുണ്ടായിരുന്നിരിക്കണമെന്നില്ല. അറേബ്യാ മുതലായ ദേശങ്ങളിൽ മനുഷ്യൻെറ സാമീപ്യത്തിൽ കൊമ്പുകളെ താഴ്ത്തുന്ന ഒരു വൃക്ഷവിശേഷമുണ്ടെന്നു ദേശസഞ്ചാരികളുടെ യാത്രാവിവരണങ്ങളിൽനിന്നു നാം മനസ്സിലാക്കുന്നു. ഈ വിശിഷ്ടതരു കേവലം മനുഷ്യരുടെ സമാഗമത്തിൽ സ്വാഭാവികമായിത്തന്നെ അതിൻെറ കൊമ്പുകളെ മടക്കു

ന്നവെങ്കിൽ, സകല ചരാചരങ്ങളുടെയും സൃഷ്ടിസ്ഥിതിസം ഹാരകർത്താവായി അവിടെ എഴുന്നരുളിയ സാക്ഷാൽ ദൈവപുത്രൻെറ പരിപാവനസന്നിധിയിൽ കുറേക്കൂടി വിനീതമായി അത്തു പ്രണാമം ചെയ്യുവെന്നുള്ളതു് എത്രയും ഉചിതംതന്നെയാണു്.

ജോസഫും കുടുംബവും ഒരു രമണീയനഗരമായ ഹെലിയോപോളിസിൽ താമസിക്കണമെന്ന വിചാരിച്ചില്ല. അവർ അവിടെനിന്നു് അഞ്ചു മൈൽ അടുത്തു് വടക്കുകിഴക്കായി സ്ഥിതിചെയ്യുന്ന മഥാറിയേ എന്ന ഗ്രാമത്തിലേക്കു പോയി. ആകപ്പാടെ ഈജിപ്തുരാജ്യത്തു ശുദ്ധജലമുള്ള ഒരേ ഒരു ഉറവുള്ളതു് സൈക്കമൂർവൃക്ഷങ്ങളാൽ നിബിഡീകൃതമായ ഈ മനോഹരജനപദത്തിലാണു്. നമ്മുടെ അഭയാർത്ഥികൾ അവിടെ താമസമുറപ്പിച്ചു. ആ സ്ഥലം ഭൂപ്രകൃതിയിലും കാലാവസ്ഥയിലും മററും അവരുടെ സ്വദേശമായ നസറെത്തിനോടു വളരെ സാമ്യമുള്ളതായിരുന്നു. അവിടെ സജാതീയർ ധാരാളമായി ഉണ്ടായിരുന്നുവെന്നുള്ളതു് അവരുടെ വിദേശവാസത്തിൻെറ അസുഖത്തെ അല്പമൊന്നു ശമിപ്പിച്ചു. കൂലിവേലചെയ്തു കാലയാപനംചെയ്ത അവർക്കു വേല കിട്ടുന്നതിനും മററു ജീവിതസൌകര്യങ്ങളുണ്ടാകുന്നതിനും 'അസ്സാതി'ക്കാരുടെ സാഹായ്യം വളരെ ഉപകരിച്ചിരിക്കണം. പൌരസ്ത്യശാസ്ത്രികൾ സംഭാവനംചെയ്ത സ്വർണ്ണം അവരുടെ ദീർഘമായ യാത്രയിൽ ചിലവായിപ്പോയിരിക്കാമെന്നുള്ളതുകൊണ്ടു് അവർ അന്നന്നു് അധ്വാനിച്ചെങ്കിൽ മാത്രമേ അവരുടെ ആഹാരാദി ആവശ്യങ്ങൾ നിറവേററുന്നതിനു സാധിക്കുമായിരുന്നുള്ളു എന്നു പറയേണ്ടതില്ല. ജോസഫിൻെറ ആശാരിപ്പണിയിൽനിന്നു കിട്ടുന്ന ആദായത്തിൻെറ കുറവു മേരി അവർക്കു വശമുണ്ടായിരുന്ന തുന്നൽ, ചിത്രത്തയ്യൽ മുതലായവകൊണ്ടു് ഒരുവിധം നികത്തി. സമീപത്തുള്ള പ്രബ

കുടുംബങ്ങളിലെ സ്ത്രീകൾക്ക് ആവശ്യമുള്ള തുന്നൽപണി ചെയ്തുകൊടുക്കുന്നതിനായി മേരി ചിലപ്പോഴെല്ലാം അവരുടെ മന്ദിരങ്ങളെ സന്ദർശിക്കുമായിരുന്നു. ഈ വിധമൊക്കെ അവർ പ്രയത്നിച്ചുവെങ്കിലും, "യേശു അമ്മയോട് അപ്പം ചോദിക്കുമ്പോൾ പലപ്പോഴും അശ്രുക്കളല്ലാതെ മററു യാതൊന്നും കൊടുക്കുന്നതിനു് അവൾക്കു കഴിഞ്ഞില്ല!"

തിരുക്കുടുംബം ഈജിപ്തിൽ എത്രകാലം താമസിച്ചുവെന്നുള്ളതിനെപ്പററി പണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായവ്യത്യാസമുണ്ടു്. ഒരുകൂട്ടർ ഏഴുവർഷമെന്നും മറെറാരു കൂട്ടർ മൂന്നുവർഷമെന്നും വിശ്വസിക്കുന്നു; മൂന്നുവർഷമെന്നുള്ള അഭിപ്രായമാണു കൂടുതൽ സ്വീകാര്യമെന്നു ചരിത്രകോവിദന്മാരിൽ ഭൂരിപക്ഷം വിധിക്കുന്നു. ഉണ്ണിയേശുവും പിതാക്കളും അവിടെ താമസിച്ചിരുന്നതായി അനേകലക്ഷ്യങ്ങൾ ഇപ്പോഴുമുണ്ടു്. മേരി ഉണ്ണിയുടെ തുണി കഴുകുകയും ഉണ്ണിയെ കുളിപ്പിക്കുകയും ചെയ്യാറുണ്ടായിരുന്ന ഊററു് "മേരിയുടെ ഉറവു്" എന്ന പേരിൽ ഇപ്പോഴും അറിയപ്പെടുന്നു. ആദ്യകാലത്തു ക്രിസ്ത്യാനികൾ അവിടെ ഒരു പള്ളി പണിതിരുന്നു. കുറേ കഴിഞ്ഞു മുഹമ്മദീയരും ഒരു ദേവാലയം അവിടെ സ്ഥാപിച്ചു. രണ്ടുകൂട്ടരും രോഗശമനത്തിനായും മററും മേരിയുടെ ഉറവിൽ വന്നു പ്രാർത്ഥിക്കുകയും തീർത്ഥമാടുകയും ചെയ്തിരുന്നു. പള്ളികൾ രണ്ടും നാമാവശേഷമായെങ്കിലും ഇപ്പോഴും അവിടെ ആ തീർത്ഥവും തീർത്ഥാടനവുമുണ്ടു്. മേരിക്കും ശിശുവിനും തണൽ നൽകിയ ഒരു സൈക്കമൂർ വൃക്ഷത്തിൻെറ സ്ഥാനത്തു നില്ക്കുന്ന വേറൊരു സൈക്കമൂർ വൃക്ഷത്തെ 'കന്യാവൃക്ഷം' എന്ന അഭിധാനത്തിൽ ഇന്നും മുഹമ്മദീയരും ക്രിസ്ത്യാനികളും ബഹുമാനിക്കുന്നു. അവിടെനിന്നും നാലുവാര അകലെയായി യേശുവിൻെറ സ്പർശത്താൽ ശുദ്ധീകൃതമായതെന്നു വിശ്വസിക്കപ്പെടുന്ന ഒരു ശുദ്ധജലനിർഗ്ഗമമുണ്ടു്. ഈ ലക്ഷ്യങ്ങളുടെ കൂട്ടത്തിൽ

തൃക്കുടുംബത്തിൻെറ പ്രവാസത്താൽ പരിപാവനമാക്കപ്പെട്ട ഈജിപ്റ്റ്ദേശം കാലാന്തരത്തിൽ ക്രിസ്തുമതത്തിൻെറ ഒരു കേന്ദ്രവും മഹർഷിമാരുടെയും മഹാസിദ്ധന്മാരുടെയും വിളനിലവും ആയിത്തീൎന്നുവെന്നുള്ളതും പ്രസ്താവയോഗ്യമാണു്.

"ഹെറോദേസ്സ് മരിച്ചപ്പോൾ, ദൈവത്തിൻെറ ദൂതൻ ജോസഫിനു് ഉറക്കത്തിൽ പ്രത്യക്ഷനായിപ്പറഞ്ഞു:" "എഴുന്നേല്ക്കുക, ശിശുവിനെയും മാതാവിനെയും കൂട്ടിക്കൊണ്ടു് ഇസ്രായേൽ നാട്ടിലേക്കു പൊയ്ക്കൊള്ളുക; എന്തെന്നാൽ ശിശുവിൻെറ ജീവനെ ഹനിക്കുവാൻ ഉദ്യമിച്ചവർ മൃതരായിരിക്കുന്നു." ഹെറോദേസ്സ് മാത്രമല്ല, വേറെയും ചിലർ ദിവ്യശിശുവിനെ കൊല്ലുന്നതിനു് ഉദ്യമിച്ചിരുന്നുവെന്നു് ഈ ബഹുവചനപ്രയോഗംകൊണ്ടു സിദ്ധിക്കുന്നു. ദൈവം തൃക്കുടുംബത്തെ മാററിക്കൊണ്ടുപോകുന്നതിനു് അവരുടെയും മരണംവരെ കാത്തിരുന്നു. വെളിപാടനുസരിച്ചു ജോസഫ് "എഴുന്നേററു ശിശുവിനെയും മാതാവിനെയും കൂട്ടിക്കൊണ്ടു് ഇസ്രായേൽ നാട്ടിൽവന്നു." പ്രവാസത്തിനായിട്ടു് അവർ പുറപ്പെട്ടതു് ബെത്‌ലേമിൽനിന്നായതുകൊണ്ടു തിരിച്ചു നേരേ അവിടെപ്പോകാമെന്നു ജോസഫ് വിചാരിച്ചു. എന്നാൽ "യൂദേയായിൽ ഹെറോദേസ്സിൻെറ സ്ഥാനത്തു് അവൻെറ പുത്രനായ അക്കേലാവൂസ്സ് രാജ്യഭാരം ചെയ്യുകയായിരുന്നുവെന്നു മാർഗ്ഗമദ്ധ്യത്തിൽവച്ചു് അദ്ദേഹം കേട്ടിരുന്നു." അക്കേലാവൂസ്സ് പിതാവിനെപ്പോലെ പരമദുഷ്ടനായിരുന്നതിനാൽ അവൻെറ രാജ്യത്തു പോകുന്നതിനു ജോസഫ് "ഭയപ്പെട്ടു." "ഉറക്കത്തിൽ അറിവുകിട്ടിയതനുസരിച്ചു് അദ്ദേഹം ഗലിലേയായിലേക്കു പോയി." ആ ദേശത്തെ ഭരണാധിപനായ അന്തിപ്പാസ് അക്കേലാവൂസ്സിനെപ്പോലെ ക്രൂരസ്വഭാവനായിരുന്നില്ല. അക്കേലാവൂസ്സിനെപ്പററിയുള്ള ഭയംനിമിത്തം തൃക്കുടുംബം ഗലിലയിലേയ്ക്കുള്ള നേർവഴിയിൽക്കൂടിപ്പോകാതെ മെഡിറററേനിയൻ

സമുദ്രതീരത്തുകൂടി ചുററിവളഞ്ഞായിരുന്നു ഗലീലേയായിൽ വന്നുചേൎന്നതു്. ഈ പ്രസ്ഥാനത്തിൽ അവർ കൎമ്മലഗിരിയിൽ "ദീർഘദർശികളുടെ വിദ്യാലയം" എന്ന ഗുഹയിൽ വിശ്രമിച്ചുവെന്നു വിശ്വസനീയമായ ഒരു ഐതിഹ്യമുണ്ടു്. ഗലീലേയായിൽ അവരുടെ സ്വദേശമായ നസറെത്തു് എന്ന ഗ്രാമത്തിൽ അവർ താമസമുറപ്പിച്ചു. "അദ്ദേഹം ഒരു നസ്രാണി എന്നു വിളിപ്പെടും" എന്നു പരമ്പരാഗതമായ ഒരു പ്രവചനം ഈവിധം സാൎത്ഥകമായി.

(മാത്യു ii; 19-23.)

---

# അദ്ധ്യായം ൧൦

## നസറത്തിലെ ജീവിതം.

### 1

### യേശുവിൻെറ പന്ത്രണ്ടാമത്തെ വയസ്സു്.

ദീർഘകാലത്തെ പ്രവാസത്തിനുശേഷം സ്വദേശത്തേക്കു മടങ്ങിവന്ന ജോസഫിനെയും കുടുംബത്തെയും സ്വജനങ്ങൾ എത്രയും സന്തോഷപൂൎവം സ്വീകരിച്ചു. വിനീതനായ ആ തക്ഷൻെറ ഭവനത്തെ പ്രകർഷേണ അലങ്കരിക്കുന്ന ആ സുകുമാരകളേബരനായ ദിവ്യകുമാരൻെറ അപൂൎവദൎശനം സിദ്ധിക്കുന്നതിനു അയൽവാസികൾ അത്യധികമായ കുതൂഹലം പ്രദൎശിപ്പിച്ചു. അവരുടെ സ്നേഹപൂൎവ്വമായ സഹായത്തോടുകൂടി, അധിവാസയോഗ്യമല്ലാത്തവിധത്തിൽ ജീൎണ്ണിച്ചു താറുമാറായിക്കിടന്നിരുന്ന പഴയവീടു് അദ്ദേഹം ഉടനടി അററകുററപ്പണികൾ തീൎത്തു ശരിപ്പെടുത്തി

യെടുത്തു. ഏതാനംവർഷങ്ങൾക്കുമുമ്പു ദൈവദൂതൻ 'മംഗലവാർത്താ' വിതരണം ചെയ്തു—ദൈവത്തിൻെറ മനുഷ്യാവതാരം സംഭവിച്ചു—ആ മനുഷ്യനായദൈവം മുപ്പതാമത്തെ വയസ്സുവരെ താമസിക്കാനുള്ള—ആ പരിപാവനവസതിയിൽ തിരുക്കുടുംബം മുമ്പിലത്തെപ്പോലെ നിത്യവൃത്തിക്കായി അന്നന്നു വേലചെയ്തും ചുററുമുള്ളവരുടെ സുഖദുഃഖങ്ങളിൽ പങ്കുകൊണ്ടും പ്രശാന്തസുഭഗമായ ജീവിതം തുടൎന്നു.

യേശുവിൻെറയും മേരിയുടെയും ജീവിതത്തിലെ ഏററവും പ്രധാനമായ ഭാഗത്തിൻെറ രംഗമായ നസറെത്തു പാലസ്റ്റൈൻരാജ്യത്തിലെ ഏററവും ഫലസമൃദ്ധവും രമണീയവുമായ ഗ്രാമമായിരുന്നു. ഒരു മഹാൻ അതിനെ പറുദീസായോടു തുലനംചെയ്യുന്നു. "അവിടത്തെ സ്ത്രീകൾക്കു" ഒരു നിസ്തുലമായ രാമണീയകമുണ്ടു്. യൂദേയായിലെ ഏററവും രൂപലാവണ്യമുള്ള തരുണിയുടെയും സൗകുമാൎയ്യത്തെപ്പോലും അതിശയിക്കുന്ന അവരുടെ സൌന്ദൎയ്യവിശേഷം അവൎക്കു മേരിയിൽനിന്നു സിദ്ധിച്ചിട്ടുള്ളതാണു്. അവിടത്തെ മുന്തിരിങ്ങാ, മധു, എണ്ണ, കനികൾ ഇവയുടെ സമൃദ്ധിയെപ്പററി ചിന്തിച്ചാൽ ഫലഭൂയിഷ്ഠമായ ഈജിപ്തുപോലും അതിനെ അധഃകരിക്കുകയില്ല." ഇക്കാലത്തു നസറെത്തിൻെറ മഹിമകൾ മിക്കവാറും നശിച്ചുപോയിരിക്കുന്നു; എങ്കിലും ശീതളജലസംപൂൎണ്ണങ്ങളായ തടിനികളാൽ ആസിക്തങ്ങളും മനോഹരങ്ങളുമായ കേദാരങ്ങളും, മൈതാനങ്ങളും, പുൽത്തകിടികളും, നാനാവിധവൃക്ഷങ്ങളെക്കൊണ്ടും, ചെടികളെക്കൊണ്ടും നിറഞ്ഞിരിക്കുന്ന സുന്ദരങ്ങളായ ഉദ്യാനങ്ങളും ഇപ്പോഴും അവിടെയുണ്ടു്. മേരിയുടെ വസതിയുടെ സ്ഥാനത്താകുന്നു ഇപ്പോൾ ലത്തീൻമഠത്തിൻെറ മണിമാളിക സ്ഥിതിചെയ്യുന്നതു്.

മേരിയുടെ സമീക്ഷയിൽ "ശിശു ബലവാനായും ജ്ഞാനസംപൂൎണ്ണനായും വളൎന്നു; ദൈവാനുഗ്രഹം അവനി

ലുണ്ടായിരുന്നു." (ലൂക്കു് ii. 40) സുവിശേഷകാരൻെറ ഈ വചനങ്ങളിൽ യേശുവിൻെറ ശൈശവത്തെപ്പററി നമുക്കറിയാവുന്നതു മുഴുവനും അടങ്ങിയിരിക്കുന്നു. ഉണ്ണിയേശുവിൻെറ ആഭ്യന്തരജീവിതം ഏതുവിധമായിരുന്നാലും ബാഹ്യമായി അദ്ദേഹത്തിനു് അനിതരശിശുസാധാരണമായയാതൊന്നുംതന്നെ ഉണ്ടായിരുന്നില്ല. മററു കുട്ടികളെപ്പോലെ അദ്ദേഹവും ശാരീരമായും ആത്മീയമായും അനുക്രമമായ അഭിവൃദ്ധിയെ പ്രാപിച്ചു. അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളുടെ ദിവസംപ്രതിയുള്ള വളർച്ചയെ സൂക്ഷിച്ചുകണ്ടു് ആനന്ദിക്കുന്നു. ആ സ്ഥിതിക്കു് ഉണ്ണിയേശു ക്രമേണ വളരുന്നതും കൊഞ്ചിക്കൊഞ്ചി സംസാരിക്കുന്നതും പിച്ചനടന്നു ശീലിക്കുന്നതും കാണുന്നതു ദേവമാതാവായ മേരിക്കു് എത്ര ഹൃദയമോഹനമായിരുന്നിരിക്കണം. സൌഭാഗ്യവതിയായ കന്യാമാതാവിൻെറ ആ ആനന്ദാനുഭൂതിയെ ബോസേ ഇപ്രകാരം ഭക്തിപൂർവം വർണ്ണിക്കുന്നു:—

(താരാട്ടു്)

എന്നോമനയായ കുഞ്ഞേ!—നിൻെറ-
പൊന്നാരമേനി പൊതിഞ്ഞ

ചേലതന്നുള്ളിങ്കൽനിന്നും—പാരം-
ചേലെഴുമുണ്ണിക്കൈമെന്ദം

നീലദലാവലിമേലെ—പൊന്തും-
പേലവറോസാപ്പൂപോലെ

പിഞ്ചുവിരലു വിടുർത്തി—ഭംഗി-
തഞ്ചിടുമാറങ്ങുയർത്തി

ധന്യമാർവാർമുടിമുത്താം—ശ്രീമൽ-
കന്യകാമാതാവിനെത്താൻ

ആലിംഗനംചെയ്യാനായു—ന്നതു-
മമ്മതൻകൈവല്ലിയേയും

കൊച്ചുകരത്താൽപ്പിടിച്ചും—മെല്ലെ
പിച്ചനടന്നുപഠിച്ചും

ലോകപിതാവിൻമഹത്വം—വാഴ്ത്താൻ
ശോകഹീനം നൽപട്ടുത്വം

ശീലിക്കുവാനുണ്ണി നാക്കാൽ— കൊഞ്ചും
ലാലിത്യപൂർണ്ണമാം വാക്കാൽ

കാണികൾക്കാനന്ദമേററു—ന്നതും
പ്രീണിതലോകനായ്മുററും

കാണുവാൻ ഭാഗ്യമിയന്നോർ— തന്നെ
ക്ഷോണിയിൽ ഭാഗ്യമെഴുന്നോർ

എന്നോമനത്തങ്കക്കുഞ്ഞേ!—ഭക്ത്യാ
നിന്നെ ഞാനാരാധിക്കുന്നേൻ.

കന്യതൻകൈയിലമന്നും—നറും
സ്തന്യമധുവെ നുകന്നും,

എൻ ചാരുമാണിക്യക്കല്ലെ!—നിൻെറ
ചെഞ്ചോരിവായിന്നുമെല്ലെ

പുഞ്ചിരിപ്പൂക്കൾ പൊഴിക്കു—ന്നതും
കണ്ടു ഞാനാരാധിക്കുന്നേൻ.

സഞ്ചിതമോദം ജനനി—തൻെറ
നെഞ്ചിലണഞ്ഞങ്ങനെ നീ

വിശ്രാന്തികൊള്ളുന്നതും ഹാ!—കണ്ടു
നിന്നെ ഞാനാരാധിക്കുന്നേൻ.

എന്നോമനത്തങ്കക്കുഞ്ഞേ! —ഭക്ത്യാ-
നിന്നെ ഞാനാരാധിക്കുന്നേൻ.

ക്രിസ്തുവിൻെറ ശൈശവം മുതൽ മുപ്പതാമത്തെ വയസ്സുവരെ തൃക്കുടുംബത്തിൻെറ ജീവിതം നമുക്കു പ്രായേണ അജ്ഞാതമായിരിക്കുന്നു. അതു മിക്കവാറും അഭേദ്യമായ

ഒരു തിരസ്കരണിയാൽ ആച്ഛാദനം ചെയ്യപ്പെട്ടിരിക്കുന്നു. എങ്കിലും സുവിശേഷങ്ങളിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന യേശുവിൻെറ പരസ്യജീവിതകാലത്തെ സംഭവങ്ങളെ സൂക്ഷ്മമായി പരിശോധിച്ചാൽ നമുക്കു് ഈ അജ്ഞാതകാലഘട്ടത്തെ സംബന്ധിച്ച പലതും അനുമാനിക്കാൻ കഴിയും. യേശുവിനു ഗുരുമുഖേനയുള്ള വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളതായി യാതൊരു ലക്ഷ്യവുമില്ല. യഹൂദന്മാർ അദ്ദേഹത്തെ പഠിപ്പില്ലാത്ത ഒരു ചെറുപ്പക്കാരനായി പരിഗണിച്ചതായും അഭ്യസ്തവിദ്യനല്ലാത്ത അദ്ദേഹത്തിനു വേദസാഹിത്യത്തിലുള്ള അപാരമായ വിജ്ഞാനംകണ്ടിട്ടു് അവർ അത്ഭുതപ്പെട്ടതായും സെയിൻറു് ജോണിൻെറ സുവിശേഷത്തിൽനിന്നു നാം മനസ്സിലാക്കുന്നു. (St. John VII - 15) അഖിലവിജ്ഞാനത്തിൻെറയും ജ്ഞാനത്തിൻെറയും നിലയനമായ അദ്ദേഹത്തിനു ഗുരൂപദേശത്തിൻെറ ആവശ്യം അശേഷം ഉണ്ടായിരുന്നില്ല. അക്കാലത്തെ വേദാദ്ധ്യാപകന്മാരുടെ സന്നിധിയിൽ അദ്ദേഹം അദ്ധ്യയനം ചെയ്തുവെന്നു ആരെങ്കിലും വാദിക്കുന്നുവെങ്കിൽ, അതു വടവൃക്ഷത്തെ കൊളത്തിൽകമ്പുകൾകൊണ്ടു താങ്ങിനിർത്താമെന്നു വിചാരിക്കുന്നതുപോലെ ആയിരിക്കും. അദ്ദേഹത്തിനു സ്വതഃസിദ്ധമായ അറിവിനെ ആരെങ്കിലും പോഷിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതു് അദ്ദഹത്തിൻെറ മാതാപിതാക്കന്മാർ മാത്രമാണു്. ജോസഫ് അദ്ദേഹത്തെ ആശാരിപ്പണിയും മേരി വേദപുസ്തകം വായിക്കാനും പഠിപ്പിച്ചു. എന്നാൽ അവൎക്കു ആ ബാലൻ ആരായിരുന്നുവെന്നു് അറിയാമായിരുന്നു. മകനെ പഠിപ്പിക്കേണ്ട ചുമതല അവൎക്കുണ്ടായിരുന്നുവെങ്കിലും അദ്ദേഹം അവരുടെ സമാരാധനത്തിനു പാത്രമായ സാക്ഷാൽ സവേശ്വരകുമാരനാണെന്നുള്ളതു് അവർ ഒരിക്കലും വിസ്മരിച്ചില്ല.

യേശുവിൻെറ ജീവിതത്തെ സുദീർഘമായി മറച്ചിരുന്ന തിരസ്കരണി ക്ഷണനേരത്തേയ്ക്കു് അല്പമൊന്നു

നിക്കപ്പെട്ടുന്നു. അദ്ദേഹം പന്ത്രണ്ടാമത്തെ വയസ്സിൽ ഏറെക്കുറെ അപാവൃതനായി കാണപ്പെട്ടുന്നു. അദ്ദേഹം ക്ഷണപ്രഭപോലെ ആകസ്മികമായി തൻെറ ദിവ്യതപത്തെ യഹൂദസൂരിമണ്ഡലത്തിൽ പ്രകാശിപ്പിക്കുകയും തൻെറ ദിവ്യോദ്യോഗത്തെപ്പററി സ്വപിതാക്കളെ അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. പെസഹാപെരുന്നാൾ സംബന്ധിച്ചു യരൂശലേംദേവാലയം സന്ദർശിക്കുന്നതു യഹൂദന്മാരുടെ ഇടയിൽ ഒരു മുഖ്യമായ ആചാരമായിരുന്നു. മതാചാരനിഷ്ഠരായ യേശുവിൻെറ മാതാപിതാക്കന്മാർ ഈ കൎത്തവ്യം ശരിക്കു നിറവേററിവന്നു. സ്ത്രീകൾ തീൎത്ഥയാത്ര ചെയ്യണമെന്നു നിഷ്കർഷിക്കപ്പെട്ടിരുന്നില്ലെങ്കിലും, മേരിയെപ്പോലുള്ള ഭക്തകൾ സ്വപുരുഷന്മാരെ അനുഗമിച്ചിരുന്നു. മേരിക്കു വിശേഷിച്ചു തൻെറ ബാല്യകാലത്തെ ദേവാലയജീവിതത്തെ സംബന്ധിച്ചുള്ള പ്രിയംകരങ്ങളായ സ്മരണകൾനിമിത്തം വർഷംതോറുമുള്ള ആ പ്രസ്ഥാനം ഏത്രയും ആകർഷകമായിരുന്നു. ഹെറോദേസ്സിൻെറ മകനായ അക്കേലാവൂസ്സിൻെറ ഭരണകാലത്തു യേശുവിനെ യരൂശലേമിലേയ്ക്കു കൊണ്ടുപോകുന്നതിനു ജോസഫിനും മേരിക്കും ഭയമുണ്ടായിരുന്നിരിക്കണം. എന്നാൽ, ഇപ്പോഴാകട്ടെ പത്തുവർഷത്തെ ദുർഭരണത്തിനുശേഷം അക്കേലാവൂസ്സിനെ റോമാചക്രവൎത്തി സ്ഥാനഭ്രഷ്ടനാക്കിയിട്ടു യൂദേയായെ തൻെറ നേരിട്ടുള്ള ഭരണത്തിനധീനപ്പെടുത്തിയിരുന്നതിനാൽ അവൎക്കു തങ്ങളുടെ ദിവ്യകുമാരനെ സധൈര്യം ദേവാലയത്തിലേക്കു കൊണ്ടുപോകാമായിരുന്നു. യഹൂദബാലന്മാർ പന്ത്രണ്ടാമത്തെ വയസ്സുമുതൽ വേദവിധിപ്രകാരമുള്ള മതകൎമ്മങ്ങൾ അനുഷ്ഠിക്കുന്നതിനു നിർബന്ധരായിരുന്നതിനാൽ, യേശുവും മാതാപിതാക്കന്മാരെ ഈ തീൎത്ഥയാത്രയിൽ അനുഗമിക്കുന്നതിനു ബാദ്ധ്യസ്ഥനായിരുന്നു. നസറത്തിൽനിന്നു യരൂശലേമിൽ എത്തുന്നതിനു സാവധാനം സഞ്ചരിക്കുന്നവൎക്കു മൂന്നുദിവസം വേണ്ടിവരും.

എസ്ഡ്രാലോൺതാഴ്‌വരയുടെ തെക്കുവശത്തുള്ള ഉറവുകളും തോപ്പുകളും അദ്ധ്വാനിനന്മാരുടെ ഒന്നാമത്തെ വിശ്രമസ്ഥലമാകുന്നു. അവിടെനിന്നു അവർ മനേസ്സാ എന്ന ഉന്നതപ്രദേശം കടന്നിട്ടു രണ്ടാംദിവസം വയ്യിട്ടു യാക്കോബിൻെറ കിണററി(Jacob's well)നടുത്തു വിശ്രമിക്കുന്നു. സാധാരണമായി മൂന്നാമത്തെ താവളം ബിറൂത്ത് ആകുന്നു. അവിടെനിന്ന് അട്ടത്തദിവസം കാലത്തെ മൂന്നുമണിക്കൂർ നേരത്തെ യാത്രകൊണ്ടു യറൂശലേമിൽ ചെന്നുചേരുന്നു.

പെസഹാ സംബന്ധിച്ച ഏഴു ദിവസവും വിശുദ്ധ കുടുംബം യറൂശലേമിൽ താമസിച്ചു. എട്ടാമത്തെ ദിവസം തിത്ഥയാത്രക്കാർ കൂട്ടംകൂട്ടമായി തിരിച്ചുപോയി. ഗലീലെയായിലേയ്ക്കു പോകുന്നവർ അനേകായിരംപേരുണ്ടായിരുന്നു. അവർ കുറെ ദൂരം യാത്രചെയ്തു ബിറൂത്തിലെത്തി. രാത്രി ഭക്ഷണത്തിനും വിശ്രമത്തിനുമായൊരുങ്ങിയപ്പോഠം ജോസഫും മറിയയും യേശുവിനെ കൂട്ടത്തിൽ കണ്ടില്ല. ബാലൻെറ അസാന്നിദ്ധ്യത്തെപ്പററി അതുവരെ മാതാപിതാക്കന്മാർ അറിയാതിരുന്നതിനെക്കുറിച്ചു നമുക്ക് അത്ഭുതം തോന്നിയേക്കാം. എന്നാൽ യറൂശലേം പെസഹാപെരുന്നാഠംപ്രമാണിച്ച് അനേകലക്ഷം ജനങ്ങളെക്കൊണ്ടു നിറഞ്ഞിരുന്നുവെന്നും ഏററവും കുഴപ്പത്തിലും അവ്യവസ്ഥയിലുമാണു് ഈ ജനാവലി കൂട്ടംകൂട്ടമായി തിരിച്ചു പുറപ്പെട്ടതെന്നും നാം ഓക്കണം. നഗരവാതലുകഠം വിട്ട് ഏറെദൂരം പോന്നതിൻെറശേഷം മാത്രമെ ഓരോരുത്തരുടെയും സംഘത്തിൽപെട്ട ആളുകളെ തേടിപ്പിടിക്കാനും ഒരുമാതിരി ക്രമമായും സ്വസ്ഥമായും യാത്രചെയ്യാനും സാധിക്കുമായിരുന്നുള്ളു. പിന്നീടു ബന്ധുക്കളും മിത്രങ്ങളും ഓരോരോ സംഘമായിച്ചേരുന്നു. പുരുഷന്മാർ കാൽനടയായി മുന്നണിയിലും സ്ത്രീകളും വൃദ്ധന്മാരും ചുമടുവഹിക്കുന്ന മൃഗങ്ങളിലേറി പിംകേയും വിശുദ്ധഗീതങ്ങളെ ഗാനംചെയ്തുകൊണ്ടു യാത്രചെ

യ്യുന്നു. ഈ സ്ഥിതിക്കു യേശു ജോസഫിൻെറക്കൂടെയുണ്ടായിരിക്കുമെന്നു മേരിയും, മേരിയുടെക്കൂടെയായിരിക്കുമെന്നു ജോസഫും വിചാരിച്ചിരിക്കാൻ എളുപ്പമുണ്ടല്ലോ. വിശ്രമസ്ഥലത്തെത്തിയപ്പോഴാണു ബാലൻ അവരുടെ കൂട്ടത്തിലില്ലെന്നുഅവൎക്കു മനസ്സിലാകുന്നതു്. അവർഉടനടി അന്വേഷണം തുടങ്ങി; അന്വേഷണം നിഷ്ഫലമായി. യേശു അവിടെയെങ്ങുമില്ലെന്നു തീർച്ചയായി. അവർ വല്ലാതെ പരിഭ്രമിച്ചു. സിമിയോൺ എന്ന വൃദ്ധസിദ്ധനാൽ പ്രവചിക്കപ്പെട്ട ആ ഖഡ്ഗത്തിൻെറ ഒരു നിപാതമാകുന്നു ഇപ്പോൾ മേരിക്കുണ്ടായതു്. ദുഃഖവിവശരായി അവർ ഉടൻതന്നെ യരൂശലേമിലേക്കു തിരിച്ചു യാത്രയായി. രണ്ടു പകലും രണ്ടു രാത്രിയും വഴിതോറും നഗരത്തിൻെറ എല്ലാ ഭാഗങ്ങളിലും യേശുവിനെ അവർ അന്വേഷിച്ചു; യാതൊരു ഫലവുമുണ്ടായില്ല. ഇങ്ങനെ അവർ നിരുന്മേഷരായി, ജീവച്ഛവങ്ങളായി അങ്ങുമിങ്ങും മകനെ തേടിനടന്നപ്പോൾ, ദിവ്യകോമളവിഗ്രഹനായ ഒരു അസാധാരണബാലൻ ദേവാലയത്തിൽ പണ്ഡിതസദസ്സിൽ പ്രത്യക്ഷനായി തൻെറ അമാനുഷബുദ്ധിവൈഭവം പ്രദർശിപ്പിച്ചു എല്ലാവരേയും വിസ്മയിപ്പിക്കുന്നുവെന്നു് അതിനകം പട്ടണമൊട്ടുക്കു വ്യാപിച്ച ഒരു കിംവദന്തി അവരുടെ ചെവിയിലുമെത്തി. അതു യേശുവല്ലാതെ മററാരുമായിരിക്കുകയില്ലെന്നുള്ള തീർച്ചയോടുകൂടി അവർ ഉടൻ ദേവാലയത്തിൽ എത്തി. അവിടെ മഹാപണ്ഡിതന്മാരുടെ മദ്ധ്യത്തിൽ അവരുടെ സംഭാഷണങ്ങൾ ശ്രവിച്ചും അവരോടു ചോദ്യങ്ങൾ ചോദിച്ചും തങ്ങളുടെ അരുമസന്താനം ഇരിക്കുന്നതു കണ്ടപ്പോൾ അവർ ആനന്ദപ്പാൽക്കടലിൽ നീരാടുകതന്നെ ചെയ്തു.

യേശുവിനെ ആ സ്ഥലത്തും ആ ശ്രേഷ്ഠമായ സദസ്സിലും വച്ചു കാണാൻ സംഗതിയെന്തു്? യഹൂദപണ്ഡി

തന്മാർ ശബെദ്ദിവസങ്ങളിൽ ദേവാലയത്തിലേ ഒരു വിശാലമായ ഹാളിൽ യോഗംക്രടി വേദപുസ്തകവ്യാഖ്യാനത്തിലുള്ള വിഷമതകാം പരിഹരിക്കുക പതിവുണ്ടായിരുന്നു. വിശിഷ്യ, പെസഹാപെരുനാാംകാലത്തു ഭൂലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും അസംഖ്യം യഹൂദന്മാർ യരുശലേമിൽ സമ്മേളിക്കുകയും, സുപ്രസിദ്ധന്മാരായ അവിടത്തെ പണ്ഡിതന്മാരുടെ ഉപദേശങ്ങാം കോംക്കുന്നതിനു സോൽക്കണ്ഠം തിങ്ങിക്രട്ടുകയും ചെയ്തിരുന്നു. ദിവ്യകുമാരൻ ഈ ശ്രോതാക്കളിൽ ഒരുത്തനായി ദേവാലയത്തിൽ ചെന്നുക്രടി. ലളിതവും എന്നാൽ അൎത്ഥഗർഭവുമായ അദ്ദേഹത്തിന്റെ പ്രശ്നങ്ങാം ആ പണ്ഡിതകേസരികളുടെ ശ്രദ്ധയെ ആകഷിച്ചു. അവർ അദ്ദേഹത്തോടു സംഭാഷണം ചെയ്യുന്നതിനും അദ്ദേഹത്തിന്റെ തിരുവായ്മൊഴി കോംക്കുന്നതിനും ദത്തശ്രദ്ധരായി അദ്ദേഹത്തിന്റെ ചുററും ക്രടി. ആ ബാലന്റെ സംഭാഷണത്തിന്റെ മാധുയ്യവും ചാതുയ്യവും വേദശാസ്ത്രപാരംഗതന്മാരായ ആ വിദച്ഛിരോമണികളെ ക്ഷണത്തിൽ അപഹൃതചിത്തവൃത്തികളാക്കിത്തീൎത്തു. ആ സഭാവാസികാം ക്രിസ്തുവിനോടു സംഭാഷണം ചെയ്യുന്നതിനു സവ്ഥാ യോഗ്യന്മാരായിരുന്നു. മോശയ്ക്കു സമാനനായി ആദരിക്കപ്പെട്ട വന്ദ്യവയോധികനായ ഹില്ലേൽ, ഷാമായി, ജോനത്താസ്, സിമിയോൺ, നിക്കോദിമുസ് മുതലായി ഒട്ടധികം മഹാന്മാർ ആ സദസ്സിനെ അലങ്കരിച്ചിരുന്നു. ആ പണ്ഡിതസദസ്സിൽ സ്വപുത്രൻ വഹിച്ച പ്രാമുഖ്യം ജോസഫിനെയും മറിയയെയും ആശ്ചയ്യഭരിതരാക്കി. കേവലം ഒരു വിചാരമഗ്നനും ധ്യാനശീലനും തന്നിൽ അന്തർലീനമായിരുന്ന ദിവ്യത്വത്തെ മറച്ചുവയ്ക്കുന്നതിനു സദാ ജാഗരൂകനമായിമാത്രം കാണപ്പെട്ടുവന്ന ആ ബാലൻ, പണ്ഡിതവയ്യന്മാരായ ആ വയോധികന്മാരെ തന്റെ പ്രശ്നോത്തരങ്ങാംകൊണ്ടു പരിഭ്രമിപ്പിച്ച്, തന്റെ അമാനുഷത്വത്തെ

പ്രത്യക്ഷമാകുന്നതു കണ്ടാൽ ആരാണു് അത്ഭുതപരവശരാകാത്തതു്? മകനെ ആ സ്ഥിതിയിൽ കണ്ടതിൽ മേരിക്കു നിസ്സീമമായ സന്തോഷമുണ്ടായെങ്കിലും, അദ്ദേഹത്തെ കാണാതെ പോയപ്പോൾ അവൾക്കുണ്ടായ വ്യഥയും കഷ്ടപ്പാടും അവർ മറന്നില്ല. അവരുടെ ആനന്ദഭരിതമായ ഹൃദയത്തിൽനിന്നു ഈ സ്നേഹമസൃണമായ വചനങ്ങൾ ശാസനാരൂപേണ പുറപ്പെട്ടു:—"എന്റെ മകനെ! ഞങ്ങളോടു നീ ഈ വിധത്തിലെന്താണു് പെരുമാറിയതു്? നിന്റെ അപ്പനും ഞാനും അത്യന്തം വ്യസനത്തോടെ നിന്നെത്തിരക്കി നടന്നു." ഇതിനു മറുപടിയായി തന്റെ പിതാവു സ്വർഗ്ഗത്തിലാണെന്നു മേരിയെ ഓർമ്മിപ്പിക്കുകമാത്രമേ യേശു ചെയ്തുള്ളു. "നിങ്ങൾ എന്നെ അന്വേഷിച്ചതു എന്തിനു്? എന്റെ പിതാവിന്റെ നിയോഗമനുസരിച്ചു ഞാൻ പ്രവർത്തിക്കണമെന്നു നിങ്ങൾ അറിഞ്ഞില്ലയോ?" ഈ മറുപടി,—ദിവ്യരക്ഷകന്റെ അധരങ്ങളിൽനിന്നു നമുക്കു കിട്ടിയിട്ടുള്ള ആദ്യത്തെ വചനങ്ങൾ—ജോസഫിനും മറിയയ്ക്കും മനസ്സിലാക്കാൻ കഴിഞ്ഞില്ല. ലൂക്കോസിന്റെ സുവിശേഷത്തിൽ ദേവമാതാവും ഇതിനെ സമ്മതിച്ചു പറയുന്നു. "അദ്ദേഹത്തിന്റെ മാതാപിതാക്കന്മാൎക്കു് അദ്ദേഹം അവരോടു പറഞ്ഞതെന്താണെന്നു മനസ്സിലായില്ല." ആ ദിവസം മേരി കണ്ടതും കേട്ടതും ഒന്നൊഴിയാതെ അവരുടെ ഓർമ്മയിൽ ഉറപ്പിച്ചുവയ്ക്കാൻമാത്രമേ അവൾക്കു കഴിഞ്ഞുള്ളൂ. യേശുവാകട്ടെ മുമ്പിലത്തെപ്പോലെ സഗൗരവമായ നിശ്ശബ്ദതയെസ്വീകരിച്ചു. ക്ഷണനേരത്തേക്കുമാത്രം അപസാരണം ചെയ്യപ്പെട്ട ആ യവനിക ഇനിയും പതിനെട്ടു വർഷത്തേക്കു അദ്ദേഹത്തിന്റെ ജീവിതത്തെ ആവരണംചെയ്യുന്നു.

## 11

### ജോസഫിന്റെ മരണം.

"യേശു മാതാപിതാക്കന്മാരോടുകൂടിനസറേത്തിലേക്കു

പോയി; അവിടെ അദ്ദേഹം അവൎക്കു വിധേയനായിരുന്നു. ദൈവത്തിൻെറയും മനുഷ്യൻെറയും മുമ്പാകെ അദ്ദേഹം ബുദ്ധിയിലും പ്രായത്തിലും വരപ്രസാദത്തിലും അഭിവൃദ്ധിയെ പ്രാപിച്ചു". യേശുവിൻെറ ശൈശവത്തെപ്പററി മുമ്പു പ്രസ്താവിച്ചതുതന്നെ വിശുദ്ധ ലൂക്കോസ്സ് വീണ്ടും അദ്ദേഹത്തിൻെറ യൗവ്വനത്തെപ്പററിയും പറയുന്നു. താൻ സ്വീകരിച്ച മാനുഷത്വത്തിനു അനുരൂപമായ നിയമങ്ങൾക്കു അനുസരണമായി അദ്ദേഹം വളൎന്നു. അദ്ദേഹത്തിൻെറ ബാഹ്യമായ ജീവിതത്തിൽ പ്രകൃതിക്കും സാധാരണനിയമങ്ങൾക്കും അതീതമായി പ്രത്യക്ഷത്തിൽ യാതൊന്നുമുണ്ടായിരുന്നില്ല. അതു നിശ്ശേഷം ദോഷരഹിതവും വിനയാന്വിതവുമായ ഒരു മാതൃകാജീവിതമായിരുന്നു എന്നുള്ള ഒരു പ്രത്യേകതയേ അതിനുണ്ടായിരുന്നുള്ളു.

'ഐഹലൗകികത്രിമൂൎത്തികൾ' എന്നു ഭക്തിപൂൎവ്വം വിളിക്കപ്പെടുന്ന ഈ വിശിഷ്ടകുടുംബം എത്രയും സമാധാനപരവും മാതൃകായോഗ്യവുമായ വിധത്തിൽ അതിൻെറ ഗാൎഹസ്ഥ്യധൎമ്മങ്ങളെ നിൎവ്വഹിച്ചു. യേശു സാക്ഷാൽ ദൈവപുത്രനാണെങ്കിലും മനുഷ്യനെന്നുള്ള നിലയിൽ തൻെറ മനുഷ്യരായ മാതാപിതാക്കന്മാരെ—ചിലപ്പോഴെല്ലാം തൻെറ ദിവ്യോദ്യോഗത്തേയും ദൈവാധീനതയേയും പററി പ്രശതെ മായി അവരെ അനുസ്മരിപ്പിച്ചെങ്കിലും—ഒരു ഉത്തമപുത്രന് അനുരൂപമായ വിധത്തിൽ അനുസരിക്കുകയും സന്തപ്പ്ണം ചെയ്യുകയും ചെയ്യുന്നതിൽ സൎവ്വദാ ജാഗരൂകനായിരുന്നു. ജോസഫും കേവലം ഒരു സൃഷ്ടിയെന്നുള്ള നിലയിൽ തൻെറ സ്രഷ്ടാവും രക്ഷകനുമായ യേശുവിനെ ആരാധിക്കുന്നതിൽ ദത്തശ്രദ്ധനായിരുന്നുവെങ്കിലും അവതീൎണ്ണനായ ഈശ്വരകുമാരനെ ഒരു വളൎത്തച്ഛനും കുടുംബനാഥനുമെന്ന നിലയിൽ സൂക്ഷിച്ചു വളൎത്തുകയെന്ന ദിവ്യനിയോഗത്തെ ശരിക്കു നിറവേററി. ദൈവജനനിയും കന്യാവ്രതനിരതയുമായ തൻെറ

സഹധൎമ്മചാരിണിയുടെ സുഖദുഃഖങ്ങൾ അന്വേഷിക്കുന്ന തിൽ അദ്ദേഹം പ്രദശിപ്പിച്ച പ്രണയാതിരേകം അനന്യതിശ യിതമായിരുന്നു. ദൈവത്തിൻെറ മാതാവായ മേരി മററു മനുഷ്യൎക്കാൎക്കും പ്രാപിക്കാൻ സാധിക്കാത്ത പരമോന്നത പദവിയിലേക്കു ഉയൎന്നവരാണെങ്കിലും, ഒരുത്തമയായ ധൎമ്മ പത്നിയുടെ നിലയിൽ തൻെറ പ്രിയഭൎത്താവായ ജോസഫി ൻെറ ഹിതാനുവൎത്തനത്തിലും ശുശ്രൂഷയിലും എപ്പോഴും ഉൽസുകയായിരുന്നു. ദിവ്യകുമാരനായ യേശുവിൻെറ മനു ഷ്യാവതാരത്തിൽ പിതാവായ ദൈവത്തിനു സമമായ ഭാഗം വഹിച്ച—ലോകോദ്ധാരണത്തിനായി മനുഷ്യജന്മം സ്വീക രിച്ചപരബ്രഹ്മത്തെ സ്വഗൎഭത്തിൽ വഹിച്ചു ലോകത്തിനു പ്രദാനംചെയ്യുക എന്ന മഹാഭാഗ്യം സിദ്ധിച്ച—ആ ദേവി പുത്രനെ വാത്സല്യപൂവം പരിചരിക്കുന്നതിൽ വ്യാപൃതയാ യിരുന്നപ്പോഴെല്ലാം സൎവ്വജഗത്തിന്നുമധീശനായ ആ സച്ചി ദാനന്ദസ്വരൂപനെ സമാരാധിക്കുന്നതിൽ അതിഗാഢമായ ഏകതാനത പ്രകാശിപ്പിച്ചു.

സജ്ജനങ്ങൾക്കു സാക്ഷാൽ ഐശ്വൎയ്യസംവൎദ്ധകമാ യ ദാരിദ്ര്യത്താൽ ഈ കുടുംബം സവിശേഷം അനുഗൃ ഹിതമായിരുന്നു. ആഹാരാദി ആവശ്യങ്ങൾ നിറവേററു ന്നതിനായി അവർ അന്നന്നു വേലചെയ്യേ മതിയാകുമായി രുന്നുള്ളു. ജോസഫ് ദിവസവും കാലത്തെ തൻെറ പണി പ്പുരയിൽ പോകുമായിരുന്നു. വേലചെയ്യാൻ പ്രായമാകു ന്നതുവരെ യേശു അമ്മയോടുകൂടി വീട്ടിലിരുന്ന് അമ്മയ്ക്കു വേണ്ട സഹായങ്ങൾ ചെയ്തുകൊടുത്തിരുന്നു. അടുത്തുള്ള ഉറവിൽനിന്നു അമ്മ മൺകുടവുമായി വെള്ളംകോരാൻ പോകുമ്പോൾ ചിലപ്പോൾ മകൻകൂടി കൂട്ടുപോവുകയും ചിലപ്പോൾ മകൻതന്നെപോയി വെള്ളം കൊണ്ടുവരുകയും ചെയ്യും. ശരീരത്തിനു വേണ്ട പുഷ്ടി വന്നതുമുതൽ യേശു ജോസഫിനോടുകൂടിപ്പോയി ആശാരിപ്പണി പരിശീലിക്കു

കയും യഥാകാലം ഒരു വിദഗ്ദ്ധനായ ശില്പിയായിത്തിരുക യും ചെയ്തു. ഈ യുവശില്പി പണിത കലപ്പ മുതലായ കൃഷിയായുധങ്ങൾ അനേക ശതവർഷക്കാലം സ്മരണാർഹ മായി സൂക്ഷിക്കപ്പെട്ടിരുന്നു. മേരി ഭക്ഷണപദാർത്ഥങ്ങൾ പാചകംചെയ്യുന്നതു കൂടാതെ അവൾക്കും ഭർത്താവിനും യേശുവിനും ആവശ്യമുള്ള ഉടുപ്പുകൾ എല്ലാം തുന്നുകയും അലക്കി വൃത്തിയാക്കുകയും കൂടി ചെയ്തിരുന്നു. സൌകര്യമു ള്ളപ്പോൾ പുറത്തേക്കുപോയി അവർ അടുക്കലുള്ള ധനവാ ന്മാരുടെ ഭവനങ്ങളിൽ അവൾക്കു ചെയ്യാവുന്ന വേല ചെയ്തു കൊടുത്തു കൂലിവാങ്ങിക്കൊണ്ടുവന്നു കുടുംബത്തിൻെറ വരവു വദ്ധിപ്പിക്കുമായിരുന്നു. അഗതികളായ ജനങ്ങൾക്കു അവർ തന്നത്താവശ്യങ്ങളെ വിസ്മരിച്ചും ദാനംചെയ്തിരുന്നു. പല പ്പോഴും അങ്ങനെയുള്ളവരെ സഹായിക്കുന്നതിനു മാത്രമായി രുന്നു, സ്വന്തം ആവശ്യങ്ങൾക്കു ഭർത്താവിൻെറയും മകൻെറ യും പ്രയത്നഫലം ധാരാളം മതിയാകുമായിരുന്നുവെങ്കിലും, ആ സുകൃതിനി കൂലിവേലചെയ്യാൻ ഒരുമ്പെട്ടതു്.

യേശുവിൻെറ ഈ അപ്രസിദ്ധ ജീവിതകാലത്തു്, അദ്ദേഹത്തിൻെറ ഇരുപത്തൊമ്പതാമത്തെ വയസ്സിൽ ജോസഫ് നിര്യാതനായി എന്നു വിശ്വസിക്കപ്പെടുന്നു. സുവിശേഷത്തിൽ അദ്ദേഹത്തിൻെറ പേരു പിന്നീടു പ്രസ്താവിച്ചുകാണുന്നില്ല. കാനായിലെ കല്യാണവിരുന്നി നെ സംബന്ധിച്ചോ യേശുവിൻെറ ചാർച്ചക്കാരെപ്പററി പ്രസ്താവിക്കുന്ന മറേറതെങ്കിലും സന്ദർഭത്തിലൊ ജോസഫി നെപ്പററി യാതൊന്നും പറഞ്ഞുകാണുന്നില്ല. മേരിയുടെ ഭർത്താവു ജീവിച്ചിരുന്നുവെങ്കിൽ യേശുക്രിസ്തു മരണസമയ ത്തു് അവരെ അനന്യശരണയെന്ന നിലയിൽ വിശുദ്ധ യോഹന്നാനെ ഏല്പിക്കുമായിരുന്നോ? അതുകൊണ്ടു ജോസഫ് മേരിയുടെ കരങ്ങളിൽ കിടന്നും ദിവ്യരക്ഷകൻെറ അധരങ്ങളിൽ നിന്നു തന്നെ നിത്യസമാധാനത്തിൻെറ

ചുംബനം സ്വീകരിച്ചും നസറെത്തിൽ വച്ചുതന്നെ മരണ മടഞ്ഞിരിക്കണമെന്നുള്ളതു തീർച്ചയാണു്. സമാധാനപരവും അനുഗ്രഹപൂർണ്ണവുമായ മരണത്തിനു പരമോത്കൃഷ്ടമായ ഒരു ദൃഷ്ടാന്തമായിട്ടാണു് ഈ മഹാത്മാവിൻെറ നിര്യാണം പരിഗണിക്കപ്പെടുന്നതു്. അദ്ദേഹത്തിൻെറ മരണവും ശവസംസ്കാരവും അദ്ദേഹം നയിച്ച ജീവിതംപോലെ ദരിദ്രാനുരൂപമായ സാഹചര്യങ്ങളിലായിരുന്നുവെങ്കിലും, അവ ദേവമാതാവിൻെറ സാന്നിധ്യത്തിലും ദൈവപുത്രൻെറ സുസമീക്ഷയിലുമാണു നടന്നതു് എന്ന അനിതരസാധാരണമായ സൌഭാഗ്യവിശേഷം അദ്ദേഹം അനുഭവിച്ചു. ഈ സൌഭാഗ്യം ലോകത്തെ മഹാപ്രതാപവാന്മാക്കുപോലും കിട്ടാവുന്നതാണോ?

ജോസഫിനു മരിച്ചപ്പോൾ അറുപതു വയസ്സിനുമേൽ പ്രായമുണ്ടായിരുന്നിരിക്കണം. ആദ്ദേഹം തൻെറ ജീവിതകൃത്യം നിവ്വഹിച്ചു. തൻെറ കാനീനനായ വളർത്തുമകൻ അദ്ദേഹത്തിൻെറ ഈശ്വരപുത്രത്വം ലോകസമക്ഷം പ്രത്യക്ഷമാക്കുന്നതിനുള്ള സമയം ആസന്നമായപ്പോൾ താൻ, പുത്രനിർവ്വിശേഷം സ്നേഹിച്ചുവളർത്തിയ ആ ദിവ്യകുമാരനെയും തൻെറ പരിശുദ്ധതമമായ പ്രേമത്തിനു ഭാജനമായ ആ കന്യാമാതാവിനെയും സ്വർഗ്ഗീയപിതാവിൻെറ കരങ്ങളിൽ ഏൽപ്പിച്ചുകൊണ്ടു് അദ്ദേഹം കൃതകൃത്യനായി ലോകരംഗത്തിൽ നിന്നു് അന്തർധാനംചെയ്തു.

ജോസഫിൻെറ മരണശേഷം യേശുവിൻെറ ധമ്മപ്രസ്ഥാനം തുടങ്ങുന്നതുവരെ മേരി മകനോടുകൂടി നസറെത്തിൽതന്നെ താമസിച്ചു. യേശു ഒരു വഷത്തേയ്ക്കുകൂടി ആശാരിപ്പണി തുടന്നു. അവരുടെ ഭവനത്തിൽ അവർ ഇക്കാലത്തു തനിച്ചായിരുന്നില്ല താമസിച്ചതു്. വേറൊരു മേരിയും മക്കളും കൂടി അവരുടെകൂടെ ഉണ്ടായിരുന്നുവെന്നു

ന്യായമായി വിശ്വസിക്കപ്പെടുന്നു. * ഈ മേരി ജോസ
ഫിൻെറ സഹോദരനായ ക്ലെയോഫാസിൻെറ ഭാൎയ്യയാ
ണു്. ക്ലെയോഫാസ് ജോസഫിനുമുമ്പു മരിച്ചുപോയി
രുന്നു. ക്ലെയോഫാസിനും മേരിക്കും നാലു പുത്രന്മാരും
മൂന്നു പുത്രിമാരുമുണ്ടായിരുന്നു. അവരെയാണു് യേശു
വിൻെറ സഹോദരന്മാരെന്നും സഹോദരികളെന്നും പട്ടണ
വാസികൾ പറഞ്ഞിട്ടുള്ളതായി സുവിശേഷത്തിൽ കാണു
ന്നതു്: "അവൻെറ സഹോദരന്മാരുടെ പേരുകൾ ജേംസ്,
ജോസസ്സ്, സൈമൺ, യൂദ് എന്നല്ലയോ? നമ്മോടുകൂടി
ഇപ്പോൾ ഇവിടെ നിൽക്കുന്നതു അവൻെറ സഹോദരിമാ
രല്ലയോ?" ഈ സഹോദരിമാരെപ്പററി നമുക്കു കൂടുതലായി
ഒന്നും അറിയാൻ പാടില്ല. "സഹോദര"ന്മാരിൽ രണ്ടു
പേരെ നമുക്കു കുറെക്കൂടി അറിയാം. അവർ അപ്പോസ്തല
ന്മാരുടെ കൂട്ടത്തിലുണ്ടു്. വിശുദ്ധപത്രോസിനോടുകൂടി
കാണണമെന്നു വിശുദ്ധപൌലൂസ് ആവശ്യപ്പെടുകയും
'തിരുസഭയുടെ തൂണുകളിൽ ഒന്നു' എന്നു് അഭിസംബോധ
നം ചെയ്യുകയും ചെയ്ത ആ 'കൎത്താവിൻെറ സഹോദരൻ'
ക്ലെയോഫാസ്സിൻെറ മകൻ ജേംസ്സാകുന്നു. അദ്ദേഹ
ത്തിൻെറ സുസ്ഥിരമായ സൌശീല്യം നിമിത്തം 'നീതി
മാൻ' എന്നുള്ള ഉപനാമം അദ്ദേഹത്തിനു സിദ്ധിച്ചു.
ജേംസ്സിൻെറ സഹോദരൻ യൂദാ ഉദാരശീലനായിരുന്നു.
അദ്ദേഹം തൻെറ അപാരമായ ഔദാൎയ്യത്താൽ 'ഹൃദയമുള്ള
മനുഷ്യൻ' എന്നു സുവിശേഷത്തിൽ പ്രഖ്യാതനായിരി
ക്കുന്നു.

യേശുവിൻെറ 'സഹോദരീസഹോദരന്മാർ' എന്നും
മററും ചില പ്രയോഗങ്ങൾ സുവിശേഷഗ്രന്ഥങ്ങളിൽ കാ
ണുന്നതുകൊണ്ടു മേരി നിത്യകന്യക ആയിരുന്നില്ലാ എന്നും

* ആബെഫൂവാർഡ് പ്രഭൃതികൾ ഈ മേരി കന്യകാമറിയത്തിൻെറയും സ്വന്തം സഹോദരിയായിരുന്നുവെന്നു പറയുന്നു.

യേശുവിനെ പ്രസവിച്ചശേഷം അവരുടെ കന്യാത്വത്തിനു ഭംഗം വന്നുവെന്നും അവർ മററു പുത്രന്മാരെയും പുത്രിമാരെയും പ്രസവിച്ചുവെന്നും വാദിക്കുന്ന ചില പാഷണ്ഡന്മാരുടെ മൌഢ്യത്തെ ഈ അവസരത്തിലൊന്നു തിരുത്തിക്കൊള്ളട്ടെ: എബ്രായഭാഷയിലെയും ഗ്രീക്കുഭാഷയിലെയും ശൈലിയനുസരിച്ച് ഒരേ പിതാക്കളിൽ നിന്നു ജനിച്ചവർ മാത്രമല്ലാ സഹോദരീസഹോദരന്മാർ എന്നു വിളിക്കപ്പെടുന്നതു്; മാതാപിതാക്കന്മാരുടെ സഹോദരങ്ങളുടെയും കുറേക്കൂടി അകന്നവരുടെയും സന്താനങ്ങളും പരസ്പരം സഹോദരങ്ങൾ എന്നു വ്യവഹരിക്കപ്പെടുന്നു. മലയാളം മുതലായ മററു പൌരസ്ത്യഭാഷകളിലും ഈ പ്രയോഗം സാധാരണമാണല്ലൊ. ഒരു ഗോത്രത്തിൽ ജനിച്ചവർ എത്ര വിദൂരസംബന്ധികളായിരുന്നാലും അന്യോന്യം സഹോദരീസഹോദരന്മാരെ *ന്നാണു നമ്മുടെ ഇടയിൽ വിളിക്കപ്പെടുന്നതു്. ജ്യേഷ്ഠാനുജന്മാരെന്നു പറഞ്ഞാൽ ഒരു അമ്മ പ്രസവിച്ചവരാണോ ജ്യേഷ്ഠത്തി-അനുജത്തി-മക്കളാണോ, അതൊ ഒരു ഗോത്രത്തിൽ ജനിച്ചവർ മാത്രമാണോ എന്നു പ്രത്യേകം ചോദിച്ചറിഞ്ഞശേഷമാണു് അവരുടെ ശരിയായ സംബന്ധം എന്താണെന്നു തീച്ച്പ്പെടുത്തുന്നതു്. മത്തായിയുടെ സുവിശേഷം 13-ാം അദ്ധ്യായം 55-ാം വാക്യത്തിൽ യേശുവിൻെറസഹോദരന്മാർ എന്നു പറഞ്ഞിരിക്കുന്ന ജേംസ്സും ജോസഃസ്സും ക്ലെയോഫാസിൻെറ ഭാൎയ്യയായ മേരിയുടെ മക്കളാണെന്നു് ആ സുവിശേഷത്തിൽതന്നെ 27-ാം അദ്ധ്യായം 56-ാം വാക്യത്തിൽ സുസ്പഷ്ടമായി പ്രതിപാദിച്ചിരിക്കുന്നു. സ്വമാതാവിനു വേറെയും പുത്രന്മാരുണ്ടായിരുന്നു എങ്കിൽ യേശു ചരമസമയത്തു അവരെ ഒരു ശിഷ്യനെ ഏല്പിക്കേണ്ട ആവശ്യം ഉണ്ടാകുമായിരുന്നോ? യേശുവിൻെറ

---

* ഇംഗ്ലീഷിൽ Brothers and Sisters എന്നു പറഞ്ഞാൽ ഒരു പിതാക്കളിൽനിന്നു ജനിച്ചവർ എന്നു മാത്രമേ അൎത്ഥമാവുകയുള്ളു. അകന്ന സംബന്ധികൾക്കു Cousins എന്ന പദമുണ്ടു്.

'സഹോദരീസഹോദരന്മാർ' എന്നു കണ്ടിട്ടു് അദ്ദേഹത്തിന്റെ അമ്മ പ്രസവിച്ച സഹോദരങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നുവെന്നും അവർ നിത്യകന്യകയല്ലായിരുന്നുവെന്നും ഭ്രമിച്ചുപോകുന്നവർ കേവലം അല്പജ്ഞരും ഉപരിപ്ലവബുദ്ധികളുമാണു്. യേശുവിന്റെ ജനനശേഷം മേരിക്കു കന്യാവ്രതത്തിനു ഭംഗംവന്നുവെന്ന വാദത്തിനു് ആസ്പദമായിരിക്കുന്ന വേറൊരു സുവിശേഷവാക്യം ഇതാണു്: "ജോസഫു മായി വിവാഹം ചെയ്തിരുന്ന മേരി അവർ തമ്മിൽ സംഗമിക്കുന്നതിനു മുമ്പായി പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു." (മത്തായി I. 18) അവർ തമ്മിൽ സംഗമിക്കുന്നതിനുമുമ്പു......ഗർഭിണിയായി കാണപ്പെട്ടു് എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു ഗർഭിണിആയതിനുശേഷം അവർ തമ്മിൽ സംഗമിച്ചുവെന്നു് ഒരു കൂട്ടർ അനുമാനിക്കുന്നു. ഒരു സംഗതി മറെറാരുസംഭവത്തിൻമുമ്പുണ്ടായിട്ടില്ല എന്നു പറഞ്ഞാൽ ആ സംഭവത്തിനുശേഷം അതു് ഉണ്ടായി എന്നുവന്നേ മതിയാകു എന്നില്ല. ഒരു വിധികർത്താവു വിസ്താരം നടത്തുന്നതിനുമുമ്പേ ഒരു പുള്ളിയെ തൂക്കിക്കൊല്ലിച്ചുവെന്നു പറഞ്ഞാൽ അവനെ തൂക്കിക്കൊല്ലിച്ചതിനുശേഷം വിസ്താരം നടത്തിയെന്നു അത്ഥമാകുമോ? സർവ്വേശ്വരൻ തന്റെ വാസഗൃഹമായി പ്രതിഷ്ഠിച്ച ആ വിശുദ്ധകന്യാശരീരം മനുഷ്യസമ്പക്കത്തിനു വിധേയമായി മലിനീകൃതമായി എന്നു ആസ്തിക്യബുദ്ധികൾക്കു് ഊഹിക്കാൻപോലും സാധിക്കുകയില്ല. മാതാവു നിത്യകന്യകയല്ലെന്ന പാഷണ്ഡമതത്തിനു വേറൊരാധാരം, "അവൾ തന്റെ ആദ്യപുത്രനെ പ്രസവിച്ചതുവരെ അയാൾ അവളെ അറിഞ്ഞിരുന്നതുമില്ല" എന്ന വാക്യമാണു്. (മത്തായി I. 25) മേരി തന്റെ ആദ്യപുത്രനെ പ്രസവിച്ചുവെന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു്, അതിനുമുമ്പു വേറെ പുത്രന്മാർ അവൾക്കുണ്ടായിട്ടില്ല എന്നല്ലാതെ അതിൽപിന്നിടു വേറെ മക്കൾ ഉണ്ടായി എന്നു് ഒരുപ്രകാരവും അത്ഥമാവുകയില്ല.

ബൈബിളിൽ ഒരുവനെ ആദ്യപുത്രൻ എന്നു വിളിക്കുന്നതു കൊണ്ടു് അവൻ പ്രഥമജാതൻ—കടിഞ്ഞൂൽസന്താനം— എന്നു മാത്രമല്ലാതെ മററു സഹോദരന്മാർക്കു ജ്യേഷ്ഠനായിരു ന്നുവെന്നുള്ള അർത്ഥം ജനിക്കുന്നില്ല. ജോഷ്വാ 17-ാംഅദ്ധ്യാ യം ഒന്നാംവാക്യത്തിൽ മനാസ്സേയുടെ ഏകസന്താനമായ മാക്കീർ ആദ്യപുത്രൻ എന്നു വിളിക്കപ്പെട്ടിരിക്കുന്നു. കടി ഞ്ഞൂൽസന്താനത്തെക്കുറിച്ചു ചില പ്രത്യേക കർമ്മങ്ങൾ വേദവിധിപ്രകാരം അനുഷ്ഠേയങ്ങളായിരുന്നതിനാൽ മേരി യുടെ സാക്ഷാൽ ആദിജാതനും ഏകപുത്രനുമായ യേശുവി നെക്കുറിച്ചു് ഈ പദം സുവിശേഷകാരൻ ഉപയോഗിക്കാൻ ഇടയായതാണു്. "അവൾ തൻെറ ആദ്യപുത്രനെ പ്രസ വിച്ചതുവരെ അയാൾ അവളെ അറിഞ്ഞി * രുന്നതുമില്ല" എന്നു പറഞ്ഞതുകൊണ്ടു് അതിൽപിന്നെ അറിഞ്ഞുവെന്നു് അർത്ഥമാകുന്നില്ല. ഒരാളിനെക്കുറിച്ചു നാം അവനെ അറി ഞ്ഞദിവസംവരെ അവൻ വിരക്തനായിരുന്നുവെന്നു പറ ഞ്ഞാൽ, അതുകൊണ്ടു് അതിൽപിന്നെ അവൻ വിരക്തൻ അല്ലാതായിപ്പോയെന്നു വരുമോ? "ഞാൻ നിൻെറ ശത്രു ക്കളെ നിൻെറ പാദപീഠമാക്കുന്നതുവരെ നീ എൻെറ വല തുഭാഗത്തിരിക്കുക" എന്നു 19-ാം സങ്കീർത്തനത്തിൽ പരോ ക്ഷമായി പിതാവായ സർവ്വേശ്വരൻ പുത്രനായ യേശുക്രിസ്തു വിനോടു പറഞ്ഞിരിക്കുന്നതിൽനിന്നു ശത്രുക്കൾ അദ്ദേഹ ത്തിൻെറ പാദപീഠമായശേഷം അദ്ദേഹം പിതാവിൻെറ വലതുഭാഗത്തു് ഇരിക്കാൻ പാടില്ലെന്നും ഇരിക്കയില്ലെന്നും അർത്ഥമാകുമോ? ഒരിക്കലുമില്ല. യേശുക്രിസ്തുവിൻെറ ദിവ്യോ ത്ഭവത്തെ തെളിയിക്കുന്നതിനുവേണ്ടി, ഒരു കന്യകയിൽ കന്യാത്വത്തിനു ഭംഗം വരാതെയാണു് അദ്ദേഹം അവതീ ർണ്ണനായിരിക്കുന്നതെന്നു് അസന്ദിഗ്ദ്ധമായി സ്ഥാപിക്കുന്ന

---

* അറിയുക എന്നാൽ ഇവിടെ (ബൈബിളിൽ) സ്ത്രീപുരുഷസംഗമ മുണ്ടാകുക എന്നർത്ഥം.

തിന്നായി, അദ്ദേഹം ജനിച്ചതുവരെ അദ്ദേഹത്തിൻെറ മാതാവിൻെറ കന്യാത്വത്തിന്ന് അവരുടെ ഭത്താവായ ജോസഫ് ഭ്രംശംവരുത്തിയില്ലെന്ന സുവിശേഷകാരൻ മൂലഭാഷയുടെ ശൈലി അനുസരിച്ച് ഇപ്രകാരം പറഞ്ഞിരിക്കുകയാണു്. ദേവമാതാവു് അതിൽപിന്നീട്ടും എപ്പോഴും കന്യകയായിരുന്നുവെന്നതു മററു വേദവാക്യങ്ങളാലും പാരമ്പര്യസാക്ഷ്യത്താലും തിരുസഭയുടെ പ്രമാദരഹിതമായ തിരുമാനത്താലും യുക്തിയുക്തം സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഒരു സനാതനസത്യമാണു്. യേശുക്രിസ്തു ദൈവപുത്രനാണെന്നും ദൈവംതന്നെയാണെന്നും ബൈബിൾ ദൈവപ്രബോധിതമാണെന്നും വിശ്വസിക്കുന്ന യാതൊരു ക്രൈസ്തവനും ഭക്തിയേയും യുക്തിയേയും നിശ്ശേഷം ത്യജിക്കാതെ ഈ മഹാസത്യത്തെ അപവദിക്കാൻ സാധിക്കുകയില്ലതന്നെ.

---

## അദ്ധ്യായം ൧൦.

### കാനായിലെ വിവാഹം.

യേശു സ്വഭവനത്തിൽ ഒരു സാധാരണമനുഷ്യൻെറ ശാലീനജീവിതമായിരുന്നു ഇതുവരെ നയിച്ചുവന്നതു്. എന്നാൽ അദ്ദേഹത്തിൻെറ മുന്നോടിയായി ദൈവത്താൽ നിയുക്തനായ സ്നാപകയോഹന്നാൻ ബാല്യംമുതൽ മരുഭൂമിയിൽ അത്യുഗ്രമായ തപസ്സുചെയ്തു തൻെറ ദിവ്യോദ്യോഗത്തിനായി ഒരുങ്ങുകയായിരുന്നു. ശരിയായ സമയം വന്നപ്പോൾ അദ്ദേഹം ക്രിസ്തുവിൻെറ അവതാരത്തെ പ്രഖ്യാപനംചെയ്യുന്നതിന്നായും, പശ്ചാത്താപത്താലും പാപപരിഹാരകർമ്മാനുഷ്ഠാനങ്ങളാലും മനുഷ്യഹൃദയങ്ങളെ സജ്ജീകരിക്കുന്നതിന്നായും ലോകസമക്ഷം പ്രത്യക്ഷനായി. തിബേരിയസ്സിൻെറ ഭരണംതുടങ്ങി പതിനഞ്ചാമത്തെ വർഷത്തിലാ

യിരുന്ന യോഹന്നാൻ ജ്ഞാനസ്നാപനസൗകൎയ്യാൎത്ഥം യോർ ദ്ദാൻനദീതീരത്തു ഇറങ്ങിവന്നതു്. അൎക്കേലാവൂസ്സ് രാജ്യഭ്രഷ്ട നായതുമുതൽ യൂദേയാരാജ്യം പോന്തിയസ് പീലാത്തോസ് എന്ന റോമൻപ്രൊക്യൂറേററിനാൽ ഭരിക്കപ്പെട്ടുവരുകയാ യിരുന്നു. ഹെറോദേസ്സ് അന്തിപ്പാസ്സ് ഗലീലേയായും, അയാളുടെ ഒരു സഹോദരനായ ഫിലിപ്പോസ്സ് ഇതൂരിയാ, ത്രക്കോണിത്തസ്സ് എന്നി രണ്ടു സംസ്ഥാനങ്ങളും, ലൈസാ നിയാസ് അബിലിനായും റോമാസാമ്രാജ്യത്തിനു വിധേയ രായി ഭരിച്ചുവന്നു. മതകാൎയ്യങ്ങളിൽ ആചാൎയ്യാഗ്രേസരത്വം ജോസഫ് കൈഫാസിനായിരുന്നു. അയാളുടെ ശ്വശ്രൂരനായ അന്നാസ് മുമ്പു് പ്രധാനാചാൎയ്യത്വം വഹിച്ചിരുന്നതു കൊണ്ടും അയാൾക്കു് അപ്പോഴുമുണ്ടായിരുന്ന അതിവിപുല മായ സ്വാധീനശക്തികൊണ്ടും പുരോഹിതപ്രധാനനെന്ന സ്ഥാനമാനം വഹിച്ചിരുന്നു. മേരീസുതൻെറ ഉദ്യോഗാരംഭ ത്തെ ദ്യോതിപ്പിക്കുന്നതിനായി യോഹന്നാൻ തൻെറ ധൎമ്മോപദേശങ്ങളാലും ജ്ഞാനസ്നാനപ്രസ്ഥാനത്താലും യോർദാൻതീരത്തിലേക്കു ജനങ്ങളെ ആകർഷിച്ചപ്പോൾ ഇസ്രായേൽനാട്ടിൻെറ രാഷ്ട്രീയവും മതപരവുമായ അധി കാരസ്ഥിതി ഇതായിരുന്നു.

മേരീപുത്രൻ തൻെറ ദിവ്യോദ്യോഗം ആരംഭിക്കുന്ന തിനുള്ള സമയം ആസന്നമായി. യോഹന്നാൻ ജ്ഞാന സ്നാപനകൎമ്മത്തിൽ ഏൎപ്പെട്ടിരിക്കുന്ന നദീതീരത്തേക്കു യേശു പുറപ്പെട്ടു. കന്യാമാതാവും മകനും തമ്മിലുള്ള വേർ പാടു് എത്രയും വികാരഭരിതവും പ്രേമമസൃണവും ആയിരു ന്നിരിക്കണം. ക്രിസ്തുവിൻെറ ലോകസേവനം തുടങ്ങാൻ പോകുന്നു. നിൎദ്ദോഷനായ അദ്ദേഹം, “തന്നെ പ്രതിരോധി ക്കുന്നതിനു് അപൎയ്യാപ്തമെങ്കിലും തന്നെ വധിക്കുന്നതിനു പൎയ്യാപ്തമായ ലോകവുമായി മല്ലിടുന്നതിനു് ഏകനായും”, അസഹായനായും, തൻെറ ആത്മവീൎയ്യവും, തിതിക്ഷയും,

സ്വാത്ഥമായി ഒരിക്കലും വിനിയോഗിക്കപ്പെടാത്ത അത്ഭുത സിദ്ധികളുമല്ലാതെ മററു യാതൊരു അവലംബവുമില്ലാതെയും രംഗപ്രവേശംചെയ്യുന്നു. അനേകം അവധൂതന്മാരെയും ദീർഘദശികളെയും നിഷ്കരുണം മുക്കിക്കൊന്ന ആ പ്രക്ഷുബ്ദ്ധമായ യഹൂദപാരാവാരത്തിൽക്കൂടിയുള്ള തൻെറ സംയാത്ര അദ്ദേഹം ആരംഭിച്ചിരിക്കുന്നു. തൻെറ മകനു് ആസന്നമായിരിക്കുന്ന വിപത്തു മേരി സ്പഷ്ടമായി ദിർഘദശനം ചെയ്തിരുന്നു. ഫരിസ്യന്മാരുടെ ദുസ്സമമായ ദുരഹങ്കാരവും, പുരോഹിതപ്രഭുക്കന്മാരുടെ കുടിലതയും പരിഷ്കാരാസഹിഷ്ണുതയും, നാട്ടുവാഴിയായ ഹെറോദേസ് അന്തിപ്പാസിൻെറ നിഷ്ഠുരതയും അസാന്മാഗ്ഗികജീവിതരീതികളും അവക്കു നല്ലവണ്ണം അറിയാമായിരുന്നു. ആപന്നിബിഡവും പ്രപീഡാപ്രചുരവുമായ മിശിഹായുടെ ലോകോപാസനത്തെപ്പററിയുള്ള ഋഷിപ്രോക്തങ്ങളും അവക്കു സുവിദിതമായിരുന്നു. അതുകൊണ്ടു, ദുഃഖപൂണ്ണമായ ഹൃദയത്തോടുകൂടിയായിരുന്നു അവർ മകനു വിയോഗാവസരത്തിൽ മംഗളം ആശംസിച്ചതു്. തൻെറ ദിവ്യകുമാരനോടും പ്രണയഭാജനമായ ഭത്താവിനോടുംകൂടി ഇത്രയുംകാലം ആനന്ദപൂണ്ണമായ ജിവിതം നയിച്ച സ്വഭവനത്തിൽ ആ സതീരത്നം ഇപ്പോൾ ഏകാകിനിയായി നിരാലംബയായി ഈശ്വരപ്രാത്ഥനൈകനിരതയായി കഴിഞ്ഞുകൂടി.

യേശു യാത്ര പറഞ്ഞുപോയിട്ടു ദിവസങ്ങൾ അനേകമായി. മകനെക്കുറിച്ചുള്ള സകല വിവരങ്ങളും മാതാവു് ഉത്കണ്ഠാപൂവ്വം അന്വേഷിച്ചറിഞ്ഞുകൊണ്ടിരുന്നു. അദ്ദേഹത്തിൻെറ ജ്ഞാനസ്നാനം സംബന്ധിച്ചു നടന്ന അത്ഭുതങ്ങളുടെ ശരിയായ റിപ്പോർട്ടു് അവക്കു കിട്ടി. പരിശുദ്ധാത്മാവു് ഒരു മാടപ്രാവിൻെറ രൂപത്തിൽ യേശുവിൻെറ ശിരസ്സിൽ അവരോഹണം ചെയ്തതും സ്വർഗ്ഗത്തുനിന്നുണ്ടായ ഒരു ശബ്ദം അദ്ദേഹത്തിൻെറ ഈശ്വരകുമാരത്വത്തെ

പ്രഖ്യാപനംചെയ്തതും അറിഞ്ഞു് അവർ ആനന്ദിച്ചു. എന്നാൽ ജ്ഞാനസ്നാനകർമ്മം കഴിഞ്ഞയുടനെ യേശു ആപല്ക്കരമായ പർവ്വതാഗ്രത്തിൽ അത്യുഗ്രമായ തപസ്സുചെയ്യുന്നതിനും ഉപവസിക്കുന്നതിനുമായി പോയി എന്നറിഞ്ഞപ്പോൾ അവർ വളരെ വ്യസനിച്ചു. ഭയാനകമായ വനാന്തരത്തിൽ സിംഹവ്യാഘ്രാദിഹിംസ്രങ്ങളായ വന്യമൃഗങ്ങളാൽ മാത്രം സംസേവിതനായി യേശു കഴിച്ചുകൂട്ടിയ ആ നാല്പതു ദിവസങ്ങൾ മേരിക്കു നാല്പതു യുഗങ്ങൾതന്നെ ആയിരുന്നു.

നാല്പതു ദിവസത്തെ ഉപവാസത്തിനുശേഷം യേശു യോർദാൻനദീതീരത്തിലേയ്ക്കു വീണ്ടും ചെന്നു. സ്നാപക യോഹന്നാൻ അപ്പോഴും ക്രിസ്തുവിനും ആസന്നമായിരിക്കുന്ന ലോകരക്ഷയ്ക്കും സാക്ഷ്യം വഹിച്ചുകൊണ്ടു അവിശ്രാന്തനായി തൻെറ കൃത്യം നിർവ്വഹിക്കുകയായിരുന്നു. അദ്ദേഹം സ്വശിഷ്യന്മാരിൽ ചിലക്കു സാക്ഷാൽ ദൈവപുത്രനായ ക്രിസ്തുവിനെ ചൂണ്ടിക്കാണിച്ചു കൊടുക്കുകകൂടിചെയ്തു. ആൻഡ്രൂ, ജോൺ, ജേംസ്, സൈമൺ, ഫിലിപ്പ്, ബെർഥാലമ്യൂ എന്നീ ശിഷ്യന്മാരെ യേശുവിനു യോഹന്നാൻെറ സാക്ഷ്യത്തിൻെറ ഫലമായി സിദ്ധിച്ചു. ഈ ശിഷ്യന്മാരായിരുന്നു യേശു ഫെബ്രുവരിമാസത്തിൻെറ ഉത്തരാർദ്ധത്തിൽ ഗലീലയായിലേക്കു മടങ്ങിവന്നപ്പോൾ അദ്ദേഹത്തെ അനുഗമിച്ചതു്.

"മൂന്നാംദിവസം ഗലീലയായിലെ കാനായിൽ ഒരു വിവാഹമുണ്ടായിരുന്നു. യേശുവിൻെറ അമ്മ അവിടെ ആയിരുന്നു." വധൂവരന്മാർ മേരിയുടെ ചാർച്ചക്കാരായിരുന്നിരിക്കണം. പാവങ്ങളായ അവരെ യഥാശക്തി സഹായിക്കുന്നതിനായി മേരി കാലേക്കൂട്ടി കല്യാണവീട്ടിൽ വന്നുചേർന്നിരുന്നു. അവരോടുള്ള ബന്ധുതാവും സ്നേഹാതിശയവും നിമിത്തം അടിയന്തിരക്കാർ യേശുവിനെയും ശിഷ്യന്മാരെയും കൂടെ ക്ഷണിക്കയുണ്ടായി. യേശുവിൻെറ

വൈരാഗ്യം യോഹന്നാൻേറതിനെക്കാൾ അനുപമേയമാം വണ്ണം ഉത്കൃഷ്ടമായിരുന്നുവെങ്കിലും അതു പ്രത്യക്ഷത്തിൽ കാഠിന്യരഹിതവും സ്പൃഹണീയതരവുമായിരുന്നു. യേശുവും മാതാവും ലൌകികാഡംബരപ്രധാനമായ ഒരു വിവാഹാഘോഷത്തിൽ ഭാഗഭാക്കുകളാകുന്നതിനു ശങ്കിച്ചില്ല. മേരി മുൻകൂട്ടി അടിയന്തിരവീട്ടിൽ സന്നിഹിതയായിരുന്നുവെങ്കിലും യേശുവും ശിഷ്യന്മാരും വിവാഹസംബന്ധമായ ചടങ്ങുകൾ തുടങ്ങിയതിനുശേഷമേ അവിടെ വന്നുചേർന്നുള്ളു. എങ്കിലും ഏററവും നയനാഭിരാമമായ വിവാഹഘോഷയാത്രയിൽ പംകുകൊള്ളുന്നതിനും താമസിച്ചു വന്നുചേർന്ന യേശുവിനും അനുചരന്മാൎക്കും സാധിച്ചു.

കന്യകാമറിയയും ദിവ്യരക്ഷകനും ഭാഗികളായിരുന്ന ഈ കാനായിലെ വിവാഹാഘോഷത്തിൻെറ ഒരു ശരിയായ ചിത്രം രൂപവൽകരിക്കുന്നതിനു യഹൂദന്മാരുടെ ഇടയിൽ സാധാരണമായ വിവാഹം സംബന്ധിച്ച ചടങ്ങുകളെപ്പററി സംക്ഷിപ്തമായി വൎണ്ണിക്കുന്നതു് ഉപയോഗപ്രദമായിരിക്കും. അവയിൽ ഏററവും പ്രധാനവും ശ്രദ്ധാൎഹവുമായതു വധുവിൻെറ അലംകരണമാകുന്നു. നല്ല പരിമളതൈലങ്ങൾകലത്തിയ വെള്ളത്തിൽ കുളികഴിഞ്ഞു വെളിയിൽ വരുന്ന സമയംമുതൽ അവൾ മൂടുപടത്താൽ മറയ്ക്കപ്പെട്ടു. നാലുപാടും സൌരഭ്യം വീശിക്കൊണ്ടു നടക്കുന്നതു കണ്ടാൽ സുഗന്ധവാഹിയായ ഒരു തുമേഘം ഭൂമിയുടെ അടുത്തു് മുകളിൽകൂടി ചരിക്കുന്നതായി തോന്നിപ്പോകും. ഈ മൂടുപടം വിവാഹനിശ്ചയം കഴിഞ്ഞ യുവതികളെ തിരിച്ചറിയുന്നതിനുള്ള ഒരു പ്രത്യേക അടയാളമാകുന്നു. അതിനാൽ ശരീരം ആപാദചൂഡം ആവരണം ചെയ്യപ്പെട്ടുന്നു. തങ്കക്കസവുകൊണ്ടു് വിചിത്രവേലകൾ ചെയ്യപ്പെട്ടിട്ടുള്ള അവളുടെ ശുഭ്രവസ്ത്രങ്ങളെയും, ആഭരണങ്ങളെയും, കന്യാത്വസൂചകവും ഭാഗ്യശാലിയായ വരനാൽ മാത്രം അഴിക്കപ്പെടാവുന്നതുമായ സാരസനത്തെയും ആ മൂടുപടം മറയ്ക്കുന്നു. അവളുടെ സഖികൾ

അവളെ ഏററവും ചേതോഹരമാംവണ്ണം വസ്ത്രം ധരിപ്പിക്കുകയും ആഭരണങ്ങൾ അണിയിക്കുകയും ചെയ്യുന്നു; പതിനൊന്നു കന്യകകൾ വിളക്കുകൾ പിടിച്ചുകൊണ്ടു എപ്പൊഴും അവളോടുകൂടിയുണ്ടായിരിക്കും. സകല ഒരുക്കങ്ങളും ചെയ്തു ശേഷം അവർ മണവാളൻെറ വരവിനെ പ്രതീക്ഷിക്കുന്നു. രാത്രി വളരെ വൈകിയിട്ടായിരിക്കും, "മണവാളൻ ഇതാ വന്നിരിക്കുന്നു; അദ്ദേഹത്തെ സ്വീകരിക്കുന്നതിനു നിങ്ങൾ ഇങ്ങോട്ടു വന്നാലും" എന്നുള്ള വിജ്ഞാപനം കല്യാണ വീട്ടിൽ മുഴങ്ങുന്നതു്. വരൻെറ വധൂഗൃഹത്തിലേക്കുള്ള വരവു് വളരെ ആഘോഷപൂർവ്വകമായിരിക്കും. പലതരം വാദ്യങ്ങളോടും ഗായകസംഘങ്ങളോടും ദീപക്കാഴ്ചകളോടും കൂടി പൌരസ്ത്യരാജ്യങ്ങളിലെ അതിരമണീയമായ രാത്രികാലങ്ങളിൽ നടത്തപ്പെടുന്ന ആ ഘോഷയാത്ര എത്രയും ആഹ്ളാദജനകമായിരിക്കുമെന്നു പറയേണ്ടതില്ല. അതിൻെറ ഒടുവിലായിരിക്കും വരൻ നില്ക്കുന്നതു്. അവനും വളരെ ആഡംബരത്തോടും മോടിയോടും വസ്ത്രധാരണം ചെയ്തിരിക്കും. സുരഭിലങ്ങളും സുമനോഹരങ്ങളുമായ പുഷ്പങ്ങളാൽ അലംകൃതവും സ്വർണ്ണഖചിതവുമായ ഒരു ഉഷ്ണീഷം അവൻെറ ശിരസ്സിനെ വേഷ്ടനംചെയ്യുന്നു. അവൻെറ ചുററും പത്തു സ്നേഹിതന്മാർ നടക്കുന്നു. അവർ കരങ്ങളിൽ കുരുത്തോല വഹിച്ചിരിക്കുന്നു. വരൻെറ ബന്ധുക്കൾ കത്തിച്ച പന്തങ്ങൾ പിടിച്ചിരിക്കുന്നു. ചുററും നില്ക്കുന്ന ഇസ്രായേലിലെ സുന്ദരികളായ തരുണീരത്നങ്ങൾ മന്ദസ്മിതങ്ങൾകൊണ്ടു് അവനെ അഭിവന്ദിക്കുന്നു. വരനും അനുയായികളും മുറപ്രകാരം വധുവിൻെറ വസതിയിൽ പ്രവേശിക്കുന്നു. വരൻ വധുവിനെ കരങ്ങളാൽ സ്വീകരിച്ചു പടിവാതിലിലേക്കു കൊണ്ടുപോകുന്നു. അവിടെവച്ചു ശിലാലിഖിതമായ സ്ത്രീധനക്കുറി അവൻ വാങ്ങുന്നു. അനന്തരം അവർ ഉല്ലാസപൂർവ്വം സൌഭാഗ്യവാനായ വരൻെറ ഭവനത്തിലേക്കു മടങ്ങിപ്പോകുന്നു.

വളരെനേരം നീണ്ടുനില്ക്കുന്ന ഒരു വിരുന്ന് അവിടെ ഒരുക്കപ്പെട്ടിട്ടുണ്ട്. സരസങ്ങളായ ഫലിതങ്ങളും തമാശകളും സദ്യയുടെ ആസ്വാദ്യതയെ വർദ്ധിപ്പിക്കുന്നു. വിവാഹസംബന്ധമായ ആഘോഷങ്ങൾ ചിലപ്പോൾ രണ്ടാഴ്ചവരെ നീണ്ടുനില്ക്കും. തമാശകൾ അതിരുകവിഞ്ഞുപോകുമ്പോൾ അവയെ നിയന്ത്രിക്കുന്നതിനായി, കൂട്ടത്തിൽ ഗൌരവശീലന്മാരായ ആരെങ്കിലും നവദമ്പതിമാരുടെ വൈൻഗ്ലാസ്സുകൾ പെട്ടെന്ന് ഉടച്ചുകളയുക പതിവാണ്. സകല ചടങ്ങുകളുടെയും പര്യവസാനമായി അതിഥികൾ അതിമനോഹരമായി അലംകരിക്കപ്പെട്ടിട്ടുള്ള മണവറയിലേയ്ക്കു വധൂവരന്മാരെ ആനയിക്കുന്നു.

ഇതിൽ കൂടുതലായി ഇപ്പോൾ യഹൂദരുടെ വിവാഹങ്ങൾക്ക് അനുഷ്ഠിക്കപ്പെടുന്ന സാർത്ഥകങ്ങളായ മറെറല്ലാ ആചാരങ്ങളും മറിയയുടെ കാലത്തും ഉണ്ടായിരുന്നു.

ഏതാദൃശമായ ഒരാഘോഷത്തിലായിരുന്നു മേരിയും പുത്രനും കാനായിൽവച്ച് അതിഥികളായി പങ്കുകൊണ്ടതു്. പ്രസ്തുത വിവാഹം ആഡംബരത്തിലും മോടിയിലും കുറെ മോശമായിരുന്നു. മറിയയെ അതിഥിയായി ക്ഷണിച്ച ആ കുടുംബം അവരെപ്പോലെ പാവപ്പെട്ടതായിരുന്നിരിക്കണമെന്നു പലതുകൊണ്ടും നമുക്കു ഊഹിക്കാം. വൈൻ തികയാതെ വരുന്നു. ആശാരിപ്പണിക്കാരൻെറ ഭാര്യയായ മറിയ അവിടെ വളരെ അധികാരപൂർവം പെരുമാറിക്കാണുന്നു. അവരുടെ മകൻ വീട്ടിൽ ഇല്ലാതിരുന്നിട്ടും അദ്ദേഹം ക്ഷണിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യുന്നു. ഇതെല്ലാം ആ കുടുംബം തൃക്കുടുംബവുമായി സ്ഥിതിസാമ്യമുള്ളതാണെന്നു കാണിക്കുന്നു. കാനായിലെ കല്യാണത്തിൽ ബാഹ്യമായി കാണപ്പെടുന്ന ആഘോഷങ്ങൾ ഈ അനുമാനത്തെ ഖണ്ഡിക്കുന്നില്ല: ഏററവും പാവപ്പെട്ടവർക്കും ഒരു കല്യാണത്തിൻെറ മോടിക്കാവശ്യപ്പെട്ട ആഭരണങ്ങളും മററു വിലകൂ

ടിയ സാധനങ്ങളും അയൽപക്കക്കാരോടു വായ്പവാങ്ങാൻ സാധിക്കുന്നതാണു്.

മേരി മകനുമുമ്പായി കാനായിലേയ്ക്കു പോയതു് അടിയന്തിരത്തിനു വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കാനായിരുന്നു. അതുകൊണ്ടു് അവിടെ എന്തെല്ലാം കുറവുണ്ടായിരുന്നുവെന്നു അവർ ഗ്രഹിച്ചിരുന്നു. സല്ക്കാരമദ്ധ്യത്തിൽവച്ചു വൈൻ പോരാതെവരുമെന്നു് ആദ്യമായി മനസ്സിലാക്കിയതു് അവരായിരുന്നു. ക്രിസ്തുവിൻെറ ശിഷ്യന്മാരുടെ അപ്രതീക്ഷിതമായ ആഗമനമായിരുന്നു ഈ പോരായ്മക്കിടയാക്കിയതു്. വധൂവരന്മാരും അടിയന്തിരക്കാരും വൈൻ തികയാതെ വന്നതുകൊണ്ടു വളരെ വിഷമിച്ചു. മറിയ അനുകമ്പാർദ്രയായി സ്വപുത്രനെ സമീപിച്ചു്, "അവരുടെ വൈൻ തീർന്നുപോയി," എന്നു പറഞ്ഞു. തൻെറ അന്തർഗ്ഗതങ്ങളായ അഭിഷ്ടങ്ങളെപ്പോലും അറിഞ്ഞു നിറവേററിക്കൊടുക്കുന്ന ഒരു ഉത്തമനായ മകനാണു തനിക്കുള്ളതെന്നു് ആ സാധ്വിക്കു നല്ലവണ്ണം അറിയാമായിരുന്നു. അതുകൊണ്ടു തന്നെസ്സംബന്ധിച്ചോ അന്യരെ സംബന്ധിച്ചോ എന്താവശ്യപ്പെട്ടാലും മാതൃകമായ സ്നേഹവാത്സല്യങ്ങളോടുകൂടി തൻെറ മകനോടു പറയുവാൻ അവൾക്കു സങ്കോചമുണ്ടായിരുന്നില്ല. എങ്കിലും ലോകോദ്ധാരണമാകുന്ന തൻെറ ദിവ്യോദ്യോഗത്തിൻെറ നിർവഹണത്തിനായി സകല സംസാരബന്ധങ്ങളും സംപൂർണ്ണമായി പരിത്യജിച്ച ഒരു ത്യാഗിവര്യനാണു താൻ എന്നു കാണിക്കാനായി മാതൃവചനങ്ങളെ അത്ര ഗണ്യമാക്കിയതായി യേശു ഭാവിച്ചില്ല. അദ്ദേഹം അമ്മയോടു് ഇങ്ങനെ മറുപടിപറഞ്ഞു:—"സ്ത്രീയെ, അതുകൊണ്ടു നിങ്ങൾക്കും എനിക്കും എന്തു്? എൻെറ സമയം ഇനിയും വന്നിട്ടില്ല.

നമ്മുടെ ശ്രവണങ്ങൾക്കു വളരെ അസുഖകരമായി തോന്നുന്ന ഈ മറുപടിക്കു മൂലഭാഷയിൽ വളരെ അർത്ഥവ്യ

ത്യാസമുണ്ടു്. ആ ഭാഷയിൽ അതു് ഒട്ടും അനാദരത്തെ സൂചിപ്പിക്കുന്നില്ല. 'സ്ത്രീ'യെന്ന സംബോധന മൂലഭാഷയിൽ ബഹുമാനദ്യോതകമാണു്. + മഹതി, മാന്യ, ഭവതി എന്നീ ശബ്ദങ്ങളുടെ സ്ഥാനത്തു സ്ത്രീയെന്നു് ഉപയോഗിക്കപ്പെടുന്നു. രാജ്ഞിമാരെ അഭിസംബോധനം ചെയ്യുന്നതിനും 'സ്ത്രീ' ശബ്ദം ആദരസൂചകമാണു്. പുത്രയോഗ്യമായ ആദരം ആ പദംകൊണ്ടു യേശു പ്രദർശിപ്പിച്ചു. ക്രിസ്തു സ്വമാതാവിനെ സർവോപരി സ്നേഹിച്ചുവെന്നും അവരുടെ ആജ്ഞയെ ശിരസാവഹിക്കാൻ സദാ സന്നദ്ധനായിരുന്നുവെന്നുമുള്ള പരമാർത്ഥത്തിനു് ഈ മറുപടി അനനുരൂപമായിരുന്നില്ല. അതു ആത്മഗതമായിട്ടല്ലെങ്കിൽ അപവാദ്യയായിട്ടു പറഞ്ഞതാണെന്നോ, ആ സംഭാഷണം രേഖപ്പെടുത്തിയതിൽ സുവിശേഷകാരനു ചില പദങ്ങൾ വിട്ടുപോയതാണെന്നോ വിചാരിക്കേണ്ടിയിരിക്കുന്നു. അതു മറിയയ്ക്കു് അനുകൂലമായ ഒരു മറുപടിയായി കരുതപ്പെട്ടുവെന്നു് അനന്തരസംഭവങ്ങൾ തെളിയിക്കുന്നു. യേശുവിൻെറ സമാധാനം കേട്ടയുടനേതന്നെ അദ്ദേഹം പറയുന്നതുപോലെചെയ്യുന്നതിനു തയാറായി നിന്നുകൊള്ളുവാൻ മേരി ഭൃത്യന്മാരോടാജ്ഞാപിച്ചു: "എൻെറ മകൻ നിങ്ങളോടു എന്തുപറയുന്നുവോ അതു ചെയ്യുവിൻ."

വൈൻപാത്രങ്ങളെല്ലാം നിശ്ശേഷം ഒഴിഞ്ഞു. വധൂവരന്മാർ ഏററം ലജ്ജാകുലരായി. വൈൻ ആവശ്യത്തിനു മുഴുത്തില്ലെന്നു പറയുന്നതു് അവർക്കു് എത്ര അപമാനകരം!

---

+ വിദ്യാഭ്യാസമുള്ള ബ്രാഹ്മണർതന്നെയും അവരുടെ മാതാക്കളെ 'എടി' എന്നു വിളിക്കാറുണ്ടു് എന്നുള്ളതു് ഇവിടെ സ്മരണീയമാണു്. മലയാളികളായ നമുക്കു വളരെ കർണ്ണാരുന്തുദമായി തോന്നുന്ന ആ സംബുദ്ധി തമിഴ്ശൈലിയിൽ ഒട്ടും അനാദരത്തെയോ സ്നേഹക്കുറവിനെയോ സൂചിപ്പിക്കുന്നില്ല. പ്രത്യുത, സവിശേഷമായ മാതൃവാത്സല്യം അതു സൂചിപ്പിക്കുന്നു. മലയാളത്തിൽ എടീ എന്നുതന്നെ അതിനെ ഭാഷാന്തരം ചെയ്താൽ സന്ദർഭവും മൂലഭാഷാശൈലിയും അറിയാത്തവർക്കു് അതു് എത്ര വികൃതവും അസംബന്ധവും ആയിത്തോന്നുമെന്നു പറയേണ്ടതില്ല.

ഉടനടി കുറവുള്ളതു വരുത്തുന്നതിനു പ്രാപ്തങ്ങളായ അവക്ക് എങ്ങനെ സാധിക്കും? ദീനബന്ധുവായ യേശു അമ്മയുടെ അപേക്ഷയെ അനുവർത്തിച്ചു. അദ്ദേഹം അവിടെയിരുന്ന ഏഴു വലിയ മൺപാത്രങ്ങളിൽ വെള്ളം നിറയ്ക്കാൻ ഭൃത്യരോടാജ്ഞാപിച്ചു. അവർ ഉടൻ ആ കുടങ്ങളുടെ വക്കുവരെ വെള്ളം നിറച്ചു. രക്ഷകൻ പറഞ്ഞു: "വൈൻപാത്രങ്ങളിൽ ആ വെള്ളം പകരുവിൻ; കുറെ കലവറപ്രമാണിക്കു കൊണ്ടുക്കൊടുക്കുവിൻ." വേലക്കാർ അപ്രകാരം ചെയ്തു. കലവറപ്രമാണി അതു കുടിച്ചുനോക്കിയപ്പോൾ അതു് ഒന്നാംതരം വൈൻ! അതു് എങ്ങനെ കിട്ടിയെന്നു അയാൾ അറിഞ്ഞില്ല. അയാൾ മണവാളനെ വിളിച്ചുപറഞ്ഞു: "എല്ലാവരും നല്ല വൈൻ ആദ്യം വിളമ്പുകയാണു പതിവു്; സദസ്യർ കുറെ കൂടുതൽ കുടിച്ചുപോകുമ്പോൾ മോശമായതു് എടുക്കുന്നു. എന്നാൽ നിങ്ങളോ ഏററവും നല്ലതു് അവസാനംവരെ വച്ചിരുന്നു." ഇതു കേട്ടപ്പോൾ വധൂവരന്മാരും മറെറല്ലാവരും പരസ്പരം നോക്കുകയും അത്ഭുതവിവശരാവുകയും ചെയ്തു. ഏററവും വിസ്മയാവഹമായ ഒരത്ഭുതകൃത്യം അവിടെ നടന്നുവെന്നു് എല്ലാവക്കും മനസ്സിലായി. യേശുക്രിസ്തു തൻെറ മഹനീയമായ അപദാനങ്ങളിൽ ഒന്നാമത്തേതു പ്രവർത്തിച്ചു. ഇപ്പോൾ നമുക്കു പേരുപോലും അറിയാൻപാടില്ലാത്ത ഏതാനും ഗലീലയാക്കാക്ക് + സന്തുഷ്ടിയുണ്ടാക്കുന്നതിനായും, നമ്മെ സ്വർഗ്ഗീയ പരമാനന്ദത്തിൽ ലയിപ്പിക്കുന്ന ആ ദിവ്യപാനീയത്തെ നമ്മുടെ നിത്യജീവിതത്തിനായി താൻ കരുതിയേക്കുമെന്നു ആദ്യം നല്ലതും പിന്നീടു ചീത്തയും കൊടുക്കുന്ന ലോകത്തെ

---

\+ ആദിമക്രിസ്ത്യാനികളിൽ നിന്നു മുഹമ്മദീയക്കു സിദ്ധിച്ച ഒരു ഐതിഹ്യം അനുസരിച്ചു കാനായിലെ വിവാഹത്തിൽ വരൻ സുവിശേഷകാരനായ സെയിൻറ് ജോൺ ആയിരുന്നു. അവിടെ നടന്ന മഹാത്ഭുതം കണ്ടിട്ടു് അദ്ദേഹം ഉടനടി ഗൃഹസ്ഥാശ്രമം ഉപേക്ഷിച്ചു യേശുവിനെ പിന്തുടർന്നുവെന്നു് ആ ഐതിഹ്യം ഉദ്ഘോഷിക്കുന്നു.

പഠിപ്പിക്കുന്നതിനായും, സവ്വോപരി തൻെറ സ്നേഹഭാജനമായ മാതാവിൻെറ അപേക്ഷയെ നിവ്വഹിക്കുന്നതിനായും ഈ അത്ഭുതകൃത്യത്തെ മേരീസുതൻ പ്രവത്തിച്ചു.

കുറിപ്പു്:—യേശു മാതാവിനെ സ്ത്രീയെന്നു സംബോധനം ചെയ്തതു് അനാദരസൂചകമാണെന്നുള്ളവാദം കേവലം അജ്ഞതയുടെ ഫലമാണെന്നു് ഇപ്പോൾ സുസ്പഷ്ടമായിട്ടുണ്ടു്. സ്ത്രീയെന്നുള്ള പദത്തിൻെറ സ്ഥാനത്തുള്ള മൂലഭാഷയിലെ ശബ്ദം രാജ്ഞിമാരെ സംബോധനം ചെയ്യുന്നതിലും പ്രയോഗിക്കപ്പെടാവുന്നതാണെന്നു പൗരസ്ത്യഭാഷകളിൽ പാരംഗതന്മാരായ സവ്വപണ്ഡിതന്മാരും സമ്മതിക്കുന്നു. ആ പദം അനാദരത്തെ കുറിക്കുന്നുവെന്നു് അപവദിക്കുന്നവക്കു്, മററെല്ലാം വിഷയങ്ങളിൽ അവർ വിജ്ഞന്മാരായിരുന്നാലും, ഗ്രീക്കുഭാഷയും എബ്രായഭാഷയും ഒട്ടും അറിഞ്ഞുകൂടെന്നുള്ളതു നിസ്സംശയമാണു്. സന്ദർഭംതന്നെയും അത്തരം ഒരു അപവാദത്തെ അനുകൂലിക്കുന്നില്ല. പാഷണ്ഡവ്യാഖ്യാതാക്കൾ പ്രസ്തുത സംഭാഷണാനന്തരം നടന്ന അത്ഭുതത്തെ മനഃപൂവ്വം വിസ്മരിക്കുന്നു. നിസ്സീമമായ മാതൃഭക്തികൊണ്ടു യേശു തൻെറ സുനിശ്ചിതമായ കാര്യ്യപരിപാടിയെപ്പോലും ഭേദപ്പെടുത്തുകയും തൻെറ ദിവ്യത്വം പ്രകാശിപ്പിക്കുന്നതിനുള്ള കാലം ആകുന്നതിനു മുമ്പുതന്നെ മാതാവിൻെറ ആജ്ഞയ്ക്കു വിധേയനായി തൻെറ അത്ഭുതസിദ്ധിയെ പ്രയോഗിക്കുകയും ചെയ്യുന്നു. മാതാവിനെ അനുസരിക്കുന്നതിലും ബഹുമാനിക്കുന്നതിലും അദ്ദേഹം സദാ ജാഗരൂകനാണെന്നു് അദ്ദേഹത്തിൻെറ പ്രവൃത്തി തെളിയിക്കുന്നു. മൂലഭാഷാശൈലിയെപ്പററി അറിവില്ലാത്തവർ അദ്ദേഹത്തിൻെറ സംഭാഷണം മാതാവിനോടു ആദരവില്ലായ്മയെ കുറിക്കുന്നുവെന്നു ഭ്രമിക്കുന്നുവെങ്കിലും അറിവുള്ളവർ അതു തുലോം ബഹുമാനദ്യോതകമാണെന്നു സമത്ഥിക്കുന്നു. ഒരു സാധാരണ മനുഷ്യൻതന്നെയും, അവൻ അധമാധമ

നല്ലെങ്കിൽ, മാതാവിനോടു അനാദരപൂർവ്വം പെരുമാറുകയോ സംസാരിക്കുകയോ ചെയ്യുകയില്ല. ആ സ്ഥിതിക്കു പുരുഷോത്തമനായ യേശു—മാതൃകായോഗ്യനായ ഒരു ആദർശപുരുഷനെന്നു ശത്രുക്കൾപോലും സമ്മതിക്കുന്ന ആ ജഗദ്ഗുരു—മാതാവിനെ ബഹുമാനിക്കാത്ത ഒരു അപകൃഷ്ടനാണെന്നു ചിന്തിക്കുന്നതിനുപോലും ഒരു ക്രൈസ്തവന് എങ്ങനെ സാധിക്കും? ക്രിസ്തുവിൻെറ മാതാവിനെ ബഹുമാനിക്കാതിരിക്കുന്നതിന് ആധാരമായി ക്രിസ്തുതന്നെയും മാതാവിനെ ബഹുമാനിച്ചില്ലെന്നു കണ്ടുപിടിച്ചിരിക്കുന്ന പാഷണ്ഡന്മാരുടെ ഭക്തിയും യുക്തിയും അതിവിചിത്രംതന്നെ! അവർ യേശുവിൻെറ മേൽ ഒരു മഹാപരാധം ആരോപിക്കുകയാണെന്നും അദ്ദേഹത്തെ എത്രയും നിന്ദ്യമായി അധിക്ഷേപിക്കുകയാണെന്നും മനസ്സിലാക്കുന്നില്ല.

---

## അദ്ധ്യായം ൧൧.

### യേശുവിൻെറ ലോകസേവനവും മറിയയും.

"ഇതിനുശേഷം അദ്ദേഹവും അദ്ദേഹത്തിൻെറ മാതാവും സോദരന്മാരും (ക്ലെയോഫാസിൻെറ നാലുപുത്രന്മാർ) ശിഷ്യന്മാരും കാഫർനാമിലേയ്ക്കു പോയി". കാനായിലെ അത്ഭുതത്തെ തുടൎന്നു യേശു അനവധി അത്ഭുതങ്ങൾ പ്രവൎത്തിച്ചു. അദ്ദേഹത്തിൻെറ സൎവ്വശക്തമായ വാക്കിൻെറ ഫലമായി കൊടുങ്കാററുകൾ ശമിക്കുകയും, സകലവിധ വ്യാധികളും ഉന്മൂലനം ചെയ്യപ്പെടുകയും, പിശാചബാധയിൽനിന്നു മനുഷ്യർ മോചിപ്പിക്കപ്പെട്ടിട്ടു പിശാചങ്ങൾ നരകപാതാളത്തിലേയ്ക്കു വിദ്രാവണം ചെയ്യപ്പെടുകയും, മൃതശരീരങ്ങൾ ദേവാലയങ്ങളിൽനിന്നു സംജീവങ്ങളായി പുനരുത്ഥാനംചെയ്കയും ചെയ്തു. ജനങ്ങൾ അദ്ദേഹത്തെ ഒരു നോക്കു കാണുന്നതിനും അദ്ദേഹത്തിൻെറ വചനാമൃതം

ആസ്വാദിക്കുന്നതിനും നാനാഭാഗങ്ങളിൽനിന്നും അദ്ദേഹത്തിൻെറ അടുക്കലേക്കു കൂട്ടംകൂട്ടമായി വന്നുകൊണ്ടിരുന്നു. അദ്ദേഹത്തിൻെറ ഉടുപ്പിൻെറ അററത്തു് ഒന്നു തൊടുന്നതിനും അദ്ദേഹത്തിൻെറ കടാക്ഷവീക്ഷണത്തിനു വിഷയമാകുന്നതിനും ഉത്കണ്ഠിതരും ആയുരാരോഗ്യപ്രാത്ഥികളുമായ നിരവധിജനങ്ങളാൽ അദ്ദേഹത്തിൻെറ സഞ്ചാരസരണികൾ പ്രതിരുദ്ധമായിരുന്നു.

കാനായിൽനിന്നു കാഫർനാമിലേയ്ക്കുള്ള യാത്രയിൽ മേരി യേശുവിനെ അനുഗമിച്ചിരുന്നുവെങ്കിലും, അദ്ദേഹത്തിൻെറ അനന്തരപര്യടനങ്ങളിൽ ആദ്യകാലത്തു മാതാവു അനുയായിനിയായിരുന്നില്ല. എങ്കിലും മകൻെറ അപദാനങ്ങളെപ്പററി അവൾക്കു് അപ്പോഴപ്പോൾ അറിവുകിട്ടിക്കൊണ്ടിരുന്നു. അതു് അവൾക്കു് ആനന്ദപ്രദമായിരുന്നുവെങ്കിലും അവരുടെ മനസ്സിൽ അല്പം അസ്വാസ്ഥ്യം ഉളവാക്കാതിരുന്നില്ല. ആ അസ്വാസ്ഥ്യത്തിനു മതിയായ കാരണവുമുണ്ടായിരുന്നു. ജനതതി ആഹ്ലാദഭരിതമായി മ്ശിഹായെ സർവത്ര അനുഗമിച്ചുവെങ്കിലും ഫരിസ്യപ്രഭൃതികൾ അദ്ദേഹത്തിൻെറ ജീവിതരീതിയേയും ഉപദേശങ്ങളെയും വിദ്വേഷപൂർവം അപലപിക്കുകയായിരുന്നു. അവരുടെ ദൃഷ്ടിയിൽ അദ്ദേഹം പാപവിമോചനം ചെയ്തതു നിന്ദ്യമായ ദൈവദൂഷണവും, പാപികളോടു സഹവസിച്ചതും അവരെ പരിഷ്കരിച്ചതും അചിന്ത്യമായ നികൃഷ്ടതയും, ശബത്തിവസത്തിൽ രോഗശാന്തി നൽകിയതു് അക്ഷന്തവ്യമായ ഭക്തിഹീനതയുമായി കാണപ്പെട്ടു. അദ്ദേഹത്തിൻെറ ധർമ്മോപദേശങ്ങൾ പ്രശാന്തസുന്ദരമായ ഹിമവർഷംപോലെ അദ്ദേഹത്തിൻെറ അധരങ്ങളിൽനിന്നു സുമധുരമായി പൊഴിഞ്ഞു; ഉഗ്രന്മാരായ പ്രാചീനദീർഘദർശികളെപ്പോലെ അദ്ദേഹം വജ്രനിർഘോഷസമാനം ഗർജ്ജിച്ചില്ല. അതു് അവരുടെ ദൃഷ്ടിയിൽ അദ്ദേഹത്തിനു് ഒരു പോരായ്മയായിരുന്നു. വിനയം, ക്ഷമ, ത്യാഗം, ദാരിദ്ര്യം, ഔദാര്യം, സാർവ്വലൌകി

കമായ സ്നേഹം മുതലായ ഗുണങ്ങളുടെ ഔൽകൃഷ്ട്യത്തെ പ്പററി അദ്ദേഹം പ്രസംഗിച്ചു; ഈ പുതിയ തത്വങ്ങൾ എത്ര അപ്രായോഗികങ്ങളാണു്! ഏതാദൃശങ്ങളായ ധമ്മ സിദ്ധാന്തങ്ങളെ അദ്ദേഹം എത്രമാത്രം വിജയകരമായി പ്രചരിപ്പിച്ചുവോ, അത്രമാത്രം പ്രബലന്മാരായ ശത്രുക്കളേയും അദ്ദേഹം സമ്പാദിച്ചു. ഫരീസ്യർ, സദ്ദുച്ച്യർ, പുരോഹിതപ്രമാണികൾ മുതലായ ജനനേതാക്കന്മാർ പരസ്പരം വിരോധികളായിരുന്നുവെങ്കിലും, അവരുടെ എല്ലാവരുടേയും ദൂഷ്യങ്ങളെ നിർഭയം ചൂണ്ടിക്കാണിച്ചു പ്രസംഗിച്ച ആ യുവധമ്മവീരനെ പ്രതിഷേധിക്കുന്നതിൽ അവർ ഏകോപിച്ചു. അവർ അവരുടെ സവ്ശക്തികളും പ്രയോഗിച്ചു് അദ്ദേഹത്തെ ഉപദ്രവിക്കുന്നതിനും പ്രതിഹനിക്കുന്നതിനും ബദ്ധപരികരരായി. ചിലർ അദ്ദേഹം ഒരു ദാംഭികനായ മ്ലേച്ഛനാണെന്നും മററുചിലർ അദ്ദേഹം വെറുമൊരു ഭ്രാന്തനാണെന്നും പറഞ്ഞു് അദ്ദേഹത്തെ ഹസിക്കുകയും അധിക്ഷേപിക്കുകയും ചെയ്തു. ജനസാമാന്യം അദ്ദേഹത്തിനു നൽകിയ ബഹുമതിയും പ്രശംസയും കണ്ടിട്ടു് അസൂയാകലുഷിതരായ പുരോഹിതപ്രഭുക്കന്മാർ അദ്ദേഹത്തിൻെറ അത്ഭുതങ്ങളുടെ യാഥാർത്ഥ്യത്തെ നിഷേധിക്കാൻ സാധിക്കാതെ അന്ധരന്നു് അവ പൈശാചികശക്തിയാൽ പ്രവത്തിക്കപ്പെട്ടവയാണെന്നു് അപവദിച്ചു. സ്വപുത്രനെപ്പററിയുള്ള വിദ്വേഷപ്രചുരമായ ഈ അപവാദങ്ങൾ മേരിയെ അസ്വസ്ഥചിത്തയാക്കി. ഏററവും സമീപവത്തികളായ സ്വജനങ്ങളുടെ പെരുമാററംപോലും ആ സാധ്വിക്കു് ആശ്വാസജനകമായിരുന്നില്ല, ഗലീലേയായിലെ ജനപദങ്ങളിൽ നസറെത്തിനെപ്പോലെ യേശുവിനോടു വിദ്വേഷം പ്രദശിപ്പിച്ചതായി മററു യാതൊരു ജനപദവുമുണ്ടായിരുന്നില്ല. നസറെത്തിലെ കുടുംബങ്ങളിൽ യേശുവിൻെറ കുടുംബത്തെപ്പോലെ അദ്ദേഹത്തെ പ്രത്യക്ഷത്തിൽ തെററിദ്ധരിക്കുകയും വിശ്വസിക്കാൻ കഴിവില്ലാതിരിക്കുകയും ചെയ്തു

മററു യാതൊരു കുടുംബവും ഉണ്ടായിരുന്നില്ല. യേശുവിൻെറ ദിവ്യോത്ഭവത്തെയും മേരിയുടെ കന്യാമാതൃത്വത്തെയും പററി അവരുടെ ഏററവും അടുത്ത സംബന്ധികൾക്കു പോലും അറിയാൻ പാടില്ലാതിരുന്നതിനാലും അദ്ദേഹത്തിൻെറ ശൈശവത്തിൽ ദിവ്യത്വപ്രകാശകങ്ങളായി നടന്ന അത്ഭുതങ്ങളുടെ രംഗം ദേശാന്തരങ്ങളായിരുന്നതിനാലും, കേവലം ഒരു കമ്മാളൻെറ മകനെന്നു് അവർ ധരിച്ചിരുന്ന ആ സാക്ഷാൽ ദൈവപുത്രനിൽ അനന്യസാധാരണമായി എന്തെങ്കിലും ഉണ്ടായിരുന്നതായി അവർ കണ്ടില്ല. അവരുടെ ഇടയിൽ അവരെപ്പോലെ ഉടുത്തും തിന്നും, അവരെക്കാളും ദരിദ്രരീതിയിലും, കഷ്ടപ്പെട്ടു കൂലിവേലചെയ്തും വളന്ന വിദ്യാവിഹീനനായ ഒരു യഹൂദയുവാവായിട്ടുമാത്രമേ യേശുവിനെ അവർ പരിഗണിച്ചുള്ളു. ദാരിദ്ര്യത്തിൻെറ നികൃഷ്ടതയെ പരിഹരിച്ചു് അതിനു് ഔൽകൃഷ്ട്യത്തെ പ്രദാനം ചെയ്യുന്നതിനായി അദ്ദേഹം അതിനെ സ്വയംവരിച്ചതിൻെറ വൈഷമ്യം അദ്ദേഹം അവശ്യം അനുഭവിച്ചു. "അദ്ദേഹത്തിൻെറ സോദരന്മാർ അദ്ദേഹത്തിൽ വിശ്വസിച്ചില്ല," എന്നു സുവിശേഷകാരൻ പറയുന്നു. സുവിശേഷപ്രചാരണത്തെ അനുബന്ധിച്ചു നടന്ന അത്ഭുതങ്ങളുടെ ഖ്യാതി അവരെ വിസ്മയിപ്പിച്ചതല്ലാതെ അവക്കു വിശ്വാസജനകമായിരുന്നില്ല. യേശുവിനെ ഗലീലേയാ ഒട്ടുക്കു ജനതതി 'ദാവീദിൻെറ പുത്രൻ' എന്ന അഭിധാനത്താൽ സംബോധനം ചെയ്യുന്നുവെന്നും അനേകസഹസ്രം ജനങ്ങൾ അദ്ദേഹത്തെ എപ്പോഴും അനുയാനം ചെയ്യുന്നുവെന്നുമുള്ള വസ്തുത ആ നസ്രാണികളായ മ്ശിഹായുടെ സംബന്ധികളെ ഭയവിഹ്വലരാക്കി. അദ്ദേഹത്തെ ഈവിധം രാജോചിതമായ വിധത്തിൽ ജനങ്ങൾ കൊണ്ടാടുന്നതു ഹെറോദേസ് അന്തിപ്പാസിൻെറ അസൂയാവഹ്നിയെ ഉത്തേജനം ചെയ്യുവാൻ പര്യാപ്തമാകയാൽ അതു് ആ യുവഗുരുവിനും അദ്ദേഹത്തിൻെറ അടുത്ത ചാർച്ചക്കാരായ അവക്കും ആപ

ല്ക്കരമാണെന്നു് അവർ സംഭ്രമിച്ചു. ഈ സംഭ്രാന്തിയിൽ യേശു ഭ്രാന്തനാണെന്നു് അവർ പ്രഖ്യാപനം ചെയ്യുകയും അദ്ദേഹത്തെ പിടിച്ചുകെട്ടി വീട്ടിൽകൊണ്ടുവന്നു ബന്ധവസ്സചെയ്യുമെന്നു ശപഥംചെയ്യുകയും ചെയ്തു. ഈ നിശ്ചയം അവർ മേരിയിൽനിന്നു ഗോപനംചെയ്തിട്ടു് ആ സാധുമാതാവിനെ കൂട്ടിക്കൊണ്ടു കാഫർനാമിലേയ്ക്കു പോയി. അമ്മയുടെ പേരുപറഞ്ഞു് അവർക്കു മകൻെറമേൽ അധികാരം പ്രയോഗിക്കാമല്ലോ.

യേശു ജപാലയത്തിൽ ദത്തശ്രദ്ധരും നിശ്ശബ്ദരുമായ ശ്രോതാക്കളുടെ ഒരു വലിയ സമൂഹത്തോടു പ്രസംഗിച്ചുകൊണ്ടു നില്ക്കുകയായിരുന്നു. അദ്ദേഹത്തിൻെറ 'സോദരന്മാർ' മാതാവോടുകൂടി വെളിക്കുവന്നുനിന്നു് അദ്ദേഹത്തെ കാണുന്നതിനു് ആവശ്യപ്പെട്ടു. "അങ്ങയുടെ അമ്മയും സഹോദരന്മാരും അങ്ങയെ അന്വേഷിച്ചു വെളിയിൽ വന്നു നില്ക്കുന്നു" എന്നു ശ്രോതാക്കളിൽ ഒരുവൻ പറഞ്ഞു. അവരുടെ അന്തർഗ്ഗതങ്ങളെ സൂക്ഷ്മമായി ഗ്രഹിച്ച ആ ദിവ്യധീമാൻ അനുചിതമായ അവരുടെ സന്ദേശത്തിനു സ്വകുടുംബത്തിൻെറ സർവജനീനമായ വ്യാപ്തിയെ ദ്യോതിപ്പിക്കുന്നതും സന്ദർഭോചിതവുമായ ഒരു മറുപടി നൽകി. "എൻെറ അമ്മ ആരു്? എൻെറ സഹോദരന്മാർ ആരു്? ദൈവവചനത്തെ കേൾക്കുകയും അതിനെ അനുവർത്തിക്കുകയും ചെയ്യുന്നവർ ആരാണോ അവരാണു് എൻെറ അമ്മയും സഹോദരന്മാരും." മനുഷ്യവർഗ്ഗത്തിൻെറ സാഹോദര്യത്തെയും, അദ്ദേഹത്തിൻെറ സർവസംഗപരിത്യാഗത്തെയും, സാർവത്രികമായ സ്നേഹത്തെയും ഇപ്രകാരം ചമല്ക്കാരപൂർവം സമർത്ഥിച്ചശേഷം, അദ്ദേഹം ഉടൻതന്നെ സ്വമാതാവിനെ പുത്രയോഗ്യമായ വിധത്തിൽ ബഹുമാനിക്കുന്നതിനായി അവർ നിന്ന സ്ഥലത്തേക്കു പോയി. (St. John Chrysostom)

യേശുവിൻെറ ഈ മറുപടിയിൽ പാഷണ്ഡന്മാർ കാണുന്നതുപോലെ മാതാവിനോട്ട് അശേഷം അനാദരം അന്തർഭവിച്ചിട്ടില്ല. പ്രത്യുത ആ കന്യാമാതാവിൻെറ ലോകോത്തരമായ മാഹാത്മ്യം സ്വമാതൃത്വത്തിലെന്നതിനെക്കാൾ അവർ ദൈവവചനത്തെ അനുസരിച്ചു ജീവിക്കുന്നതിലാണു് അടങ്ങിയിരിക്കുന്നതെന്നാണു് അദ്ദേഹം പറഞ്ഞതിൻെറ സുസ്പഷ്ടമായ അർത്ഥം. യേശുവിൻെറ മാതാവെന്നുള്ള നിലയിൽ മേരി എത്രതന്നെ ധന്യയാണെങ്കിലും, ഈശ്വരഹിതത്തെ അനുസരിച്ച് ഒരുത്തമസ്ത്രീയായി ജിവിക്കുന്നതുകൊണ്ടു് അവർ അതിലുംകൂട്ടതൽ അനുഗൃഹീതയാണു്. തന്നെ പ്രസവിച്ചതുകൊണ്ടു മാത്രമല്ല, സ്വർഗ്ഗസ്ഥനായ തൻെറ പിതാവിൻെറ ഹിതത്തെ അനുവർത്തിക്കുന്നതിൽ ഏകതാനയായി ജീവിക്കുന്നതുകൊണ്ടു കൂടിയാണു് ആ പുണ്യവതിയെ അദ്ദേഹം മാതാവായി ബഹുമാനിക്കുന്നതു്. അദ്ദേഹം മേരിക്കു സർവ്വഥാ വിധേയനായിരിക്കുന്നതു് അവർ അദ്ദേഹത്തെ പ്രസവിച്ച മാതാവായതുകൊണ്ടു മാത്രമല്ല, അവർ ഈശ്വരഹിതാനുവർത്തനൈകനിരതയായ ഒരു വനിതാരത്നം ആയതുകൊണ്ടു കൂടിയാണു്. മേരി രണ്ടു പ്രകാരത്തിൽ—യേശുവിനെ പ്രസവിച്ചതുകൊണ്ടും ദൈവഹിതത്തെ അനുസരിച്ചു ജിവിക്കുന്നതുകൊണ്ടും—യേശുവിൻെറ സ്നേഹഭാജനമായ മാതാവാകുന്നു.

വേറൊരു സന്ദർഭത്തിലും പാഷണ്ഡന്മാരുടെ ദുർവ്യാഖ്യാനത്തിനു സംഗതിയാക്കിയിട്ടുള്ള ഒരു പ്രസ്താവന യേശു മാതാവിനെപ്പററി ചെയ്തതായും സുവിശേഷത്തിൽ കാണുന്നു. അദ്ദേഹത്തിൻെറ അപദാനങ്ങളെക്കൊണ്ടു് അത്ഭുതവിവശയായ ഒരു സ്ത്രീ ഇങ്ങനെ ഉദ്ഘോഷിച്ചു: "അങ്ങയെ വഹിച്ച ഉദരവും അങ്ങേയ്ക്കു സ്തന്യം തന്ന സ്തനങ്ങളും അനുഗൃഹീതമാകുന്നു." യേശു ഇതിനുത്തരമായി പറഞ്ഞു: "ശരി തന്നെ; എന്നാൽ ദൈവവചനത്തെ കേൾക്കുകയും അതി

നെ അനുസരിക്കുകയും ചെയ്യുന്നവർ കൂടുതൽ അനുഗൃഹീത രാണു്". യേശുവിൻെറ ഈ പ്രസ്താവനയുടെയും വിവക്ഷി തം മുകളിൽ പ്രതിപാദിച്ചിരിക്കുന്നതു തന്നെയാണു്. അദ്ദേ ഹത്തിൻെറ അമ്മയ്ക്കുള്ള യോഗ്യത അദ്ദേഹത്തെ പ്രസവി ച്ചുവെന്നുള്ളതിൽ കൂടുതലായി ദൈവഹിതത്തെ അനുസരി ക്കുന്നതിലാണു് അടങ്ങിയിരിക്കുന്നതെന്നും അതുകൊണ്ടു തൻെറ ശ്രോതാക്കൾ ഏവരും ഈശപരാജ്ഞയെ അനുസ രിക്കുന്നതിൽ സ്വമാതാവിനെ അനുസരിക്കണമെന്നും സമ ത്ഥവും വ്യംഗ്യവുമായ രീതിയിൽ ഈ ഒററവാക്യംകൊണ്ടു് അദ്ദേഹം ഉപന്യസിച്ചു. ഒരു സ്ത്രീ സാവ്ഭൗമനായ ഒരു ചക്രവത്തിയുടെയോ സാക്ഷാൽ ദൈവപുത്രനായ ശ്രീ യേ ശുക്രിസ്തുവിൻെറതന്നെയോ മാതാവായിരുന്നാലും അവരു ടെ സൌഭാഗ്യം യഥാത്ഥമായി സ്ഥിതിചെയ്യുന്നതു നിമ്മല മായ ജീവിതത്തിലും ദൈവഹിതാനുവത്തനത്തിലുമാണെ ന്നും സ്വമാതാവു് ആ വിധത്തിലും പരമസൗഭാഗ്യവതിയാ ണെന്നും അദ്ദേഹം വ്യഞ്ജിപ്പിച്ചു. തൻെറ മാതാവെന്നുള്ള നിലയിൽ മറിയയ്ക്കുള്ള അനിതരസ്ത്രീസാധാരണമായ മാ ഹാത്മ്യത്തെയും പ്രാധാന്യത്തെയും ഗോപനംചെയ്യുന്നതിൽ അദ്ദേഹം ഉൽസുകനായി കാണുന്നതു് ആ സാധ്വിയുടെ ശാലീനതയെ സംരക്ഷിക്കുന്നതിനും ദുഷ്ടന്മാരായ ശത്രുക്ക ളുടെ ശ്രദ്ധ അവരുടെ മേൽ പതിയാതിരിക്കുന്നതിനും കൂടി ആയിരുന്നുവെന്നു് ഈ സന്ദർഭത്തിൽ സ്മരണീയമാണു്.

യേശു കാഫർനാം മുതലായ സ്ഥലങ്ങളിൽ ധമ്മ പ്രചാരണാത്ഥം പയ്യടനം ചെയ്തശേഷം നസറത്തിലേ യ്ക്കു മടങ്ങിവന്നു. ഏതാനുംദിവസത്തേയ്ക്കെങ്കിലും മകൻെറ സഹവാസം സിദ്ധിക്കുകയാൽ മേരിക്കുണ്ടായ സന്തോഷം അപരിമിതമായിരുന്നു. അടുത്ത ശബ്ബത്തുദിവസം മാതാവും പു ത്രനും ജപാലയത്തിലേക്കു പോയി. അവിടെ അന്നു യേശു വിൻെറ പ്രസംഗമുണ്ടാകുമെന്നു പ്രതീക്ഷിച്ചു് ഒരു വലിയ

പുരുഷാരം സന്നിഹിതമായിരുന്നു. അദ്ദേഹം പ്രസംഗ പീഠത്തിൽ കയറി. അപ്പോൾ യസ്സയ്യാസ് ദീർഘദശിയുടെ ദീർഘദശനഗ്രന്ഥം ഒരു ജപാലയപരിചാരകൻ അദ്ദേഹത്തിന്റെ കൈയിൽ കൊടുത്തു. അദ്ദേഹം അതു നിവത്തു പ്രശാന്തഗംഭീരമായ സ്വരത്തിൽ ഇപ്രകാരം വായിച്ചു. "ജഗത്കത്താവിന്റെ ആത്മീയചൈതന്യം എന്നിലുണ്ട്. സുവിശേഷം സാധുക്കൾക്കായി പ്രസംഗിക്കുന്നതിന്നു് അദ്ദേഹം എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. പശ്ചാത്താപപരവശമായ ഹൃദയത്തെ ആശ്വസിപ്പിക്കുന്നതിനും അടിമകൾക്കു സ്വാതന്ത്ര്യവും കുരുടക്കു കാഴ്ചയും കൊടുക്കുന്നതിനും......അദ്ദേഹം എന്നെ അയച്ചിരിക്കുന്നു." ഗ്രന്ഥം ചുരുട്ടിമടക്കിക്കൊടുത്തിട്ട് അദ്ദേഹം ആ ദീർഘദർശനവാക്യത്തെ സ്വതഃസിദ്ധവും ഉജ്ജ്വലവുമായ വാഗ്വിശദതയോടുകൂടി വ്യാഖ്യാനിക്കുകയും അതു തന്നെയും തന്റെ ഉദ്യോഗത്തെയും എങ്ങനെ സംബന്ധിക്കുന്നുവെന്നു വിശദീകരിക്കുകയും ചെയ്തു. ദീർഘദർശനനിർവ്വഹണം ശ്രോതാക്കൾക്കു് അക്ഷിലക്ഷീഭവിക്കുമാറു തന്മയത്വത്തോടു വർണ്ണിക്കുന്ന അദ്ദേഹത്തിന്റെ വാഗ്വിലാസത്താൽ അവർ ആരംഭത്തിൽ അപഹൃതചിത്തവൃത്തികളായിയെങ്കിലും, അദ്ദേഹത്തിന്റെ സാമുദായികമായ അധഃസ്ഥിതത്വവും സാധുത്വവും അവരുടെ സ്മൃതിപഥത്തിലെത്തിയപ്പോൾ ഒരു അപലാപരവം അവരുടെ ഇടയിൽ അങ്ങുമിങ്ങും കേട്ടുതുടങ്ങി. "ഇതു് ആ കമ്മാളന്റെ മകനല്ലയോ?" എന്നു് അദ്ദേഹത്തിന്റെ സ്ഥിതിവൈപരീത്യത്തെ അപഹസിക്കുന്നതിനായി ശ്രോതാക്കളിൽ ചിലർ ഗജ്ജിച്ചു. യേശു അവരുടെ മനോഗതിയെ മനസ്സിലാക്കിയിട്ടു് അവരോടു് ഇപ്രകാരം മറുപടി പറഞ്ഞു: "ഒരു ദീർഘദശിക്കു സ്വദേശവും സ്വഭവനവുമൊഴിച്ചു് ഇതരസ്ഥാനങ്ങളിൽ ബഹുമാനമില്ലാതില്ല." അദ്ദേഹം കാഫർനാമിലും മററും പ്രവത്തിച്ചതുപോലുള്ള അത്ഭുതകൃത്യങ്ങൾ അവരുടെ

ഇടയിലും ചെയ്യണമെന്നു് അവർ ആഗ്രഹിക്കുന്നതായി പ്രത്യക്ഷമാകയാൽ, അവരുടെ അവിശ്വാസത്താൽ അവർ അതിനു് അർഹരല്ലെന്നും അത്ഭുതങ്ങൾ സുദൃഢമായ വിശ്വാസത്തിൻെറ ഫലങ്ങളാണെന്നും അദ്ദേഹം പ്രസ്താവിച്ചു. അവർ ഇസ്രായേൽസന്തതികളാണെങ്കിലും വിശ്വാസവിമുഖരാകയാൽ ദൈവദൃഷ്ടിയിൽ വിജാതിയരെക്കാൾ അപകൃഷ്ടരാണെന്നു് അദ്ദേഹം ഇങ്ങനെ സമത്ഥിച്ചു: "മൂന്നുവർഷവും ആറുമാസവും സ്വർലോകം മൂടപ്പെട്ടുകയും ഭൂലോകമൊട്ടുക്കു മഹാക്ഷാമം ബാധിക്കുകയും ചെയ്തപ്പോൾ, ഇസ്രായേലിൽ എലിയാസിൻെറ കാലത്തു നിരവധി വിധവകളുണ്ടായിരുന്നു. എന്നാൽ സൈദോനിൽ സറേപ്തായിലെ ഒരു വിധവയുടെ അടുക്കലല്ലാതെ അവരിൽ ആരുടേയും അടുക്കലേക്കു് എലിയാസ് പ്രേഷിതനായില്ല, എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ദീർഘദർശിയായ എലിസേവൂസ്സിൻെറ കാലത്തു ഇസ്രായേലിൽ ഒട്ടുവളരെ കുഷ്ഠരോഗികളുണ്ടായിരുന്നു. എന്നാൽ സിറിയാക്കാരനായ നാമാനല്ലാതെ അവരിലാരും ഉല്ലാഘരാക്കപ്പെട്ടില്ല;" ഈ വചനങ്ങൾ കേട്ടപ്പോൾ, 'അവരെ, അബ്രഹാമിൻെറ സന്തതികളെ, അജ്ഞാനികളായ സ്ത്രീകളോടും കുഷ്ഠരോഗികളോടും സാമ്യപ്പെടുത്തുന്നതിനു് അവൻ മുതിർന്നോ?' എന്നു് ആക്രോശിച്ചുകൊണ്ടു സദസ്യർ പെട്ടെന്നുണ്ടായ ക്രോധാവേശത്താൽ ഓടിയെഴുന്നേററു.

ഈ സംരംഭം ഏതാനും അസംതൃപ്തരായ ശ്രോതാക്കളുടെ പരിഹാസം മാത്രമായിരുന്നില്ല. പിന്നെയോ, സദസ്യർ ആസകലം കോപാന്ധരായി പുറപ്പെടുവിച്ച ബീഭത്സമായ ഒരു അട്ടഹാസമായിരുന്നു. ആ പുരുഷാരം കൊടുങ്കാററിനാൽ ഇളക്കപ്പെട്ട തിരമാലകളെപ്പോലെ കുതിച്ചു മുന്നോട്ടു പാഞ്ഞു, ക്രിസ്തുവിനെ പിടികൂടി, അവരുടെ പട്ടണം സ്ഥിതിചെയ്യുന്ന കുന്നിൻെറ അഗ്രത്തിലേക്കു തൂക്കിയെടുത്തുകൊണ്ടുപോയി. അവിടെനിന്നു താഴ്വരയിലുള്ള

ശിലാമയമായ തടത്തിൽ വീഴത്തക്കവണ്ണം അദ്ദേഹത്തെ നെട്ടം താഴോട്ട തള്ളിയിടണമെന്നായിരുന്നു അവർ വിചാരിച്ചത്. എന്നാൽ അതിന്നു സമയം വന്നിട്ടില്ലായിരുന്നു. അദ്ദേഹത്തെ തങ്ങളുടെ മുമ്പിലിട്ട് ഉന്തുന്നതിന്നും തള്ളുന്നതിന്നും നിർദ്ദയമായി അടിക്കുന്നതിന്നും ആക്ഷേപിക്കുന്നതിന്നും ഈ നസ്രാണികൾക്കു കഴിഞ്ഞുവെങ്കിലും, ആ കീഴ്ക്കാംതൂക്കായ കുന്നിന്റെ മുകളിൽ അററത്തു ചെന്നപ്പോൾ ഏതോ അമാനുഷമായ ഒരു ശക്തി അവരുടെ കരങ്ങളെ ബലമായി ബന്ധിച്ചു. അപ്പോൾ വിഗതശക്തികളായി, മൂകീഭൂതരായി, സ്തബ്ധരായി നിന്നുപോയ അവരുടെ ഇടയിൽക്കൂടി യേശു യഥേഷ്ടം കടന്ന് അദ്ദേഹത്തിന്നു പോകാനുള്ള വഴിയേ പോകുന്നതു കണ്ടപ്പോൾ അവക്കുണ്ടായ ആശ്ചര്യപാരതന്ത്ര്യം അവണ്ണനീയമായിരുന്നു.

മകനോടൊത്തു ജപാലയത്തിൽ പോയ മേരി അദ്ദേഹത്തിന്റെ പ്രസംഗവും, പുരുഷാരത്തിന്റെ വിദ്വേഷസംരംഭവും ബഹളങ്ങളും, അദ്ദേഹത്തിന്റെ ആപല്ക്കരമായ ദുരവസ്ഥയും അത്ഭുതകരമായ വിമോചനവും ആദ്യവസാനം കാണുന്നുണ്ടായിരുന്നു. ആസുരപ്രകൃതികളായ ശത്രുക്കളുടെ കരങ്ങളിൽ അകപ്പെട്ട് അസഹായനായി ഉഴന്ന തന്റെ ദിവ്യകുമാരന്റെ ആപന്നസ്ഥിതി ആ കന്യാമാതാവിന്ന് എത്ര ഹൃദയാരുന്തുദമായിരുന്നിരിക്കണം! ഒടുവിൽ അദ്ദേഹം തന്റെ അമാനുഷശക്തി പ്രയോഗിച്ച് ആപത്തിൽനിന്നു നിർബ്ബാധം ഒഴിഞ്ഞുപോകുന്നതു കണ്ടപ്പോൾ അവക്കുണ്ടായ ആനന്ദം സീമാതീതമായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ.

യേശു ശത്രുക്കളിൽനിന്നു രക്ഷപ്പെട്ടു നേരെ കാഫർനാമിലേക്കു പോയി. അദ്ദേഹത്തിന്റെ മാതാവും മേരി ക്ലേയോഫാസ്സും പുത്രന്മാരും അദ്ദേഹത്തെ പിന്തുടന്നു. ജെനാസറത്ത് തടാകത്തിന്റെ തീരപ്രദേശങ്ങളിൽ ധമ്മപ്ര

ചാരണം ചെയ്തശേഷം അദ്ദേഹം യോർദാൻനദീതീരത്തുകൂടി സിസേരിയാഫിലിപ്പിയിലേക്കു പുറപ്പെട്ടു. പാരമ്പര്യവിശ്വാസപ്രകാരം ഈ സന്ദർഭത്തിലാണു കന്യകാമറിയത്തിൻെറ ജ്ഞാനസ്നാനകർമ്മം നടന്നതു്. പ്രകൃതിരാമണീയകത്താൽ പരിലസിതമായ യോർദാൻനദീതടത്തിൽവച്ചു് ഒരു സുപ്രസന്നമായ പ്രഭാതത്തിൽ ബാലാർക്കകിരണങ്ങളാൽ അതിലെ പരിപാവനജലം സുവർണ്ണസങ്കാശം ജാജ്വല്യമാനമായി തിളങ്ങിക്കൊണ്ടിരുന്നപ്പോൾ, ശുഭ്രവസ്ത്രധാരിണിയായ ആ നിർമ്മലകന്യക സ്വാകുമാരനും രക്ഷകനുമായ യേശുവിൻെറ തൃക്കരങ്ങളാൽ ജ്ഞാനസ്നാപനംചെയ്യപ്പെട്ടു. *

ജ്ഞാനസ്നാനത്തിനുശേഷം മാത്രമേ മേരി തൻെറ ഏകാന്തജീവിതം നിശ്ശേഷം വർജ്ജിച്ചിട്ടു യേശുവിനെ സർവ്വത്ര അനുഗമിച്ചുള്ളു. അവരോടുകൂടി മേരി ക്ലെയോഫാസ്സ്, ജോണിൻെറയും ജേംസിൻെറയും മാതാവായ സലോമി, ഛൂസായുടെഭാര്യയായ ജോനാ, സൂസാനാ, മഗ്ദലേനാമറിയ മുതലായ മററു സ്ത്രീകളും ആ യുവഗുരുവിനെ പിന്തുടർന്നിരുന്നു. ഇവരിൽ ഒടുവിൽ പേരു പറഞ്ഞിരിക്കുന്ന സ്ത്രീ യേശുവിനോടും മാതാവിനോടും സവിശേഷമായ ബന്ധമുള്ളവളായിരുന്നു. വിശ്വമോഹനമായ രൂപലാവണ്യമുള്ള ആ യഹൂദപ്രമദ ദൗർമാർഗ്ഗികജീവിതംകൊണ്ടു അതീതകാലത്തു കുപ്രസിദ്ധയായിരുന്നുവെങ്കിലും, യേശുവിൻെറ ജീവിതവിശുദ്ധിയാലും ധർമ്മോപദേശങ്ങളാലും സമാകർഷിക്കപ്പെട്ടുകയാൽ പശ്ചാത്താപവിവശയായി ആ ദിവ്യഗുരുവിൻെറ പാദാരവിന്ദങ്ങളിൽ സാഷ്ടാംഗപ്രണാമംചെയ്തു പരിപൂർണ്ണമായ പാപവിമോചനം സമ്പാദിച്ചിരുന്നു. തൻെറ മോക്ഷ

* കന്യകാമറിയത്തിൻെറ ജ്ഞാനസ്നാനത്തെപ്പററിയുള്ള പാരമ്പര്യവിശ്വാസം രേഖപ്പെടുത്തിയ പാലസ്റ്റൈൻദേശീയനായ സെയിൻറു് യൂഫീമിയസ്സിൻെറ അഭിപ്രായപ്രകാരം യേശുക്രിസ്തു മാതാവിനെയും സെയിൻറു് പീററിനെയും മാത്രമേ നേരിട്ടു ജ്ഞാനസ്നാപനം ചെയ്തുള്ളു.

ദാതാവായ ആ കരുണാകരൻെറ മാതാവിനോടു മഗ്ദലനാ മറിയയ്ക്കു ഗാഢമായ സ്നേഹവും ഭക്തിയുമുണ്ടായിരുന്നു. ജീവിതപരിവൎത്തനം ഉണ്ടായതുമുതൽ അവൾ കന്യാമാതാവിനോടൊന്നിച്ചു ദിവ്യരക്ഷാനാഥനെ മരണപൎയ്യന്തം ഒരിക്കലും വിട്ടുപിരിയാതെ അനുഗമിച്ചിരുന്നു.

## അദ്ധ്യായം ൧൨.

### കൽവാരിമലയിൽ.

യേശുവിൻെറ ശത്രുക്കളുടെ സംഖ്യയും ശക്തിയും ദിനംപ്രതി വൎദ്ധിച്ചുവന്നു. ഉത്സവംപ്രമാണിച്ച് അദ്ദേഹം ധൎമ്മപ്രചാരണം ചെയ്യുന്നതിനു യരുശലേം സന്ദർശിച്ച സന്ദൎഭങ്ങളിലെല്ലാം ഫരിസ്യപ്രഭൃതികൾ അദ്ദേഹത്തെ അസഹ്യമായി ഉപദ്രവിച്ചു. പലപ്പോഴും അദ്ദേഹത്തെ കല്ലെറിഞ്ഞു കൊല്ലുന്നതിന് അവർ സന്നദ്ധരായി. എങ്കിലും ആ കാരുണ്യമൂൎത്തി അവരെ സ്നേഹംകൊണ്ടും നന്മകൊണ്ടും സമുദ്ധരിക്കുന്നതിനായുള്ള ശ്രമങ്ങളെ തുടൎന്നുകൊണ്ടുതന്നെയിരുന്നു. മുപ്പത്തിമൂന്നാംവർഷം മാൎച്ചുമാസാരംഭത്തിൽ അദ്ദേഹം ബഥനിയിൽവച്ചു മൃതനായ ലാസറസ്സിനെ പുനരുജ്ജീവിപ്പിക്കുകയാൽ അനേകം സജ്ജനങ്ങളുടെ മൈത്രിയും അനുകമ്പയും അദ്ദേഹം സമ്പാദിച്ചുവെങ്കിലും, സാമുദായികവും മതപരവുമായ കാൎയ്യങ്ങളിൽ ഏററവും പ്രാബല്യവും സ്വാധീനശക്തിയുമുള്ള സെൻഹെഡ്രിൻമഹാജനസഭയുടെ സവിശേഷമായ ശ്രദ്ധയ്ക്കും ദൃഢതരമായ വൈരത്തിനും അദ്ദേഹം പാത്രീഭവിച്ചു. അദ്ദേഹം വധിക്കപ്പെട്ടേ മതിയാവൂ എന്ന ഘോരവും അചഞ്ചലവുമായ നിശ്ചയം ആ ജാതീയസഭ ബഹുഭൂരിപക്ഷത്തോടെ പാസ്സാ-

ക്കികഴിഞ്ഞു. ഈ നിശ്ചയത്തിൻെറ നിർവഹണത്തിന്ന് അനുകൂലമായ സന്ദർഭവും സൗകര്യവും സിദ്ധിക്കുന്നതിനുള്ള താമസമേ ഇനി ഉണ്ടായിരുന്നുള്ളു.

ഏതാനും ദിവസം എഫ്രേം എന്ന ചെറിയ പട്ടണത്തിൽ മാറിത്താമസിച്ചശേഷം അദ്ദേഹം വീണ്ടും ബഥനിയിൽ വന്നു. അദ്ദേഹത്തിൻെറഅമ്മ അപ്പോൾ മാർത്തായുടെയും മറിയയുടെയും അതിഥിയായി ലാസറസ്സിൻെറ വീട്ടിൽ താമസിക്കുകയായിരുന്നു. പെസഹാപെരുനാളിന്ന് അഞ്ചു ദിവസമുണ്ടായിരുന്നപ്പോൾ യേശു യറൂശലേമിലേക്കു യാത്ര പുറപ്പെട്ടു. അവിടെ ധാരാളമായി വന്നുകൂടിയിരുന്ന തീർത്ഥയാത്രക്കാർ ലാസറസ്സിൻെറ പുനരുത്ഥാപനമാകുന്ന മഹാപദാനത്തിനുശേഷം അവരുടെ സവിശേഷമായ ഭക്ത്യാദരങ്ങൾക്കു പാത്രീഭൂതനായ ആ യുവദീർഘദർശിയെ രാജോചിതമായ വിധത്തിൽ സ്വീകരിക്കുന്നതിനു ബഹളംകൂട്ടി. അവർ ഈന്തപ്പനക്കുരുത്തോലകളും ഒലിവുവൃക്ഷശാഖകളും കരങ്ങളിൽ വഹിച്ചുകൊണ്ടു് ഗർദ്ദഭാരൂഢനായ യേശുവിനെ തങ്ങളുടെ രാജാധിരാജനെന്നവണ്ണം ജയജയഘോഷങ്ങളോടും ആർപ്പുവിളികളോടും എതിരേററു ദേവാലയംവരെ ഒരു മഹാഘോഷയാത്രയായി അനുഗമിച്ചു. അദ്ദേഹം ഈ ഭക്തിപ്രകടനങ്ങളെ സസന്തോഷം സ്വീകരിച്ചുവെങ്കിലും ഏതാനും ദിവസങ്ങൾക്കുള്ളിൽ യറൂശലേം നഗരത്തിൽ നടക്കാൻപോകുന്ന ആ മഹാപാതകത്തെ ഓർത്തു് അത്യന്തം പരിതപിച്ചു. സ്വപുത്രൻെറ മാഹാത്മ്യവും ദിവ്യത്വവും മനസ്സിലാക്കി ജനങ്ങൾ അദ്ദേഹത്തെ യഥായോഗ്യം ബഹുമാനിക്കുകയും തലസ്ഥാന നഗരിയിലേക്കു് ആഡംബരപൂർവം സ്വീകരിക്കുകയും ചെയ്യുന്നതു കണ്ടിട്ടു മറിയ ആനന്ദാശ്രുക്കൾ വർഷിച്ചു. എങ്കിലും ക്ഷണപ്രഭാചഞ്ചലമായ ആ പ്രമോദസംരംഭത്താൽ മനസ്വിനിയായ കന്യാമാതാവു വഞ്ചിക്കപ്പെട്ടില്ല. അത്യാസന്നമായ മഹാവിപത്തിനെ അവർ

ദീർഘദൃഷ്ടിയാൽ സമഗ്രമായി ദർശിച്ചിരുന്നു. ജനതതിയുടെ ക്ഷണികവും അസ്ഥിരവുമായ ഉത്സാഹഘോഷങ്ങൾ ജനനേതാക്കന്മാരുടെ സുദൃഢവും അജയ്യവുമായ ദൗഷ്ട്യത്താലും ശത്രുതയാലും അമർത്തപ്പെട്ടുമെന്നു ദിവ്യചക്ഷുസ്സിന്റെ സഹായമില്ലാതെതന്നെ അവക്കു കാണാൻ കഴിയുമായിരുന്നു. യേശുവിനു ജനങ്ങൾ നൽകിയ ആഘോഷപൂർവ്വകമായ സ്വീകരണം സെൻഹെദ്രിൻസഭയുടെ വൈരത്തെ പൂർവ്വാധികം ഉഗ്രതരമായി ഉജ്ജ്വലിപ്പിക്കുകയും നിര്യാതനോദ്യമത്തെ ത്വരിപ്പിക്കുകയും ചെയ്തു. ഉച്ചയ്ക്കുമുമ്പ് അദ്ദേഹത്തെ രാജയോഗ്യമായി ബഹുമാനിക്കുകയും കൊണ്ടാടുകയും ചെയ്ത ജനാവലി, ഉച്ചതിരിഞ്ഞപ്പോൾ, അദ്ദേഹം പ്രതീക്ഷിച്ചിരുന്നതുപോലെ, അദ്ദേഹത്തെ തിരസ്കരിക്കുകയും അപകർഷിക്കുകയും ചെയ്തു. ഏതാനും ശിഷ്യന്മാരാൽമാത്രം അനുഗതനായി അദ്ദേഹം നിർബാധം വിശ്രമിക്കുന്നതിനായി ബഥനിയിലേക്കു മടങ്ങിപ്പോയി.

വ്യാഴാഴ്ച കാലത്തെ യേശു വീണ്ടും യറൂശലേമിലേക്കു പുറപ്പെട്ടു. ഈ അവസാന യാത്രയിലും ശിഷ്യരോടുകൂടി അദ്ദേഹത്തിന്റെ മാതാവും അദ്ദേഹത്തെ അനുഗമിച്ചിരുന്നു. അദ്ദേഹം പീഡാനുഭവവും കുരിശുമരണവുംകൊണ്ടു ലോകോദ്ധാരണകൃത്യനിർവ്വഹണത്തെ പരിപൂർണ്ണമാക്കാൻ പോകുന്ന ഈ അന്തിമഘട്ടത്തിലും, ലോകരക്ഷയ്ക്കായി മനുഷ്യാവതാരം ചെയ്യുകയെന്ന ദൈവനിശ്ചയത്തെ സ്വതന്ത്രമായ സമ്മതിദാനത്താൽ സാധിതപ്രായമാക്കുകയും അവതീർണ്ണനായ സച്ചിന്മയനെ സ്വഗർഭഫലമായി ലോകത്തിനു പ്രദാനംചെയ്യുകയും ചെയ്കയാൽ, മനുഷ്യവർഗ്ഗപരിത്രാണകർമ്മത്തിൽ സഹകാരിണിയായിത്തീർന്ന ആ കന്യാമാതാവു സന്നിഹിതയായിരുന്നു്, സ്വസുതന്റെ കഷ്ടപ്പാടിലും മരണയാതനയിലും അനുകമ്പകൊണ്ടു ഭാഗഭാക്കായി ലോകരക്ഷയിലുള്ള സ്വസഹകരണം പൂർത്തിയാക്കുകയെന്നുള്ളതു സർവ്വഥാ

സമുചിതം തന്നെയാണല്ലൊ. ഈശ്വരാവതാരകൃത്യത്തിൽ കാൎയ്യക്ഷമമായി സഹകരിച്ച കന്യാമാതാവു് ആ അവതാരോദ്ദേശ്യനിർവ്വഹണത്തിലും ഹൃദയസംയോഗത്താലും സഹഭാവത്താലും അനിതരമാതൃസാമാന്യമായ പരമത്യാഗത്താലും സഹകരിക്കുകയെന്നതു് എത്രയും സ്വാഭാവികമത്രെ.

ആ വ്യാഴാഴ്ച യറൂശലേമിൽവച്ചു നടന്ന യേശുവിൻെറ അന്തിമഭക്ഷണസന്ദർഭത്തിലും മേരി മററു് അനുയായിനികളോടുകൂടി സന്നിഹിതയായിരുന്നുവെന്നു വിശ്വസിക്കപ്പെടുന്നു. “നിങ്ങൾ വാങ്ങിത്തിന്നുവിൻ; ഇതു നിങ്ങൾക്കായി ദാനം ചെയ്യപ്പെടുന്ന, നിങ്ങളെപ്രതി മനുഷ്യരുടെ പ്രഹരങ്ങളാൽ നുറുക്കപ്പെടുന്ന, എൻെറ ശരീരമാകുന്നു” എന്നും, “നിങ്ങൾ എല്ലാവരും ഇതു കുടിക്കുവിൻ; പാപവിമോചനാൎത്ഥം അനേകംപേൎക്കായി ചിന്താനിരിക്കുന്ന എൻെറ ഈ രക്തം ബലിയുടെ രക്തമാകുന്നു” എന്നുമുള്ള സൎവ്വശക്തനായ യേശുവിൻെറ അമോഘമായ വചനങ്ങളാൽ അദ്ദേഹത്തിൻെറ സാക്ഷാൽ ശരീരരക്തങ്ങളായി പരിവൎത്തനം ചെയ്യപ്പെട്ട ആ പെസഹാഭോജ്യപേയങ്ങളെ കന്യാമാതാവും ഭക്ഷിക്കുകയും കുടിക്കുകയും ചെയ്തു. “ഇതു എൻെറ ഓൎമ്മയ്ക്കായി ചെയ്യുക”എന്നു് ആ ദിവ്യകാരുണ്യസ്വാപൎയ്യയെ അനന്തരകാലങ്ങളിലും തൻെറ പരമമായ ആത്മബലിയുടെ സ്മാരകമായി ആവൎത്തിക്കണമെന്നു് അദ്ദേഹം ആജ്ഞാപിക്കുന്നതു വൈദികാധികാരമുള്ള അപ്പോസ്തലന്മാരോടു മാത്രമാണെങ്കിലും, “നിങ്ങൾ വാങ്ങിത്തിന്നുവിൻ, കുടിക്കുവിൻ,” എന്നു് അദ്ദേഹം പറയുന്നതു അവിടെ സന്നിഹിതരായിരുന്ന എല്ലാവരോടുമാണു്. അദൃശ്യനായ ദൈവം മനുഷ്യനായി അവതരിച്ചു മേരിയുടെ ഗർഭഫലമായ യേശുവായി ദൃഷ്ടിഗോചരനായതുപോലെ, അവതീൎണ്ണനായ ആ ദൈവം ലോകം വിട്ടുപോകുന്നതിനു മുമ്പു കുർബാനയാകുന്ന അപൂപംവഴി ആകല്പകാലം സ്വശിഷ്യന്മാൎക്കു ദൃശ്യനായി, ഉപ

ഭോഗയോഗ്യനായി, സായുജ്യപ്രദനായി ലോകത്തു സ്ഥിതി ചെയ്യുന്നതിനു തൻെറ അപാരമായ കാരുണ്യത്താൽ തിച്ച്പ്പെടുത്തി. തൻെറ അന്തിമഭോജനത്തിൽവച്ച് ആ മഹോദ്ദേശ്യം അദ്ദേഹം നിവ്വഹിച്ചു. അദ്ദേഹത്തിൻെറ കരങ്ങളിൽനിന്നുതന്നെ മേരി സ്വശരീരാംശമായ സാക്ഷാൽ ദൈവകുമാരൻെറ പരിപാവനശരീരമായി അഖണ്ഡശക്തിയുടെ അത്ഭുതകരമായ പ്രവത്തനത്താൽ പരിവത്തനംചെയ്യപ്പെട്ട അപ്പത്തെ—കർബാനയെ—സ്വീകരിച്ചതു സമുചിതം തന്നെയാണു്. ജീവനും പ്രകാശവും സത്യവുമായ പരമാത്മാവാണു് ജിവാത്മാവിൻെറ യഥാത്ഥമായ പോഷണം. എന്നാൽ പരിമിതമായ മനുഷ്യാത്മാവിനു് അപരിമിതമായ പരമാത്മാവു്, സ്തനംധയരായ ശിശുക്കൾക്കു് അന്നമെന്നവണ്ണം, ദഹിപ്പിക്കാൻ പ്രയാസമായ ഒരു ഭോജനമാണു്. മാതാവു അന്നം ഭുജിക്കുകയും അതിനെ പാലായി രൂപാന്തരപ്പെടുത്തി സ്വശിശുവിനു കൊടുക്കുകയുംചെയ്യുന്നു. പാൽ ശിശുക്കൾക്കു് എത്രയും ഹൃദ്യവും അവരുടെ ദഹനശക്തിക്കു് അനുരൂപവുമായ ഒരു ആഹാരസാധനമാണല്ലോ. "പരമാത്മാവു് ഏററവും ഗുരുത്വമുള്ള ഒരു് ആഹാരസാധനമാണു്. അതുകൊണ്ടു് അമാനുഷശക്തികളായ മാലാഖാമാക്കു മാത്രമേ അതു് ഉപഭോഗയോഗ്യമാവുകയുള്ളു. ബലഹീനരായ നമുക്കു ഗുരുതരമായ ആ ഭോജ്യത്തെ ആസ്വാദിക്കാൻ നിവൃത്തിയില്ല. സ്വർഗ്ഗീയഭോജനമായ ആ അന്നം ഭൂഗോളവാസികളായ നമുക്കു ദുഷ്പ്രാപമാണു്. തന്നിമിത്തം ആ അന്നം അനുഗൃഹീതയായ കന്യകയുടെ ശരിരത്തിൽ നിവേശിക്കുകയും അതു പാലായി രൂപാന്തരീഭവിക്കുകയും ചെയ്യുന്നു. ആ പാൽ നമുക്കു കുടിക്കാവുന്നതുമാണു്. കന്യകാമറിയത്തിൻെറ വിശേഷാത്തരമായ ഈ മാഹാത്മ്യത്തെപ്പററി നാം ധ്യാനിക്കുംതോറും അതു ഉത്തരോത്തരം ആലോചനാമൃതമായ ഒരു പരമാത്ഥമായി പ്രത്യക്ഷീഭവിക്കുന്നു.

ഈ അന്തിമമായ ഭോജനത്തിനുശേഷം അദ്ദേഹം സ്വമാതാവിനോടു യാത്രപറഞ്ഞു് അപ്പോസ്തലന്മാരോടു കൂടി ഗത്സമനിയിലേക്കു പോയി. അദ്ദേഹത്തിനു പീഡാനുഭവം അത്യാസന്നമായിരുന്നുവെന്നു് അറിയാമായിരുന്നു. ഗത്സമനിത്തോട്ടത്തിൽ വച്ചു മരണയാതനയെക്കാൾ ദുസ്സഹമായ ഒരു തീവ്രവേദന അദ്ദേഹം അനുഭവിക്കുകയും അതോടുകൂടി തൻെറ അവതാരോദ്ദേശ്യത്തിൻെറ വിജയകരമായ നിവ്വഹണത്തിനായി തൻെറ സ്വർഗ്ഗീയ പിതാവിനോടു സവ്വാത്മനാ പ്രാത്ഥിക്കുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ അദ്ദേഹത്തിൻെറ ശത്രുക്കൾ അദ്ദേഹത്തെ അറസ്ററുചെയ്തു. അപ്പോസ്തലന്മാരിൽ ഒരുവനായ യൂദാസ്കറിയത്ത് എന്ന മഹാസ്വാമിദ്രോഹിയാൽ നയിക്കപ്പെട്ട അവർ അദ്ധരാത്രിക്കുമുമ്പു യേശുവിനെ മഹാപുരോഹിതൻെറ അരമനയിലേക്കു കൊണ്ടുപോയി.

പുത്രൻെറ സ്ഥിതിയെ ദിവ്യദൃഷ്ടിയാൽ സൂക്ഷ്മമായി ദശിച്ചിരുന്ന മാതാവു്, അദ്ദേഹത്തിൻെറ കൂടെയുണ്ടായിരുന്ന അപ്പോസ്തലപ്രമാണികൾപോലും ഉദാസീനരായി സുഷുപ്തിയിൽ ലയിച്ചിരുന്നപ്പോൾ, എത്രയും ജാഗരൂകയായി അദ്ദേഹത്തിൻെറ വേദനയ്ക്കു തുല്യമായ വേദനയോടുകൂടി ആ ഭയങ്കരരാത്രി മുഴുവനും, അദ്ദേഹത്തിനുവേണ്ടി പ്രാത്ഥിക്കുകയായിരുന്നു. രാത്രി രണ്ടുമണി ആയപ്പോൾ യേശുവിൻെറ ഏററവും പ്രിയഭാജനമായ ശിഷ്യൻ വന്നു് അതുവരെ നടന്ന സംഭവങ്ങളേ സംബന്ധിച്ചുള്ള പൂണ്ണമായ വിവരം മറിയയ്ക്കു നല്കി. സെൻഹെദ്രിൻസഭ അദ്ദേത്തത്തെ വിസ്തരിച്ചു കുററക്കാരനാണെന്നു സ്ഥാപിച്ചശേഷം, അദ്ദേഹത്തെ കൈഫാസിൻെറ വീട്ടിൽ അപ്പോൾ ബന്ധവസ്സുചെയ്തിരിക്കുന്നു. നേരംവെളുത്തിട്ടു് ആ സഭയുടെ ആഭിമുഖ്യത്തിൽതന്നെ ഒരുവിചാരണകൂടി കഴിഞ്ഞശേഷം, റോമൻഭരണാധികാരിയുടെ സന്നിധിയിൽ സാമ്രാ

ജ്യനിയമപ്രകാരമുള്ള വിസ്താരത്തിനും വിധിക്കും വിധേയനാകാൻ അദ്ദേഹം സത്വരം ആനയിക്കപ്പെട്ടു. കരഞ്ഞും പ്രാർത്ഥിച്ചും ആ കന്യാമാതാവു നേരം വെളുക്കുന്നതുവരെ മകൻെറ ദുരവസ്ഥയെപ്പററി അത്യുത്കണ്ഠിതയായി കഴിഞ്ഞുകൂടി. പ്രഭാതമായപ്പോൾ അവർ ജോണിനോടും അനുയായിനികളായ ഭക്തസ്ത്രീകളോടുംകൂടി കൈഫാസിൻെറ അരമനവാതുക്കൽ എത്തി. അവിടെ തൻെറ ദിവ്യകുമാരനെ വിസ്തരിച്ചു വിധിക്കാൻപോകുന്ന ന്യായാധിപമന്യന്മാരെ അവർ കണ്ടു. ദ്രുതഗതിയിൽ ഒരു വിസ്താരകോലാഹലം നടത്തിയശേഷം ആ മഹാജനസഭക്കാർ യേശുവിനെ ബന്ദിയായി പിലാത്തോസിൻെറ കച്ചേരിയിലേക്കു കൊണ്ടുപോകുന്നതിനുള്ള ബഹളമായി. ഒരു രാത്രികൊണ്ട് അദ്ദേഹം അനുഭവിച്ച ശാരീരവും മാനസികവുമായ കഠിനവേദനയുടെ ക്ഷീണവും വൈവശ്യവും അദ്ദേഹത്തിൻെറ മുഖാരവിന്ദത്തിൽ മേരി പ്രത്യക്ഷമായിക്കണ്ടു.

അപ്പോൾമുതൽ മേരി നിരന്തരമായി പുത്രനെ പിന്തുടൎന്നു പിലാത്തോസിൻെറ കച്ചേരിയിലേക്കും, ഹെറോദേസിൻെറ അരമനയിലേക്കും, വീണ്ടും റോമൻകോടതിയിലേക്കും ശത്രുക്കൾ അദ്ദേഹത്തെ കഷ്ടപ്പെടുത്തി കൊണ്ടുപോയപ്പോഴൊക്കെ മാതാവു കൂടെയുണ്ടായിരുന്നു. എവിടെയെല്ലാംവച്ചു തൻെറ ദിവ്യസുതനെ കാണുന്നതിനു് അവൾക്കു സൌകൎയ്യം ലഭിച്ചുവോ അവിടെയെല്ലാംവെച്ച് ആ ദൎശനസൌഭാഗ്യം അവർ അനുഭവിച്ചു. പിലാത്തോസിൻെറ കച്ചേരിയിലും, ഹെറോദേസിൻെറ അരമനയിലും, ആസുരചിത്തരായ വൈരികളാൽ ചുററപ്പെട്ടു് അവരുടെ അതിരില്ലാത്ത വിദ്വേഷത്തിനും പരിഹാസത്തിനും പാത്രവാനായി നില്ക്കുന്ന ആ നിർവ്വേദമൂർത്തിയെ കണ്ടപ്പോഴും, കശാപ്രഹരണവും കണ്ടകകിരീടധാരണവും കഴിഞ്ഞശേഷം പിലാത്തോസ് അനുകമ്പാകുലനായി അദ്ദേഹത്തിൻെറ

നിർദ്ദോഷതയിലേക്കു ജനതതിയുടെ ശ്രദ്ധയെ ആകർഷിച്ച പ്പോഴും, അതിനുത്തരമായി ഹൃദയശൂന്യമായ ആ ദ്വിപാദ സമൂഹം "അവൻെറ കഥകഴിക്കട്ടെ! അവനെ കുരിശിൽ തൂക്കിക്കൊല്ലട്ടെ!" എന്നു കണ്ഠോരുന്നുതമായി ആക്രോശിച്ച പ്പോഴും, ആ കന്യാമാതാവു് അനുഭവിച്ച വ്യസനപാര വശ്യം വാചാമഗോചരമായിരുന്നുവെന്നു പറയേണ്ടതില്ല. തീവ്രതമമായ ദുഃഖവും വേദനയും അവർ അനുഭവിച്ചുവെ ങ്കിലും അവരുടെ ഹൃദയശാന്തിയും ആത്മദമനവും അതി നാൽ ഒട്ടും ഹനിക്കപ്പെട്ടില്ല. അപാരവും അഗാധവുമാ യിരുന്ന അവരുടെ വ്യസനാംബുധി നിശ്ചലവും പ്രശാന്തവു മായിരുന്നു.

പിലാത്തോസിനു ക്രിസ്തുവിൻെറ നിരപരാധതയെ പ്പററി പൂർണ്ണബോദ്ധ്യമുണ്ടായിരുന്നുവെങ്കിലും, അതിനികൃഷ്ട മായ ഭീരുതയാൽ യഹൂദന്മാരുടെ ഭീഷണികൾക്കും ശാഠ്യ ത്തിനും വശംവദനായി അയാൾ യേശുവിനെ അവരുടെ ഹിതാനുസാരം വധശിക്ഷക്കു വിധിച്ചു. ആ വിധിപ്ര കാരം യേശു തൻെറ വധോപകരണമായ ഒരു ഭാരമേറിയ മരക്കുരിശു തോളിൽ വഹിച്ചുകൊണ്ടു്, സമാനശിക്ഷയ്ക്കു വിധേയരായ രണ്ടു തസ്കരന്മാരാലും ഒരു വലിയ പുരുഷാര ത്താലും അനുഗതനായി, കൽവാരിമലയിലേക്കുള്ള തൻെറ അഭിനിര്യാണം ആരംഭിച്ചു. യെരൂശലേമിലും പരിസരങ്ങ ളിലുമുള്ള പാരമ്പര്യവിശ്വാസപ്രകാരം, മേരിയും അനുയായി നികളും റോമൻകച്ചേരിയിൽനിന്നുള്ള ഒരു കുറുക്കുവഴിയിൽ കൂടി നടന്നു, വധയാത്രാസംഘം അവലംബിച്ച രാജപാത യിലെത്തി. മനുഷ്യകുലജാതന്മാരിൽവച്ചു സർവോത്കൃഷ്ട നും അജപോതസമാനം നിർമ്മലഹൃദയനുമായ ആ പുരു ഷോത്തമൻ അത്യപകൃഷ്ടനായ ഒരു മഹാപാതകിയെന്ന വണ്ണം വധശിക്ഷാവശഗനായി നിന്ദ്യമായ കുരിശുവഹിച്ചും, ഖലന്മാരായ ശത്രുക്കളാൽ അവർണ്ണനീയമാംവണ്ണം ഉപദ്രവി ക്കപ്പെട്ടും ക്ഷീണപരവശനായി കൊലക്കളത്തിലേക്കു യാത്ര

ചെയ്യുന്നതു് അടുത്തുചെന്നു കാണുന്നതിനും സ്വപുത്രനെ കഴിയുന്നത്ര സമാശ്വസിപ്പിക്കുന്നതിനുമായി സ്ത്രീകുലോത്തം സമായ കന്യകാമാതാവു പരിതഃസ്ഥിതികൾക്കു് അജാഗരൂകയായി, നിഷ്ഠുരന്മാരായ വിജാതീയഭടന്മാരെപ്പററി നിശ്ലേഷം നിർഭയയായി, പുരുഷാരത്തിനിടയിൽക്കൂടി കടന്നു് ആ ദിവ്യസന്നിധിയെ പ്രാപിച്ചു. ദിവ്യസൌന്ദര്യധാമമായ ഒരു സാധ്വീമണി പെട്ടെന്നു് അവിടെ ആവിർഭവിച്ചതു കണ്ടു് ആ റോമൻഭടന്മാർ സ്തബ്ധരായി, ഇതികർത്തവ്യതാമൂഢരായി നിന്നുപോയി. മാതാവും പുത്രനും പരസ്പരം ധൈര്യപ്പെടുത്തുകയും ആശ്വസിപ്പിക്കുകയും ചെയ്ത ആ ഹൃദയസ്പർശകമായ രംഗം അധികം ദീർഘിക്കുന്നതിനിടയായില്ല. ഗുരുവിനെ അപ്പോഴും വിട്ടുപിരിയാത്ത ഏകശിഷ്യനായ ജോണും മഗ്ദലനാമറിയവും ഉടൻ മാതാവിനെ സ്നേഹപൂർവ്വം പിടിച്ചു മാററിക്കൊണ്ടുപോയി.

മേരിയും ജോണും മഗ്ദലനമറിയവും ഭക്തകളായ മററു സ്ത്രീജനങ്ങളും, ദുഃഖപര്യാകുലമായ ഈ മരണയാത്രയിൽ, അമാനുഷമായ തിതിക്ഷയോടെ അതികഠിനമായ പീഡയനുഭവിക്കുന്ന സ്വരക്ഷാനാഥനെ നിർന്നിമേഷരായി നോക്കിക്കൊണ്ടു പ്രണിധാനപൂർവ്വം അനുഗമിച്ചു. യേശു കുരിശുമായി മറിഞ്ഞുവീഴുന്നതും, യരുശലേമിലെ സ്ത്രീകൾ അനുകമ്പാർദ്രരായി അനുശോചിക്കുന്നതും, സിറീനിയനായ സൈമൺ യേശുവിനുവേണ്ടി കുരിശു വഹിക്കുന്നതും മററും അവർ നിർഭരമായ വ്യസനത്തോടെ കണ്ടു.

അങ്ങനെ അവർ കൽവാരിയിലെത്തി. മേരിയുടെ ഹൃദയം യേശുവിൻെറ ഹൃദയവുമായി എപ്പോഴത്തെയും കാൾ അധികം ബലവത്തരമായി സംയോജിച്ചു: അദ്ദേഹം നിസ്സഹായനായിരുന്നതുപോലെ അവരും നിസ്സഹായയായിരുന്നു; അദ്ദേഹത്തെ കുരിശിൽ തറച്ചവരോടു് അദ്ദേഹം ക്ഷമിച്ചു

തുപോലെ അവരും ക്ഷമിച്ചു; അദ്ദേഹത്തിൻെറ വധത്തിന കാരണഭൂതരായ നമുക്ക് ഏവക്കും വേണ്ടി അദ്ദേഹത്തെപ്പോലെ അവരും പ്രാത്ഥിച്ചു.

കൽവാരിമലയുടെ മുകളിൽവച്ചു യേശുവിൻെറ ഒട്ടുവിൽ ശേഷിച്ച ഭക്തജനങ്ങൾ ഒരുമിച്ചു സമ്മേളിച്ചു. അവർ വധസ്ഥലത്തുനിന്നു് അല്പം അകലെ മാറിനിന്നു. അവരിൽ ഏതാനുംപേർ—ജോൺ, മഗ്ദലനാമറിയം, മേരി ക്ലെയോഫാസ്സ്, ദിവ്യമാതാവു്,—കുരിശിൻചുവട്ടിലേയ്ക്കു അടുത്തുചെന്നു. അതു പരമമായ യാതനയുടെയും പരിപൂൎണ്ണമായ ലോകരക്ഷാനിൎവ്വഹണത്തിൻെറയും സമയമായിരുന്നു. സൂൎയ്യൻ നിശ്ശേഷം ആച്ഛാദനംചെയ്യപ്പെട്ടു. ഉച്ചതിരിഞ്ഞു് ഉദ്ദേശം മൂന്നുമണിക്കു് ഉജ്വലമായി പ്രകാശിക്കേണ്ട ആ പ്രഭാകരൻ ആശ്ചൎയ്യകരമാംവണ്ണം നിഷ്പ്രകാശനായി. കുരിശും കൽവാരിയും ലോകമാസകലവും താമിസ്രപ്രായമായ അന്ധകാരപടലങ്ങളാൽ സമാവരണംചെയ്യപ്പെട്ടു. മനുഷ്യവൎഗ്ഗത്തിൻെറ പാപപരിഹാരത്തിനായി നടത്തപ്പെടുന്ന പരമയാഗത്തിലെ ബലിമൃഗമെന്നവണ്ണം സ്വപിതാവിനാൽ സന്ത്യക്തനായി ആശ്വാസരഹിതനായി യേശു കുരിശിൽ തൂങ്ങിക്കിടന്നു, മരണവേദനയനുഭവിച്ചു. കുരിശിൻെറ അടുത്തു് അദ്ദേഹത്തിൻെറ അമ്മ നിന്നു. "വ്യസനമാകുന്ന ഖഡ്ഗം അവരുടെ ഹൃദയത്തെ പിളന്നു. യേശുവിൻെറ ശരീരവേദനകൾ മുഴുവനും അവർ അനുകമ്പയാൽ സ്വഹൃദയത്തിൽ അനുഭവിച്ചു. ഈശ്വരപുത്രൻെറ അതിതീവ്രമായ വേദനയിൽ മാതാവും ഭാഗിനിയായി. സാധാരണ ഒരു മാതാവു് ഇത്തരമൊരു കാഴ്ച ജീവനോടുകൂടി സഹിക്കുമായിരുന്നില്ല. എന്നാൽ ലോകോത്തരമായ സ്നേഹത്താൽ വികസിതമായ മറിയയുടെ ഹൃദയം ദിവ്യമായ പ്രചോദനത്താൽ അമാനുഷധൈൎയ്യസംയുക്തമായിരുന്നു. അതിനെ ദുഃഖത്തിനു പരാജയപ്പെടുത്താൻ സാധി

ച്ചില്ല. അതിൻെറ ശാന്തിയും പ്രാഗത്ഭ്യവും അക്ഷയമായി ത്തന്നെ ഇരുന്നു.

ആ മഹായാഗത്തിൽ ഭാഗഭാക്കായി അവർ കുരിശിൻെറ അടുത്തുതന്നെ നിന്നു. യേശുവിൻെറ ശത്രുക്കൾ അധിക്ഷേപവർഷംകൊണ്ടു് അദ്ദേഹത്തെ അഭിഷേകം ചെയ്തു. അദ്ദേഹത്തിൻെറ ഏററവും അടുത്ത മിത്രങ്ങൾ പോലും ഭയവിഹ്വലരായി; അവിടെ നടന്നതെന്താണെന്നു് അവർ അറിഞ്ഞില്ല. ചിലർ അറിഞ്ഞുവെങ്കിൽ ആ അറിവു വളരെ അവ്യക്തവുമായിരുന്നു. മറിയ മാത്രമേ ആ സംഭവത്തിൻെറ സൂക്ഷ്മവും പൂർണ്ണവുമായ രഹസ്യം ഗ്രഹിച്ചിരുന്നുള്ളൂ. അവിടെ ചൊരിഞ്ഞ ദിവ്യരക്തം മനുഷ്യജാതിയുടെ പരിരക്ഷയ്ക്കായുള്ള നിഷ്ക്രയമായിരുന്നു. അതു നമ്മുടെ പാപമാലിന്യങ്ങളെ നിശ്ശേഷം പ്രക്ഷാളനംചെയ്തു. ശുദ്ധീകരിക്കപ്പെടുന്നതിനായി മറിയയിൽ പാപത്തിൻെറ യാതൊരു ലാഞ്ഛനവുമുണ്ടായിരുന്നില്ലെങ്കിലും, പാപസമ്പർക്കത്തിൽനിന്നു് അവരെ പൂർണ്ണമായി സംരക്ഷിച്ച ദിവ്യകാരുണ്യത്തിൻെറ വേതനവും ആ രക്തംതന്നെ ആയിരുന്നു. ഈ പരമതത്വം യഥാസ്ഥിതി ഗ്രഹിച്ചിരുന്ന ആ ലോകമാതാവു് അവക്കും അഖിലലോകത്തിനുംവേണ്ടി സർവ്വേശ്വരനോടു കൃതജ്ഞത പ്രകാശിപ്പിക്കുകയും, സ്വപുത്രൻെറ ആത്മബലിയിൽനിന്നു് ഉല്പാദിച്ച രക്ഷാകരമായ അനുഗ്രഹവാഹിനിയിൽ അവഗാഹനം ചെയ്യുകയും ചെയ്തു. അവർ രക്ഷണീയമായ ജനഗണത്തിൻെറ പ്രാതിനിധ്യം വഹിച്ചുവെങ്കിലും ദിവ്യമാതൃത്വത്താൽ ആ ഗണത്തെക്കാൾ മഹത്തരമായ സ്ഥാനത്തേയ്ക്കു് ഉയർത്തപ്പെട്ടു. ദിവ്യരക്ഷകൻെറ സഹകാരിണിയായ അവർ അദ്ദേഹത്തിൻെറ പൗരോഹിത്യത്തിൽ ഭാഗിനിയായി ആ ദിവ്യബലിയെ സർവ്വേശ്വരസമക്ഷം സമർപ്പിച്ചു.

അഭിനവആദാമിൻെറ സന്നിധിയിൽ അഭിനവഹവ്വാ

വായായ മേരി സ്ഥിതിചെയ്തു. ഈ രംഗം ഏദൻതോട്ടത്തിലെ രംഗത്തിനു നേരേ വിപരീതവും അതിലെ പാപകർമ്മത്തിനു പരിഹാരരൂപവുമാണു്. ഏദൻതോട്ടത്തിലെ മരണകരമായ വൃക്ഷത്തിനുപകരം കൽവാരിയിൽ നില്ക്കുന്ന ജീവസന്ദായകമായ കല്പദ്രുമമാണു കുരിശു്. യേശു സംപൂർണ്ണമായ അനുസരണത്താൽ ആദിപിതാവിന്റെ പാപത്തെ പ്രമാർജ്ജനം ചെയ്തു മനുഷ്യവർഗ്ഗത്തിന്റെ അഭിനവപിതാവെന്ന നിലയിൽ അദ്ദേഹം രക്ഷാഹരായ ജനങ്ങളെയെല്ലാം തന്നോടു സംയോജിപ്പിക്കുകയും അവരെയെല്ലാം ദൈവത്തിന്റെ സന്തതികളാക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ സന്നിധിയിൽ അഭിനവ ഹാവാ ദിവ്യഹൃദയവുമായുള്ള അനുഷംഗത്താൽ ആദിമാതാവിന്റെ അനുസരണക്കേടിനു പരിഹാരം ചെയ്യുകയും, തന്റെ ദുഃഖപരിപൂർണ്ണതയിൽ രക്ഷായോഗ്യമായ മനുഷ്യജാതിയെ അവതരിപ്പിക്കുകയും ചെയ്തു.

ഈ സന്ദർഭത്തിൽ രക്ഷകന്റെ അധരങ്ങളിൽനിന്നു നിർഗ്ഗമിച്ച വചനങ്ങൾ അതിഗഹനമായ ഈ പരമരഹസ്യത്തെ പ്രദ്യോതിപ്പിച്ചു. "സ്വമാതാവിനെയും അടുത്തു നില്ക്കുന്ന സ്വസ്നേഹിതനായ ശിഷ്യനെയും കണ്ടപ്പോൾ യേശു മാതാവിനോടു, 'സ്ത്രീയേ, നിങ്ങളുടെ മകനെ കാണുക!' എന്നുപറഞ്ഞു. അതിനുശേഷം അദ്ദേഹം ശിഷ്യനോടു 'നിന്റെ അമ്മയെ കാണുക!' എന്നും പറഞ്ഞു." അസഹായയായ തന്റെ മാതാവിനെ സംരക്ഷിക്കുന്നതിനു ജോണിനെ ചുമതലപ്പെടുത്തുകയെന്നുള്ള ഉദ്ദേശ്യം മാത്രമല്ല ഈ വചനങ്ങളിൽ അന്തർഭവിച്ചിരിക്കുന്നതെന്നു അവയെപ്പററി ക്രൈസ്തവോചിതമായി ചിന്തിക്കുന്ന ഏവക്കും പ്രത്യക്ഷമായി കാണാവുന്നതാണു്. ആ സന്ദർഭത്തിന്റെ പരമമായ ഗൗരവത്തെയും പ്രാധാന്യത്തെയും അനുസ്മരിക്കുമ്പോൾ, ഉത്കൃഷ്ടതരമായ ഒരു വിവക്ഷിതം അവയ്ക്കുണ്ടെന്നു സഹൃദയന്മാരായ ഏവക്കും സുഗ്രഹമാണു്.

യേശു കുരിശിൻചുവട്ടിൽ ലോകമാതാവിനെയും അവരുടെ അടുക്കൽ വിശുദ്ധിയും സ്നേഹവുമുള്ള ശിഷ്യനെയും കാണുന്നു. സ്വരക്തത്താൽ പുനരുജ്ജീവിപ്പിക്കപ്പെട്ടതും ദൈവത്തിൽനിന്നും മേരിയിൽനിന്നും സംജാതവുമായ ഒരു അനുഗൃഹീത ജീവാത്മാവിൻെറ മാതൃകയായി യേശു തൻെറ പ്രിയഭാജനമായ ശിഷ്യനെ സങ്കല്പിക്കുന്നു. മേരി അനുഗൃഹീതങ്ങളായ സകല ജീവാത്മാക്കളുടെയും മാതാവാണെന്നുള്ള പരമാർത്ഥം യേശു ഈവിധം പ്രഖ്യാപനം ചെയ്യുന്നു:—"മഹതീ, എൻെറ രക്തത്തിൻെറ ദിവ്യശക്തിയാൽ പുനരുജ്ജീവിതമാകകൊണ്ടു് ഒരേസമയത്തു് എൻെറ സ്വർഗ്ഗീയപിതാവിൻെറയും ഭവതിയുടെയും പുത്രനായിത്തീർന്നിരിക്കുന്ന ആ എൻെറ സ്നേഹിതനെ കാണുക! ശിഷ്യോത്തംസമേ! നീ ഈ നിമിഷത്തിൽ എൻെറ സഹോദരനായിബ്ഭവിച്ചിരിക്കുന്നു. നീ നിൻെറ ആത്മീയമാതാവായ ആ സാധ്വീരത്നത്തെ കണ്ടാലും!"

ഈ വചനങ്ങൾ ജോണിനെ എന്നപോലെ പരിരക്ഷണീയങ്ങളായ സകല ജീവാത്മാക്കളെയും സംബന്ധിക്കുന്നവയാണു്. മോക്ഷാർഹരായ മനുഷ്യരുടെ പ്രതിനിധിയെന്നവണ്ണം ആ ശിഷ്യസത്തമനും യേശു നൽകിയ ഈ സന്ദേശം നമ്മിൽ ഓരോരുത്തരെയും ബാധിക്കുന്നുണ്ടു്; നമുക്കു് ഓരോരുത്തർക്കും അതു് ആശ്വാസപ്രദമാണു്; അതിൻെറ പരമമായ അർത്ഥം സർവ്വോപരി മറിയ ഗ്രഹിച്ചു. അസാമാന്യമായ കഷ്ടാനുഭവത്താലും അനന്യലഭ്യങ്ങളായ അനുഗ്രഹവിശേഷങ്ങളുടെ സംപ്രാപ്തിയാലും ആ കന്യാമാതാവിൻെറ അന്തരംഗം ഇത്തരം സ്നേഹാത്മകങ്ങളായ ദിവ്യസന്ദേശങ്ങളുടെ സമ്യക്കായ സ്വീകരണത്തിനായി സജ്ജീകരിക്കപ്പെട്ടിരുന്നു. ദിവ്യകാരുണ്യാതിരേകത്താൽ അവരെ ഭരമേല്പിക്കപ്പെടുന്ന സകല മനുഷ്യരെയും പുത്രത്വേന സ്വീകരിക്കുന്നതിനു് അവരുടെ മൃദുലമായ ഹൃദയം

സന്നദ്ധമായിരുന്നു. ഈ അമോഘങ്ങളായ ദിവ്യോക്തികൾ, ഈ സന്ദർഭത്തിൽ അവരുടെ നവജാതരായ സന്തതികളിൽ ഓരോരുത്തനെയുംപററി, മനുഷ്യജാതിയിൽപെട്ട എല്ലാവരെയുംപററി, മാതൃയോഗ്യമായ സ്നേഹപ്രകർഷവും കൂലംകഷമായ അനുകമ്പാതിശയവും അവരുടെ ഹൃദയത്തിൽ ഉല്പാദിപ്പിച്ചു.

ഈ ഘട്ടത്തിൽ 'ലോകമാതാവു്' എന്ന മറിയയുടെ അഭിധാനത്തിൻെറ സാമഞ്ജസ്യം പ്രത്യക്ഷമാകുന്നു. ജഗദീശനായ യേശു മനുഷ്യനായി അവതരിച്ചതു നമുക്കുവേണ്ടി മരിക്കുന്നതിനും അങ്ങനെ മരിച്ചിട്ടു മർത്ത്യജാതിയിൽ ഓരോരുത്തനും നിത്യജീവൻ പ്രദാനം ചെയ്യുന്നതിനുമാണു്. ഈ നിത്യജീവപ്രദായകൻെറ ജനനത്തിലും ജീവിതത്തിലും മേരിക്കുള്ള സഹകരണത്താൽ അവർ അദ്ദേഹത്തിൻെറ ലോകപരിത്രാണകർമ്മത്തിലും സഹകാരിണിയായിത്തീർന്നു. പരിത്രാണകർമ്മം പരിപൂർണ്ണമായി നിർവ്വഹിക്കപ്പെട്ടുന്ന കൽവാരിമലയിൽവച്ചു സഹകാരിണിയുടെ സഹകാരിത്വവും പരിപൂർണ്ണമാകുന്നു. അവതീർണ്ണനായ ദിവ്യസുതനെ ഗർഭത്തിൽ ധരിച്ച മാത്രയിൽതന്നെ മറിയ അദ്ദേഹത്താൽ രക്ഷിക്കപ്പെടാനുള്ള ലോകത്തെ മുഴുവനും സ്വഗർഭത്തിൽ ധരിച്ചുകഴിഞ്ഞിരുന്നു. പത്തു മാസംകൊണ്ടു യേശുവിനെ അവർ പ്രസവിച്ചു; എന്നാൽ രക്ഷണീയമായ മനുഷ്യവർഗ്ഗത്തെ പ്രസവിച്ചു് അവരുടെ ഗർഭഭാരത്തെ നിശ്ശേഷം ഒഴിക്കുന്നതിനു് അവർക്കു ഈ മുപ്പത്തിമൂന്നു വർഷവും ആവശ്യമായിരുന്നു. യേശുവിൻെറ അവതാരോദ്ദേശ്യം—നമ്മുടെ പരിരക്ഷ—പൂർണ്ണമായി നിർവ്വഹിക്കപ്പെട്ടതു കൽവാരി മലയിലെ പരമയാഗത്താലാണല്ലൊ. അതിനാൽ നമുക്കു ദൈവപുത്രനായ അദ്ദേഹത്തോടു സാഹോദര്യവും തൽസംബന്ധമായ അവകാശങ്ങളും ലഭിച്ചു; അപ്പോൾമുതൽ നമ്മുടെ ആത്മീയജീവിതം ആരംഭിച്ചു. യേശുവിനോടുകൂടി മേരിയുടെ ഗർഭത്തിൽ ഉല്പാദിതമായിരുന്ന പരിത്രാണയോഗ്യമായ

മനുഷ്യലോകം അപ്പോഴായിരുന്നു ഭ്രജാതം ചെയ്തതു്. സാക്ഷാൽ ക്രിസ്തുവിൻെറ മാതാവായ മേരി ലോകമാതാവുകൂടി ആയി പ്രത്യക്ഷീഭവിക്കുന്നതു് ആ നിമിഷത്തിലത്രെ. സമുചിതമായ ആ സന്ദർഭത്തിൽ ലോകരക്ഷകൻ സ്വമാതാവിൻെറ സർവ്വലോകമാതൃത്വം എത്രയും ഹൃദയംഗമമായ വിധത്തിൽ പ്രഖ്യാപനം ചെയ്യുകയും അവരെ മാതാവായി സ്വീകരിക്കുന്നതിനു മോക്ഷാർത്ഥികളായ നമ്മോടേവരോടും സ്നേഹപൂർവ്വം ആജ്ഞാപിക്കുകയും ചെയ്യുന്നു.

മാതാവിൻെറ ലൗകികജീവിതത്തിലും അവരെ മാതൃനിർവ്വിശേഷം സ്നേഹിക്കുകയും രക്ഷിക്കുകയും ചെയ്യണമെന്നും കൂടി യേശു പ്രസ്തുത സന്ദേശത്താൽ സജ്ജനപ്രതിനിധിയായ ജോണിനെ അനുസ്മരിപ്പിച്ചു. ആ ശിഷ്യശിരോമണി ദിവ്യഗുരുവിൻെറ ഇംഗിതത്തെ ശിരസാ വഹിക്കുകയും അസുലഭമായ ഒരു അമൂല്യനിധിയെന്നവണ്ണം കന്യാമാതാവിനെ മരണപര്യന്തം സംരക്ഷിക്കുകയും ചെയ്തു.

എല്ലാം പരിസമാപ്തമായി. ഒരു ശബ്ദഘോഷത്തോടുകൂടി യേശു സ്വാത്മാവിനെ സ്വർഗ്ഗീയപിതാവിൻെറ കരങ്ങളിൽ ഏല്പിച്ചു് ഗതജീവനായി. പുരുഷാരം അദൃഷ്ടപൂർവ്വമായ ആ കാഴ്ച കണ്ടു് അമ്പരന്നു പിരിഞ്ഞുപോയി. മേരിയും പരേതൻെറ സ്നേഹിതരും മാത്രം കുരിശിൻചുവട്ടിൽ ശേഷിച്ചു. രക്ഷകൻെറ ശരീരം സംസ്കരിക്കുന്നതിനു മുമ്പു് അവർ എങ്ങനെ അവിടെനിന്നു പോകും? ശവസംസ്കാരത്തിനു് അസഹായരായ അവൾക്കു യാതൊരു കഴിവുമില്ലെങ്കിലും സർവ്വശക്തമായ സ്നേഹം അവരുടെ സ്വാധീനത്തിലില്ലെ?

വെള്ളിയാഴ്ച സൂര്യാസ്തമയത്തോടുകൂടി ആരംഭിക്കുന്ന ശബ്ബത്തിവസത്തിൻെറ പരിപാവനത ഭഞ്ജിക്കപ്പെടാതിരിക്കത്തക്കവണ്ണം കുരിശിൽ തൂങ്ങിക്കിടക്കുന്ന ശരീരങ്ങളെ—അവ

നിശ്ശേഷം മൃതങ്ങളായില്ലെങ്കിൽ—വെട്ടിക്കൊന്നു മാററുന്നതിനായി ആരാച്ചാരന്മാർ വീണ്ടും വന്നു. അവർ കള്ളന്മാരുടെ കാലുകൾ വെട്ടിമുറിച്ചു. അതുകണ്ടു മേരി ഞെട്ടങ്ങി. സ്വപുത്രൻെറ തിരുശരീരം വീണ്ടും അനാദരിക്കപ്പെടാൻ പോകുന്നുവെന്നു് അവർ ഭയപ്പെട്ടു. എന്നാൽ യേശു മരിച്ചുകഴിഞ്ഞു എന്നു ഭടന്മാർ മിക്കവാറും തിച്ചപ്പെടുത്തി; അവരിൽ ഒരുവൻ കുന്തംകൊണ്ടു രക്ഷകൻെറ വലതുവിലാവിൽ കുത്തിനോക്കി. ആ മുറിവിൽനിന്നു വെള്ളംകലന്ന രക്തം ഒലിച്ചു. മറിയയുടെ ഹൃദയം വീണ്ടും ഈവിധം പിളക്കപ്പെട്ടുവെങ്കിലും അവരുടെ പ്രബുദ്ധമായ ആത്മാവിനു ക്രിസ്തുവിൻെറ വിലാപ്പുറത്തെ മുറിവിൽ അന്തഹിതമായ ദിവ്യരഹസ്യത്തിൻെറ മഹിമ സുസ്പഷ്ടമായി കാണാമായിരുന്നു. അവസാനമായ ഈ രക്തബിന്ദുക്കൾ ക്രിസ്തുവിൻെറ അവാച്യമായ സ്നേഹാതിശയത്തെ പ്രദ്യോതിപ്പിച്ചു. ജലം ജ്ഞാനസ്നാനത്തെയും രക്തം കുർബാനയേയും സൂചിപ്പിച്ചു. ക്രൈസ്തവ തിരുസഭയുടെ ജീവനു നിദാനവും പോഷണവുമായ ഈ അനുഗ്രഹസ്രോതസ്സുകൾ (കൂദാശകൾ) വഴി തിരുസഭതന്നെ ആ തുറന്ന ഹൃദയത്തിൽനിന്നു് ഉല്പാദിതമാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ആദിമആദാമിൻെറ പ്രിയതമ അയാളുടെ വിലാപ്പുറത്തുനിന്നു് അയാൾ ഉറങ്ങിക്കിടന്നപ്പോൾ ഉല്പാദിതയായതുപോലെ, ക്രിസ്തുവിൻെറ പ്രേമഭാജനമായ തിരുസഭയും അദ്ദേഹം കുരിശിൽതൂങ്ങി സമാധിയടഞ്ഞുകിടന്നപ്പോൾ അദ്ദേഹത്തിൻെറ വിലാവിൽനിന്നു ഉത്ഭവിച്ചു. "അമ്മയുടെ മകനെ കാണുക" എന്ന പദത്രയത്താൽ വിവക്ഷിതമായ ആത്മീയപുനരുജ്ജീവനം പ്രാപിച്ച മനുഷ്യവർഗ്ഗത്തിൻെറ ജനനം ഈ രക്തജലസ്രാവത്താൽ വീണ്ടും സൂചിപ്പിക്കപ്പെട്ടു.

കുരിശിൻചുവട്ടിൽ മേരിയും ജോണും മററും അനന്യഗതികളായി നിന്നപ്പോൾ അരിമേത്യാ ജോസഫ് എന്നും

നിക്കോദിമസ്സ് എന്നും പേരുള്ള രണ്ടുപേർ അവിടെവന്നു. അവർ യേശുവിനോട് അനുകമ്പയുണ്ടായിരുന്ന രണ്ടു സെൻ ഹെദ്രിൻസഭാസാമാജികന്മാരായിരുന്നു. അവർ ക്രിസ്തുവിന്റെ മൃതശരീരം സംസ്കരിക്കുന്നതിനുള്ള അനുവാദം പിലാത്തോസിനോടു വാങ്ങി ആ പരിപാവനകൃത്യം നിർവ്വഹിക്കുന്നതിനായി ഭൃത്യന്മാരോടുകൂടി വന്നതായിരുന്നു. കൽവാരിയിൽ നിന്നു് അല്പം അകലെയുള്ള തന്റെ പറമ്പിൽ സജ്ജീകരിച്ചിരുന്ന സ്വന്തം ശവകുടീരത്തെ യേശുവിനായി വിനിയോഗിക്കുന്നതിനു ജോസഫ് തീർച്ചപ്പെടുത്തി. ശവസംസ്കാരത്തിനു് ആവശ്യമുള്ള തുണി, സുഗന്ധദ്രവ്യങ്ങൾ മുതലായവ അവർ കൊണ്ടുവന്നിരുന്നു.

യേശുവിന്റെ പ്രേതശരീരം കുരിശിൽ നിന്നു താഴത്തിറക്കപ്പെട്ടു. കുരിശു നിന്ന സ്ഥാനത്തിനും ശവകുടീരത്തിനും മദ്ധ്യേയായി വളരെ നീളവും വീതിയുമുള്ളതും പൊക്കം കുറഞ്ഞതുമായ ഒരു ശിലാതടം സ്ഥിതിചെയ്യുന്നു. അതു് ഇപ്പോഴും 'അഭിഷേകശില' എന്നു വിളിക്കപ്പെടുന്നു. പാരമ്പെര്യവിശ്വാസപ്രകാരം ക്രിസ്തുവിന്റെ മൃതശരീരത്തെ സൌഭാഗ്യവാന്മാരായ ആ അന്തിമമിത്രങ്ങൾ കുളിപ്പിച്ചതും സുഗന്ധദ്രവ്യങ്ങൾ പൂശിയും മററും സംസ്കാരത്തിനായി സജ്ജീകരിച്ചതും ഇതിന്റെ മുകളിൽവച്ചായിരുന്നു. മേരി തന്റെ ദിവ്യകുമാരന്റെ മൃതശരീരത്തെ മടിയിൽവച്ചു കരങ്ങളാൽ താങ്ങിപ്പിടിച്ചുകൊണ്ടു വിശ്വമോഹനമായ ആ മുഖാരവിന്ദത്തിൽ ദത്തവീക്ഷണയായി ദുഃഖസാഗരനിമഗ്നയായി ഈ ശിലാതടത്തിലിരിക്കുന്നതായിട്ടാണു ഭക്തന്മാരായ ചിത്രകാരന്മാർ ചേതോഹരമായി ചിത്രീകരിച്ചുകാണുന്നതു്. ആ സ്ഥിതിയിൽ ആ കന്യാമാതാവിന്റെ ഹൃദയത്തിൽ തിങ്ങിവിങ്ങിയ വികാരങ്ങൾ എത്ര വിവിധങ്ങളും ഉത്കൃഷ്ടങ്ങളുമായിരുന്നിരിക്കണം! മനുഷ്യരെ അത്ര കൂടുതലായി സ്നേഹിച്ച ദൈവത്തോടുള്ള സ്നേഹം, ഈ മഹാനി

യ്യാണത്തിന്റെ ഹേതുവായ പാപത്തെപ്പററിയുള്ള വിദ്വേഷം, പാപകമ്മികളോടു ദൈവം കരുണ കാണിക്കുന്നതിനായുള്ള പ്രാത്ഥന, യേശു അവക്കുവേണ്ടി സ്വജീവനെ ബലികഴിച്ചുവോ അവരോടുള്ള പുത്രനിവ്വിശേഷമായ വാത്സല്യം—ഈ ദൃശങ്ങളായ സ്തോഭപരമ്പരയാൽ അവരുടെ ഹൃദയം പരവശമായിരുന്നു. തന്റെ ഏകപുത്രന്റെ ഏവംവിധമായ വിയോഗത്തിലുള്ള അപാരദുഃഖമാകുന്ന നിശിതഖഡ്ഗത്താൽ പ്രദാരിതമായ അവരുടെ ഹൃദയത്തിൽ നിറഞ്ഞ വികാരങ്ങൾ കരകവിഞ്ഞു് അശ്രുധാരയായി ഒഴുകി. അതീതകാലത്തു യറൂശലേംനഗരത്തെപ്പോലെ രമണീയയായിരുന്ന ആ സൌഭാഗ്യവതി അപ്പോൾ അസ്വതന്ത്രമായ യെറുശലേമിനെപ്പോലെ പരിക്ഷീണയും അപ്രസന്നയുമായിരിക്കുന്നു:—

"ഇതിലേക്കൂടി കടന്നുപോകുന്ന നിങ്ങൾ എല്ലാവരും ശ്രദ്ധിക്കുവിൻ. എന്റെ ദുഃഖംപോലെ ഏതെങ്കിലും ദുഃഖമുണ്ടോ എന്നു നോക്കുവിൻ...നിന്നെ ഞാൻ എന്തിനോടു ഉപമിക്കേണ്ടു? ഓ യറൂശലേംപുത്രിയേ, നിന്നെ ഞാൻ എന്തിനോടു തുലനംചെയ്യേണ്ടു? ഓ സീയോണിന്റെ കന്യകയായ പുത്രി, നിന്നെ സമാശ്വസിപ്പിക്കുന്നതിനായി നിന്നെ ഞാൻ എന്തിനോടു സാമ്യപ്പെടുത്തും? നിന്റെ നാശം സമുദ്രംപോലെ വിപുലമാണു്. നിന്നെ ആരു സുഖപ്പെടുത്തും?"

മറിയയുടെ നിഷ്കളങ്കമായ ഈ പ്രണിധാനത്തെ യേശുവിന്റെ സ്നേഹിതർ ആദരപൂവ്വം ഭഞ്ജിക്കേണ്ടിവന്നു. സൂര്യാസ്തമയം സമീപിക്കയാൽ സത്വരം സംഗതികൾ സമാപിക്കുന്നതു് ആവശ്യകമായിരുന്നു. നമുക്കുവേണ്ടി ഹോമിക്കപ്പെട്ട ആ തൃശ്ശരീരത്തെ താങ്ങിയിരുന്ന മാതൃഹസ്തങ്ങളിൽനിന്നു് അതിനെ അവർ വാങ്ങി പരിചാരകന്മാരുടെയും മററു ഭക്തജനങ്ങളുടെയും സഹകരണത്തോടുകൂടി കുളിപ്പി

ച്ച് പരിമളതൈലങ്ങളാൽ അഭിഷേകംചെയ്ത്, മൃദുലവസ്ത്രങ്ങൾ ധരിപ്പിച്ച് യഥാവിധി സംസ്കരിച്ചു.

മറിയ മകൻെറ ശവസംസ്കാരശേഷം ജോണിനോടുകൂടി യറുശലേമിലുള്ള അദ്ദേഹത്തിൻെറ വിനീതവസതി * യിലേയ്ക്കു പോയി. ആ വീട്ടിലായിരുന്നു അവർ അടുത്ത രണ്ടു രാത്രിയും ഒരു പകലും കഴിച്ചുകൂട്ടിയതു്. ആ സാധ്വിയുടെ ദുഃഖത്തിനു് അതിരുണ്ടായിരുന്നില്ല. എങ്കിലും അവരുടെ ദൈവസ്നേഹം അതിനെ അധഃകരിച്ചു. സ്വഗുരുവിനെ ഭീരുതയാൽ ഉപേക്ഷിച്ചിട്ട് ഓടിപ്പോയ അപ്പോസ്തലന്മാരും ശിഷ്യന്മാരും ആശ്വാസരഹിതരായി മടങ്ങിവന്നു. മറിയ അവരെയെല്ലാം സ്നേഹപൂർവ്വം സ്വീകരിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തു. അസ്വസ്ഥമായ അവരുടെ ഹൃദയങ്ങളിൽ ക്രിസ്തുവിൻെറ അവിളംബിതമായ പുനരുത്ഥാനത്തെപ്പററിയുള്ള വിശ്വാസത്തെ ബലപ്പെടുത്തുന്നതിനു മേരി യത്നിച്ചു. ക്രിസ്തു മരണത്തെ ജയിക്കുമെന്നുള്ള ആ ധന്യയുടെ വിശ്വാസം അചഞ്ചലമായിരുന്നു.

---

* അനേകം വലകളുടെയും വള്ളങ്ങളുടെയും ഉടമസ്ഥനും ഒരു മാശപ്രമാണിയുമായ സെബീദിക്ക യെരുശലേമിൽ ഒരു മത്സ്യപ്പീടികയുണ്ടായിരുന്നുവെന്നും അതായിരുന്നു സെയിൻറു ജോൺ അവിടെ തൻെറ വാസതിയായി ഉപയോഗപ്പെടുത്തിയിരുന്നതെന്നും വിശ്വസിക്കപ്പെടുന്നു. ഗലീലെയായിലെ മുതലാളിമാരായ മുക്കുവന്മാർക്ക തലസ്ഥാനനഗരത്തിൽ മത്സ്യവ്യാപാരപ്രതിനിധികളും ഷാപ്പുകളുമുണ്ടായിരുന്നു.

# അദ്ധ്യായം ൧൩.

## മേരിയുടെ ചരമകാലം.

പുനരുത്ഥാനംചെയ്ത യേശുവിൻെറ ദർശനം ഒന്നാമതായി സിദ്ധിച്ചതു് അദ്ദേഹത്തിൻെറ മാതാവിനായിരുന്നുവെന്നുള്ളതിനു സംശയമില്ല; ഈ പരമാൎത്ഥം സുവിശേഷഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തപ്പെട്ടിട്ടില്ലെങ്കിലും യേശുവിൻെറ മാതൃകായോഗ്യമായ മാതൃഭക്തിയും ആ ദൎശനസൗഭാഗ്യാനുഭൂതിക്കു മേരിക്കുള്ള അനന്യലഭ്യമായ അവകാശവും പരിഗണിച്ചാൽ, നിരാക്ഷേപമായ പാരമ്പൎയ്യവിശ്വാസത്തിൽ അധിഷ്ഠിതമായ അതിൻെറ സാംഗത്യവും ഔചിത്യവും നമുക്കു സ്പഷ്ടീഭവിക്കുന്നതാണു്. ആ അനുഗൃഹീതയായ മാതാവു് ഉത്കണ്ഠയോടെ പ്രതീക്ഷിച്ചിരുന്ന ഈ സംഭവം ഉണ്ടായപ്പോൾ അവർ ആശ്ചൎയ്യത്തിനോ ഭയത്തിനോ ലവലേശം അധീനയായില്ല. മരണത്തെ ജയിച്ചുവന്ന സ്വപുത്രൻെറ, സാക്ഷാൽ ശ്രീയേശുക്രിസ്തുവിൻെറ, വിശ്വരൂപദൎശനത്തിൽ അവർ അവാച്യമായ പരമാനന്ദമത്രെ അനുഭവിച്ചതു്. അവൎക്കു് ഇതരസ്ത്രീകളും മാതാക്കളും അനുഭവിച്ചിട്ടില്ലാത്ത ദുഃഖം സഹിക്കുന്നതിനു ശക്തി നൽകിയ ദൈവം അഭൗമമായ മററു സൎവ്വാനന്ദങ്ങളേയും അതിശയിക്കുന്ന പരമാനന്ദം സമചിത്തതയോടെ അനുഭവിക്കുന്നതിനുള്ള ശക്തിയും പ്രദാനം ചെയ്തിരുന്നു. സുപ്രതീക്ഷിതമായിരുന്ന ഈ ദൎശനത്തിനു മുൻപു് മേരി യേശുവിൻെറ പുനരുത്ഥാനംതന്നെയും നടന്നതുപോലെ ദിവ്യദൃഷ്ടിയാൽ കണ്ടുവെന്നു വിശ്വസിക്കപ്പെടുന്നു. സ്വൎഗ്ഗീയപിതാവു സുതനെ ശവകുടീരത്തിൽനിന്നു വിളിച്ചുണൎത്തുന്നതും, ആത്മശരീരങ്ങളെ സംയോജിപ്പിച്ചിട്ടു് അനശ്വരമായ ഒരു നവജീവനെ അവയിൽ നിവേശിപ്പിക്കുന്നതും, പ്രേതാലയദ്വാരത്തെ ബന്ധിച്ചിരുന്ന വലിയ പാറക്കല്ലിനെ മാററാതെ

ക്രിസ്തു വെളിക്കു വരുന്നതും, പ്രതാപമഹിമകളോടുകൂടി പുന രുത്ഥിതനായ ആ ദിവ്യപുരുഷനെ മാലാഖമാർ ആരാധി ക്കുന്നതും യഥായഥം മേരിക്കു് അത്ഭുതകരമായി അക്ഷി ലക്ഷീഭവിച്ചു.

ആഭാസ്വരന്മാരായ മാലാഖാമാരാൽ പരിസേവിത നായി യേശു മേരിയുടെ മുമ്പാകെ ആവിർഭവിച്ചപ്പോൾ ജോണിൻെറ ആ വിനീതവസതി ഒരു അഭൌമമായ തേജോരാശിയുടെ പ്രകാശകിരണങ്ങളാൽ പ്രശോഭിതമായി. സാക്ഷാൽ സച്ചിദാനന്ദസ്വരൂപനായ ആ ദിവ്യകുമാരൻ അപ്പോഴും മേരീസുതൻതന്നെയായിരുന്നു. അദ്ദേഹം ആ ദേവിയെ പുത്രയോഗ്യമായ വിധത്തിൽ ബഹുമാനിക്കയും ആശ്വസിപ്പിക്കയും, അതീതവും താല്ക്കാലികവുമായ പീഡാദുഃഖങ്ങളെപ്പററിയും അനന്തമായ പരമാനന്ദത്തേയും സൌഭാഗ്യത്തേയുംപററിയും അവരോടു മധുരമായി സംഭാ ഷണംചെയ്കയും ചെയ്തു. "എൻെറ മകൻ ജോസഫ് ഇപ്പോഴും ജീവിച്ചിരിക്കുന്നു, അതു മതി" എന്നു വൃദ്ധനായ ജേക്കബ്ബ് കാണാതെപോയ മകനെ കണ്ടപ്പോൾ പറഞ്ഞ തുപോലെ, "എൻെറ മകൻ ഇപ്പോഴും ജീവിച്ചിരിക്കുന്നു. എനിക്കു് അതുമതി," എന്നു മേരിയും ആത്മഗതം ചെയ്തു.

ഇങ്ങനെ യേശു പുനരുത്ഥാനശേഷം പ്രഥമമായി സ്വമാതാവിനാണു ദർശനം നൽകിയതെങ്കിലും, മേരിമഗ്ദ ലേനായേയും അപ്പോസ്തലന്മാരെയുംപോലെ അതിൻെറ സാക്ഷിണിയായി അതിനെ ലോകസമക്ഷം പ്രഖ്യാപനം ചെയ്യുന്നതിനു് അവർ ഉദ്യുക്തയായതായി നാം അറിയു ന്നില്ല. ആ ഉദ്യോഗം അവരുടേതല്ലായിരുന്നു. "ഭഗ വാൻ തീച്ഛയായും ഉയത്തെഴുന്നേററിരിക്കുന്നു," എന്നു് അവർ പ്രസംഗിച്ചുനടന്നില്ലെങ്കിലും അവരുടെ സാംക്രമിക മായ വിശ്വാസദാർഢ്യത്താലും ഭാവപ്രചുരമായ നിസ്തുബ്ധത

യാലും ഏവക്കും സുവിശ്വസനീയമായി ആ പരമസത്യ ത്തെ അവർ പ്രകാശിപ്പിച്ചു.

പുനരുത്ഥാനത്തിനും സ്വർഗ്ഗാരോഹണത്തിനും ഇട യ്ക്കുള്ള നാല്പതു ദിവസത്തിനുള്ളിൽ മേരിക്ക് പ്രത്യേകമായി യേശുവിൻെറ ദശ്നം അനേകം പ്രാവശ്യം സിദ്ധിച്ചിട്ടുള്ള തുകൂടാതെ, അദ്ദേഹം ശിഷ്യന്മാക്കു പ്രത്യക്ഷമായ മിക്ക വാറും എല്ലാ സന്ദർഭങ്ങളിലും ആ അനുഗൃഹീതമാതാവും സന്നിഹിതയായിരുന്നു. അദ്ദേഹത്തിൻെറ സ്വർഗ്ഗാരോഹ ണരംഗത്തിലും മേരി ഉണ്ടായിരുന്നു എന്നു വിശ്വസിക്ക പ്പെടുന്നു. മകൻെറ വിയോഗത്തിൽ അവർ ഒട്ടും വ്യസനി ച്ചില്ല. വിജയശ്രീയോടും പ്രതാപമഹിമകളോടും കൂടിയ അദ്ദേഹത്തിൻെറ സ്വർഗ്ഗയാത്രയിൽ അവരും അദ്ദേഹത്തോ ടൊപ്പം സന്തോഷിക്കയാണു ചെയ്തതു്. "നിങ്ങൾ എന്നെ സ്നേഹിച്ചുവെങ്കിൽ ഞാൻ പിതാവിൻെറ അടുക്കൽ പോകു ന്നതിൽ നിങ്ങൾ തീച്ചയായും സന്തോഷമുള്ളവരായിരി ക്കും" എന്നു് യേശു പറഞ്ഞു. (ജോൺ 14-2) മേരി മററാരെയുംകാൾ നിവ്യാജമായും ഗാഢമായും മകനെ സ്നേഹിച്ചതുപോലെ അദ്ദേഹത്തിൻെറ സ്വർഗ്ഗരാജ്യപദപ്രാ പ്തിയിൽ അവക്കുണ്ടായ പ്രമോദവും അന്യാദൃശമായിരുന്നു എന്നതു സ്വാഭാവികമത്രെ. ഒലിവസ്മലയിൽ വച്ചു് യേശു ശിഷ്യന്മാരിൽ ഓരോരുത്തരോടും യാത്ര പറഞ്ഞ പ്പോൾ മാതാവിനോടു്, പലപ്പോഴും അദ്ദേഹം അവരോടു പറഞ്ഞിട്ടുള്ളതുപോലെ, അത്ഥഗർഭവും ആലോചനാമൃത വുമായ വചനങ്ങൾ പറഞ്ഞുവെന്നുള്ളതു് അസംഗതമല്ല. മുട്ടിന്മേൽ പ്രണാമം ചെയ്തിരുന്ന ശിഷ്യന്മാരെയും മാതാവി നെയും കരങ്ങൾ ഉയത്തി ആശിവ്ദിച്ചിട്ടു് യേശു ജീമൂത വാഹനനായി, മഹിതപ്രതാപവാനായി സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ മേരിയുടെയും സാക്ഷാത്തായ മഹത്വം പ്രകാ ശിച്ചു. സ്വപുത്രൻെറ മർത്ത്യജീവിതകാലത്തു് അദ്ദേഹ

ത്തിൻെറ മാഹാത്മ്യം അപ്രത്യക്ഷമായിരുന്നതിനാൽ മനു ഷ്യദൃഷ്ടിയിൽ മേരി കേവലം ഒരു മനുഷ്യൻെറ മാതാവു മാത്രമായിരുന്നു. ഇപ്പോൾ സാക്ഷാൽ ഈശ്വരാവതാര മായ യേശുവിൻെറ വിശ്വരൂപം ദൃശ്യം ആയിരുന്നതിനാൽ മേരിയുടെ ഈശ്വരമാതൃത്വവും അനിഷേദ്ധ്യമായി പ്രത്യ ക്ഷപ്പെട്ടു. യേശുവിനെ സ്വീകരിക്കുന്നതിനു സ്വർഗ്ഗകവാ ടങ്ങൾ ഉദ്ഘാടനം ചെയ്യപ്പെട്ടപ്പോൾ ദേവമാതാവായ മേരിയുടെ ദിവ്യമഹത്വവും പ്രദ്യോതിതമായി.

ഒലിവസ്മലയിൽനിന്നു മേരി അപ്പോസ്തലന്മാരോടും ശിഷ്യന്മാരോടുംകൂടി യരൂശലേമിൽ വന്നു. ക്രിസ്തുവിൻെറ ആ അനുയായിസംഘത്തിൽ അപ്പോൾ ഏകദേശം നൂററി ഇരുപതു അംഗങ്ങൾ ഉണ്ടായിരുന്നു. അതിൽ ഏതാനും പുണ്യാത്മാക്കളായ സ്ത്രീകളും ഉണ്ടായിരുന്നു. യൂദാസിൻെറ സ്ഥാനത്തു സെയിൻറു മത്തിയാസ് നിയമിക്കപ്പെടുകയാൽ അപ്പോസ്തലന്മാരുടെഎണ്ണം പന്ത്രണ്ടു തികഞ്ഞിരുന്നു. മേരി എല്ലാവക്കും ദൃഷ്ടാന്തയോഗ്യയായി, എല്ലാവരാലും സംപൂജ്യ യായി ആ സംഘത്തിൻെറ നടുനായകമായി പരിലസിച്ചു. യേശുവിൻെറ അന്തിമഭോജനം നടന്ന പരിപാവനശാല യിൽ മേരിയുടെ സുസമീക്ഷയിൽ ഈ ശിഷ്യപരിഷത്തു് പ്രതിജ്ഞാതനായ പരിശുദ്ധാത്മാവിൻെറ വരവിനെ പ്രതീക്ഷിച്ചുകൊണ്ടു് അഹോരാത്രം പ്രാൎത്ഥനയിലും തപ സ്സിലും വ്യാപൃതമായി കഴിഞ്ഞുകൂടി.

യേശുവിൻെറ സ്വൎഗ്ഗാരോഹണത്തിനുശേഷം ഇങ്ങ നെ പത്തുദിവസം കഴിഞ്ഞു. പത്താംദിവസം കാലത്തു സുമാർ ഒൻപതുമണിക്കു് ഊക്കോടടിക്കുന്ന ഒരു വൻകാററി ൻെറ ഇരച്ചിൽ ശിഷ്യസംഘം ഇരുന്ന ഭവനത്തിൽ പെട്ടെ ന്നു മുഴങ്ങി. അതു് ആശ്വാസപ്രദനായ പരിശുദ്ധാത്മാ വിൻെറ ആഗമനമായിരുന്നു. ആ അന്തിമഭോജനശാല

യിൽ അഗ്നിജ്വാലപോലെ പിളൎന്ന നാവുകൾ പ്രത്യക്ഷപ്പെട്ടുകയും അവിടെയുണ്ടായിരുന്ന ഓരോരുത്തരുടെയും തലയ്ക്കുമീതെ അവ തങ്ങുകയും ചെയ്തു. അപ്പോൾ അവർ പ്രബുദ്ധരാവുകയും പരമാനന്ദപ്രദമായ ആത്മനിർവൃതി അനുഭവിക്കുകയും ചെയ്തു. ലോകത്തുള്ള ഏതു ഭാഷക്കാരനും ഗ്രഹിക്കത്തക്കവണ്ണം പ്രാൎത്ഥിക്കയും പ്രസംഗിക്കയും ചെയ്യുന്നതിനുള്ള അത്ഭുതവരം അവൎക്കു സിദ്ധിച്ചു. ജനങ്ങൾ ഈ ആശ്ചര്യകരമായ സംഭവത്തെപ്പററി അറിഞ്ഞപ്പോൾ അവിടെ ക്കൂട്ടംക്കൂട്ടമായി വന്നു. അപ്പോസ്തലസംഘത്തിൻെറ പ്രാതിനിദ്ധ്യം വഹിച്ചുകൊണ്ടു സെയിൻറു പീററർ ജനതതിയോടു്, ഇദംപ്രഥമമായി, വിസ്മയനീയമായവാഗ്വിലാസത്തോടുക്കൂടി പ്രസംഗിക്കുകയും ക്രിസ്തുമതത്തിൻെറ ദിവ്യത്വത്തെ പ്രകാശിപ്പിക്കുകയും ചെയ്തു. അന്നു് മൂവായിരം മനുഷ്യർ ക്രിസ്തുമതം അവലംബിച്ചു.

പരിശുദ്ധാത്മാവിനാൽ ഈ സന്ദർഭത്തിൽ പൂൎവാധികം പരിഗ്രസ്തയായ മേരി അനന്തശക്തിയായ ദൈവം ചെയ്ത മഹാകാൎയ്യങ്ങൾക്കായി കൃതജ്ഞതാപൂൎണ്ണമായ ഹൃദയത്തോടുക്കൂടി നിരന്തരം ഈശ്വരസ്തോത്രം ചെയ്തു. അവരുടെ സുന്ദരമായ ആത്മാവിൽ ദിവ്യാഗ്രനുഹങ്ങൾ നിറഞ്ഞു കരകവിഞ്ഞൊഴുകി. അപ്പോസ്തലന്മാരുടെയും പുരോഹിതന്മാരുടെയും ഉദ്യോഗത്തെക്കാൾ ഉത്കൃഷ്ടതരമായ ഉദ്യോഗം വഹിച്ച ആ ഈശ്വരപ്രസൂവിൻെറ അന്തരംഗം അനന്യലഭ്യങ്ങളായ വരങ്ങളാൽ ഉത്തരോത്തരം സുഷമാന്വിതമായി അലങ്കരിക്കപ്പെട്ടതു സമുചിതംതന്നെ.

യേശുവിൻെറ മരണശേഷം മേരി യരൂശലേമിൽ സെയിൻറു ജോണിൻെറ വസതിയിലായിരുന്നു താമസിച്ചതെന്നു് ഇതിനുമുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ആ വീട്ടിൻെറ സ്ഥാനത്തെപ്പററി അഭിപ്രായവ്യത്യാസമുണ്ടു്. ജഹോഷ

ഫാത്ത് എന്ന താഴ്വരയിൽ മേരിയുടെ ശവകുടീരമായി നിർദ്ദേശിക്കപ്പെടുന്ന സ്ഥലത്തിനടുത്തായിരുന്നു മേരി പാർത്തിരുന്നതെന്ന്, ചില പുരാതന തെളിവുകളെ ആസ്പദമാക്കി, ഒരു കൂട്ടർ വാദിക്കുന്നു. പട്ടണത്തിൻെറ തെക്കുപടിഞ്ഞാറു്, സിയോൺകുന്നിൽ, യേശുവിൻെറ അന്തിമഭോജനശാലയ്ക്കു വളരെ അടുക്കലായി പ്രസ്തുത ഭവനം സ്ഥിതി ചെയ്തുവെന്നു വേറൊരുകൂട്ടർ യുക്തിയുക്തം സ്ഥാപിക്കാൻ ശ്രമിക്കുന്നു. ഈ സ്ഥലം 1898-ൽ ചക്രവർത്തിയായ വില്യം ദ്വിതീയൻ വാങ്ങി ജർമ്മൻകത്തോലിക്കർക്കായി കൊടുത്തു. അവിടെ ഇപ്പോൾ 'അവസാനനിദ്ര'യുടെ ദേവാലയം സ്ഥിതിചെയ്യുന്നു.

മേരി മരണപര്യന്തം മിക്കവാറും യറുശലേമിൽതന്നെ താമസിച്ചു. ചിലപ്പോൾ ജോണിനോടുകൂടി അവർ സ്വദേശമായ ഗലീലയ് വീണ്ടും സന്ദർശിച്ചിരിക്കാം. സമേരിയായിലേയ്ക്കും പാലസ്റ്റൈനിൻെറ അതിർത്തിപ്രദേശങ്ങളിലേയ്ക്കുമുള്ള പര്യടനങ്ങളിൽ അദ്ദേഹത്തെ അവർ അനുഗമിച്ചിരിക്കാം. അദ്ദേഹം യാത്രചെയ്ത അവസരങ്ങളിൽ, പക്ഷെ, അവരുടെ രക്ഷാഭാരം മററു ശിഷ്യന്മാർക്കു നൽകിയിരിക്കാം. എന്നാൽ ജോണും മേരിയും പതിവായി യറുശലേമിൽതന്നെ താമസിച്ചിരുന്നു; കന്യാമാതാവു ജീവിച്ചിരുന്ന കാലത്തോളം ആ ശിഷ്യോത്തമൻ ധർമ്മപ്രചാരണാർത്ഥം വിദൂരയാത്ര ചെയ്തിരുന്നില്ല.

മേരിയുടെ അവസാനകാലത്തേയും നിര്യാണത്തേയും സംബന്ധിച്ച പ്രസ്തുതമായ അഭിപ്രായത്തോടു യോജിക്കാത്ത ചില ഐതിഹ്യങ്ങൾ ഉണ്ടു്. അവർ ജോണിനോടുകൂടി എഫിസസ്സിൽപോയി അവിടെ താമസിച്ചുവെന്നും അവിടെവച്ചു മരിച്ചുവെന്നും ദൃഢതരൂഢമായ ഒരു ഐതിഹ്യം ഘോഷിക്കുന്നു. അവർ എഫീസസ്സിൽ പോയി കുറേ

ക്കാലം താമസിച്ചുവെങ്കിലും മരിച്ചതു് അവിടെവച്ചല്ലാ എന്നും, യറുശലേമിൽ മടങ്ങിവന്നു വിശുദ്ധനഗരിയിൽവച്ചുതന്നെആയിരുന്നു അവർ നിയ്യാതയായതെന്നും വേറൊരുകൂട്ടർ വിശ്വസിക്കുന്നു. ഈ ഐതിഹ്യങ്ങൾക്കു്, ദേവമാതാവു അന്തിമകാലം മുഴുവനും യറുശലേമിൽതന്നെ താമസിച്ചു അവിടെവച്ചു മരിച്ചുവെന്നുള്ള പാരമ്പയ്യവിശ്വാസത്തെപ്പോലെ പ്രാമാണ്യവും പ്രാബല്യവും സിദ്ധിച്ചിട്ടില്ല. എഫീസസ്സ് സൂനഹദോസിൽ സംബന്ധിച്ച സഭാപിതാക്കന്മാരുടെ—അവയ്ക്കു താങ്ങായി ഉദ്ധരിക്കപ്പെടുന്ന—ലേഖനത്തിൽ മേരി എഫീസസ്സിൽ എപ്പോഴെങ്കിലും വന്നതായി പ്രസ്താവിക്കുന്നില്ല. അവർ അവിടെവച്ചു മരിച്ചു എന്ന ഇതിഹാസത്തിനു് ഇടക്കാലത്തു് ആനി കാഥറൈൻ എമ്മറിക്കു് എന്ന ഭക്തയ്ക്കു്ഉണ്ടായതായി പറയപ്പെടുന്ന ചില വെളിപാടുകൾമൂലം കൂടുതൽ വിശ്വാസ്യത സിദ്ധിച്ചു. ആ ഭക്തയ്ക്കു മേരി എഫീസസ്സിനടുത്തുള്ള ഒരു വീട്ടിൽവച്ചു മരിച്ചുവെന്നു ദിവ്യദശനമുണ്ടായി എന്നും ആ സ്ഥലത്തുള്ള ഒരു ഐതിഹ്യം അതിനെ അനുകൂലിക്കുന്നു എന്നും പറയപ്പെടുന്നു എങ്കിലും ആ വെളിപാടിൻെറ യാഥാത്ഥ്യത്തിനും ദിവ്യത്വത്തിനും ഇനിയും മതിയായ തെളിവും അംഗീകരണവും സിദ്ധിച്ചിട്ടില്ല. പ്രത്യുത, കന്യാമാതാവു് ഒടുവിൽ ജീവിച്ചതും മരിച്ചതും യറുശലേമിലാണെന്നുള്ള പാരമ്പയ്യവിശ്വാസത്തെ വേദപുസ്തകവും അപ്പോസ്തലന്മാരുടെ ചരിത്രവും അനുകൂലിക്കുന്നുണ്ടു്. സെയിൻറു ജോൺ സെയിൻറു പോളിനു മുമ്പായി എഫീസസ്സിൽ പോയില്ലെന്നും, സെയിൻറുപോൾ എഫീസസ്സിൽപോയി ധമ്മസംസ്ഥാപനം ചെയ്തതു് ക്രിസ്ത്വബ്ദം 55-ാമാണ്ടോടുകൂടി മിക്കവാറും മേരിയുടെ മരണത്തിനുശേഷം ആണെന്നും സെയിൻറുജോൺ എഫീസസ്സിലേയ്ക്കു പോയതു സ്വസ്വാമിനിയുടെ സ്വർഗ്ഗാരോഹണംകഴിഞ്ഞു്, എ. ഡി. 60-ാമാണ്ടിനുശേഷം മാത്രമാണെന്നും, 'അപ്പോസ്തലനടവടികളും' ക്രിസ്തുമതത്തിൻെറ പ്രാരംഭചരി

ത്രവും സൂക്ഷിച്ചുപഠിക്കുന്നവക്ക് സുവ്യക്തമായി കാണാവുന്നതാണ്.

യേശുവിൻെറ മരണാനന്തരമുള്ള ദിവ്യമാതാവിൻെറ ജീവിതത്തെപ്പററി വേദപുസ്തകത്തിൽ ചില സൂചനകൾ മാത്രമേയുള്ളു. ആ സൂചനകളാകുന്ന അസ്ഥിപഞ്ജരത്തോടു പാരമ്പര്യവിശ്വാസമാകുന്ന രക്തമാംസങ്ങളെ സംയോജിപ്പിച്ചാൽ, ഒരുവിധത്തിൽ നമുക്ക് ആ അനുഗൃഹീതവനിതാരത്നത്തിൻെറ ശാലീനതയ്ക്ക് അനുരൂപമായ ഒരു ചരമകാലചരിത്രഗാത്രം രൂപവൽക്കരിക്കാവുന്നതാണ്. അവർ ആരബ്ധമായ ക്രൈസ്തവതിരുസഭയുടെ നടുനായകമായിരുന്നു. ക്രിസ്തുവിൻെറ ശരിരത്തെ ശുശ്രൂഷിച്ചു പോഷിപ്പിക്കയെന്നുള്ളതു് അവരുടെ ജീവിതകൃത്യമായിരുന്നു. ക്രിസ്തുവിൻെറ ശരിരം എന്ന ആ പദം അദ്ദേഹത്തിൻെറ മാംസരക്തനിമ്മിതമായ സ്ഥൂലശരിരത്തെ മാത്രമല്ല, അദ്ദേഹം സ്ഥാപിച്ച തിരുസഭയേയും വിവക്ഷിക്കുന്നു. അതുകൊണ്ടു ക്രിസ്തുവിൻെറ അമ്മയായ മേരി, തിരുസഭയാകുന്ന അദ്ദേഹത്തിൻെറ സൂക്ഷ്മശരിരത്തിൻെറയും മാതാവാണെന്നു സിദ്ധിക്കുന്നു. ബെത്ലേമിലും നസറെത്തിലുംവച്ചു് അവർ അദ്ദേഹത്തിൻെറ നവജാതമായ സ്ഥൂലശരിരത്തെ പോഷിപ്പിച്ചതുപോലെ, ഇപ്പോൾ യറുശലേമിൽവച്ചു നവജാതമായ സൂക്ഷ്മശരിരത്തെ — തിരുസഭയെ — പോഷിപ്പിച്ചു് അതിനെ വികസിപ്പിച്ചു എന്നുള്ളതു സ്വാഭാവികമത്രേ.

മേരി ശിശുപ്രായമായ തിരുസംഘത്തെ സഹായിച്ചതും പോഷിപ്പിച്ചതും പ്രധാനമായി ദൃഷ്ടാന്തയോഗ്യമായ തൻെറ വിശിഷ്ടജീവിതംകൊണ്ടായിരുന്നു. ഒരു മാതാവു് സ്വശിശുക്കൾക്കു മാതൃകയായിരിക്കുന്നതുപോലെ മേരി, അപ്പോസ്തലന്മാക്കും ക്രിസ്തുവിൻെറ മററു ശിഷ്യന്മാക്കും അനുകരണയോഗ്യയായ ഒരു ആത്മീയമാതാവുതന്നെയായിരുന്നു. ഈശ്വരധ്യാനത്തിലും പ്രാത്ഥനയിലും മേരി ചുററു

മുള്ളവക്ക് കണ്ടുപഠിക്കത്തക്ക ഒരു ആദശ്ം നൽകി. ക്രിസ്തുവിൻെറ അന്തിമഭോജനത്തിൻെറ സ്മാരകമായി ശിഷ്യന്മാർ ആദ്യംമുതൽ ദിവസംതോറും നടത്തിവന്ന കുർബാന എന്ന ദിവ്യപൂജയിൽ മേരിയും മുടങ്ങാതെ പംകുകൊണ്ടിരുന്നു. ആ പൂജയിൽ പുരോഹിതസ്ഥാനീയനായ അപ്പോസ്തലൻ യേശുവിൻെറ തിരുവായ്മൊഴികളെ ആവത്തിച്ചുച്ചരിച്ച് അപ്പത്തെ അദ്ദേഹത്തിൻെറ ശരീരമായും വീഞ്ഞിനെ രക്തമായും പരിണമിപ്പിക്കയും, തദ്വാരാ കൽവാരിമലയിലെ മഹാബലിയെ പുനഃസാക്ഷാൽകരിക്കയും ചെയ്യുമ്പോഴൊക്കെ മേരി ആ കുർബാനയെ ഉൾക്കൊണ്ടതു് എത്ര ഭക്തിപരവശമായ ഹൃദയത്തോടുകൂടിയായിരുന്നു! അവക്ക് സ്വപുത്രനുമായുള്ള ആ അനുദിനസമാഗമം എത്ര പരമാനന്ദപ്രദമായിരുന്നു. പരിശുദ്ധമായ കുർബാനയിൽ സന്നിഹിതനായ ക്രിസ്തുവിനെ എത്ര ഭക്ത്യാദരസ്നേഹങ്ങളോടും വിശുദ്ധിയോടും സ്വീകരിക്കണമെന്നു് അവർ ക്രിസ്തുമതാനുയായികളെ സ്വദൃഷ്ടാന്തംകൊണ്ടു പഠിപ്പിച്ചു.

മേരിയുടെ ചുററും മുൻപു് അവരുടെ കൂടെ ഉണ്ടായിരുന്നതായി പറയപ്പെട്ടിട്ടുള്ള മഗ്ദലെനാമറിയം, ശലോമി മുതലായ സ്ത്രീകളെ കൂടാതെ ദിവസംപ്രതി പുതുതായി വന്നു ചേർന്നുകൊണ്ടിരുന്ന വേറെയും ക്രിസ്തുമതാനുയായിനികൾ അനേകം ഉണ്ടായിരുന്നു. മേരിയുടെ മധുരമായ സംഭാഷണം അവരിൽ പ്രബുദ്ധതയും ഹൃദയപരിവത്തനവും ഉളവാക്കുന്നതിനു പര്യാപ്തമായിരുന്നു. നിസ്സ്വാത്ഥമായ സ്നേഹം, ത്യാഗശീലം, വൈരാഗ്യം മുതലായ ക്രൈസ്തവഗുണങ്ങളെ അവർ ആ ലോകമാതാവിൻെറ വദനനിസ്സൃതമായ വചനാമൃതത്തിൽ നിന്നും ജീവിതദൃഷ്ടാന്തത്തിൽ നിന്നും ഗ്രഹിച്ചു.

ഈ ആദിമക്രൈസ്തവരുടെ ഇടയിൽ സ്വകായ്യജീവിതം എന്നപോലെ സാമൂഹ്യജീവിതവും ക്രൈസ്തവാദർശങ്ങ

ളിൽ അധിഷ്ഠിതമായിരുന്നു. സമുദായം പല സംഘങ്ങളായും ഉപസംഘങ്ങളായും സംഘടിപ്പിക്കപ്പെട്ടു. അവയിലെല്ലാം മേരിയുടെ സംസ്കാരപ്രദമായ പ്രേരണാശക്തി ഊജ്ജിതമായി പ്രവത്തിച്ചിരുന്നു. കന്യാത്വം അനുകരണീയമായ ഒരു ക്രൈസ്തവാദശമായി അംഗീകരിക്കപ്പെട്ടു. ലാസറസ്സിൻെറ സഹോദരിയായ മാത്തായെപ്പോലെ അനേകം വനിതകൾ നിത്യകന്യകയായ മേരിയെ വിജയകരമായി അനുകരിച്ച് അഭിനവക്രൈസ്തവസഭയെ അലങ്കരിച്ചു. അഗതികളായ വിധവകൾക്ക്, ഒരു മാതൃകാവിധവയായ ദേവമാതാവിൻെറ സുസമീക്ഷയിൽ അനുക്ഷണം അഭിവൃദ്ധിയെ പ്രാപിച്ചുവരുന്ന തിരുസഭയിൽ ആദ്യമേതന്നെ അഭയം സിദ്ധിച്ചിരുന്നു. ധനസമ്പന്നകളായ വിധവകളും അക്ഷയമായ ആത്മീയസമ്പത്തിനെ കാംക്ഷിച്ചു തങ്ങളുടെ ലൗകികങ്ങളായ സവ്വൈശ്വയ്യങ്ങളേയും സംത്യജിച്ചിട്ട് മേരിയുടെ തൃപ്പാദങ്ങളെ ശരണീകരിച്ചു. മേരി അവരിലെല്ലാം സാക്ഷാൽ ദൈവമായ ക്രിസ്തുവിനോടു സ്നേഹവിശ്വാസങ്ങൾ ജനിപ്പിക്കുകയും അവരെ ഉത്കൃഷ്ടങ്ങളായ ക്രിസ്തീയാദർശങ്ങൾ പഠിപ്പിക്കുകയും ചെയ്തു.

അപ്പോസ്തലന്മാക്കും വിഷമങ്ങളായ പ്രമേയങ്ങളെ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ, പരിശുദ്ധാത്മാവിൻെറ പ്രതിശ്രുതമായ സാഹായ്യത്തിനു പുറമേ, ആത്മജ്ഞാനനിലയനവും സൽബുദ്ധിയുടെ ഖനിയുമായ മേരിയുടെ വിലയേറിയ ഉപദേശങ്ങൾ സുലഭമായിരുന്നു. സവ്വോപരി ദേവമാതാവിൻെറ ഏററവും ഫലപ്രദമായ പ്രാത്ഥനകൾ ആ ക്രൈസ്തവധമ്മദൂതന്മാക്ക് എപ്പോഴും സ്വായത്തമായിരുന്നു എന്നുള്ളതു തീർച്ചയാണ്. ഭരണഭാരം വഹിക്കയെന്നുള്ളത് മേരിയുടെ ജീവിതോദ്ദ്യോഗത്തിനു അനുരൂപം ആയിരുന്നില്ലെങ്കിലും, ഭരണാധികൃതരായ അപ്പോസ്തലപ്രഭൃതികൾക്ക് ഉപദേശവും ആശ്വാസവും നൽകുക എന്നതു് മേരിക്കു ഏ

ററവും ഹൃദ്യമായ ഒരു കൃത്യമായിരുന്നു. അപ്പോസ്തലന്മാരാകട്ടെ ദേവമാതാവിൽനിന്നു് ഈവിധം ഉപദേശവും ആശ്വാസവും ലഭിക്കുന്നതു് ഒരു മഹാഭാഗ്യവും അനുഗ്രഹവും ആയി പരിഗണിച്ചിരുന്നു.

നാലു സുവിശേഷകാരന്മാരെയും മേരിക്കു് നേരിട്ടു അറിയാമായിരുന്നിരിക്കണം. പന്ത്രണ്ടു അപ്പോസ്തലന്മാരിൽ ഒരാളായ സെയിൻറു മാത്യു അവക്കു സുപരിചിതനായിരുന്നുവെന്നുള്ളതു തീർച്ചയാണു്. സെയിൻറു മാക്കു് അവക്കു് അപരിചിതൻ ആയിരുന്നിരിക്കാൻ ഇടയില്ല. മേരി എന്ന സുന്ദര നാമധേയം വഹിച്ചിരുന്ന അദ്ദേഹത്തിൻെറ മാതാവു് ജീവിതവിശുദ്ധിയിലും ഔദായ്യത്തിലും വിഖ്യാതയായ യരൂശലേമിലെ ഒരു സ്ത്രീരത്നമായിരുന്നു; അവരുടെ വക ഒരു കെട്ടിടത്തിൽ ആദിമക്രൈസ്തവർ ദൈവാരാധനയ്ക്കും മററും മുറയ്ക്കു സമ്മേളിച്ചിരുന്നു. കന്യാമാതാവിനു സെയിൻറു ലൂക്കിനെയും അറിയാൻ സംഗതിയായിട്ടുണ്ടെന്നു സംശയരഹിതമായി വിശ്വസിക്കപ്പെടുന്നു. സുവിശേഷഗ്രന്ഥരചനയിൽ യേശുവിനെപ്പററി ചില വിവരങ്ങൾ ലൂക്കിനു മേരിയിൽനിന്നുതന്നെ ലഭിച്ചുവെന്നു് അദ്ദേഹത്തിൻെറ സുവിശേഷത്തിൽനിന്നു് സ്പഷ്ടമാകുന്നുണ്ടു്. അന്ത്യോക്യാസ്വദേശിയായ ആ സുവിശേഷകാരൻ നേരിട്ടു യേശുവിൻെറ അന്തേവാസി ആയിരുന്നില്ല. ദിവ്യരക്ഷകൻെറ സ്വർഗ്ഗാരോഹണത്തിനു ശേഷമാണു് അദ്ദേഹം ക്രിസ്തുമതം അവലംബിച്ചതു്. മേരിയുടെ മരണത്തിനു മുൻപായി അദ്ദേഹം യരൂശലേമിൽ വന്നു. ക്രിസ്തുചരിതനിമ്മാണത്തിൽ ഉൽസുകനായ "ആ യുവപണ്ഡിതൻ ദേവമാതാവിനെക്കണ്ടു് അവരിൽനിന്നു തൻെറ ചരിത്രനായകനെപ്പററി കൂടുതൽ അറിവു സമ്പാദിക്കുന്നതിൽ വളരെ താല്പയ്യം പ്രദശിപ്പിച്ചിരിക്കണം. 'മംഗലവാത്ത'യെയും താൻ എലിസബത്തിനെ സന്ദർശിച്ചതിനെയും, യേശുവിൻെറ ശൈ

ശവത്തെയും സംബന്ധിച്ച ഓമ്മയിൽ ഉണ്ടായിരുന്ന സംഗതികറം മേരി ലൂക്കിനു പറഞ്ഞുകൊടുത്തു. ഈ സുവിശേഷകാരൻ ഒരു ചിത്രകാരൻകൂടി ആയിരുന്നുവെന്നും അദ്ദേഹം കന്യകാമാതാവിൻെറ ഒരു ചിത്രം വരച്ചിട്ടുണ്ടെന്നും വിശ്വസിക്കപ്പെടുന്നു. ജോൺ മേരിയുടെ പുത്രനായിബ്ഭവിക്കുന്ന ഒരു ക്രൈസ്തവൻെറ ഉത്തമമാതൃകയായിരുന്നു. 'കന്യകാമറിയത്തിൻെറ സുവിശേഷകാരൻ' എന്ന അഭിധാനത്തിനു അദ്ദേഹം അർഹനാണ്. കൽവാരിമലയിൽ വെച്ച യേശു സ്വമാതാവിൻെറ ലോകമാതൃത്വം പ്രഖ്യാപനം ചെയ്തതും കാനായിലെ അത്ഭുതകമ്മവും അദ്ദേഹത്തിൻെറ സുവിശേഷഗ്രന്ഥത്തിൽ മാത്രമാണ് രേഖപ്പെടുത്തപ്പെട്ടിരിക്കുന്നതു്. മേരിയോടുള്ള സഹവാസംകൊണ്ടു് അദ്ദേഹത്തിനു ക്രിസ്തുവിനെക്കുറിച്ചുള്ള ദിവ്യരഹസ്യങ്ങളെ മററുള്ളവരേക്കാറം എളുപ്പത്തിൽ ഗ്രഹിക്കാൻ കഴിഞ്ഞു. "സ്വർഗ്ഗീയ രഹസ്യങ്ങളുടെ നിക്ഷേപം അദ്ദേഹത്തിനു അടുക്കൽ ഉണ്ടായിരുന്നതു"കൊണ്ടു് അദ്ദേഹം മററുള്ളവരേക്കാറം മഹത്തരങ്ങളായ കാര്യങ്ങറം പറഞ്ഞിട്ടുണ്ടെങ്കിൽ അതിൽ അത്ഭുതപ്പെടുവാനില്ല. (St. Ambrose)

യേശുവിൻെറ സ്വർഗ്ഗാരോഹണത്തിനു ശേഷം അഞ്ചു വർഷക്കാലം അപ്പോസ്തലന്മാർ തങ്ങളുടെ ഏകാഗ്രമായ ധമ്മസംസ്ഥാപനശ്രമങ്ങറം യറൂശലേമിൽ മാത്രമായിരുന്നു നടത്തിയതു്. "യറൂശലേമിലും യൂദേയായിൽ എല്ലായിടത്തും സമേരിയായിലും, ഭൂമിയുടെ ഏററവും വിദൂരമായ ഭാഗത്തുപോലും നിങ്ങറം എനിക്കു സാക്ഷികളായിബ്ഭവിക്കും." ഏ. ഡി. 38-ൽ യറൂശലേമിൽ ധമ്മപീഡനം ആരംഭിച്ചപ്പോറം ശിഷ്യന്മാർ സമേരിയാ മുതലായ പരിസരപ്രദേശങ്ങളിൽ പോയി മതം പ്രചരിപ്പിച്ചു. 45-ാം ആണ്ടിൽ ഹെറോദേസ് അഗ്രിപ്പായുടെ മതമദ്ദനം തുടങ്ങുന്നതുവരെ പാലസ്റ്റൈനും സമീപപ്രദേശങ്ങളും വിട്ടു് അപ്പോസ്തല

ന്മാർ പൊതുവേ വിദൂരങ്ങളായ ഭൂഭാഗങ്ങളിലേക്ക പോയിരു ന്നില്ല. ഇതിനിടയ്ക്ക സ്പെയിൻരാജ്യത്തുമാത്രം ജോണിൻെറ സഹോദരനായ ജേംസ് എന്ന അപ്പോസ്തലൻ സുവി ശേഷം പ്രസംഗിക്കാൻ പോയിരുന്നു എന്നു ഒരു വ്യത്യസ്തം ഉള്ളാതയി വിശ്വസിക്കപ്പെടുന്നു. അദ്ദേഹം സരഗോസാ യിൽ സുവിശേഷം പ്രസംഗിച്ച കാലത്തു് അദ്ദേഹത്തിനു ഏററവും ഉത്സാഹപ്രദമായിരിക്കത്തക്കവണ്ണം മേരിയുടെ അത്ഭുതകരമായ ഒരു ദർശനം ഉണ്ടായി എന്നു അവിടത്തെ ജനങ്ങൾ വിശ്വസിക്കുന്നു.

ശിശുവായ ക്രൈസ്തവധർമ്മസംഘത്തിൻെറ അരിഷ്ട തകളും അവയെ ഗണ്യമാക്കാതുള്ള അതിൻെറ അത്ഭുതകര മായ വളർച്ചയും മേരി കണ്ടു. യേശുവിൻെറ സ്ഥൂലശരീര ത്തെ ശത്രുക്കൾ നിഷ്ഠുരമായി പീഡിപ്പിക്കുന്നതു കണ്ടു് വ്യസനവിവശമായ ആ മാതാവിൻെറ ഹൃദയം അദ്ദേഹ ത്തിൻെറ സൂക്ഷ്മശരീരമായ തിരുസഭയേയും അവർ ഉപദ്ര വിക്കുന്നതിൽ അനുകമ്പാർദ്രമായി എന്നു പറയേണ്ടതില്ല. എങ്കിലും സ്വകുമാരൻെറ ദിവ്യസന്ദേശം സ്വദേശത്തു് എന്നപോലെ വിജാതീയരുടെ ഇടയിലും വിദേശങ്ങളിലും വിജയകരമായി പ്രചരിപ്പിക്കപ്പെടുന്നതും അതിനു സെയി ൻറു പോളിനെപ്പോലുള്ള പ്രബലന്മാരായ വിരോധികൾ പോലും വിസ്മയകരമാംവണ്ണം വിധേയരാകുന്നതും കണ്ടു ചാരിതാൎത്ഥ്യം അടയുന്നതിനും അവൎക്കു സംഗതിയായി.

## അദ്ധ്യായം ൫൪.

### മരണം: സ്വർഗ്ഗാരോപണം.

മേരിയുടെ ചരമഗതി സമാസന്നമായി. അവരുടെ ആത്മാവിൻെറ ദിവ്യാനുഗ്രഹസമ്പത്തും സംസ്കാരവും അപരിമിതമായിരുന്നു. ആ ദേവജനനിയുടെ അമലോത്ഭവം മുതൽ അവരുടെ ആത്മാവിൽ ഉൽപാദിച്ച ദിവ്യാനുഗ്രഹസ്രോതസ്സ്, 'മംഗളവാത്ത' തുടങ്ങിയ ഓരോ ഘട്ടത്തിലും വിപുലീഭവിച്ച് അവരുടെ അന്തിമകാലത്തു ദിനംപ്രതിയുള്ള കുർബാനസ്വീകരണത്താലും മററും പരിപുഷ്ടമായി ഒടുവിൽ ഒരു മഹാനദത്തിൻെറ മുഖംപോലെയോ അത്തു പതിക്കുന്ന മഹാസമുദ്രംപോലെയോ അത്യഗാധവും അതിവിസ്തൃതവുമായിത്തീന്നിരുന്നു. എല്ലാ പുണ്യവാന്മാക്കും മാലാഖമാക്കും സിദ്ധിച്ചിട്ടുള്ള ദിവ്യാനുഗ്രഹങ്ങൾ സകലവും ഒരുമിച്ചുചേത്താലുള്ളതിൽക്കൂടുതൽ അനുഗ്രഹങ്ങൾ മേരിക്കു മാത്രം ദൈവം പ്രദാനം ചെയ്തിരുന്നുവെന്നു വേദപാരഗന്മാർ സമത്ഥിച്ചിരിക്കുന്നതിൽനിന്നു കന്യാമാതാവിൻെറ അനുഗ്രഹസമൃദ്ധിയുടെ അപാരതയും അപരിമേയതയും സ്പഷ്ടീഭവിക്കുന്നു. ഈ വേദവിദഗ്ദ്ധാഭിപ്രായം വളരെ ശരിയാണു്; ദേവമാതാവായ മേരിക്കു പുണ്യാത്മാക്കളേയും മാലാഖാമാരെയുംകാൾ ഉന്നതമായ ഒരു സ്ഥാനമാണു് ഈശ്വരൻ കല്പിച്ചിട്ടുള്ളതു്.

മേരിയുടെ അത്ഭുതകരമായ പുണ്യാഭിവൃദ്ധിക്കു നിദാനമായ ദിവ്യസ്നേഹം അവരെ മാംസബന്ധങ്ങളിൽനിന്നു മോചിപ്പിച്ചു. ജന്മപാപം അവരെ ഒരിക്കലും ബാധിച്ചിട്ടില്ലായിരുന്നതുകൊണ്ടു്, പാപവശഗരായ നമ്മെപ്പോലെ അവർ ഒരിക്കലും മരണത്തിനു വിധേയയാകാൻ ന്യായമു

ണ്ടായിരുന്നില്ല. എങ്കിലും, പാപലേശം തീണ്ടിയിട്ടില്ലാത്ത യേശുതന്നെയും പാപത്തിൻെറ സകലദോഷഫലങ്ങളെയും മരണത്തെയും സ്വയം വരിച്ചസ്ഥിതിക്കു മേരിയും അദ്ദേഹത്തിനു സമാനയായി സകല പാപഫലങ്ങളേയും അനുഭവിക്കണം; അദ്ദേഹത്തെപ്പോലെ അവരും മരിക്കണം. വാൎദ്ധക്യത്തിൻെറ ക്ഷീണം അവരെ ഒട്ടും ബാധിച്ചിട്ടില്ലെന്നും അവരുടെ കാന്ത്യവും പരിശുദ്ധവുമായ ശരീരം രോഗത്തിനു അധീനമായിരുന്നില്ലെന്നും വിശ്വസിക്കപ്പെടുന്നു. ആസന്നമരണയായ മേരിക്കു പാപപരിഹാരാൎത്ഥം അന്തിമാഭിഷേകം (Extreme Unction) എന്ന ക്രൂദാശ ആവശ്യമായിരുന്നില്ലെങ്കിലും, അനുഗ്രഹവൎദ്ധനയ്ക്കു് അതു് ഉപയുക്തമാണെന്നുള്ളതുകൊണ്ടും കന്യാമാതാവു ക്രൈസ്തവജീവിതത്തിനു് എല്ലാവിധത്തിലും ദൃഷ്ടാന്തയോഗ്യയാണെന്നുള്ളതുകൊണ്ടും, അവർ അതു സ്വീകരിച്ചു ചരമഗതിക്കു സന്നദ്ധയായി. അവൎക്കു ദൈവസന്നിധിയെ പ്രാപിക്കുന്നതിനുള്ള സമയമായപ്പോൾ അവരുടെ സുന്ദരാത്മാവു ദിവ്യസ്നേഹാഗ്നിയാൽ പരിതപ്തമായി ഒട്ടും വേദനകൂടാതെ ദേഹവിയോഗം ചെയ്തു. മരണയാതനയും കഷ്ടതകളും മററും അവർ യേശുവിനോടുകൂടി അനുഭവിച്ചുകഴിഞ്ഞിരുന്നു. അവരുടെ അവസാനം ഒരു സുഖനിദ്രയായിരുന്നു; ഭാഷാശൈലിയിൽ പറഞ്ഞാൽ അവർ യഥാൎത്ഥത്തിൽ സമാധിയടഞ്ഞു. അപ്പോസ്തലന്മാരും ഭക്തകളായ സ്ത്രീകളും, അപ്പോഴും അവരോടു സംസാരിച്ചുകൊണ്ടിരിക്കയും അവരെ ആശീൎവ്വദിക്കയും ചെയ്തു മാതാവു പെട്ടെന്നു നിശ്ശബ്ദയായി ധ്യാനനിൎല്ലീനയായി സ്വൎഗ്ഗത്തേക്കു ദത്തവീക്ഷണയാകുന്നതു ഭക്തിപൂൎവ്വം സൂക്ഷിച്ചു നോക്കിയിരിക്കുകയായിരുന്നു. സമാധിയടഞ്ഞ മേരിയുടെ മുഖം ദിവ്യസുഷമാവാഹിയായ ഒരു മന്ദസ്മിതത്താൽ പ്രകാശിതമായിരുന്നു; ഏകാന്തമായ ശാന്തിയും നിൎവ്വേദവും ആ മുഖത്തു് അപ്പോഴും സ്ഫുരിച്ചിരുന്നു.

മേരി ചരമഗതിയെ പ്രാപിച്ചതു് ഏ. ഡി. 45-ാമാണ്ടിൽ, 61-ാമത്തെ വയസ്സിൽ ആയിരുന്നുവെന്നു വിശ്വസിക്കപ്പെടുന്നു; ഈ വർഷത്തിലായിരുന്നു അപ്പോസ്തലന്മാർ സ്വദേശംവിട്ടു ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും യാത്രയായതു്. ദിവ്യരക്ഷകൻ സ്വർഗ്ഗാരോഹണം ചെയ്തിട്ടു പന്ത്രണ്ടു കൊല്ലം കഴിഞ്ഞു. യഹൂദന്മാൎക്ക രക്ഷാകരമായ ക്രൈസ്തവസന്ദേശത്തിന്റെ സ്വീകരണത്തിനു് ഒരു വ്യാഴവട്ടക്കാലം ദൈവം നിർദ്ദേശിച്ചിരുന്നതുപോലെ തോന്നുന്നു. നാല്പത്തിയഞ്ചാംവർഷത്തിലെ പെസഹാകാലത്തു ഹെറോദേസ് അഗ്രിപ്പാ ക്രിസ്തുമതമർദ്ദനം ആരംഭിച്ചു. ആ രാജാവു ജേംസിനെ ശിരഃഛേദംചെയ്തു വധിക്കുകയും പീററിനെ കാരാഗൃഹത്തിൽ ബന്ധിക്കുകയും ചെയ്തു. അപ്പോസ്തലന്മാർ നാടുവിട്ടു് ഓടുന്നതിനു നിർബന്ധിതരായി. ഈ വിദ്രാവണം വിദൂരദേശങ്ങളിൽ ക്രൈസ്തവധൎമ്മം പ്രചരിപ്പിക്കുന്നതിനു് അവൎക്ക സന്ദർഭം നൽകി. ബന്ധനവിമുക്തനായ പീററർ ആ കൊല്ലത്തിൽതന്നെ, ഇദംപ്രഥമമായി, റോമാനഗരത്തിൽ ചെന്നുചേൻ്നു. മേരി അപ്പോസ്തലന്മാരുടെ സാന്നിധ്യത്തിൽ വച്ചു സമാധിയടഞ്ഞുവെന്നുള്ള പാരമ്പൎയ്യവിശ്വാസം യഥാർത്ഥവും അവരുടെ സാന്നിധ്യം പ്രകൃത്യതീതമായ യാതൊരു അപദാനത്തിന്റെയും ഫലമായിട്ടുള്ളതല്ലാത്തതുമാണെങ്കിൽ, മേരിയുടെ നിൎയ്യാണം 45-ാമാണ്ടത്തെ പെസഹായ്ക്കു മുൻപായിരിക്കണമെന്നുള്ളതു തീച്ചയാണു്. അവരുടെ മരണദിവസം ആഗസ്റ്റ്മാസം 15-ാം തിയതി ആണെന്നു സാധാരണമായി വിശ്വസിക്കപ്പെടുകയാൽ അതു 44-ലെ ആഗസ്റ്റിൽ ആയിരിക്കണമെന്നുള്ളതും അവിതൎക്കിതമാണു്.

അംഗീകൃതമല്ലാത്ത ഇതിഹാസങ്ങളിൽ മേരിയുടെ മരണത്തെയും അതിന്റെ സാഹചൎയ്യങ്ങളെയുംപററി വിവിധങ്ങളായ വിവരണങ്ങൾ കാണുന്നുണ്ടു്. അവയെ ഇവിടെ സം

ക്ഷേപിച്ചുകൊള്ളുന്നു: കുരുത്തോല വഹിച്ചിരുന്ന ഒരു മാലാഖ മേരിക്കു പ്രത്യക്ഷമായി അവരുടെ ആസന്നമായ ദേഹവിയോഗത്തെ പ്രഖ്യാപനംചെയ്തു. അതിനെപ്പററി അത്ഭുതകരമായി അറിവുകിട്ടിയ അപ്പോസ്തലന്മാർ ഉടൻ മേഘാരൂഢന്മാരായി മേരിയുടെ സന്നിധിയിൽ എത്തുന്നു. ഈ ശിഷ്യന്മാരുടെയും പുണ്യവതികളായ പരിചാരിണികളുടെയും ഇടയിൽ വാനവവൃന്ദത്താൽ പരിസേവിതനായി സാക്ഷാൽ ക്രിസ്തുതന്നെയും ആവിർഭവിക്കുന്നു. സവ്കാലങ്ങളിലും സവ്ദേശങ്ങളിലും മേരിയുടെ നാമത്തിൽ എന്തെങ്കിലും ഉപകാരം ആരുതന്നെയും അപേക്ഷിച്ചാൽ അതു സാധിക്കുന്നതായിരിക്കുമെന്നു് അദ്ദേഹം മാതാവിനോടു പ്രതിജ്ഞ ചെയ്യുന്നു. ചുററും ഭക്ത്യാദരപൂവ്ം നില്ക്കുന്ന സകലരേയും മേരി ആശിവ്ദിച്ചുകൊണ്ടു് ആത്മാവിനെ യേശുവിങ്കൽ സമപ്പിക്കുന്നു. അന്തേവാസികളുടെ സ്തോത്രഗീതങ്ങൾ, മാലാഖാമാരുടെ ദിവ്യസംഗീതവുമായി സമ്മേളിക്കുന്നു. ദിവ്യമാഹാത്മ്യത്തെ പ്രകാശിപ്പിക്കുന്നതിനും ക്രൈസ്തവരെ സമാശ്വസിപ്പിക്കുന്നതിനുമായി നിരവധി അത്ഭുതങ്ങൾ പ്രവത്തിക്കപ്പെടുന്നു. ഗത്സെമനിയിലെ ഒലിവു വൃക്ഷത്തോട്ടത്തിലുള്ള ഒരു ശവകുടീരത്തിൽ ദേവമാതൃശരീരം സംസ്കരിക്കപ്പെടുന്നു. പിന്നെയും മൂന്നു ദിവസത്തേക്കു് മാലാഖാമാരുടെ സംഗീതം ശവകുടീരത്തിനു ചുററും കേൾക്കപ്പെടുന്നു. അവസാനമായി യേശുതന്നെ അപ്പോസ്തലന്മാരുടെ മുൻപാകെവച്ചു് മാതാവിൻെറ ശരീരത്തെ ശവകുടീരത്തിൽ നിന്നുദ്ധരിച്ചു് സ്വർഗ്ഗത്തേക്കു് ആനയിക്കുന്നു. ഇൻഡ്യയിൽ നിന്നു അപ്പോൾ മടങ്ങിവന്ന സെയിൻറു തോമസ്സ് സ്വാമിനി സശരീരയായി സ്വർഗ്ഗാരോഹണം ചെയ്യുന്നതു കാണുന്നു.

ഈ ഐതിഹ്യങ്ങളിൽ ചരിത്രം എവിടെ തുടങ്ങുന്നു എന്നും കെട്ടുകഥ എവിടെ അവസാനിക്കുന്നു എന്നും തിരി

ച്ചറിയാൻ പ്രയാസമായിരിക്കുന്നു. അവയിൽ ഒട്ടധികം ഭാഗം അയഥാർത്ഥവും ഭാവനാസ്പൃഷ്ടവും ആണെന്നു വരാമെങ്കിലും, അവയുടെ അടിസ്ഥിവാരമായി ചരിത്രിയമായ സത്യം മറഞ്ഞുകിടപ്പുണ്ടെന്നുള്ളതിനു സംശയമില്ല. ഏതാദൃശങ്ങളായ ഇതിഹാസകഥകൾക്ക് പൂർവ്വികക്രൈസ്തവ ഗ്രന്ഥകാരന്മാരും വേദകോവിദന്മാരും അംഗീകാരം നൾകിയിട്ടുള്ളതു് അവയ്ക്കു് ആസ്പദമായിരിക്കുന്ന യഥാർത്ഥ ചരിത്രത്തിനു പുറമെ വിശ്വാസപരമായ പല വേദശാസ്ത്രസത്യങ്ങളും അവയിൽ അന്തർഭവിച്ചിരിക്കുന്നതുകൊണ്ടാണു്. തന്നെ ലോകത്തേക്കവതരിപ്പിച്ച ആ കന്യാമാതാവിനെ യഥാകാലം സ്വർല്ലോകസമക്ഷം അവതരിപ്പിക്കുന്നതിനു യേശു പ്രദർശിപ്പിച്ച ഔൽസുക്യവും, മേരിയുടെ ശക്തിയുക്തമായ സ്വർഗ്ഗീയമാദ്ധ്യസ്ഥവും, അവരുടെ പുനരുത്ഥാപനവും സ്വർഗ്ഗാരോപണവും ഈ വിധം യുക്തിപരമായ ചരിത്രസത്യവും വിശ്വാസപരമായ വേദശാസ്ത്രസത്യവും സങ്കലിതമായി ലയിച്ചിരിക്കുന്ന ഉത്കൃഷ്ടതത്വങ്ങൾക്കു് ഉദാഹരണങ്ങളാണു്.

ദേവമാതാവിൻെറ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി ക്രൈസ്തവതിരുസഭ ഇനിയും നിർച്ചിച്ചു പ്രഖ്യാപനം ചെയ്തിട്ടില്ലെങ്കിലും അതു ക്രിസ്ത്യാനികൾ എല്ലാകാലത്തും സാർവ്വത്രികമായി വിശ്വസിച്ചു ഭക്തിപൂർവ്വം കൊണ്ടാടിവരുന്ന ഒരു മഹാതത്വമാണു്. സാധാരണമായി പുണ്യവാന്മാരുടെയും പുണ്യവതികളുടെയും വിശുദ്ധങ്ങളായ ശരീരാവശിഷ്ടങ്ങൾ ഭദ്രമായി സൂക്ഷിച്ചുവന്ന ആദിമക്രിസ്ത്യാനികൾക്കു് കന്യകാമറിയത്തിൻെറ യാതൊരു അവശിഷ്ടവും ലഭിക്കുന്നതിനോ സൂക്ഷിക്കുന്നതിനോ കഴിഞ്ഞിട്ടില്ലെന്നുള്ളതും യരൂശലേമിലുള്ളതായി പറയപ്പെടുന്ന മേരിയുടെ ശവകുടീരത്തിൻെറ അകം ശൂന്യമാണെന്നുള്ളതും ദേവമാതാവിൻെറ മൃതശരീരം ഭൂമിയിൽ തങ്ങിയില്ല എന്നുള്ള വിശ്വാസത്തെ അനുകൂലിക്കുന്നുണ്ടു്.

മേരിയുടെ സ്വർഗ്ഗാരോപണത്തെപ്പററിയുള്ള പാരമ്പര്യവിശ്വാസം, അവരുടെ അന്യാദൃശമായ മഹത്വത്തെയും യോഗ്യതകളെയും പരിഗണിച്ചാൽ, ഏററവും യുക്തിയുക്തവും സമുചിതവുമാണെന്നു വ്യക്തമാകുന്നതാണ്. അവരുടെ അസുലഭങ്ങളായ ഇതരയോഗ്യതകളിലും അവകാശങ്ങളിലും മഹത്തമമായ ജീവിതകൃത്യത്തിലും അവരുടെ സശരീരമായ സ്വർഗ്ഗാരോപണത്തിനുള്ള യോഗ്യതയും അന്തർഭവിച്ചിരിക്കുന്നു. അവരുടെ ഈ ജീവിതകൃത്യവും യോഗ്യതകളും ഈശ്വരപ്രകാശിതങ്ങളാകയാൽ, സ്വർഗ്ഗാരോപണവും തിരുസ്സഭയുടെ സംരക്ഷണത്തിൽ ഏല്പിക്കപ്പെട്ടിരിക്കുന്ന ദിവ്യസത്യനിക്ഷേപത്തിൽ അടങ്ങിയിട്ടുണ്ടെന്നും, അതു അനിഷേധ്യമായ ഒരു വേദസത്യമായി പ്രഖ്യാപനംചെയ്യപ്പെടത്തക്കവണ്ണം പരിപക്വമായ ഒരു പ്രമേയം ആയിട്ടുണ്ടെന്നും പ്രാമാണികന്മാരായ ക്രൈസ്തവതത്വചിന്തകന്മാരേവരും അഭിപ്രായപ്പെടുന്നുണ്ട്.

കന്യാമാതാവിൻെറ ശരീരം നാശരഹിതമായിരിക്കുക എന്നതു് എത്രയും ഉചിതംതന്നെയാണ്. അവരുടെ നിസ്തുലമായ വിശുദ്ധിയും നൈർമ്മല്യവും അതിന്നു് അനശ്വരത്വം നൽകുന്നതിനു മതിയായവ ആയിരുന്നു. മാതൃത്വത്തിൽ പോലും അഭംഗമായി സംരക്ഷിക്കപ്പെട്ട അവരുടെ കന്യാത്വം മാത്രമല്ല അവരുടെ മാംസത്തെ മരണത്തിനു അനധീനമാക്കിയതു്; ക്രിസ്തുവിനു സ്വമാതാവിനോടുള്ള അപാരമായ സ്നേഹവും തനിക്കു മാംസരക്തങ്ങളെ പ്രദാനംചെയ്ത ആ പരിപാവനശരീരത്തിനു്, മററു ശരീരങ്ങൾക്കെന്നപോലെ, പഞ്ചത സംഭവിക്കുന്നതിനു ഒരിക്കലും അനുവദിക്കുകയില്ല. "യേശുവിൻെറ മാംസം മേരിയുടെ മാംസം ആകുന്നു," എന്നു പറയത്തക്കവണ്ണം അവരുടെ ശരീരങ്ങൾക്കു തമ്മിൽ അത്ര ഐക്യമുണ്ട്. കുർബാനവഴി ഒരു ക്രൈസ്തവനു യേശുവുമായി ഉണ്ടാകുന്ന സംയോഗം അവനു് പ്രളയകാലത്തു പുനരുദ്ധിതനാകുന്നതിനുള്ള അവകാ

ശം പ്രദാനംചെയ്യുന്നുണ്ട്. ആ സ്ഥിതിക്ക് അവതിർണ്ണനായ ദൈവവും മാതാവും തമ്മിലുള്ള ഐക്യം എത്ര ഗുരുതരമായിരിക്കണം! സ്വജനനിയുടെ വിശുദ്ധഗാത്രം മരണാവസ്ഥയിൽ ദീർഘനേരം സ്ഥിതിചെയ്യാൻ അനുവദിക്കാതെ അതിനെ ഉടൻ ഉദ്ധരിക്കുക എന്നതു് ദിവ്യകുമാരന്റെ കർത്തവ്യമല്ലയോ? "ദൈവവുമായി സംയുക്തയും അനുഗൃഹീതയുമായ ഈ സാക്ഷാൽ യോഗിനിയെ മരണത്തിനു എങ്ങനെ നശിപ്പിക്കാൻ കഴിയും? പാതാളം അവരെ എങ്ങനെ സ്വീകരിക്കും? ചൈതന്യമൂർത്തിയായ ഈശ്വരനെ വഹിച്ച ശരീരത്തെ മരണം എങ്ങനെ സ്പർശിക്കും?" (St John of Damascus)

മേരിയുടെ അനന്യസിദ്ധമായ അമലോത്ഭവവരംതന്നെ അവരെ മരണരഹിതയാക്കേണ്ടതാണ്. മരണം ജന്മപാപത്തിന്റെ അവശ്യഫലമാണെന്നാണ്", വേദം നമ്മെ പഠിപ്പിക്കുന്നതു്. മനുഷ്യജീവന്റെ അനശ്വരത്വം ആദിമമനുഷ്യന്റെ നിർദ്ദോഷതയേയും മരണം അവന്റെ പാപത്തേയും അവലംബിച്ചിരിക്കുന്നു. പാപം അവന്റെ സന്തതികൾക്കു ദായമായി സിദ്ധിച്ചതുപോലെ മരണവും അവർക്കു ദായമായി സിദ്ധിച്ചു. പരമ്പരാഗതവും ജന്മസിദ്ധവുമായ പാപം ആരെയെങ്കിലും ബാധിച്ചിട്ടില്ലെങ്കിൽ അയാളെ മരണവിധിയും ബാധിക്കയില്ല. അതുകൊണ്ടു്, ജന്മപാപം സ്പർശിക്കാത്ത മറിയയ്ക്കു മരണം സംഭവിച്ചുഎങ്കിൽ അതിനുള്ള കാരണം മററു മനുഷ്യരുടെ മരണത്തിനുള്ള കാരണമല്ല. കന്യാമാതാവു് ആ സംഗതിയിൽ, പാപം എന്താണെന്നറിയാതെ അതിന്റെ ശാരീരഫലങ്ങളും വേദനയും അനുഭവിച്ച യേശുവിനു തുല്യയാണ്. ആ സ്ഥിതിക്കു്, അവസാനംവരെ അവർ അദ്ദേഹത്തെപ്പോലെ ഇരിക്കേണ്ടതല്ലേ? മരണത്തിലും മററു മനുഷ്യരെപ്പോലെ അല്ലാതെ അദ്ദേഹത്തെപ്പോലെതന്നെ ദൈവം അവരെ കരു

ത്തേണ്ടതല്ലയോ? അദ്ദേഹത്തെപ്പോലെ ഉടൻ പുനരുത്ഥാനം ചെയ്യുന്നതിനായിരിക്കേണ്ടയോ അവർ മരണാധീനയായതു്? യേശു ദിവ്യരക്ഷകനും മേരി രക്ഷിതയും ആണെന്നുള്ളതു് വാസ്തവംതന്നെ. എന്നാൽ ഇതരമനുഷ്യരെപ്പോലെയല്ല അവർ രക്ഷിക്കപ്പെട്ടതു്; കുറേക്കൂടി ഉത്കൃഷ്ടതരവും പ്രത്യേകവുമായ വിധത്തിൽ അവർ രക്ഷിക്കപ്പെട്ടതുപോലെ മരണത്തിൽനിന്നു് അവർ വിമുക്തയായതും ഇതരാപേക്ഷയാ ഉത്കൃഷ്ടതരവും പ്രത്യേകവുമായ തരത്തിലാണെന്നുള്ളതു് സമഞ്ജസമത്രേ. യേശു ഒരേസമയത്തു് പാപത്തിൽനിന്നും മരണത്തിൽനിന്നും മനുഷ്യനെ രക്ഷിക്കുന്നു; അദ്ദേഹം അവനെ മരണത്തിൽനിന്നും രക്ഷിക്കുന്നതുപോലെ പാപത്തിൽനിന്നും രക്ഷിക്കുന്നു. മററുള്ളവരെ യേശു രക്ഷിക്കുന്നതു് ഒരു വിമോചകൻ എന്ന നിലയിലാണു്; അവരെ ബാധിച്ചുകഴിഞ്ഞിരിക്കുന്ന നാശത്തിൽനിന്നു അദ്ദേഹം മോചിപ്പിക്കുന്നു; പാപത്തിൽനിന്നാണെങ്കിൽ, അതിൻെറ മാലിന്യം ആത്മാവിൻെറ വിശുദ്ധിയെ നശിപ്പിച്ചശേഷവും മരണത്തിൽനിന്നാണെങ്കിൽ ശരീരം ജീർണ്ണിച്ചു് പഞ്ചഭൂതങ്ങളിൽ ലയിച്ചശേഷവുംമാത്രമാണു് അദ്ദേഹം മോചനം നൽകുന്നതു്. മേരിയെസ്സംബന്ധിച്ചാകട്ടെ, ദിവ്യരക്ഷകൻ അവരെ പാപത്തിൽ ഒട്ടും വിഴാതെയും മരണത്താൽ പരാജിതയാകാതെയുമാണു് സംരക്ഷിച്ചതു്; യേശുവിനെപ്പോലെ അവരും മരണകവാടങ്ങളെ തരണം ചെയ്യേണ്ടിവന്നു എങ്കിലും, മൃത്യുവിൻെറ നാശനഫലങ്ങളെ അനുഭവിക്കുന്നതിനു അവക്കു് അദ്ദേഹത്തിൻെറ പ്രത്യേക സംരക്ഷണത്താൽ സംഗതിയായില്ല. മൃതശരീരം ശവകുടീരത്തിൽ ഇരുന്നു ജീർണ്ണിക്കാൻ ഇടയാകുന്നതിനു മുമ്പു് അദ്ദേഹം അതിനെ പുനരുജ്ജീവിപ്പിച്ചു സ്വർഗ്ഗത്തേക്കു കൊണ്ടുപോയി.

മേരി സ്ത്രീജാതിയിൽ ഏററവും അനുഗൃഹീതയാണു്. ആദിമസ്ത്രീ അവൾക്കും അവളുടെ വർഗ്ഗത്തിനും നിരവധി

ശാപങ്ങൾക്കു കാരണഭൂതയായതുപോലെ ഈ നവീന ഹവ്വാ അവൾക്കും അവരുടെ വർഗ്ഗത്തിനും നിരവധി അനുഗ്രഹങ്ങൾക്കു സംഗതിയാക്കി. ആ അനുഗൃഹീതകന്യക ആദിപിതാക്കളുടെ അപരാധത്തെ പരിഹരിക്കുന്നതിനു രക്ഷകൻെറ സഹകാരിണിയായി സർവ്വേശ്വരനാൽ പ്രതിശ്രുതയും നിയുക്തയും ആയ സൌഭാഗ്യവതിയത്രെ. ഒന്നാമത്തെ ഹവ്വാ പാപാധീനനായ ആദാമിൻെറ പാപകർമ്മത്തിൽ സഹകരിച്ചതുപോലെ, ഈ രണ്ടാമത്തെ ഹവ്വാ ഇതരമനുഷ്യരിൽനിന്നു വ്യതിരിക്തയായി രക്ഷകനായ യേശുവിൻെറ പരിത്രാണകർമ്മത്തിലും സഹകരിക്കുകയും ഭാഗഭാക്കാകുകയും ചെയ്തു. ഹവ്വാമൂലം ഏദൻതോട്ടത്തിലുണ്ടായ അധഃപതനവും ശാപവർഷവും മനുഷ്യവർഗ്ഗത്തെ ഒട്ടുക്കു സാത്താൻെറ ആധിപത്യത്തിനു്—പാപത്തിനും മരണത്തിനും,—അധീനമാക്കി. അതുകൊണ്ടു മേരി സവിശേഷമായ അനുഗ്രഹങ്ങളാലും വിജയശ്രീയാലും സാത്താൻെറ സാമ്രാജ്യത്തെ—പാപത്തേയും മരണത്തേയും—തോല്പിച്ചു കീഴടക്കണം. രക്ഷകനുമായി സംയോജിച്ചു്, അദ്ദേഹത്തിൻെറ പ്രത്യേകസാഹായ്യത്താൽ, അവർ സാത്താനെയും പാപത്തെയും ജയിച്ചു എന്നുള്ളതു തീർച്ചയാണു്. അവർ അവയെ ജയിച്ചതു്, നാം ജയിക്കുന്നതുപോലെയോ ജയിക്കേണ്ടതുപോലെയോ അല്ല; അവരുടെ വിജയം ക്രിസ്തുവിൻെറ വിജയംപോലെയായിരുന്നു. ആ സ്ഥിതിക്കു അവർ 'അവസാനശത്രുവായ മരണ'ത്തേയും നമ്മിൽനിന്നു വിഭിന്നമായരീതിയിൽ, ക്രിസ്തുവിനെപ്പോലെതന്നെ, കീഴടക്കുക എന്നതു് അവശ്യകരണീയമല്ലേ? ഓരോ മനുഷ്യനും അവനവൻെറ സ്ഥിതി അനുസരിച്ചു പുനരുത്ഥാപിതനാകേണ്ടതാണു്. മേരിയുടെ സ്ഥിതിക്കു് ഇതരമനുഷ്യരുടെ സ്ഥിതിയോടു സാമ്യമില്ല; അതു ക്രിസ്തുവിൻേറതിനോടു് ഏകദേശം സമമാണു്. അതുകൊണ്ടു കാലേക്കൂട്ടിയുള്ള പുനരുത്ഥാനത്തിനും വിജയപ്രാപ്തിക്കും അവർ അർഹയാണു്.

"മരുഭൂമിയിൽനിന്നു തന്റെ പ്രിയതമന്റെമേൽ ചാരിക്കൊണ്ടുവരുന്ന ഇവൾ ആരാണ്?" (Can 1 cles 8–5) യേശുവിനാൽ ഉദ്ധൃതയായി മേരി സ്വർഗ്ഗാരോഹണം ചെയ്യുന്നു. ലോകാരംഭംമുതൽ പ്രതീക്ഷിക്കപ്പെട്ടിരുന്ന ഈ ജൈത്രദണ്ഡം സ്വകൃത്യം നിർവഹിച്ചിട്ട് അനന്തവിശ്രമത്തിനായുള്ള സങ്കേതത്തിൽ പ്രവേശിക്കുന്നു. ഇഹലോകമാകുന്ന മരുഭൂമിയുടെ മുകളിൽക്കൂടി ഉത്സാഹഭരിതരായ മാലാഖാമാരാൽ സംസേവിതയായി തന്റെ പ്രിയകുമാരനെ ചാരിക്കൊണ്ട് പുനരുത്ഥിതയായ മേരി വ്യോമസഞ്ചാരംചെയ്തു സ്വാരാജ്യത്തെ പ്രാപിക്കുന്നു. മാലാഖാമാരുടെയും പുണ്യവാന്മാരുടെയും സാന്നിധ്യത്തിൽ യേശു സ്വമാതാവിനെ സ്വർഗ്ഗീയമകുടം ധരിപ്പിക്കുന്നു; സ്വർല്ലോകത്തുള്ള സകല ഐശ്വര്യവിഭവങ്ങളും അദ്ദേഹം അവക്കായി സമർപ്പിക്കുന്നു. അവർ അദ്ദേഹത്തെ മുൻപു നസറെത്തിലും ബത്ലേമിലുമുള്ള അവരുടെ ഭൂലോകവസതിയിൽ സ്വീകരിച്ചതുപോലെ ഇപ്പോൾ അവരെ തന്റെ സ്വർഗ്ഗീയസദനത്തിൽ അദ്ദേഹം സ്വീകരിക്കുന്നു. സ്വരാജ്യത്തിൽ കേവലം ഒരു പൗരിയുടെ സ്ഥാനമല്ല, രാജ്ഞിയുടെ സ്ഥാനമാണ് അദ്ദേഹം അവക്കു നൽകുന്നതു്. ഈശ്വരമാതൃത്വം ഈശ്വരസമാനമായ ഒരു സ്ഥാനത്തിന് അവരെ അവകാശിനിയാക്കുന്നു. സ്വപുത്രനോടൊത്തു സ്വർഗ്ഗീയരാജ്ഞിയായ അവർ സകല ചരാചരങ്ങളുടെയും ആധിപത്യം വഹിക്കുന്നു. സകല മാലാഖാമാരും പുണ്യാത്മാക്കളും തങ്ങളുടെ ദൈവത്തിന്റെ മാതാവായ ആ ഭാഗ്യശാലിനിയെ അഭിവന്ദിക്കുന്നു. വർണ്ണനാതീതമായ ഈ സ്വർഗ്ഗീയാഘോഷങ്ങൾക്കിടയിൽ മേരി സഹജമായ വിനയത്തോടും പ്രശാന്തതയോടുംകൂടി സാക്ഷാൽ സ്വർഗ്ഗാധിപനായ ക്രിസ്തുവിന്റെ മഹത്വത്തെ വാഴ്ത്തുകയും നാലുപാടും പ്രകാശവർഷംചെയ്യുന്ന ഒരു തേജഃപുഞ്ജമായി സർവോൽകർഷേണ വർത്തിക്കയും ചെയ്യുന്നു.

ALACKAL JEEVASS KEND
LIBRARY

# ശ്രീയേശുക്രിസ്തു.

## ഏകദേശം ൨൦൦ പുറമുള്ള ഒരു ജീവചരിത്രം.

കേരളത്തിലെ മിക്കവാറും എല്ലാ മെത്രാപ്പൊലീത്താന്മാരുടെയും മെത്രാന്മാരുടെയും ആശീർവാദവും അഭിനന്ദനവും സിദ്ധിച്ചിട്ടുള്ളതു്.

വില രൂപാ 3.

## അഭിപ്രായങ്ങൾ:—

**മഹാകവി ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അവർകൾ:—**

"I have now finished reading your book on Jesus Christ. Let me heartily congratulate you on your valuable literary production which is sure to be appreciated by the reading public of Kerala, to whom it is bound to be a perennial source of inspiration."

**മഹാകവി വള്ളത്തോൾ നാരായണമേനോൻ അവർകൾ.**

"നിങ്ങളുടെ "ശ്രീയേശുക്രിസ്തു" എന്ന ഗദ്യപ്രബന്ധത്തിന്റെ ഒന്നാംഭാഗം എന്നെ വളരെ സന്തോഷിപ്പിച്ചു. പുണ്യശ്ലോകനായ യേശുഭഗവാന്റെ പരിശുദ്ധചരിത്രം കേരളത്തിലെ ഹിന്തുക്കളിൽ മിക്കപേരും വായിച്ചിട്ടില്ലെന്നാണ് എന്റെ പരിചയത്തിൽ എനിക്കു തോന്നിയിട്ടുള്ളതു്. ഇതിനു പ്രധാന

കാരണം മലയാളബൈബിളിലെ ഭാഷാവൈകല്യമാണെന്നുള്ളതിൽ സംശയമില്ല. നിങ്ങളുടെ കൃതിയാകട്ടെ നല്ല ഭാഷയിൽ ലളിതമായി നിർമ്മിക്കപ്പെട്ടതാകയാൽ ഹിന്ദുക്കൾ ആദരവോടെ കൈക്കൊള്ളുമെന്നും, വായിച്ച് ആ ജഗദ്ഗുരുവിന്റെ ധർമ്മശാസനം ഹൃദിസ്ഥമാക്കുമെന്നും ഞാൻ വിശ്വസിക്കുന്നു...”

## രാജശ്രീ സീ. വി. കുഞ്ഞുരാമൻ അവർകൾ.

“............ഗ്രന്ഥകാരന്റെ അനന്യസാധാരണമായ കഥാകഥനചാതുരിയിൽ ഒരു റോമാൻസ് വായിച്ചാലുണ്ടാകുന്ന രസത്തോടും ഉപരിചരിതം അറിവാൻ ഉൽക്കടമായിത്തീരുന്ന ജിജ്ഞാസയോടുംകൂടി മുമ്പോട്ടു പായുന്ന വായനക്കാരന്റെ മനസ്സ് സാക്ഷാൽ ശ്രീയേശുക്രിസ്തുവിന്റെ സമ്പൂർണ്ണമനോഹരമായ വിശ്വരൂപത്തിൽ ലയിക്കതന്നെ ചെയ്യുമെന്നുള്ളതിന് എന്റെ സ്വന്തം അനുഭവം സാക്ഷിയാകുന്നു......“വിണ്ണിന് മണ്ണിനോടു”ള്ള ഭഗിനീബന്ധത്തെ അകൃത്രിമമനോഹരമായവിധം കൂട്ടിയിണക്കിയിരിക്കുന്ന ക്രിസ്തുചരിതത്തെപ്പോലെ മനുഷ്യജീവിതത്തെ മണ്ണിൽനിന്നു വിണ്ണിലേക്കു ഉയർത്തുവാൻ ഉപയുക്തമായിത്തീർന്നിട്ടുള്ള മറെറാരു ജീവചരിത്രം ഭൂഗോളസാഹിത്യം മുഴുവനും തിരഞ്ഞാലും കണ്ടുകിട്ടുന്നതല്ല..................................................

സരളമധുരമായ ഭാഷാഗദ്യത്തിൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന ശ്രീയേശുക്രിസ്തുവിന്റെ ഈ മനോജ്ഞമായ ജീവചരിത്രഗ്രന്ഥം കൈരളിയുടെ ഒരു അമൂല്യസമ്പാദ്യമായിക്കരുതി അക്രൈസ്തവരായ മലയാളഭാഷാഭിമാനികളും ഇതിനെ വേണ്ടപോലെ ആദരിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഇതിനെ അവരുടെ സമക്ഷം സസന്തോഷം അവതരിപ്പിച്ചുകൊള്ളുന്നു..................”

## രാജശ്രീ കെ. നാരായണക്കുരുക്കൾ അവർകൾ ബി. എ.

“............ഇങ്ങനെയുള്ള ജീവിതചരിത്രങ്ങൾ മലയാളസാഹിത്യത്തിൽ ദുർല്ലഭമാണ്............എല്ലാ മലയാളികളും മലയാളഭാഷ അറിയാവുന്ന ഇതരന്മാരും ഈ പുസ്തകം വായിച്ചുനോക്കേണ്ടതാണ്.”

## റാവുസാഹിബ് ഒ. എം. ചെറിയാൻ അവർകൾ

## ബി. ഏ. എൽ. ററി.

“............ഈ ഗ്രന്ഥം ഭക്തപാരായണത്തിനും സാഹിത്യഗുണാനുഭോഗത്തിനും ഒന്നുപോലെ ഉപയോഗപ്പെടുന്നതാണ്. മി: ജോണിന്റെ രചനാരീതി ശുഭവും ലളിതവും അനുകരണീയവുംതന്നെ...........സാഹിത്യഗുണമുള്ള ക്രൈസ്തവഗ്രന്ഥങ്ങൾ നമ്മുടെ ഭാഷയിൽ കുറവാണെന്നുള്ള ന്യൂനതയെ പരിഹരിക്കുന്നതിനു സാരമായി ഉപയോഗപ്പെടുന്ന ഈ പുസ്തകം എല്ലാവരും വായിക്കേണ്ടതാണ്........................”

## റവ: ഫാദർ ജേക്കബ്ബ് നടുവത്തുശ്ശേരി. (സത്യദീപം)

"...............മിശിഹായുടെ ജീവചരിത്രത്തിന്റെ നിവൃത്തിയുള്ളിടത്തോളം പൂൎണ്ണമായ ഒരു ചിത്രം ഈ ഗ്രന്ഥത്തിൽ അടങ്ങിയിട്ടുണ്ടു്. ചമല്ക്കാരസംപൂൎണ്ണവും ജിജ്ഞാസാസംവൎദ്ധകവും ഭക്തിപരിപോഷകവുമായ ഒരു ഒന്നാംതരം നോവൽ എന്നപോലെ ആരും അതു വായിക്കുന്നതാണു്......... .........ഈ പുസ്തകം വായിക്കാൻ തുടങ്ങിയാൽ അവസാനിച്ചല്ലാതെ അതിനെ മാററിവയ്ക്കുകയില്ലെന്നുള്ളതു വായിച്ചുനോക്കിയവരുടെ അനുഭവമാണു്... ........ഇതിന്റെ ഓരോ പ്രതി ഓരോ കത്തോലിക്കകുടുംബത്തിലും ഉണ്ടായിരിക്കേണ്ടതാണു്..........."

## മലയാളമനോരമ.

"...............വളരെ ഭംഗിയായി വിവരിച്ചിരിക്കുന്നു............വളരെ ഹൃദയംഗമമായിരിക്കുന്നു.........ഈ ഗ്രന്ഥത്തിന്റെ ഒരു വലിയ മെച്ചം ഇതിലെ ഭാഷാരീതിയുടെ അക്ലിഷ്ടതയാകുന്നു...........പ്രസ്തുത ഗ്രന്ഥത്തിൽ അവ്യാകൃതങ്ങളായ പദങ്ങൾ യാതൊന്നും കാണുന്നില്ല......പ്രൌഢിക്കും വിഷയഗാംഭീര്യത്തിനും യോജിക്കുന്ന പദപ്രയോഗം ചെയ്യുന്ന കാൎയ്യത്തിൽ വളരെ ശ്രദ്ധിച്ചിട്ടുണ്ടു്......പ്രതിപാദ്യവിഷയത്തെപ്പററി മലയാളഭാഷയിൽ ഉണ്ടായിട്ടുള്ള ഏററവും നല്ല പുസ്തകമെന്നു് ഇതിനെക്കുറിച്ചു പ്രസ്താവിക്കുന്നതിൽ ആക്ഷേപത്തിനു വഴി കാണുന്നില്ല. ഈ ഗ്രന്ഥകാരൻ ക്രൈസ്തവസാഹിത്യത്തിന്റെ പരിപോഷണത്തിൽ ദത്തശ്രദ്ധനായിത്തീരുന്നുവെങ്കിൽ അതു മലയാളഭാഷയ്ക്കു ഒരു വലിയ അനുഗ്രഹമായിരിക്കും..........."

## നസ്രാണിദീപിക.

"...................മിസ്റ്റർ ജോൺ ഒരു നല്ല ഭാഷാഗദ്യകാരനാണെന്നു ഈ കൃതി സ്പഷ്ടീകരിക്കുന്നു............ലാളിത്യവും പ്രസാദവും ഭാഷയ്ക്കും വാചകങ്ങൾക്കും കാണുന്നുണ്ടു്............ശ്രേഷ്ഠമായ ഈ ഗ്രന്ഥം.........മലയാളഭാഷയ്ക്കും ക്രിസ്തീയസാഹിത്യത്തിനും ഒരുപോലെ ഒരു നല്ല സമ്പാദ്യമായിരിക്കുന്നതാണു്..............."

## പ്രതിദിനം.

"...........ക്രിസ്തുദേവന്റെ അവതാരം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള ജീവചരിത്രം സരളകോമളവും ഹൃദയസ്പൎശകവുമായ രീതിയിൽ വിവരിക്കുന്ന ഒരു ഉൽകൃഷ്ടഗ്രന്ഥം ഇതുപോലെ മറെറാന്നില്ലെന്നു വിമൎശനങ്ങൾ ഒന്നുപോലെ അഭിപ്രായപ്പെടുന്നുണ്ടു്............ലളിതവും സുന്ദരവുമായ ഭാഷയിൽ ഇങ്ങനെ ഒരു വലിയ ഗ്രന്ഥം ചമയ്ക്കാൻകഴിയുന്ന ഒരു ഗ്രന്ഥകാരനു് കൈരളി വശംവദയാണെന്നു് ആരാണു് സമ്മതിക്കാത്തതു്......ഈ ഗ്രന്ഥകാരൻ ബാക്കിഭാഗങ്ങൾകൂടി പ്രസിദ്ധീകരിച്ചു മലയാളികളേയും മലയാളഭാഷയേയും അനുഗ്രഹിച്ചുകാണ്മാൻ ഞങ്ങൾ ആഗ്രഹിക്കുന്നു......"

# അന്തോനിപാദുവാ.

## ഒരു ജീവചരിത്രം.

വില അണ 10.

---

**അഭിപ്രായങ്ങൾ:—**

**മഹാകവി, ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അവർകൾ:—**

My dear Mr. John,

I have read, with great interest your life of St. Antony of Padua, written in beautiful Malayalam. It is a valuable addition to the biographical literature of Kerala. There are interesting episodes in the lives of several early Christian Saints which our country should certainly heed and benefit by. I wish you every success.

Yours sincerly,

(Sd) S. Parameswara Iyer.

**മലയാളരാജ്യം.**

"ശ്രീയേശുക്രിസ്തു" എന്ന വിശിഷ്ടഗ്രന്ഥത്തിന്റെ കർത്താവായ മയ്യനാട്ട് മി. ഏ. ജോൺ, ബി. ഏ. അവർകളെ മലയാളവായനക്കാരെ പറഞ്ഞു പരിചയപ്പെടുത്തേണ്ട ആവശ്യമില്ല.........അക്ലിഷ്ടമനോഹരമായ ഒരു ഗദ്യരീതി വശമാക്കിയിരിക്കുന്ന ഈ യുവാവായ ഗ്രന്ഥകാരൻ 'മഹാത്മാക്കൾ' എന്ന പേരിൽ ദ്വൈമാസികയായി പ്രസിദ്ധപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുന്ന ഒരു ജീവചരിത്രപരമ്പരയിലെ 1-ാംനമ്പർ പുസ്തകമാണ് സെയിന്റ് ആന്റണി എന്ന വിശുദ്ധന്റെ ജീവിതകഥയടങ്ങിയ ഈ പുസ്തകം.........20 അദ്ധ്യായങ്ങളായി അന്തോനിപാദുവായുടെ ജീവിതകഥ അതിമനോഹരമായ രീതിയി

ലും ഭാഷയിലും ഇതിൽ വിവരിച്ചിട്ടുണ്ട് .......ഫ്രാൻസിസ്കൻ പാതിരിസംഘത്തിൽ ചേർന്ന് പ്രസിദ്ധമായ കുരിശുയുദ്ധകാലത്ത് ആ യുദ്ധത്തിന് അനഭിമുഖനായി സമുദായശുശ്രൂഷചെയ്തു ക്രിസ്ത്യാനികളെ ക്രിസ്തുവിന്റെ ജീവിതരീതിയിലേക്കു ഉയർത്തുവാൻ അശ്രാന്തപരിശ്രമം ചെയ്തിരുന്ന ഈ സിദ്ധന്റെ ജീവിതം മലയാളത്തിലെ ക്രൈസ്തവസന്യാസിമാരും ഹിന്ദുസന്യാസിമാരും മാതൃകയാക്കിയിരുന്നുവെങ്കിൽ മലയാളം ഇതിനു മുമ്പേതന്നെ മനോഹരമായിത്തീരുമായിരുന്നു. ഈ സിദ്ധന്റെ ജീവചരിത്രം എഴുതിയിരിക്കുന്ന ഗദ്യരീതി ക്രൈസ്തവഗ്രന്ഥങ്ങൾ മാതൃകയാക്കിയിരുന്നുവെങ്കിൽ അവയിലെ മലയാളവും മനോഹരമായിത്തീരുമായിരുന്നു. മതവിഷയമായ ഒരു ഗ്രന്ഥമാണിതെങ്കിലും ഇതിലെ കഥ റോമാൻസ്പോലെ മതഭക്തരല്ലാത്തവർക്കും വായിക്കാൻ രസമുള്ളതാണ്...................”

## നസ്രാണിദീപിക.

“ശ്രീയേശുക്രിസ്തു” എന്ന വിശിഷ്ടവും വിപുലവും ആയ ഗ്രന്ഥതല്ലജത്താൽ പ്രസിദ്ധനായിത്തീർന്നിട്ടുള്ള മയ്യനാട്ട് മി. എ. ജോൺ ബി. ഏ. യുടെ പുതിയ കൃതിയാണ് അന്തോനിപാദുവാ എന്നു പറഞ്ഞാൽ ഉത്തമമായ ഉള്ളടക്കംകൊണ്ടെന്നപോലെതന്നെ ഉൽകൃഷ്ടമായ ഭാഷാരീതികൊണ്ടും ആദരണീയമായിരിക്കും ആ കൃതി എന്നു് ആരും അനുമാനിക്കാതിരിക്കയില്ല. വാസ്തവവും അങ്ങനെയാണെന്ന് അതിശയോക്തിസ്പർശം കൂടാതെ പറയാം............ “സാക്ഷാത്തായ മനുഷ്യമഹത്വത്തിന്റെയും, പരിപൂർണ്ണതയുടെയും മൂർദ്ധാഭിഷിക്തദൃഷ്ടാന്തങ്ങളായി എക്കാലവും പരിശോഭിക്കുന്നവരും ക്രിസ്തുവിന്റെ ധർമ്മപദേശങ്ങളുടെ അന്യാദൃശമായ മാഹാത്മ്യത്തെയും പ്രയോഗക്ഷമതയേയും സുസ്പഷ്ടമായി തെളിയിച്ചിട്ടുള്ളവരുമായ മഹാത്മാക്കളാണ്” സാക്ഷാൽ മഹാത്മാക്കൾ. അവരുടെ സാഹിത്യഗുണം തികഞ്ഞ ജീവചരിത്രഗ്രന്ഥങ്ങൾ മലയാളഭാഷയിൽ തുലോം വിരളമാണ്. ഈ കുറവിനെ പരിഹരിക്കുന്നതിനുള്ള ശ്രമംതന്നെ അഭിനന്ദനാർഹമായിരിക്കെ അക്കാര്യത്തിലുള്ള വിജയകരമായ സഫലശ്രമത്തെപ്പറ്റി എന്തുപറയട്ടെ.........ജീവചരിത്രങ്ങൾ പൊതുവായും പുണ്യവാന്മാരുടേതു പ്രത്യേകമായും രസശൂന്യമാണെന്നു വിചാരിക്കുന്നവർ ഈ ഗ്രന്ഥം ഒരാവർത്തി വായിച്ചുനോക്കുകതന്നെ വേണം. ഒന്നാംതരം നോവലുകളിൽ മാത്രമുള്ള പരിണാമഗുപ്തിയാണു പ്രകൃതഗ്രന്ഥത്തിൽ കാണുന്നതു്.....”

## കോട്ടയംപത്രിക.

“...............ക്രൈസ്തവർക്ക് സാഹിത്യഗുണം നിറഞ്ഞ കൃതികൾ രചിക്കുന്നതിനറിയാമോ എന്ന് ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ അവർ ഞങ്ങളുടെ ഇന്നത്തെ വിമർശനവിഷയമായ ‘അന്തോനിപാദുവാ’ എന്ന കൃതിയോ ഇതിന്റെ കർത്താവായ മി: എ. ജോൺ ബി. എ. ഏതാനുംകൊല്ലങ്ങൾക്കുമുമ്പ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള “ശ്രീയേശുക്രിസ്തു” എന്ന വിശിഷ്ടഗ്രന്ഥതല്ലജമോ ഒരാവർത്തി വായിക്കുന്നതു കൊള്ളാം. “ശ്രീയേശുക്രിസ്തു” എന്ന കൃതി

ജാതിമതഭേദമെന്യേ സകലരുടേയും ഹൃദയംഗമമായ അഭിനന്ദനത്തിനു വിഷയീഭവിച്ചിട്ടുള്ളതാണ്............“മഹാത്മാക്കളുടെ പ്രവൃത്തിയാകുന്ന കാററ് ഏതു ഭാഗത്തേയ്ക്കു, വീശുന്നുവോ ആ ഭാഗത്തേയ്ക്കു് ജനസാമാന്യത്തിന്റെ പ്രവൃത്തിയാകുന്ന പുൽച്ചെടിയുടെ തല ചായിക്കുന്നു”വെന്നാണ് മഹാന്മാരുടെ സിദ്ധാന്തം.........അക്ലിഷ്ടമനോഹരവും സാഹിത്യഗുണം തികഞ്ഞതുമായ ഈ കൃതി കേവലം ഒരു ജീവചരിത്രരീതിയിലല്ല രചിച്ചിരിക്കുന്നത്. ഇതിനു ഒരു ആഖ്യായികയുടെ പല ഗുണങ്ങളുമുള്ളതുകൊണ്ടു് വായിക്കുന്നതിനു് ഒരു പ്രത്യേക കൗതുകമുണ്ടെന്നുള്ളതു് ഇതിനുള്ള ഒരു വിശേഷഗുണമാണ്. മി. ജോൺ ഗവർമ്മെന്റിന്റെയും പ്രത്യേകം ക്രൈസ്തവരുടേയും എല്ലാവിധത്തിലുള്ള പ്രോത്സാഹനങ്ങളെ സവിശേഷം അർഹിക്കുന്നുണ്ടു്. മി. ജോണിന്റെ സാഹിത്യപരിശ്രമം പുണ്യവാന്മാരുടെ ജീവചരിത്രപ്രസിദ്ധീകരണവിഷയത്തിൽ പതിഞ്ഞതിൽ അദ്ദേഹത്തെ ഞങ്ങൾ ഹാർദ്ദമായി അഭിനന്ദിക്കുകയും, പരിശ്രമസ്വഭാവിയായ ഗ്രന്ഥകാരനു ഞങ്ങൾ സകല വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

## സത്യനാദം.

“............അന്തോണി പാദുവായെന്നും, പാദുവായിലെ അന്തോണി എന്നും പറയപ്പെടുന്ന സർവ്വലോകവന്ദ്യനായ ആ പുണ്യപുരുഷന്റെ ചരിത്രത്തെ സമ്യക്കായി പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം ക്രൈസ്തവകൈരളിക്ക് ഒരു കനകാഭരണമായിത്തന്നെ കരുതേണ്ടിയിരിക്കുന്നു............അത്ഭുതപ്രവർത്തകനായ വിശുദ്ധ അന്തോനിയുടെ ചരിത്രത്തോടു സംബന്ധമുള്ളവയായി ഇടക്കിടെ ഉദ്ധരിക്കപ്പെടുന്ന സംഭവങ്ങൾ ഈ ഗ്രന്ഥത്തിന്റെ പാരായണത്തെ അത്യന്തം രസകരമാക്കിത്തീർക്കുകയും ചെയ്യുന്നു............ഇങ്ങനെ ഈ പുസ്തകത്തിലെ അർത്ഥസമർത്ഥങ്ങളും രസകരങ്ങളുമായ ഉള്ളടക്കങ്ങളെ എടുത്തുപറയുകയാണെങ്കിൽ വളരെയുണ്ടു്. മി. ജോണിന്റെ ഭാഷാരീതി ‘ശ്രീയേശുക്രിസ്തു’ എന്ന ഗ്രന്ഥംകൊണ്ടുതന്നെ സുസമ്മതമായിത്തീർന്നിട്ടുള്ള ഒന്നാകയാൽ അതിനെപ്പററി വിശേഷിച്ചൊന്നും ഇവിടെ പറയേണ്ട ആവശ്യമില്ല.

---

ACHARYA PALACKAL JEEVASS KENDRAM
LIBRARY
13850

DVK Library
*11063111*
K10 M455

Indic Digital Archive Foundation
gpura.org